ഞാൻ കണ്ണാടി നോക്കുമ്പോൾ
ഏതുമുഖം എന്നെ നോക്കുന്നുവെന്ന് ഞാനറിയുന്നില്ല.
കണ്ണാടിയുടെ തിളക്കത്തിൽ
തളർന്ന്, നിശ്ശബ്ദമായ ക്രോധത്തോടെ
ഏതു വൃദ്ധനാണ് ഗൂഢാലോചന നടത്തുന്നതെന്നും
ഞാനറിയുന്നില്ല.
ഞാൻ ഈ പ്രതിരൂപത്തിൽ കൈകൊണ്ട്
അദൃശ്യമായ എന്റെ മുഖം തിരയുന്നു
തിളക്കമുള്ള ഒരു രശ്മി എന്നിലണയുന്നു.
നിന്റെ നരച്ചതും കുറച്ച് സ്വർണ്ണനിറമാർന്നതുമായ
മുടിയുടെ തിളക്കം എന്നിലണയുന്നു.
എനിക്ക് നഷ്ടമായത് വസ്തുക്കളുടെ
ഉപയോഗശൂന്യമായ ഉപരിതലം മാത്രമാണ്.
ഇത് വലിയൊരാശ്വാസമാണ്
മിൽട്ടന്റെ ആശ്വാസവും ഇതുതന്നെയായിരുന്നു.
ഞാൻ ആശ്രയിക്കുന്നത്
എന്നെന്നും എന്നെ വിസ്മയിപ്പിക്കുന്ന
അക്ഷരങ്ങളെയും പനിനീർപ്പൂക്കളെയുമാണ്.
എനിക്കെന്റെ മുഖം കാണാൻ കഴിഞ്ഞിരുന്നെങ്കിൽ
ഈ അപൂർവ്വ അപരാഹ്നത്തിൽ
ഞാൻ ആരാണെന്ന്
എനിക്ക് മനസ്സിലാകുമായിരുന്നു.

# അന്ധൻ

**ബോർഹെസ്**

ഏ. ഏ. സലീമ

# അന്തിവെളിച്ചം

ഇടിഞ്ഞുപൊളിഞ്ഞ ഒരു വീട്. രാജശേഖർ പുസ്തകത്തിൽ കണ്ണും നട്ടിരിക്കുന്നു. ഗൗരവം തുളുമ്പുന്ന മുഖം. മുററത്ത് വാടിത്തളർന്ന പേരമരം. മണൽ ഞെരിഞ്ഞമരുന്ന ശബ്ദം കേട്ട് അയാൾ തലയുയർത്തി. വെയിലിൽ പുറത്തേയ്ക്ക് നോക്കിയപ്പോൾ കണ്ണ് മഞ്ഞളിച്ചു. ബാബു ഉമ്മറത്തേക്ക് കയറി. കസേരയിൽ ഇരുന്നു. ''കോളേജടച്ചോ''? ''ഇല്ല സമരമാണ്.''. ''ഞാൻ ബോറടിച്ചിരിക്കുകയായിരുന്നു. താൻ വന്നത് നന്നായി. കുറച്ച് സമയം സംസാരിക്കാം. എൻെറ കഥ എന്നെങ്കിലും പറഞ്ഞു തരാമെന്ന് ഏററതല്ലെ?''

—ഞാൻ പല ജോലിയും നോക്കിയിരുന്നു. പലതുമായും ഇണങ്ങിച്ചേരാൻ കഴിഞ്ഞിട്ടില്ല. വളരെ വർഷം മുമ്പ് ഞാൻ ജയിലറായിരുന്നു. ജയിൽ പുള്ളികൾക്കിടയിൽ ഒററക്ക് ജീവിച്ചുവന്ന ഒരാളെ എനിക്കോർമ്മയുണ്ട്. വശീകരണ ശക്തിയുള്ള കണ്ണുകൾ. ഒററക്കിരിക്കുമ്പോൾ ഒരിക്കൽ അവനോട് വിവരങ്ങൾ അന്വേഷിച്ചു. അവൻ സ്വന്തം കഥയുടെ ചുരുൾ നിവർത്തി. അധികവും അവൻെറ കണ്ണുകളാണ് സംസാരിച്ചത്. ചെറുപ്പത്തിലേ ബാപ്പ നഷ്ടമായി. മൂന്ന് സഹോദരിമാർ. ഒരേയൊരു ആങ്ങളയായ ഹമീദ്. കുടുംബം പുലർത്താൻ കഷ്ടപ്പെടുമ്പോൾ, ചീത്തപ്പേരുണ്ടാക്കാതെ സഹോദരിമാരെ കരകയററാൻ പാടുപെടുമ്പോൾ, സ്വന്തം ഉമ്മ മൂലം അപമാനിതനാവേണ്ടിവന്നു. എന്തോ ചെയ്യാതിരിക്കാൻ കഴിഞ്ഞില്ല. അയാളെ കൊന്നു; ഉമ്മയുടെ കാമുകനെ! ചെയ്തത് തെററായിത്തോന്നിയില്ല. എല്ലാം പറഞ്ഞ് കഴിഞ്ഞപ്പോൾ ഹമീദിൻെറ കണ്ണുകളിൽ തിളക്കം.

അവൻ ചെയ്തത് തെററാണെന്ന് തോന്നിയില്ല. ഹമീദിനെ രക്ഷപ്പെടുത്തണം. ഒരു ജന്മം മുഴുവൻ ഈ മതിലുകൾക്കുള്ളിൽ അവസാനിച്ചുകൂടാ.

രാത്രി കറണ്ടു പോയിരിക്കുന്നു. കൂരാക്കൂരിരുട്ട്. ജയിലറകളിലെ ഇരുമ്പഴികൾ അലയുന്ന ആത്മാക്കളെപ്പോലെ. പേടിപ്പെടുത്തുന്ന ശബ്ദങ്ങൾ. എന്തോ ഒരു ശബ്ദം. ചങ്ങല ഇളകുന്നുവോ? ആരുടെയോ കാലടി ശബ്ദം. ഒരു രൂപം പതുക്കെ നീങ്ങുന്നു. നീണ്ട താടിയും തിളങ്ങുന്ന കണ്ണുകളും ആ ഇരുട്ടിലും വ്യക്തമായിക്കണ്ടു. ഹമീദ് രക്ഷപ്പെടാൻ ശ്രമിക്കുന്നു! അകന്നകന്നു പോകുന്ന ശബ്ദം. കണ്ടില്ലെന്നു നടിച്ചു. പെട്ടെന്ന് എന്തൊക്കെയോ തകർന്നു വീഴുന്നപോലെ. മനസ്സിൽ ഒരു കൊള്ളിയാൻ മിന്നി. ഹമീദ് അടുത്തുള്ള പൊട്ടക്കിണററിൽ വീണിരിക്കുന്നു. ആരെല്ലാമോ ഓടി വന്നു. അവനെ വലിച്ചു കയററി. ഹമീദിൻെറ തേങ്ങൽ. രക്ഷപ്പെടാൻ ശ്രമിച്ചതിനുള്ള ശിക്ഷ. ഇനി കണ്ടു നിൽക്കാനാവില്ല. മനുഷ്യത്വം നുരഞ്ഞു പൊന്തി. '' നിർത്തൂ ! ഒരു മനുഷ്യനെ ഇത്ര ക്രൂരമായി മർദ്ദിക്കുന്നോ? ആർക്കും ഇവിടെ വരാൻ ആഗ്രഹമുണ്ടാവില്ല. സാഹചര്യങ്ങളാണ് അവരെ ഇങ്ങനെയാക്കുന്നത്.' 'മനസ്സിൻെറ ആഴങ്ങളിൽ നിന്നുള്ള ശബ്ദമായിരുന്നു അത്.

എല്ലാവർക്കും മനസ്സിലായി; ഞാൻ കൂട്ടുനിന്നിട്ടാണ് ഇത് നടന്നതെന്ന്. സ്വന്തം സേവനത്തോട് കൂറില്ലാത്തവൻ! പിരിച്ചുവിടലായിരുന്നു ശിക്ഷ. തെല്ലും ദുഃഖം തോന്നിയില്ല.

സൂര്യൻ പടിഞ്ഞാറോട്ട് നീങ്ങി. സന്ധ്യയുടെ ചുവപ്പ്. അപ്പോഴും ബാബുവിൻെറ കണ്ണുകൾ രാജശേഖരൻെറ മുഖത്തായിരുന്നു. അവൻെറ മനസ്സ് പ്രക്ഷുബ്ധമായ കടൽപോലെ ഇളകി മറിഞ്ഞു കൊണ്ടിരുന്നു.

# ആരോഗ്യവ്യവസായത്തിൻെറ രാഷ്ട്രീയം



ലോകവ്യാപകമായി ആധുനിക വൈദ്യശാസ്ത്രം പ്രതിക്കൂട്ടിലാണിന്ന്. മനുഷ്യൻെറമേൽ ആധുനിക ഔഷധവ്യവസ്ഥയ്ക്കുള്ള ആധിപത്യത്തെപ്പററി നാം ബോധവാന്മാരായിത്തുടങ്ങിയിരിക്കുന്നു. ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത്, ആധുനിക വൈദ്യശാസ്ത്രത്തിൻെറ ആധിപത്യം കുറവാണെങ്കിലും, ആ ചികിത്സാരീതി ലഭ്യമാവുന്നവരുടെമേൽ അതിന് ഭീകരമായ ആധിപത്യമുണ്ട്. കുടിക്കാൻ ശുദ്ധജലമോ, വിശപ്പു മാററാൻ ഭക്ഷണമോ ലഭിക്കാതെ യാതനയനുഭവിക്കുന്ന ജനതയെ സംബന്ധിച്ചിടത്തോളം പ്രാഥമികമായി അവർക്കു വേണ്ടത് വൈദ്യസഹായങ്ങളല്ല. എന്നാൽ കേരളത്തെ സംബന്ധിച്ചിടത്തോളം ആധുനിക ചികിത്സാസമ്പ്രദായത്തിൻെറ പിടിയിലകപ്പെട്ടവരുടെ എണ്ണം കൂടുതലാണ്. പ്രസവിക്കാൻ ഗൈനക്കോളജിസ്റ്റ്, ശിശുക്കൾക്ക് പീഡിയാട്രിഷ്യൻ, കിളവീ കിളവൻമാർക്കു മുറതെററാത്ത മെഡിക്കൽ ചെക്കപ്പ്–ഇതൊക്കെ അന്തസ്സും 'ശാസ്ത്രീയത'യും ആണിന്ന്. ഡോക്ടർമാർ സമൂഹത്തിൽ 'മിത്തു' കളായിട്ടാണ് നിലനില്ക്കുന്നത്. ജനങ്ങളുടെ ചെലവിൽ വൈദ്യം പഠിക്കുകയും അവരെ പിഴിഞ്ഞ് കൊട്ടാരങ്ങൾ പണിയുകയും ചെയ്യുന്ന ഡോക്ടർമാർ ഇന്നും ആദരിക്കപ്പെടുന്നുണ്ട്. വളരെയേറെ അവമാനവീകരിക്കപ്പെട്ടതാണ് നമ്മുടെ വൈദ്യശാസ്ത്രരംഗം. ഇന്ത്യൻ ഭരണകൂടത്തിൻെറ നയങ്ങൾ ബഹുരാഷ്ട്ര കുത്തകകളെ പ്രോത്സാഹിപ്പിക്കത്തക്കവിധമുള്ളതാണ്. പാശ്ചാത്യനാടുകളിൽ നിരോധിക്കപ്പെട്ട മിക്കമരുന്നുകളും വാങ്ങിത്തിന്നാൻ വിധിക്കപ്പെട്ട എലികളാണ് ഇന്ത്യൻ ജനത. ജനങ്ങളുടെ ആരോഗ്യ സംവിധാനങ്ങളിൽ ഇത്രയും കരുണയില്ലായ്മ കാണിക്കുന്ന ഭരണകൂടം ആർക്കുവേണ്ടിയാണ് നിലകൊള്ളുന്നതെന്ന് നാം ചോദിക്കേണ്ട കാലം ഇനിയും കഴിഞ്ഞു പോയിട്ടില്ല. കേരളത്തിൽ, ആധുനിക ചികിത്സാവ്യവസ്ഥയുടെ ആധിപത്യത്തെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരായിട്ടുണ്ട്. ഇത്തരം ഒരു ചർച്ചയുടെ പ്രസക്തി ഇവിടെയാണ്.

– എഡിററർ –

ചോദ്യം

1 ആധുനിക ചികിത്സാ വ്യവസ്ഥ മനുഷ്യൻെറ മേൽ ഭീകരമായ ആധിപത്യം പുലർത്താനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ?

2 ചികിത്സാ സമ്പ്രദായങ്ങൾ പണക്കാരന് വേണ്ടിയുള്ളതാണ് എന്ന അഭിപ്രായത്തോട് എങ്ങനെ പ്രതികരിക്കുന്നു ? ആരോഗ്യരക്ഷ ഒരു വ്യക്തിഗത പ്രശ്നമായിക്കാണുന്ന സമ്പ്രദായം അശാസ്ത്രീയമല്ലേ ?

3 ആധുനിക ചികിത്സാ വ്യവസ്ഥയിൽ ഓരോ അവയവത്തെയും ചുററിപ്പററി ഓരോ വിദഗ്ധൻ വളർന്നുവന്നിട്ടുണ്ട്. ഇത് ആശാസ്യമായ ഒരു പ്രവണതയാണോ ? രോഗിയെ ഒരു സമ്പൂർണ്ണമനുഷ്യനായിക്കാണാതെ, കേടുപാടുകൾ സംഭവിച്ച ഒരു യന്ത്രമായിട്ടാണ് ആധുനിക വൈദ്യശാസ്ത്രം അപഗ്രഥിക്കുന്നതെന്ന ആക്ഷേപം വ്യാപകമായി ഉയർന്നുവന്നിരിക്കുകയാണല്ലോ. എന്തു പറയുന്നു ?

4 ഇന്ന് ഡോക്ടർ–രോഗിബന്ധം ഒരു അടിമയുടമ ബന്ധമായിത്തീർന്നിരിക്കയാണല്ലോ. ചികിത്സാവ്യവസ്ഥകൾ പരസ്പരം പൊരുതുന്നതിനിടയ്ക്ക് രോഗി എപ്പോഴും ബലിയാടായിത്തീരുകയാണ്. ഈ രണ്ടു പ്രശ്നങ്ങളോടും എങ്ങനെ പ്രതികരിക്കുന്നു ?

5 സമൂഹത്തിൽ നിലനിൽക്കുന്ന മൂല്യസങ്കൽപ്പങ്ങൾ വൈദ്യശാസ്ത്രത്തെ എപ്രകാരം ബാധിക്കുന്നു ?

6 ഹാത്തി കമ്മീഷൻ റിപ്പോർട്ട് ബംഗ്ലാദേശിൽ അംഗീകരിച്ചു കഴിഞ്ഞു. ഇന്ത്യയിലതു ഇനിയും നടപ്പാക്കിയിട്ടില്ല. എന്താണ് പറയാനുള്ളത് ?

7 മററു ചികിത്സാ സമ്പ്രദായങ്ങൾക്ക് തുല്യ പ്രാമുഖ്യമുള്ള ഒരു വ്യവസ്ഥ സാധ്യമാണോ?

8 ഔഷധ വ്യവസ്ഥയുടെ ജനകീയ വത്ക്കരണത്തിനും ഔഷധ സമ്പ്രദായങ്ങളുടെ സംയോജനത്തിനും വൈദ്യമുക്തമായ/ സമൂഹത്തിനും ഉള്ള സാദ്ധ്യതകൾ എത്രത്തോളമാണ് ?

## ഉത്തരം

1 Over Medicalisation (അമിത വൈദ്യവത്ക്കരണം) ആണ് നിങ്ങളുദ്ദേശിക്കുന്നതെങ്കിൽ, ഇന്ത്യയെ സംബന്ധിച്ചിടത്തോളം അത് ശരിയല്ല. ഇന്ത്യയെ മൊത്തത്തിലെടുത്താൽ, ആധുനിക ചികിത്സാവ്യവസ്ഥയുടെ ആധിപത്യമുണ്ടെന്ന് പറയുന്നതിൽ വലിയ പ്രസക്തിയില്ല. ഇന്ത്യയിൽ 20% പേർക്കു മാത്രമേ ആധുനിക ചികിത്സാവ്യവസ്ഥയുടെ സേവനം ലഭ്യമാവാൻ സാദ്ധ്യതയുള്ളൂ. മറിച്ച് ഒരു ന്യൂനപക്ഷത്തെ സംബന്ധിച്ചിടത്തോളം അതിന് പ്രസക്തിയുണ്ട്താനും. പ്രത്യേകിച്ച് കേരളത്തിൽ ഒരെഴുപത് ശതമാനം പേർക്കെങ്കിലും ആധുനിക ചികിത്സാസൗകര്യത്തിന് സാദ്ധ്യതയുണ്ട്. ഇന്ന് കണ്ടുവരുന്ന അമിത വൈദ്യവത്ക്കരണത്തിന്റെ പ്രധാന കാരണം, ആരോഗ്യസങ്കല്പത്തിൽ ത്തന്നെ ഉണ്ടായ വൈകല്യമാണ്. ആരോഗ്യത്തെ സാമൂഹ്യസാമ്പത്തിക ഘടകങ്ങളിൽനിന്ന് വേർതിരിച്ച് കാണുന്നതുകൊണ്ടുണ്ടായ കുഴപ്പമാണിത്. വ്യക്തിയെ കേന്ദ്രീകരിച്ച്കൊണ്ട് ചികിത്സയുണ്ടാവുകയും പരിസരഘടകങ്ങൾ അവഗണിക്കപ്പെടുകയും ചെയ്തു. പ്രതിരോധത്തിനല്ല, ചികിത്സയ്ക്കായി മുൻതൂക്കം. സ്വാഭാവികമായും ഈ പ്രവണതയിൽനിന്ന്, ഇതിൽ താത്പര്യമുള്ള ആളുകൾ ഉടലെടുക്കുകയും, മരുന്നു വ്യവസായക്കാരും രാഷ്ട്രീയനേതൃത്വവും തമ്മിലുള്ള അവിഹിതബന്ധം ആരംഭിക്കുകയും ചെയ്തതോടെ ആരോഗ്യരക്ഷ ജനങ്ങൾക്കെതിരായുള്ള ഗൂഢാലോചനയായിത്തീർന്നു. ഇതെല്ലാം ചേർന്ന് അമിതവൈദ്യവത്ക്കരണത്തിന് രൂപംനൽകി. ഇതിന്റെ ആധിപത്യം നിലനിൽക്കുന്നതിന്റെ അടിസ്ഥാന കാരണം സാമ്പത്തികമാണ്. 'ലാഭം' ഒരു പ്രേരകഘടകമായി നിലനിൽക്കുവോളം ഇതു തുടരുകയും ചെയ്യും. നമ്മുടെ നാട്ടിൽ പരമ്പരാഗത ചികിത്സയും ലാഭക്കൊതിയിൽ നിന്ന് മുക്തമല്ല. പരമ്പരാഗത ഔഷധങ്ങളിൽ പലതും സാധാരണക്കാരന് അപ്രാപ്യമാണ്. ജനങ്ങൾക്കുവേണ്ടിയല്ല, അതും , നിലക്കൊള്ളുന്നത്. ഞങ്ങളിതിനെ "കോട്ടയ്ക്കൽ സംസ്ക്കാരം' എന്നു വിളിക്കുന്നു.

2 സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളിൽ ആരോഗ്യം ഒരു ജന്മാവകാശമാണ് എന്ന് ഭരണഘടനയിൽത്തന്നെ ചേർക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ നാട്ടിൽ ഗവണ്മെൻറ് ആശുപത്രികളിൽപ്പോലും സൗകര്യം ലഭിക്കണമെങ്കിൽ കൈക്കൂലി കൊടുക്കേണ്ട അവസ്ഥയാണുള്ളത്. സ്വകാര്യ ആശുപത്രികൾ കൊള്ളനടത്തുകയും ചെയ്യുന്നു. പരമ്പരാഗത ചികിത്സയും പണക്കാർക്കുവേണ്ടിത്തന്നെയുള്ളതാണ്.

ആരോഗ്യരക്ഷ ഒരു വ്യക്തിഗത പ്രശ്നമല്ല. സാമൂഹ്യസാമ്പത്തിക പരിസര ഘടകങ്ങളെ അവഗണിച്ചുകൊണ്ടുള്ള ചികിത്സ അശാസ്ത്രീയമാണ്.

3 Specialisation പൂർണ്ണമായും തെററല്ല. കുറെയൊക്കെ അനിവാര്യമാണത്. അതിനുമാത്രം ഊന്നൽ നൽകുന്നതാണ് തെററ്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം Specialised medical careനെക്കാളും basic doctorsനെയാണ് ആവശ്യം. ഭൂരിപക്ഷത്തിലും സാധാരണ കണ്ടുവരുന്ന രോഗങ്ങൾക്കുള്ള ചികിത്സാ സംവിധാനങ്ങളാണ് പ്രാഥമികമായും വേണ്ടത്. അത്തരം ചികിത്സകൊണ്ടും മാറാത്ത അവസ്ഥ വരുമ്പോഴാണ് അതിലും വിപുലമായ സൗകര്യങ്ങൾ ആവശ്യമായിവരുന്നത്. ഏകദേശം ഒരു പിരമിഡ് പോലെ. ആദ്യം സാമാന്യമായ ചികിത്സ. എന്നിട്ടും ഭേദമാകാത്ത അവസ്ഥകളിൽ അതിലും വിദഗ്ദ്ധമായ ചികിത്സ. പിന്നീട് അതിനെക്കാളും മെച്ചമായ ചികിത്സ. ഇന്നാകട്ടെ പിരമിഡ് നേരെ തിരിച്ചാണ്. ബോർ കമ്മററിയാണ് പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ സ്ഥാപിക്കണമെന്ന് ശുപാർശചെയ്തത്. അതോടൊപ്പം Specialised careന് വേണ്ട 'all India institute of medical science'നും ശുപാർശ ചെയ്തിരുന്നു. എന്നാൽ ഗവണ്മെൻറ് ആദ്യം സ്ഥാപിച്ചത് രണ്ടാമതു പറഞ്ഞതാണ്. അടിസ്ഥാന ആരോഗ്യ സംവിധാനങ്ങളെ അവഗണിച്ചുകൊണ്ടുള്ള Specialisation സംവിധാനങ്ങൾ തെററാണ്. രോഗിയെ സമ്പൂർണ്ണ വ്യക്തിയായി കാണാതിരിക്കുക, അവയവങ്ങൾ മാത്രം കാണുക, ഇവയൊക്കെ 'വിശേഷവത്ക്കരണം' മൂലമുണ്ടാകുന്ന തെററുകളാണ്. രോഗിയിൽ നിന്ന് രോഗത്തിലേക്കും രോഗത്തിൽ നിന്നു രോഗം പിടിപെട്ട അവയവത്തിലേക്കും ആയി ചികിത്സ ഒതുങ്ങിപ്പോയിട്ടുണ്ട്. രോഗിയെ സമ്പൂർണ്ണ വ്യക്തിയായി പരിഗണിക്കാതെ യന്ത്രമായി പരിഗണിക്കുന്നത് ഒരു മെക്കാനിക്കൽ അപ്രോച്ച് ആണ്. യഥാർത്ഥത്തിൽ വൈ

**ഡോ. ബി. ഇക്ബാൽ**

○

ആരോഗ്യത്തെ സാമൂഹ്യസാമ്പത്തിക
ഘടകങ്ങളിൽ നിന്ന്
വേർതിരിച്ചതാണ് തെററ്

രാഷ്ട്രീയക്കാരും മരുന്നു വ്യവസായികളും
തമ്മിലുള്ള അവിഹിതബന്ധം
ആരോഗ്യരക്ഷയെ
ജനങ്ങൾക്കെതിരായുള്ള
ഗൂഢാലോചനയാക്കിത്തീർത്തു

വിശേഷവത്ക്കരണത്തിനുമാത്രം
ഊന്നൽ നൽകുന്നത് തെററാണ്

ഇന്ത്യയിലെ ഔഷധ വിതരണത്തെ
നിയന്ത്രിക്കുന്നത് ബഹുരാഷ്ട്ര കമ്പനികളാണ്

ഇക്ബാലിന്റെ അഭിപ്രായം
ഇങ്ങനെയൊക്കെയാണ്

○

ദ്യശാസ്ത്രത്തെ മററു ശാസ്ത്രങ്ങളിൽനിന്ന് വേർതിരിക്കുന്നതു തന്നെ, അത് മനുഷ്യനുമായി നേരിട്ട് ഇടപഴകുന്നു എന്നതാണ്. വികാരങ്ങളും വിചാരങ്ങളും ഒക്കെയുള്ള മനുഷ്യനുമായി. ഡോക്ടർ എന്ന പദത്തിൻെറ അർത്ഥം തന്നെ പഠിപ്പിക്കുന്നവൻ എന്നതാണ്. ഒരു ശരിയായ ഡോക്ടർ രോഗിയുടെ വികാരങ്ങളും അയാളുടെ സാമൂഹ്യ ചുററുപാടും മനസ്സിലാക്കിവേണം ചികിത്സിക്കാൻ. വ്യക്തിയിലേക്ക് ചുരുങ്ങി, വ്യക്തിയിൽനിന്ന് രോഗത്തിലേക്കായി, രോഗിയിൽനിന്ന് രോഗത്തിലേക്കായി, പിന്നെ രോഗബാധിതമായ അവയവത്തിലേക്കായി വൈദ്യശാസ്ത്രത്തിൻെറ ശ്രദ്ധ. ഇത് വൈദ്യശാസ്ത്രത്തിൻെറ ചരിത്രപരമായ വളർച്ചയിൽ വന്നുപോയ ഒരു പാളിച്ചയാണ്. അത് തിരുത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുമുണ്ട്.

4 ഡോക്ടറും രോഗിയും തമ്മിലുള്ള ബന്ധം അടിമയുടമ ബന്ധം തന്നെയായിത്തീർന്നിരിക്കുന്നു. ഇന്ന് അത് ഒരു പടികൂടി കടന്ന് ഒരു ദൈവ–ദാസ്യബന്ധമായി മാറിയിട്ടുണ്ട്. തന്നെ ചികിത്സിക്കുക എന്നത് ഡോക്ടറുടെ ഔദാര്യമാണെന്നും, താൻ അയാളോട് കരുണ യാചിക്കേണ്ടവനാണെന്നും ആണ് രോഗികളുടെ മനോഭാവം. അവരെ കുററം പറഞ്ഞിട്ടുകാര്യമില്ല. കാരണം, രോഗം വരുന്നതോടെ അവർ ദുർബലരായിത്തീരുകയാണ്. ചികിത്സാ സമ്പ്രദായങ്ങൾക്ക് രോഗിയോടുള്ള മനോഭാവം നിർണ്ണയിക്കുന്നത് അവയെ ഭരിക്കുന്ന മൂല്യങ്ങളാണ്. മുതലാളിത്ത–ഫ്യൂഡൽ മൂല്യങ്ങൾ ഇന്ന് ആധുനിക, പാരമ്പര്യ ചികിത്സാ വ്യവസ്ഥകളെ ഭരിച്ചുകൊണ്ടിരിക്കുന്നു. ജനകീയാരോഗ്യ സ്ഥാപനങ്ങളുടെ ആവശ്യം ഇവിടെയാണ്. ജനങ്ങൾക്കുവേണ്ടി ഡോക്ടർമാരുണ്ടാക്കുന്നതല്ല, ജനങ്ങൾക്കുവേണ്ടി അവർ തന്നെ ഉണ്ടാക്കുന്നതാണിത്.

5 ദേവീപ്രസാദ് ചതോപാദ്ധ്യായ 'സയൻസ് ഇൻ ആൻഷ്യൻറ് ഇന്ത്യ' എന്ന പുസ്തകത്തിൽ പുരാതന ഇന്ത്യയിലെ ഏററവും ലക്ഷണയുക്തമായ ശാസ്ത്രം എന്ന നിലയിൽ നിലവിലിരുന്നത് വൈദ്യശാസ്ത്രമായിരുന്നെന്ന് പറയുന്നുണ്ട്. നിരീക്ഷണങ്ങളിലൂടെ നിഗമനത്തിലെത്തുക എന്ന ഭൗതികവാദപരമായ അടിത്തറയായിരുന്നു അന്നതിന്. എന്നാൽ പിൽക്കാലത്ത് ബ്രാഹ്മണ മേധാവിത്വത്തിൻെറ ഫലമായി ആത്മീയവാദം അതിൽ കയറിക്കൂടുകയും ഏററവും ലക്ഷണയുക്തമായ ശാസ്ത്രം ശാസ്ത്രമല്ലാതാവുകയും ചെയ്തു. ആധുനിക ചികിത്സാശാസ്ത്രത്തെ ഭരിക്കുന്നത് മുതലാളിത്ത സങ്കൽപ്പങ്ങളാണ്. ഒരു കാര്യം ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ട്. ആധുനിക വൈദ്യശാസ്ത്രത്തിലെ മുതലാളിത്ത മൂല്യങ്ങളെ എതിർക്കാൻ ആധുനിക വൈദ്യശാസ്ത്രത്തിലെ നല്ലൊരു വിഭാഗം ഡോക്ടർമാർ തയ്യാറാവുമ്പോൾ പരമ്പരാഗത ചികിത്സയിലെ ജീർണ്ണതകൾക്കെതിരെ സമരം ചെയ്യാൻ ആ വ്യവസ്ഥയിലെ ഡോക്ടർമാർ പലരും തയ്യാറല്ല. അവർ ഫ്യൂഡൽ മൂല്യങ്ങളുടെ സംരക്ഷകരായി നിലകൊള്ളുകയാണ് എന്നതാണ് സത്യം. ശാസ്ത്രം എന്നത് എല്ലാ മൂല്യങ്ങൾക്കും അതീതമാണ്, എന്നു പറയുന്നതിനെ ഞാനെതിർക്കുന്നു. തീർച്ചയായും അതാത് കാലങ്ങളിൽ നിലനിൽക്കുന്ന മൂല്യങ്ങൾ വൈദ്യശാസ്ത്രത്തെയും ബാധിക്കുന്നുണ്ട്.

6 നിർഭാഗ്യകരം ആണത്. റിപ്പോർട്ട് സമർപ്പിച്ചിട്ട് കൊല്ലങ്ങൾ കുറേയായി. അവികസിത രാജ്യങ്ങളിൽ ഏറെ പ്രകീർത്തിക്കപ്പെട്ട റിപ്പോർട്ടാണത്. എന്നാൽ ഇന്ത്യാഗവർമ്മേൻറ് നടപ്പാക്കിയ ഔഷധനയങ്ങൾ ഇതിനെതിരായിട്ടാണ്. ഇന്ത്യയിലെ ഔഷധവിതരണത്തെ നിയന്ത്രിക്കുന്നത് ബഹുരാഷ്ട്രക്കമ്പനികളാണ്. ഇന്ത്യൻ ഭരണവർഗ്ഗവും വിദേശക്കമ്പനികളും തമ്മിലുള്ള അവിഹിതമായ കൂട്ടുകെട്ടാണ് അത് നടപ്പാക്കാതിരിക്കാൻ കാരണം.

7 ആധുനിക വൈദ്യശാസ്ത്രം വളരെയേറെ പുരോഗമിച്ചതാണ്. ശാസ്ത്രത്തിൻെറയും ടെക്നോളജിയുടേയും വളർച്ചയോടെ ആധുനിക വൈദ്യശാസ്ത്രവും വളരെയേറെ മുന്നേറിക്കഴിഞ്ഞിട്ടുണ്ട്. അപ്പോൾ ഇതിന് തുല്യതകല്പിക്കാവുന്ന ചികിത്സാസമ്പ്രദായങ്ങൾ ഉണ്ട് എന്നു പറയുന്നതിൽ അർത്ഥമില്ല.

8 ഔഷധ വ്യവസ്ഥയുടെ സംയോജനം എങ്ങനെ സാദ്ധ്യമാക്കാം എന്നതാണ് പ്രശ്നം. നേരത്തെ സൂചിപ്പിച്ചപ്പോലെ, ഫ്യൂഡൽ–മുതലാളിത്ത സങ്കല്പങ്ങളാണ് പരമ്പരാഗത–ആധുനിക ചികിത്സാ വ്യവസ്ഥകളെ നിയന്ത്രിക്കുന്നത്. അവയുടെ സംയോജനം എന്നു പറയുന്നത്, അവയെ ഭരിക്കുന്ന മൂല്യസങ്കൽപ്പങ്ങൾക്കെതിരായുള്ള സമരവുമായി ബന്ധപ്പെടുത്തികൊണ്ട് മാത്രമേ കാണാനാവൂ.

ജനകീയവത്ക്കരണം കൊണ്ടുദ്ദേശിക്കുന്നത് ജനങ്ങളുടെ ചികിത്സയും ആരോഗ്യരക്ഷയും ജനങ്ങൾ മാത്രം മതി എന്ന അവസ്ഥയാണെങ്കിൽ അത് അസാദ്ധ്യമാണ്. ചെറിയ ചെറിയ രോഗങ്ങളിൽ അത് സാദ്ധ്യമായേക്കാം. എന്നാൽ സങ്കീർണ്ണമായ അവസ്ഥകളിൽ വിദഗ്ദ്ധ പരിശീലനവും പരിചയവും ഉള്ള വ്യക്തികൾ തന്നെ ആവശ്യമായി വരും.

വൈദ്യമുക്തമായ സമുദായം ഒരു വിദൂര സങ്കൽപ്പം മാത്രമാണ്. പോലീസും പട്ടാളവും ഡോക്ടർമാരും ഭരണകൂടംതന്നെയും ആവശ്യമില്ലാതെ വരുന്ന അവസ്ഥയിൽ മാത്രമാണ് വൈദ്യമുക്തമായ സമുദായം ഉടലെടുക്കുന്നത്.

○

# തൊഴിലാളി ഡോക്ടറോട് സംസാരിക്കുന്നു

ഞങ്ങൾക്ക് രോഗം വരുത്തുന്നതെന്താണെന്ന് ഞങ്ങൾക്കറിയാം
രോഗം വന്നാൽ നിങ്ങളാണ് ഞങ്ങളെ ചികിത്സിക്കാൻ
എന്നു കേൾക്കുന്നു.
ജനങ്ങളുടെ ചെലവിൽ പണിത ഒന്നാന്തരം പാഠശാലകളിൽ
പത്തു കൊല്ലം നിങ്ങൾ വൈദ്യം പഠിച്ചിട്ടുണ്ടെന്നും കേൾക്കുന്നു.
അപ്പോൾ പിന്നെ നിങ്ങൾക്ക് രോഗം സുഖപ്പെടുത്താൻ കഴിയേണ്ടതാണ്.
നിങ്ങൾക്കതിനു കഴിവുണ്ടോ ?
ഞങ്ങൾ നിങ്ങളെത്തേടിയെത്തുമ്പോൾ
ഞങ്ങളുടെ കീറപ്പഴന്തുണി നീക്കി നിങ്ങൾ
തുണിയില്ലാത്ത ദേഹം മുഴുക്കെ പരിശോധിക്കുന്നു.
എന്താണ് നിങ്ങൾ അന്വേഷിക്കുന്നത് ?
ഞങ്ങളുടെ അസുഖത്തിന്റെ കാരണമാണോ ?
ഈ കീറത്തുണികൾ ഒരു നോക്കു കണ്ടാൽത്തന്നെ
അതെന്താണെന്ന് കൂടുതൽ നന്നായറിയാമല്ലോ.
ഞങ്ങളുടെ ഉടലുകളെയും ഉടുപ്പുകളെയും
ക്ഷയിപ്പിക്കുന്നത് ഒന്നു തന്നെയാണ്.
ഞങ്ങൾക്ക് ചുമൽ വേദന വരുന്നത്
ഈർപ്പം കൊണ്ടാണെന്നു് നിങ്ങൾ.
ഞങ്ങളുടെ കുടിലുകളുടെ ചുവരിൽ
കറ വീഴ്ത്തുന്നതും ഈർപ്പം തന്നെ.
അപ്പോൾ പറഞ്ഞാട്ടെ, എവിടുന്നാണ് ഈ ഈർപ്പം ?
അൽപ്പം ആഹാരവും അത്യധികം ജോലിയും
ഞങ്ങളെ അവശരാക്കുന്നു
നിങ്ങളുടെ കുറിപ്പടി പറയുന്നു:
കൂടുതൽ തൂക്കം വയ്ക്കുക.
ഇതിലും നല്ലത് പുല്ലിനോട് മഴ നനയരുതെന്ന് പറയുകയാണ്.
നിങ്ങൾ ഞങ്ങൾക്കെത്ര സമയം തരും ?
നിങ്ങളുടെ കൊട്ടാരത്തിലെ പരവതാനിക്ക്
അയ്യായിരം രോഗികളുടെ ഫീസിന്റെ വിലവരും.
നിങ്ങൾ പറയും നിങ്ങൾ നിരപരാധികളെന്ന്.
തീർച്ചയാണ്,
ഞങ്ങളുടെ കുടിലുകളിലെ ഈറൻ കറയും അതു തന്നെ പറയുന്നു.

ബെർതോൾഡ് ബ്രെഹ്റ്റ്

1 ആധുനിക ചികിത്സാവ്യവസ്ഥ മനുഷ്യൻെറ മേൽ ഭീകരമായ ആധിപത്യം മാത്രമല്ല പുലർത്തുന്നത്. വിശ്വാസത്തിൽ അധിഷ്ഠിതമായ ആധിപത്യവും പുലർത്തുന്നുണ്ട്. ആധിപത്യം പുലർത്തുന്നു എന്നുള്ളത് വാസ്തവം തന്നെ. അത് സ്വീകാര്യമോ, ദയനീയമോ ഒക്കെയായി കാണുന്നതിൽ കാഴ്ചപ്പാടിൻെറ പ്രത്യേകതയെക്കൂടി കണക്കിലെടുക്കേണ്ടിയിരിക്കുന്നു. ആധുനിക മനുഷ്യൻ ചില പ്രത്യേക വിഷയങ്ങളിൽ ബുദ്ധിവികാസം വളരെ ഉണ്ടാക്കിയിട്ടുള്ളവനാണെങ്കിലും സാമാന്യമായ പെരുമാററച്ചിട്ടയിൽ ഏറെക്കുറെ പശുവിനുതുല്യനാണ്.

മുമ്പേഗമിക്കുന്നോരു ഗോവു തൻെറ
പിമ്പേഗമിക്കും ബഹുഗോക്കളെല്ലാം

എന്നു പണ്ട് ഏതോ ഒരു കവി പാടിയത് ഇപ്പോഴും സത്യമായിരിക്കുന്നു. ആധുനിക ചികിത്സാ സ്ഥാപനങ്ങളും ചെറിയ കുടിലുകളിൽ നടത്തിയിരുന്നെങ്കിൽ ഇത്രയും വലിയ ആൾക്കൂട്ടം അങ്ങോട്ട് ഓടി എത്തുമായിരുന്നില്ല. ആധുനിക ചികിത്സകൻ മുണ്ടും ഉടുപ്പും ധരിച്ച് തോർത്ത് തോളിലിട്ട് രോഗിയുടെ അടുത്തേക്ക നടന്നോ ബസ്സുകയറിയോ പോകുമായിരുന്നെങ്കിൽ ഇത്രയും ആരാധ്യനായിരിക്കുമായിരുന്നില്ല. ഡോക്ടർ, മെഡിക്കൽ കോളേജിൽ പഠിക്കുന്നതിനു ചെലവാക്കിയ പണം മുഴുവൻ തിരിച്ചടയ്ക്കാൻ രോഗി ബാദ്ധ്യസ്ഥനാണെന്ന് അവൻ കരുതിയിരുന്നില്ലെങ്കിൽ ഡോക്ടറും മനുഷ്യനെപ്പോലെ പെരുമാറുമായിരുന്നു. പഴയതുമാതിരി രോഗത്തിനുള്ള ചികിത്സ എട്ടുചട്ടി കഷായം കുടിക്കുന്നതും വീട്ടുമുററത്ത് അടുപ്പുകൂട്ടി കൊതുമ്പെരിച്ച് നെയ്യും എണ്ണയും സ്വന്തമായി ഉണ്ടാക്കുവാനുമുള്ള ഏർപ്പാട് തുടരുന്നതുമായിരുന്നെ

## നിത്യ ചൈതന്യ യതി

പണക്കാരൻെറ വ്യവസ്ഥയാണ്
ഇവിടെയുള്ളത്

ഒരർത്ഥത്തിൽ
ദാരിദ്ര്യം അനുഗ്രഹമാണ്

ചികിത്സ
വ്യക്തിഗതമാകരുതെന്ന്
എനിക്കഭിപ്രായമില്ല

ഡോക്ടർ–രോഗിബന്ധം
ഒരടിമയുടമ ബന്ധമല്ല

മൂല്യങ്ങളെ ബലികൊടുത്തവർക്ക്
അവരർഹിക്കുന്നത് കിട്ടും

കമ്മീഷൻ റിപ്പോർട്ടല്ല
ജനങ്ങളുടെ വ്യവസ്ഥയാണാവശ്യം

ശാസ്ത്രീയാടിസ്ഥാനമില്ലാതെ
ചികിത്സപാടില്ല

എന്നിങ്ങനെ
യതി

ങ്കിൽ ഈ ആധിപത്യം ഉണ്ടാകുമായിരുന്നില്ല. ആധുനിക ചികിത്സാസമ്പ്രദായത്തിൽ ദോഷം മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിൽ രോഗി എന്നേ അതിനെ വലിച്ചെറിയുമായിരുന്നു. വല്ല റോഡ പകടത്തിലും പെട്ട് തോളെല്ല് ഒടിയുകയോ വാരിയെല്ല പൊട്ടുകയോ കാൽ ഒടിയുകയോ ചെയ്താൽ എവിടെ എന്താണ് സംഭവിച്ചിരിക്കുന്നതെന്ന് കൃത്യമായി നോക്കി പറഞ്ഞുകൊടുക്കുവാനുള്ള ഉപകരണങ്ങളും പ്രതിവിധികളും ആധുനിക ചികിത്സ വളർത്തിയെടുത്തതുകൊണ്ട ജീവനിൽ കൊതിയുള്ളവൻ അങ്ങോട്ടു പോകാതിരിക്കുകയില്ല. ഹൃദ്രോഗം, വൃക്കകളുടെ രോഗം, കരാംവീക്കം, ക്ഷയം, ന്യൂമോണിയ, അതിസാരം, ഉഷ്ണപ്പുണ്ണ് എന്നിങ്ങനെയുള്ള രോഗലക്ഷണങ്ങൾ കണ്ടാൽ ദീർഘമായ ചികിത്സയ്ക്ക് കാത്തിരിക്കാനുള്ള ക്ഷമ മനുഷ്യനില്ല. അവന് ഉടനേ ആശ്വാസം കിട്ടണം. കേട്ടുകേഴ്വിപോലെ വരുന്ന ഒരു രോഗത്തെ കവിത കലർത്തി ആദ്യം ചെറുകഥയാക്കുകയും പിന്നെ അതിനൊരു നോവലിൻെറ സങ്കീർണ്ണത കൊടുത്തു ഹാംലററിനെക്കാളോ, കിംഗ്ലീയറിനെക്കാളോ, ഇഫിജിനിയെക്കാളോ കടുത്ത ദുരന്ത നാടകമാക്കുകയും ചെയ്യ് ഭയാക്രാന്തന്മാരാകുന്നവർക്ക് ആധുനിക ചികിത്സാവ്യയസ്ഥയല്ലാതെ വേറെ എവിടെയാണ് രോഗി കാണിക്കുന്ന വിഭ്രാന്തിയെല്ലാം പരമസത്യമാണെന്ന് സമ്മതിച്ചുകൊടുക്കുവാൻ ഒരു ചികിത്സകനെ കിട്ടുന്നത്!

ഫെറൂക്കിൽ നിന്നും ഒരു ബസ്സുകയറി കോഴിക്കോട്ടേയ്ക്കോ തിരുരേയ്ക്കോ പോകുന്നതുപോലെയല്ല ബോംബെയിൽ നിന്ന് ഒരു ഏറോപ്ലെയിനിൽക്കയറി പാരീസിലേയ്ക്കോ ന്യൂയോർക്കിലേക്കോ പോകുന്നത്. രണ്ടും രണ്ട വ്യവസ്ഥയാണ്. നാട്ടുവൈദ്യൻേറയും, ഹോമിയോ വൈദ്യൻേറയും വ്യവസ്ഥ പ്രൈവററ് ബസ്സുടമയുടേയോ, ഓട്ടോറിക്ഷാക്കാരൻേറതോ ആണെങ്കിൽ ആധുനിക ചികിത്സാവ്യവസ്ഥ രാജ്യാന്തര വിമാന സർവ്വീസ്സിൻേറതാണ്. യാത്രക്കാരന് ഇഷ്ടം പോലെ എയർപോർട്ടിൽ ഓടിക്കയറാനോ വിമാനത്തിൽ ചാടിക്കയറാനോ ഒന്നും പാടില്ല. പ്രതാപശാലികളും മഹാഗൗരവക്കാരുമായ പണക്കാരുടെ പ്രൗഢിക്ക് ഇണങ്ങുന്ന വ്യവസ്ഥയാണ് ഇവിടെയുള്ളത്. ഇതൊക്കെയാണ് ആധുനിക ചികിത്സാവ്യവസ്ഥയെ മനുഷ്യൻെറ മുകളിൽ ആധിപത്യം പുലർത്താൻ ശക്തമാക്കിയിരിക്കുന്നത്.

2 ആധുനിക ചികിത്സാസമ്പ്രദായത്തിലുള്ള പലതും പണക്കാരനുമാത്രമേ കിട്ടുന്നുള്ളുവെങ്കിൽ നാം ആ പണക്കാരോട് സഹതാപം കാട്ടേണ്ടതാണ്. കടുത്ത വിഷങ്ങൾ വിഴുങ്ങി അവർ ചത്തുപോകാൻ അനുവദിക്കുന്നത് അവർ തന്നെ സ്വയം വരുത്തിവെയ്ക്കുന്ന വിനയായിരിക്കും. പണമില്ലാത്തതുകൊണ്ടെങ്കിലും പാവങ്ങൾ ആധുനിക ചികിത്സാവ്യവസ്ഥയുടെ കെണിയിൽ ചെന്ന് ചാടാതിരിക്കുന്നുണ്ടല്ലോ. അത്രയെങ്കിലും നന്മ ദാരിദ്ര്യത്തിനുണ്ടെങ്കിൽ അതിനെ സാപേക്ഷമായ ഒരനുഗ്രഹമായി എണ്ണാതിരിക്കാൻ വയ്യ. ചികിത്സ വ്യക്തിഗതമാകരുതെന്ന് എനിക്കഭിപ്രായമില്ല. രോഗി വ്യക്തിയാണ്. വ്യക്തിയാണെന്നെങ്കിലും ചികിത്സകൻ മനസ്സിലാക്കുന്നതുനന്ന്. പക്ഷേ ആശുപത്രിയിൽ ചെല്ലുമ്പോൾ നാം കേൾക്കുന്നത് വ്യക്തിയെപ്പററിയല്ല; ഹാർട്ടററാക്കിനെപററിയും അപ്പൻഡിസൈററിസിനെപ്പററിയും ക്യാൻസറിനെ പററിയും മററും ആണ്.

3 അമേരിക്ക, ഇംഗ്ളണ്ട്, ജർമ്മനി തുടങ്ങിയ ചില പരിഷ്കൃത രാജ്യങ്ങളിൽ ഡോക്ടർമാരുടെ ഒരു സംഘമാണ രോഗിയെ ചികിത്സിക്കുന്നത്. ആ ഏർപ്പാടിൽ വ്യക്തിയുടെ ആകെ ആരോഗ്യനിലയറിയുന്ന ഡോക്ടറും രോഗം ബാധിച്ചിരിക്കുന്ന അവയവത്തെ പ്രത്യേക പഠനം നടത്തിയിട്ടുള്ള വിദഗ്ധനും തമ്മിൽ ആലോചിച്ച ചികിത്സിക്കുന്നത് ഒട്ടും ദോഷമുള്ള ഏർപ്പാടല്ല. അതുകൊണ്ട് സ്പെഷ്യലൈസേഷന് എതിരായിട്ട് ഞാൻ വോട്ടു ചെയ്യുന്നില്ല. ഹോമിയോപ്പതി, ആയുർവേദം മുതലായ ചികിത്സാപദ്ധതികളിൽ രോഗം വന്നിരിക്കുന്നതായി എണ്ണുന്നത് സംവേദനം മുതൽ ആത്മദർശനം വരെ വ്യാപിച്ചുനിന്നു പ്രവർത്തിക്കുന്ന ഒരു ജീവനിൽ സംഭവിച്ചിരിക്കുന്ന അസമതുലിതത്തിൻെറ ലക്ഷണങ്ങൾ മാത്രമാണ്. അതുകൊണ്ട് രോഗനിദാനം നിർണ്ണയിക്കുമ്പോൾ, ഇതു കണ്ണുരോഗം അല്ലെങ്കിൽ കാതുരോഗം എന്നിങ്ങനെ രോഗത്തെ ചെറിയ പുള്ളികളിട്ട് അവർ കാണുകയില്ല. ചികിത്സാവിധിയിൽ ആഹാരം, ദിനചര്യ, മാനുഷിക ബന്ധങ്ങൾ, പെരുമാററച്ചിട്ട ഇതെല്ലാം ഇണക്കിവച്ച ചികിത്സിക്കേണ്ടി വരുമ്പോൾ അവയവ വിദഗ്ധൻെറ മാത്രം കൈയ്യിൽ അവന് പോകേണ്ടി വരികയില്ല.

4 ചികിത്സകനും രോഗിയും തമ്മിലുള്ള ബന്ധം അടിമയുടമ ബന്ധമാണെന്ന് എനിക്കു തോന്നിയിട്ടില്ല. ചില ചികിത്സകരെ സംബന്ധിച്ചിടത്തോളം ചികിത്സകൻ ചൂഷകനും രോഗി ചൂഷിതനുമായി കാണപ്പെടാറുണ്ട്. ശരിയായ ഒരു ചികിത്സയാണെങ്കിൽ ചികിത്സകൻ പറയുന്നതുപോലെ രോഗി പെരുമാറേണ്ടി വരും. അതു് ഒരടിയുടമ ബന്ധമല്ല; അതൊരു അച്ചടക്കമാണെന്നു പറയാം. ചികിത്സാസമ്പ്രദായങ്ങളുടെ ഇടയിൽ മത്സരമോ വൈരാഗ്യമോ ഒന്നുമില്ല. ശാരീരികമായോ മാനസികമായോ വേദനിക്കുന്നവനെ ആശ്വസിപ്പിക്കണം എന്ന് കരുതി രോഗനിദാനങ്ങളെ പററിയും ചികിത്സയെപ്പററിയും ഔഷധത്തെപ്പററിയും ശുശ്രൂഷയെപ്പററിയും ബോധപൂർവ്വം പഠിച്ച് ആത്മാർത്ഥതയോടെ രോഗ ശുശ്രൂഷക്കായി സ്വജീവിതത്തെ അർപ്പിച്ചിരിക്കുന്ന ചികിത്സകൻ ദൈവതുല്യനാണ്. അയാളുടെ സമ്പ്രദായം ഏതായിരുന്നാലും അതുകൊണ്ടു് രോഗിക്ക് ആശ്വാസം കിട്ടുമെന്നുള്ളതിനു സംശയമില്ല. എന്നാൽ പലയിടത്തും വലിയ തോതിൽ ആശുപത്രികൾ നടത്തുന്നതിന്റെ പിന്നിൽ പ്രവർത്തിക്കുന്നതു് ധനദുർമ്മോഹികളായ കണ്ടകന്മാരായിരിക്കുകയാൽ നല്ല ഡോക്ടർമാക്ക് അങ്ങനെയുള്ള ആശുപത്രികളിൽ വേതനം ലഭിക്കുന്നതിനു വേണ്ടി ധാർമ്മികമായ മൂല്യങ്ങളേയും വലിച്ചെറിഞ്ഞിട്ടു അടിമകളെപ്പോലെ ജീവിക്കേണ്ടി വരുന്നുണ്ടു്. രോഗി ബലിയാടാകുന്നുണ്ടെങ്കിലും വേറെ ആർക്കോ വേണ്ടി കശാപ്പുകാരനാകേണ്ടിവരുന്ന ഡോക്ടർ ദിവസവും വിമ്മിഷ്ടപ്പെട്ടു് ഉറക്കം വരാതെ ഉറക്കഗുളിക കഴിക്കേണ്ടി വരുന്ന കഷ്ടസ്ഥിതി ഒന്നു് ഓർത്തുനോക്കൂ.

5 'യഥാരാജാ തഥാപ്രജാ' എന്നാണു പഴഞ്ചൊല്ല്. വാസ്തവം അങ്ങനെയല്ല. കഴുതകളായ ജനങ്ങൾക്കു പെരും കഴുതകളായ രാജാക്കന്മാരെ കിട്ടും. അതുപോലെ മുപ്പതു വെള്ളിക്കുവേണ്ടി മൂല്യങ്ങളെല്ലാം എറിഞ്ഞുകളഞ്ഞ ജനതയക്ക് ഇണങ്ങുന്ന വൈദ്യശാസ്ത്രവും വന്നുചേരും.

6 ബംഗ്ലാദേശിൽ ഇതുവരെ ഉണ്ടായിട്ടുള്ളതും ഉണ്ടായികൊണ്ടിരിക്കുന്നതുമായ പരിവർത്തനത്തെപ്പററി എനിക്ക് യാതൊരു അറിവുമില്ല. കമ്മീഷൻ റിപ്പോർട്ടുകളല്ല നടപ്പിലാകേണ്ടതു്. ഇവിടെ ഒരു ഗവൺമെൻറ് ഉണ്ടാകേണ്ടതാണാവശ്യം. ജനങ്ങളുടെ സർക്കാർ അതായതു് ജനം തന്നെ ചിന്തിച്ചു നടത്തേണ്ട ഒരു ഭരണ വ്യവസ്ഥ. ഇന്ത്യയിൽ തന്നെ പല സർക്കാറുകൾ പഠനത്തിനായി നിയോഗിച്ച പല കമ്മീഷനുകൾ എഴുതി സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളും ഉപദേശങ്ങളും കമ്മീഷന്റെ പ്രധാനിപോലും ചിലപ്പോൾ കണ്ടിരിക്കാനിടയില്ല. ക്ലാർക്കന്മാരും ടൈപ്പിസ്റ്റുകളും മാത്രമേ വായിച്ചിരിക്കാൻ ഇടയുള്ളു. ക്ലാർക്കിനു മനസ്സിലായി കാണുകയില്ല. കാരണം അയാൾ ടൈപ്പിസ്റ്റിന്റെ അക്ഷരത്തെററു മാത്രമേ നോക്കിക്കാണുകയുള്ളു.

7 ജനകീയ ചൈനയിലെ ആശുപത്രികളിൽ പരമ്പരാഗതമായ ചികിത്സയും ആധുനിക ചികിത്സയും വേറെ വേറെ ആശുപത്രിയല്ല ഉള്ളതു്. സമ്പ്രദായത്തേക്കാൾ അവിടെ പ്രധാനം രോഗിക്കു ലഭിക്കുന്ന ആശ്വാസമാണ്. അക്യുപംക്ചർ കൊണ്ടു് അനസ്തേഷ്യ നല്കി രോഗിയുടെ വേദന മാററിനിർത്തിക്കൊണ്ടു് ഓപ്പൺഹാർട്ടു് സർജറി പോലും അവിടെ നടത്താറുണ്ടെന്നു് ചൈനീസ് ആശുപത്രികൾ സന്ദർശിച്ചിട്ടു മടങ്ങിവന്ന ഒരു കനേഡിയൻ ഡോക്ടർ സുഹൃത്ത് എന്നോടു് പറയുകയുണ്ടായി. നമ്മുടെ ഇവിടെ തന്നെ വൈദ്യകലാനിലയും ആധുനിക വൈദ്യശാസ്ത്രത്തിൽ M Dയും എടുത്ത ഡോക്ടർമാർ രണ്ടു ചികിത്സാപദ്ധതികളെയും അവരുടെ രോഗികളിൽ പ്രയോജനകരമായി പ്രയോഗിച്ചു കാണുന്നുണ്ടു്. കുജ്ജ് എന്നു പറയുന്ന ഒരു ഉത്തരേന്ത്യൻ പ്രദേശത്തു് പ്രാചീന സമ്പ്രദായങ്ങളിലുള്ള ഒരു ചികിത്സാലയം ഞാൻ സന്ദർശിച്ചിരുന്നു. അവിടുത്തെ പ്രധാന ചികിത്സകന് 94 വയസ്സു മാത്രം പ്രായം വരും. അദ്ദേഹത്തിന്റെ ചികിത്സയിലെ പ്രധാന ഇനം ക്ഷീരപാനമാണ്. അതായത് കോലാടിന്റെ പാലുകൊണ്ടുള്ള ചികിത്സ. അതിനോടൊപ്പം തന്നെ ആയുർവേദവും യൂനാനിയും പ്രകൃതി ചികിത്സയും അവിടെത്തന്നെ നടത്തുന്നുണ്ടു്. മുഖ്യചികിത്സകന്റെ നാലു പുത്രന്മാർ അവിടെ സഹായികളായി നിൽക്കുന്നു.

രോഗികളെ പരിശോധിക്കുന്നതിനും മരുന്നുകൾ തയ്യാറാക്കുന്നതിനും ഓരോ രോഗിക്കും വ്യക്തി പരമായിട്ടുള്ള ശുശ്രൂഷ നൽകുന്നതിനും ഈ നാലു പുത്രന്മാരാണ് ജാഗരൂകരായി നിൽക്കുന്നത്. അവർ നാലുപേരും ആധുനിക വൈദ്യശാസ്ത്ര ത്തിൽ നിപുണൻമാരാണ്. വേഷവിധാനത്തി ലെല്ലാം അവരെ കണ്ടാൽ വെറും ഗ്രാമീണർ തന്നെ. കൂട്ടുകുടുംബമായി ജീവിക്കുന്ന അവക്ക് മാസശമ്പളം വേറെ വേറെ കിട്ടുന്നില്ല. ആശു പത്രിയിൽ ഉണ്ടാകുന്ന വരവ് രോഗികൾക്കും ചികിത്സകൻമാർക്കും ഒന്നിച്ചു ചെലവു കഴിയാ നുള്ളതാണെന്നാണ് അവരുടെ വിശ്വാസം. അതു കൊണ്ടു് രോഗിക്കും അയാളുടെ ധനശേഷി ഒരു പ്രശ്നമായി വരുന്നില്ല. ധനികൻമാരായ രോ ഗികളാകട്ടെ, ചികിത്സകൻമാരുടെ അർപ്പിത ജീവിതം കണ്ടു സന്തുഷ്ടരായി ആ സ്ഥാപനത്തെ അക്ഷരാർത്ഥത്തിൽ ധർമ്മസ്ഥാപനമായി കൊണ്ടു പോകുന്നതിനു സകല സഹകരണങ്ങളും ചെയ്തി ട്ടുണ്ടു്.

8 സഹസ്രാബ്ദങ്ങളിൽകൂടി വിവിധ ദേശങ്ങ ളിൽ വളർന്നു വന്നിട്ടുള്ള ചില സമ്പ്രദായങ്ങളി ലെ ഔഷധങ്ങളുടെ പിന്നിൽ ശാസ്ത്രീയമായ ഒട്ടന വധി സാങ്കേതിക പരിഗണനകളുണ്ടു്. അതു കൊണ്ടു് ശാസ്ത്രസ്വരൂപമറിയാതെ സൗകര്യം മാത്രം പരിഗണിച്ചു് മരുന്നുകൾ കൂട്ടിക്കുഴച്ചുകൊ ടുക്കാം എന്നു ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അതിനേക്കാൾ അപകടകരം യാതൊന്നും ഇല്ല. ആധുനിക വൈദ്യശാസ്ത്രം എന്നു വിളിച്ചു വരുന്ന അലോപ്പതിക്കു് കടക വിരുദ്ധമാണ് ഹോമി യോപ്പതി. ഹോമിയോപ്പതി നടത്തണമെന്നു പുറ മേനടിക്കുകയും സൗകര്യാർത്ഥം antibiotics കൊ ടുത്തു ചികിത്സിക്കുകയും ചെയ്യുന്ന വ്യാജന്മാരെ തൂക്കിലിടേണ്ട. അതു കഷ്ടമാണ്. അവർക്ക് ഒരു ഒരു ഡോസ് 'സിങ്കോണ ഒഫിഷ്യനാലി സ്' കൊടുത്തിട്ടു് പിരിച്ചു വിട്ടാൽമതി.

**കെ. ഇ. എൻ. പറയുന്നു**

**ചികിത്സാവ്യവസ്ഥ നേരിടുന്ന പ്രതിസന്ധി രാഷ്ട്രീയപ്രശ്നമെന്ന നിലയ്ക്ക് അപഗ്രഥിക്കണം**

**വ്യക്തിഗത ചികിത്സ സ്വകാര്യമൂലധനത്തെ സേവിക്കുന്നു**

**ഭക്ഷണമാണ് ഏറ്റവും വലിയ ഔഷധം**

**ഒരു ചൂഷകവ്യവസ്ഥിതിയിൽ മനുഷ്യത്വത്തിന് വിലയുണ്ടാകില്ല.**

1 ഇന്ത്യനവസ്ഥയിൽ 'ആധിപത്യത്തെ'ക്കുറിച്ചുള്ള അപഗ്രഥനം ഒരു ചൂഷക വ്യവസ്ഥിതിയുടെ ബലതന്ത്രം വെളിപ്പെടുത്തുന്ന രാഷ്ട്രീയപ്രവർത്തനമാണ്. ശ്വസനം മുതൽ സ്വപ്നം വരെ വ്യാപിച്ചു നിൽക്കുന്ന മനുഷ്യജീവിതത്തിന്റെ സൂക്ഷ്മവും സങ്കീർണ്ണവുമായ അവസ്ഥാന്തരങ്ങളെ ഉൾക്കൊള്ളുന്ന വിപുലമായ ഒരു മണ്ഡലം എന്ന നിലയ്ക്കാണ് 'രാഷ്ട്രീയം' എന്ന പദം ഉപയോഗിക്കുന്നത്. സാമൂഹ്യഅസ്തിത്വത്തിന്റെ സ്വഭാവം നിശ്ചയിക്കുന്ന ഉത്പാദനപ്രവർത്തനങ്ങളുടെ ബോധരംഗത്തുള്ള സാന്ദ്രീകരണമാണ് രാഷ്ട്രീയം. കല, ശാസ്ത്രം, തത്വചിന്ത, സദാചാരം, മതം തുടങ്ങിയ സാമൂഹ്യബോധങ്ങളുടെ ഭിന്നമേഖലകളിൽ നേതൃത്വം വഹിക്കുന്ന രൂപം രാഷ്ട്രീയമാണ്. ഒരു നിശ്ചിതസാമൂഹ്യ ക്രമത്തിൽ 'മനുഷ്യർ' അനുഭവിക്കുന്ന ഭൗതികവും 'ആത്മീയ'വുമായ പ്രശ്നങ്ങൾ ആത്യന്തികമായി പരിഹരിക്കപ്പെടുക 'ഗുണപരമായ' ഒരു രാഷ്ട്രീയമാറ്റത്തെത്തുടർന്നായിരിക്കും. ആധിപത്യവും വിധേയത്വവും നിരന്തരം പുനത്പാദിപ്പിക്കുകവഴിയാണ് ഒരു ചൂഷക വ്യവസ്ഥ നിലനിൽക്കുന്നത്. **ചികിത്സാ വ്യവസ്ഥ അനുഭവിക്കുന്ന പ്രതിസന്ധി, ചുരുക്കത്തിൽ, ഒരു രാഷ്ട്രീയപ്രശ്നം എന്ന നിലയ്ക്കാണ് പരിശോധിക്കേണ്ടത്.** ചൂഷക പരിസരത്തിന് കീഴൊതുങ്ങി നിന്നുള്ള ഒരു വായനയിൽ 'ആധുനിക ചികിത്സാ വ്യവസ്ഥ' എന്നാൽ 'അലോപ്പതി' എന്നാണർത്ഥം. ചരിത്രപരമായ സൗകര്യങ്ങളുടെ സാന്നിദ്ധ്യം കൊണ്ട് വികസിച്ചു നിൽക്കുന്ന വൈദ്യരീതി എന്ന നിലയിൽ അലോപ്പതിക്ക് വർദ്ധിച്ച പ്രസക്തിയുണ്ട്. പക്ഷേ ഒരേകമാത്ര ചികിത്സാപദ്ധതി എന്ന നിലയിലുള്ള അതിന്റെ അവതരണത്തിന് പിന്നിൽ ചരിത്ര സാഹചര്യങ്ങളുടെ രാഷ്ട്രീയ നീക്കങ്ങളുണ്ട്. ഇത് ശ്രദ്ധാപൂർവ്വം പഠിക്കേണ്ടതാണ്. ഫ്ളക്സ്നർ റിപ്പോർട്ടിനെത്തുടർന്നാണ് അലോപ്പതി വൈദ്യമേഖലയിൽ ആധിപത്യം ഉറപ്പിക്കുന്നത്. മുതലാളിത്ത മൂല്യങ്ങളുടെ പുനത്പാദനമേഖലയിലാണ് പൊതുവിൽ 'അലോപ്പതി' പ്രവർത്തിക്കുന്നത്. രോഗങ്ങൾ ഇല്ലാതാക്കാൻ ചികിത്സാസ്ഥാപനങ്ങൾ ഉണ്ടാക്കിയാൽ മതി എന്നൊരു നിലപാട് അതിൽ ആഴത്തിലടങ്ങുന്നുണ്ട്. വ്യക്തിയെ കേന്ദ്രമാക്കി നിലനിൽക്കുന്ന ചികിത്സാരീതിയുടെ ദാർശനിക അടിസ്ഥാനം ആശയരഹിതമാണ്. ഇന്ത്യയിൽ 1857നു ശേഷമാണ് ഡോക്ടർമാരുടെ എണ്ണം കൂടുന്നത്. ഒന്നാം സ്വാതന്ത്ര്യസമരത്തെ അടിച്ചമർത്താൻ കൊണ്ടുവന്ന പട്ടാളക്കാരുടെ ആരോഗ്യ സംരക്ഷണാർത്ഥമാണ് അലോപ്പതി ഇവിടെ വന്നത്. വർത്തമാനകാല ഇന്ത്യനവസ്ഥയിൽ ചികിത്സാ സൗകര്യങ്ങൾ വേണ്ടത്രയില്ല. സ്വന്തം വർഗ്ഗഘടനയ്ക്ക് അകത്തുനിന്നു കൊണ്ട് നിർവ്വഹിക്കാവുന്ന പരിഷ്കാരങ്ങൾ പോലും നടപ്പിലാക്കുവാൻ ഭരണവർഗ്ഗത്തിന് കഴിഞ്ഞിട്ടില്ല.

2 ആയുധ വ്യവസായം കഴിഞ്ഞാൽ കൂടിയ ലാഭം കൊയ്യുന്ന മേഖല ഔഷധ വ്യവസായമാ

**കെ. ഇ. എൻ. കുഞ്ഞഹമ്മത്**

ണ്. വാണിജ്യ താത്പര്യത്തിൻെറ സുരക്ഷിത താവളമായി ഔഷധ വ്യവസായ മേഖല മാറു മ്പോാം അതു കൊണ്ടുണ്ടാകുന്ന ഗുണം തീർച്ച യായും വ്യവസായികാംക്കായിരിക്കും. ചികി ത്സാവ്യവസ്ഥയുടെ കേന്ദ്രഘടകമായി നിൽക്കുന്ന ഔഷധ രംഗത്തിൻെറ ഒററപ്പെട്ടസ്ഥിതി മാത്ര മല്ല, ഇത്. മററു രംഗങ്ങളിലും ഇത് പ്രകടമാ ണ്. സ്വകാര്യ ആശുപത്രികളുടെ കാര്യമെടു ക്കുക. അവിടെ ചികിത്സയ്ക്ക് നൽകേണ്ടിവരു ന്ന വില വളരെ വലുതാണ്. സർക്കാർ ആശു പത്രികളെ മാത്രമേ ഇന്നത്തെ അവസ്ഥയിൽ സാധാരണക്കാർക്ക് ആശ്രയിക്കാനാവൂ. ചികി ത്സ വ്യക്തിഗതമായിരിക്കുന്നിടത്തോളം അത് വിലകൂടിയതായിരിക്കും.

W H O യുടെ നിർവ്വചനപ്രകാരം, മനുഷ്യ ൻെറ ആരോഗ്യം ശാരീരികവും മാനസികവും സാമൂഹികവുമായ സുരക്ഷിതത്വമാണ്. വ്യക്തി ഗത ചികിത്സാ സമ്പ്രദായം 'സാമൂഹികത' എ ന്ന പ്രധാന ഘടകത്തെ അവഗണിച്ചു. സാമൂ ഹികാവസ്ഥയ്ക്കുള്ള പങ്കിനെ നിരാകരിച്ചുകൊ ണ്ടു് ആരോഗ്യത്തെ അപഗ്രഥിക്കാനുള്ള ഏതൊ രു ശ്രമവും അശാസ്ത്രീയമാണ്. 1845 ത്തന്നെ, എന്തുകൊണ്ടു് ഇംഗ്ലണ്ടിലെ വ്യാവസായികതൊ ഴിലാളികാംക്ക് ടി. ബി. യും പകർച്ചപ്പനിയും പിടിപെടുന്നുവെന്ന് ഏംഗൽസ് വിശദീക രിച്ചു. (The condition of the working class in England 1845) പ്രധാനമായും രണ്ടു് തരം രോഗങ്ങളാണുള്ളത്. പ്രകൃതിജന്യ രോഗവും മനുഷ്യ നിർമ്മിതരോഗവും. രണ്ടാമ ത്തെ വിഭാഗം ഒരു പരമ്പരയായി പ്രത്യക്ഷപ്പെട്ട ന്നത് വ്യാവസായിക വിപ്ലവത്തെത്തുടർന്നാണ്. പ്രകൃതിയേയും മനുഷ്യനേയും ക്രൂരമായി ചൂഷ ണ വിധേയമാക്കുന്ന ഒരു സാമൂഹ്യ ക്രമത്തിൻെറ സന്തതി എന്ന നിലയിലാണ് പ്രസ്തുത രോഗ ങ്ങളെ പഠിക്കേണ്ടത്. എയ്ഡ്സ് എന്ന 'സാമ്രാജ്യത്വ രോഗത്തിൻെറ' കാര്യമെടുക്കുക. ഇതിൻെറ ഉത്പത്തിയുമായി ബന്ധപ്പെടുത്തി 'പച്ചക്കുരങ്ങുകഥ' പ്രചരിപ്പിച്ചു, Hax Hessex പ്രസ്തുതബന്ധം പ്രസിദ്ധപ്പെടുത്തിയത് അമേ രിക്കയിലെ ശാസ്ത്രപ്രസിദ്ധീകരണങ്ങളിലല്ല. ഒരു 'പരംപ്പ്'' പ്രസിദ്ധീകരണമായ Popular magazineനിൽ ആണ്. എയിഡ്സിനെപ്പ ററി ശ്രദ്ധേയമായ പഠനം നടത്തിയ ജേക്കബ് സീഗാം, അമേരിക്കയിലെ P4 lab (protection level four lab) ൽ നിന്നും യാദൃച്ഛി കമായി പുറത്തുചാടിയ കൃത്രിമ രോഗാണുസങ്ക ലനത്തിലൂടെ സൃഷ്ടിക്കപ്പെട്ട ഒരണുവാണ് ഇതി ന് കാരണമെന്ന് കണ്ടെത്തുകയുണ്ടായി!

മുതലാളിത്ത രാജ്യങ്ങളിലെ വ്യവസായശാല കാം വിസർജ്ജിക്കുന്ന പുക, അന്തരീക്ഷത്തെയും ജലവിഭവങ്ങളെയും മലിനമാക്കുന്നു. എന്നാൽ വ്യവസായങ്ങാം മുഖേന ലഭ്യമാവുന്ന കോടിക്ക ണക്കിന് ലാഭത്തിൻെറ പതിനായിരത്തിലൊ ന്ന് ഉപയോഗിച്ചാൽ ഇതൊക്കെ ശുദ്ധീകരി ക്കാൻ കഴിയും. എന്തുകൊണ്ടു് ഇതു ചെയ്യുന്നില്ല? 'വ്യവസായ ശൃംഖല'കളെപ്പററി ചിന്തിക്കേണ്ടി വരുന്നത് ഇവിടെയാണ്. ആയുധ വ്യവസാ യി തന്നെ മരുന്ന് വ്യവസായിയും പുസ്തകവ്യ വസായിയും ആണിന്ന്. (ഏററവും പ്രാദേശി കമായ ഉദാഹരണം: KTC– ടയർ, സിനിമ, ആശുപത്രി, വിദ്യാഭ്യാസം, സംസ്കാരികം ഇവർക്ക് ഇവരുടെ MLA യും MPയും വേറെ യുണ്ടു്.)

ഏംഗൽസിൻെറ, രോഗത്തെക്കുറിച്ചുള്ള സാമാന്യ പ്രസ്താവത്തെ റൂഡോാംഫ് വെർച്ചോവ് പ്രെ ഷ്യൻ അവസ്ഥയിൽ വികസിപ്പിച്ചു. പ്രെസ്സ്യൻ ഗവണ്മെൻറിൻെറ അഭ്യർത്ഥനയനുസരിച്ച് നട ത്തിയ പഠനത്തിൽ, കൗതുകകരമായ കാര്യം അതിൽ ആശുപത്രിയെക്കുറിച്ച് പ്രതിപാദിക്കു ന്നതേയില്ല എന്നതാണ്. നികുതി വ്യവസ്ഥ ശാസ്ത്രീയമാക്കുക, തദ്ദേശസ്വയംഭരണം തുടങ്ങുക, തൊഴിലാളികാംക്ക് കൂലിയും ജീവിതസൗക ര്യവും ഉറപ്പുവരുത്തുക തുടങ്ങിയ കാര്യങ്ങളാണ് അതിൽ പ്രതിപാദിക്കുന്നത്. ആരോഗ്യത്തെ അദ്ദേഹം ഗൗരവകരമായ ഒരു സാമൂഹ്യ പ്രശ്ന മായിക്കണ്ടു. 1847ൽ ആണിത്. എന്നാൽ ഇ വിടെ, ഭോപ്പാലിൽ ഫോസിജിൻ വിഷപ്പുക ശ്വസിച്ച് മൃത തുല്യരായവർക്ക് ടോണിക്ക്

കാട്ടക്കാനാണ് തീരുമാനിച്ചത്. 1917 ലെ വിപ്ളവത്തിന് ശേഷം റഷ്യയിൽ ലെനിൻ വർച്ചോഫിന്റെ കാഴ്ചപ്പാട് വൈദ്യശാസ്ത്ര രംഗത്ത് പ്രായോഗികമാക്കാൻ ശ്രമിച്ചു. എന്നാൽ അതിനിയും മുന്നോട്ട പോകേണ്ടിയിരിക്കുന്നു. ചൈനയിൽ തദ്ദേശീയ രീതിയും അലോപ്പതിയും സംയോജിപ്പിച്ചുള്ള വികസിത ജനകീയ വൈദ്യശാസ്ത്രരീതി വളന്നുവന്നിട്ടുണ്ട്. ഒരു ഡോക്ടറായ അലൻഡെ, ചിലിയിൽ വൈദ്യശാസ്ത്രത്തെ ജനകീയവത്ക്കരിക്കാൻ നടത്തിയ ശ്രമങ്ങൾക്ക് കടുത്ത എതിർപ്പുകൾ നേരിടേണ്ടിവന്നു. ഇവിടെ അമേരിക്കൻ അട്ടിമറി സംഘത്തെ വലിയൊരു വിഭാഗം ഡോക്ടർമാർ പിന്തുണയ്ക്കുകയാണുണ്ടായത്.

ആരോഗ്യത്തെ ഒരു സാമൂഹിക പ്രശ്നമെന്ന നിലയിൽ അപഗ്രഥിക്കാൻ നോമൻ ബഥൂൺ, ഗ്വേര, ഫാൻറസ് ഫാനൻ തുടങ്ങിയവർ നൽകിയ സംഭാവനകളും ശ്രദ്ധേയമാണ്. ഇന്ത്യയിൽ ഉണ്ടാകുന്ന75% രോഗങ്ങളുടെയും കാരണം പോഷകാഹാരക്കുറവും മറ്റുമാണ്. ഭക്ഷണമാണ് ഏറ്റവും വലിയ ഔഷധം. ദാഹിക്കുന്നവന് ടോണിക്ക കൊണ്ടോ വിശക്കുന്നവന് കാപ്സ്യൂൾകൊണ്ടോ എന്തുകാര്യം! അപ്പോൾ മൗലികമായ പ്രശ്നം സാമൂഹ്യമായ സുരക്ഷിതത്വവും വ്യക്തിയുടെ തൃപ്തി നിറഞ്ഞ ജീവിതവുമാണ്. എന്നാലിവിടെ, അരക്ഷിതത്വവും അതൃപ്തിയുമാണ് ആധിപത്യം പുലർത്തുന്നത്. അതാകട്ടെ, ലാഭക്കൊതിയന്മാർക്ക് ലാഭം കൊയ്യാനുള്ള ഘടകങ്ങളായിത്തീരുകയാണ്. വ്യക്തിഗത ചികിത്സ ആത്യന്തികമായി സ്വകാര്യ മൂലധനത്തെ സേവിക്കുന്നു.

3 വിശേഷവത്ക്കരണം വിജ്ഞാനത്തിന്റെ വളർച്ചക്കിടയിൽ അനിവാര്യമാണ്. സാമാന്യവും വിശേഷവും തമ്മിലുള്ള ബന്ധത്തെ വൈരുദ്ധ്യാത്മക രീതിയിലാണ് മനസ്സിലാക്കേണ്ടത്. സാമാന്യതയുടെ അഭാവത്തിൽ വിശേഷമോ വിശേഷതയുടെ അഭാവത്തിൽ സാമാന്യതയോ നിലനില്ക്കുന്നില്ല. പുതിയ ശാസ്ത്ര വിഭാഗങ്ങളുടെ പിറവി, പ്രസ്തുത വൈരുദ്ധ്യാത്മക നിലപാടിനെ ശരിവയ്ക്കുന്നു. ബയോഫിസിക്സ്, ബയോ കെമിസ്ട്രി, ആധുനികശാസ്ത്രത്തിന്റെ അടയാളമായ സൈബർ നെററിക്സ് ഇവയൊക്കെ വിശേഷവൽകൃത മണ്ഡലങ്ങളുടെ സംയോജനം സൂചിപ്പിക്കുന്നു. സംക്ഷിപ്തമായിപ്പറഞ്ഞാൽ, സാമാന്യവും വിശേഷവും തമ്മിലുള്ള ജൈവബന്ധം ഛേദിക്കപ്പെടുമ്പോഴാണ് പ്രശ്നങ്ങളുത്ഭവിക്കുന്നത്. ചൂഷക സാമൂഹ്യക്രമം എല്ലാ മണ്ഡലങ്ങളിലും ശിഥിലീകരണത്തെ സ്വന്തം നിലനിൽപ്പ് ഉറപ്പിക്കാനുള്ള ആയുധമാക്കുന്നു. അവിടെ വിശേഷവൽക്കരണം സങ്കുചിതമാവുന്നു. വൈദ്യശാസ്ത്രരംഗത്ത് മാത്രം ഒതുങ്ങുന്ന ഒരു പ്രശ്നമായി ഇതിനെ ചുരുക്കാനാവില്ല. സാഹിത്യ രചനകളെക്കുറിച്ച് പുച്ഛം പുലർത്തുന്ന ശാസ്ത്രവിദ്യാർത്ഥിയും, ശാസ്ത്രത്തെക്കുറിച്ച് അമ്പരപ്പിക്കുന്ന അജ്ഞത അനുഭവിക്കുന്ന സാഹിത്യ വിദ്യാർത്ഥിയും, 'ഘടകസിദ്ധാന്തത്തിന്റെ' ഇരകളാണ്. മനുഷ്യന്റെ ഏററവും ഉദാത്തമായ സ്വപ്നം ഒരു മുഴുവൻ മനുഷ്യനാകുക എന്നതാണ്. എന്നാൽ ചൂഷകവ്യവസ്ഥ സമഗ്രത സാക്ഷാത്ക്കരിക്കാനുള്ള മനുഷ്യവർഗ്ഗത്തിന്റെ ശ്രമത്തിനു മുന്നിലുള്ള തടസ്സമാണ്. അതിനെ തകർക്കാതെ അറിവിന്റെ മണ്ഡലത്തിൽ 'വിശേഷവത്ക്കരണം' അനുഭവിക്കുന്ന പരിമിതികൾ പരിഹരിക്കാനാവില്ല.

ഉത്പാദനപരമായ പ്രവർത്തനങ്ങളിൽനിന്നും അന്യവത്ക്കരിക്കപ്പെട്ട മനുഷ്യനു് ജീവിതത്തിന്റെ മററൊരു മണ്ഡലത്തിൽ സ്വന്തം മനുഷ്യത്വം വീണ്ടെടുക്കാനാവില്ല. സ്വന്തം വാക്കുകൾ ഉച്ചരിക്കാനോ സ്വന്തമായ ജീവിതം നയിക്കുവാനോ, കഴിയുകയില്ല. ഉല്പന്നം ഉല്പാദകനെ ഭരിക്കുന്ന അവസ്ഥയാണ് 'അന്യവത്ക്കരണം'. സ്വാഭാവികമായും, അത്തരമൊരവസ്ഥയിൽ മനുഷ്യന് ഉല്പാദന 'യന്ത്ര'ത്തിന്റെ ഭാഗമാകാതെ വയ്യ. അപ്പോൾ മുതലാളിത്ത വ്യവസ്ഥയിൽ വ്യക്തിയെ കേന്ദ്രീകരിച്ചുനിൽക്കുന്ന ചികിത്സാ സമ്പ്രദായത്തിൽ മനുഷ്യനുണ്ടാവുകയില്ല. പരിശോധിക്കാനും കീറിമുറിക്കാനും ഉള്ള ഒരു മാംസക്കഷണം മാത്രമാവും മനുഷ്യൻ.

4 വിവിധ ചികിത്സാ സമ്പ്രദായങ്ങളുടെ ശാസ്ത്രീയത കൃത്യമായി അപഗ്രഥിച്ച് വിലയിരുത്താനുള്ള ഗവേഷണ സൗകര്യങ്ങൾ ഇന്ത്യയിൽ വളർന്നുവന്നിട്ടില്ല. ആയുർവ്വേദവും യൂനാനിയും സിദ്ധ വൈദ്യവും ഹോമിയോപ്പതിയും അലോപ്പതിയും വിരുദ്ധ ചേരികളിലായി ചുരുങ്ങിക്കിടക്കുകയാണ്. ചരിത്രപരമായ അനുകൂലഘടകത്തിന്റെ സാന്നിദ്ധ്യം കൊണ്ട് അലോപ്പതി സ്ഥാപിച്ചെടുത്ത സ്ഥാനത്തിനു ചുററും അന്ധവിശ്വാസപരമായ 'കൾട്ടുകൾ' രൂപപ്പെട്ടു വന്നിട്ടുണ്ട്. എല്ലിനുചതവ്, പൊട്ട് ഇത്യാദി സംഭവിക്കുമ്പോൾ ഇപ്പോഴും ആളുകൾ സമീപത്തുള്ള 'ഗുരിക്കളെ' സമീപിക്കുന്നു. അവർക്ക് സുഖപ്പെടുന്നു. എന്നാൽ പ്രസ്തുത അപകടത്തിന് വിധേയനായ വ്യക്തി മെഡിക്കൽകോളേജിനെ സമീപിച്ചാൽ പ്ലാസ്റ്റർ ചികിത്സയ്ക്ക് ശേഷം വീണ്ടും ഗുരിക്കളെത്തന്നെ സമീപിക്കുന്നതായികണ്ടുവരുന്നു. പക്ഷെ ആധുനിക വൈദ്യം നാട്ടുവൈദ്യത്തെ ഗൗനിക്കുകപോലും ചെയ്യുന്നില്ല. പകരം പരിഹസിക്കുകയാണ് ചെയ്യുന്നത്. ഇതു ശാസ്ത്രീയമായ ഒരു സമീപനമാണോ ? ആധിപത്യവും വിധേയത്വവും നിലനിൽക്കുന്നേടത്തു് സ്വതന്ത്രമായ ബന്ധങ്ങൾ അസാദ്ധ്യമാണ്. ഇന്നത്തെ ഡോക്ടർ-രോഗി ബന്ധം ഒട്ടും മാനുഷികമല്ല.

5 മൂല്യരഹിതമായ യാതൊന്നും മനുഷ്യ ജീവിതത്തിലില്ല. സംബോധനമുതൽ സർവ്വതിലും അതുണ്ട്. മുതലാളിത്തത്തിൽ സർവ്വമൂല്യങ്ങളും കമ്പോളത്തിന്റെ കീഴാളരാണ്. 'ലാഭം' അതാണ് ഏററവും ശ്രേഷ്ഠമായ മൂല്യം. രണ്ടു ശവപ്പെട്ടി ഒന്നിച്ചു വാങ്ങുന്നവർക്ക് ഒരു കുഞ്ഞുശവപ്പെട്ടി സൗജന്യം എന്നു് അവർക്ക് ആഹ്ലാദത്തോടെ പരസ്യം ചെയ്യാൻ കഴിയും. 'ഗോപിയോടൊപ്പമാണ് അവൾ വളർന്നത്'— കേൾക്കുമ്പോൾ 'ഗോപി' അവളുടെ കളിക്കൂട്ടുകാരനാണെന്ന് തോന്നും. പക്ഷേ, പരസ്യത്തിൽ അതൊരു മിക്സിയാണ്. മനുഷ്യനെ ഉപകരണത്തിന്റെ അവസ്ഥയിലേക്കു താഴ്ത്തുന്നവർ, ഉപകരണത്തെ മനുഷ്യന്റെ പദവിയിലേക്കുയർത്തുന്നു. സഹജീവിയുടെ ശവത്തിനുമുകളിലും സ്വർഗ്ഗം പണിയുക-

അതാകുന്ന മുതലാളിത്തം. അതിൻെറ ആർത്തി മൂത്ത ലാഭദാഹം മുറിവുകളിൽനിന്നും അവസാന തുള്ളിചോരയും ഊററിക്കുടിക്കാതിരിക്കില്ല. പാശ്ചാത്യ നാടുകളിലും മററും നിരോധിക്കപ്പെട്ട മരുന്നുകൾ ഇന്ത്യയിൽ ഇന്നും വിററഴിക്കപ്പെടുന്നുണ്ട്. ഓപ്പറേഷനുശേഷം കർച്ചീഫും നൂൽക്കെട്ടുകളും ശരീരത്തിനുള്ളിൽ 'നിക്ഷേപിക്കുന്ന' ഒരു ചൂഷക വ്യവസ്ഥിതിയിൽ മനുഷ്യത്വത്തിന് ഒട്ടുംതന്നെ വിലയുണ്ടാവുകയില്ല.

6 ജയ് സുഖ്പാൽ ഹാത്തി 1976ൽ റിപ്പോർട്ട് സമർപ്പിച്ചു. മുതലാളിത്ത ഘടനയ്ക്കുള്ളിൽവച്ച് വൈദ്യശാസ്ത്രരംഗത്തെ പ്രതിസന്ധി പരിഹരിക്കാനുള്ള ശ്രദ്ധേയമായ നിർദ്ദേശങ്ങളാണ് റിപ്പോർട്ടിൽ അടങ്ങുന്നത്. ബഹുരാഷ്ട്രമരുന്നുകമ്പനികൾ ദേശവത്ക്കരിക്കുക, മരുന്നുകളുടെ ബ്രാൻറ് പേരുകൾ നിർത്തലാക്കുക ഇത്യാദികാര്യങ്ങൾ അതിൽ പറയുന്നുണ്ട്. ഗവണ്മെൻറ് ഇതുവരെയും അതു് നടപ്പിലാക്കിയിട്ടില്ല. ഇതിനു മുമ്പും പല റിപ്പോർട്ടുകളും സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ബോർകമ്മററി, Sokhey കമ്മററി, മുതലിയാർ കമ്മററി, Naskar കമ്മററി, ഏററവും ഒടുവിൽ ഹാത്തി കമ്മററി.

500 കോടി രൂപയുടെ അപകടകരമായ മരുന്നുകൾ ഇന്ത്യൻ കമ്പോളങ്ങളിൽ ഇതുവരെയായി വിററഴിക്കപ്പെട്ടിട്ടുണ്ട്. ക്ഷയം, സ്കാബിസ്, മലേറിയ, കുഷ്ഠം തുടങ്ങിയ സാധാരണ രോഗങ്ങൾക്കുള്ള മരുന്നുകൾ ഉത്പാദിക്കാൻ മരുന്നു കമ്പനികൾ താത്പര്യം കാണിക്കുന്നില്ല. പ്രമേഹത്തിനുള്ള ഇൻസുലിൻ, തൈറോയിഡ്ഗ്രന്ഥിയുടെ പ്രവർത്തനം കുറയുമ്പോൾ 'തൈറോക്സിൻ', കുഷ്ഠത്തിനുള്ള Papsone തുടങ്ങിയ മരുന്നുകൾ ഉൽപാദിപ്പിക്കുന്നില്ല. ജീവൻ രക്ഷാമരുന്നുകൾ ആവശ്യത്തിനുത്പാദിപ്പിക്കാൻ ബഹുരാഷ്ട്ര കുത്തകക്കമ്പനികൾ താത്പര്യം കാണിക്കുന്നില്ല. പകരം ടോണിക്കുകൾ, വിററാമിൻ ടാബ്ലററുകൾ, പലതരം സിറപ്പ് ഇവയാണുത്പാദിപ്പിക്കുന്നത്. ആരോഗ്യവാനായ ഒരാൾക്ക് പ്രതിദിനം 30mg വിററാമിൻ സി മാത്രമേ ആവശ്യമുള്ളു. പകരം അയാൾക്കു നൽകുന്ന വിററാമിൻ സി ഗുളികകൾ500mgആണ്. അതും ദിനംപ്രതി മൂന്നുനേരം. ശരീരത്തിനാവശ്യമായതു കഴിച്ച് ബാക്കിയുള്ളതു് മൂത്രമായിപ്പോവുകയാണ്! രോഗികളിൽ മാത്രമല്ല, ആരോഗ്യമുള്ളവരിൽപ്പോലും ടോണിക്കുകൾ ആവശ്യമാണെന്നബോധം വളർന്നു വന്നിട്ടുണ്ട്. ഇതിനു ഒരു ശാസ്ത്രീയാടിസ്ഥാനവുമില്ല. ഫാർമക്കോളജി ടോണിക്കുകളെപ്പററി ഒരക്ഷരമുരിയാടുന്നില്ല എന്നതാണ് സത്യം.

ICMR ഡയരക്ടർ ഡോക്ടർ ഗോപാലൻ, ഗ്ലാക്സോയുടെ Cobadex, സാരാഭായിയുടെ Rubraplex എന്നീ ഇനത്തിൽ 73ൽ മാത്രം ഇന്ത്യൻ ഫ്ളഷ് ഔട്ടിലേക്കു പോയ മരുന്നുകളുടെ വില 364 കോടി രൂപയാണെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്!

നിത്യജീവിതത്തിലെ ഭക്ഷണത്തിൽ നിന്നും, സ്വാഭാവികമായ രീതിയിൽത്തന്നെ ആവശ്യമുള്ള പോഷകങ്ങൾ കിട്ടുന്നുണ്ട്. ഒരു പിടി പയറിൽ 1800mg 'ലൈസിൻ' എന്ന അമിനോ ആസിഡ് അടങ്ങിയിട്ടുണ്ട്. എന്നാൽ 'ഇൻക്രിമിൻ' എന്ന വില കൂടിയ ടോണിക്കിലെ പ്രധാന ഘടകവും ഇതുതന്നെ. ഒരു ടീസ്പൂണിൽ 300mg.

ഇന്ത്യൻ ജീവിതത്തെ വേട്ടയാടുന്ന ബഹുരാഷ്ട്ര കമ്പനികൾ ദേശസാത്ക്കരിക്കുക എന്നതാണ് ഹാഥി കമ്മററി ആവശ്യപ്പെടുന്നത്. എന്നാൽ Organisation Pharmacutical Producers of India (OPPI)യ്ക്കു് ഭരണവര്‍ഗ്ഗത്തിലുള്ള സ്വാധീനംമൂലം അത് നടപ്പാകാതെപോവുകയാണ്.

7 തദ്ദേശീയചികിത്സകൾ ഒരു പ്രത്യേക ചരിത്രഘട്ടത്തിൽ സ്തംഭിച്ചത് അവയുടെ സഹജമായ പരിമിതി കൊണ്ടല്ല. അലോപ്പതിയുടെ ആധിപത്യത്തിന് കീഴ്പ്പെടുക വഴി, അവയ്ക്കു് വളരാൻ കഴിയാതെ പോയി. അതുകൊണ്ടു്, അലോപ്പതിയോടൊപ്പം വളർന്നു വികസിക്കാനുള്ള സർവ്വ സാദ്ധ്യതയും അവയ്ക്കു് നൽകപ്പെടണം. അതിനുശേഷം മാത്രമേ വിവിധ രീതികളുടെ ശാസ്ത്രീയതയെപ്പററി പറയാവൂ.

8 ഇവാൻഇല്ലിച്ച്, ഇർവിൻകെന്നത്ത്, തുടങ്ങിയവർ ആധുനിക ചികിത്സാ വ്യവസ്ഥയ്ക്കെതിരെ പ്രസക്തമായ വിമർശനങ്ങൾ നടത്തിയിട്ടുണ്ട്. മനുഷ്യജീവിതത്തെ സ്ഥാപനങ്ങളുടെ ദയയ്ക്കു് വിട്ടുകൊടുക്കുന്നതിലെ ക്രൂരത അവർ വെളിപ്പെടുത്തിയിട്ടുണ്ട്. എന്നിരിക്കിലും, വൈദ്യരംഗത്തെ നിലനിൽക്കുന്ന വർഗ്ഗഘടനയുടെ അടിസ്ഥാനത്തിൽ അവർ പഠിച്ചില്ല. 'വൈദ്യമുക്തമായ സമുദായം' എന്ന ഇല്ലിച്ചിൻെറ കാഴ്ചപ്പാട് അശാസ്ത്രീയമാവുന്നത് ഇതുകൊണ്ടാണ്.

പ്രോട്ടീൻെറ അഭാവത്തിൽ ക്ഷീണിച്ചവർക്ക് നിർദ്ദേശിക്കുന്ന പ്രോട്ടീന്യൂൾ (PROTEINULES) എന്ന പ്രോട്ടോൺ ദ്രാവകത്തിന് വില പത്തു് രൂപയാണ്. എന്നാൽ 'ഹൈദരബാദ് ഫോർമുല' പ്രകാരം അവർക്കു്, ഗോതമ്പ് 400gm, കടല 160gm, നിലക്കടല 100gm, ശർക്കര 200gm ആകെ 860gm എന്നിങ്ങനെ കൊടുത്താൽ മതിയാകും. 117gm പ്രോട്ടീൻ ഇതിലുണ്ട്. പ്രോട്ടീനിൻെറ അഭാവത്താൽ ക്ഷീണിച്ചവക്ക് ഇപ്രകാരം ഒരു ദിവസത്തെ ചെലവ് താരതമ്യേന കുറവാണെന്ന് കാണാം. ഇപ്രകാരം മററു മേഖലകളിലും ശാസ്ത്രീയമായ ഒരു നിലപാട് സ്വീകരിക്കുകയാണെങ്കിൽ വലിയ മാററങ്ങളുണ്ടാകും. ലാഭത്തെ കേന്ദ്രമാക്കിയുള്ള ഇന്നത്തെ ഔഷധരംഗം, ജനങ്ങളുടെ താത്പര്യത്തിനു വേണ്ടിയായിത്തീരുമ്പോൾ, ഇന്നത്തെ പല ടോണിക്കുകൾക്കും മേൽവിലാസമുണ്ടാകില്ല. പല മരുന്നുകളും അപ്രത്യക്ഷമാവുകയും ചെയ്യും.

○

# അവസാന വാക്ക്

വയലുകൾ പച്ച നൽകിയ, മരങ്ങൾ തണൽ നൽകിയ, നാടൻ പാട്ടുകളും പഴങ്കഥകളും നിറഞ്ഞു നിന്ന ഗ്രാമം ഞങ്ങൾക്ക് ഓർമ്മവച്ച മുതൽ ഈ സ്ഥിതിയിലായിരുന്നു. കൂടുതൽ വിളവിനും സ്നേഹത്തിനും വേണ്ടിയായിരുന്നു അന്ന് ഇവിടുത്തുകാർ മത്സരിച്ചിരുന്നത്.

ദൂരെയെങ്ങോ പോയിവന്നവർ 'പട്ടണം' എന്നൊന്നുണ്ടെന്നും അത് സ്വർഗ്ഗമാണെന്നും പറഞ്ഞു. അവർക്ക് ചാണകം മെഴുകിയ വീട്ടുമുററങ്ങളിൽ നെല്ലും പുല്ലും കണ്ട് വൃത്തികേട് തോന്നി. ഉണക്കാനിട്ടിരിക്കുന്ന കൊപ്രയും മൂരികൾ വലിക്കുന്ന ചക്കും കണ്ട് അവജ്ഞ തോന്നി. നമ്മുടെ നാട് എത്ര വൃത്തികെട്ടതാണ് ! അവർ പറഞ്ഞു.

ഓല മേഞ്ഞ, ചുമരുകളില്ലാത്ത, പള്ളിക്കൂടത്തോടും അധ്യാപകരോടും അവർക്ക് വിദ്വേഷം തോന്നി. വലിയ വീടുകളുള്ള അവർ മക്കളെ നഗരത്തിലേക്കു നാടുകടത്തി. ഞങ്ങൾക്കൊപ്പം കളിച്ചു നടന്നിരുന്ന അവർ എപ്പഴെങ്കിലും എത്തിയാൽ ഞങ്ങളെ അവഗണനകൊണ്ട് വേദനിപ്പിച്ചു. ഒരെട്ടടിക്കാരൻ താഴെ മൂന്നടിക്കാരനെ നോക്കുംപോലെ നോക്കുകയും ചെയ്തു.

വലിയ വീടുകളിലേക്ക് വൈദ്യുതക്കമ്പികൾ പാഞ്ഞുപോവുന്നത് ഞങ്ങൾ നോക്കിനിന്നു. ഇംഗ്ലീഷ് പാട്ടുകളുമായി കാറുകൾ തറവാട്ടുമുററങ്ങളിലേക്ക് ചീറിവരുന്നത് ഞങ്ങൾ കണ്ടു. അലർച്ച നിറഞ്ഞ പെരുമ്പറ ശബ്ദങ്ങൾ ജനലുകളിലൂടെ പുറത്തേക്ക്, ഞങ്ങളുടെ കളിമുററങ്ങളിലേക്ക് ഒഴുകി വന്നു. വള്ളി ട്രൗസറും ധരിച്ചുനടക്കുന്ന ഞങ്ങൾ അവരുടെ നീണ്ട ട്രൗസറിലേക്കും തിളങ്ങുന്ന കുപ്പായങ്ങളിലേക്കും കഴുത്തുമുറുക്കിയ കയറുകളിലേക്കും നോക്കി നിൽക്കുമ്പോൾ ദൂരത്ത് ഗ്രാമച്ചെമ്മൺ പാതയിലൂടെ മുഷിഞ്ഞ ചാക്കിന്റെ നിറമുള്ള പുതപ്പുകൊണ്ട് ശരീരം മറച്ച് ഒരു സ്ത്രീ രൂപം നടന്നുവരുന്നത് കണ്ടു. ഒരു കടത്തിണ്ണയിലവർ തളർന്നിരുന്നു. പിന്നീടുള്ള ദിവസങ്ങളിൽ ഞങ്ങളുടെ ഓരോ വീടും കയറിയിറങ്ങി ഗ്രാമത്തിലവർ സ്ഥിരതാമസമാക്കി.

ഒരു ദിവസം പാതയോടു ചേർന്ന പറമ്പിൽ അന്യരായ പണിക്കാരെ കണ്ടു. അവിടെ ഒരു കെട്ടിടം ഉയർന്നു. അതൊരു ഈർച്ചമില്ലായിരുന്നു. ഞങ്ങളുടെ പിതാക്കന്മാർ വാളുപയോഗിച്ച് കൈകൊണ്ടായിരുന്നു ഈർന്നിരുന്നത്. ഇപ്പോൾ യന്ത്രമായി. ഞങ്ങളുടെ പിതാക്കൾ തുരുമ്പിച്ചു തുടങ്ങിയ യന്ത്രങ്ങളും. അവിടെ മരത്തടികൾ കുന്നുകൂടി. ജീവനുള്ള മരങ്ങളുടെ എണ്ണം കുറഞ്ഞു. യന്ത്രച്ചക്രങ്ങളുടെ ശബ്ദം രാപ്പകലില്ലാതെ മുഴങ്ങി. ഞങ്ങളുടെ പിതാക്കളുടെ നെഞ്ചിടിപ്പിന്റെ ശബ്ദവും. കാളകളും ഞങ്ങളും കാഴ്ചക്കാരായി നോക്കിനിൽക്കെ വയലിൽ ട്രാക്ടർ മണ്ണുകിളച്ചു. ഞങ്ങളുടെ പിതാക്കളുടെ തെളിഞ്ഞ മനസ്സുകളിൽ വരണ്ട ചാലുകൾ വീണു.

പിന്നെയുള്ള മാററങ്ങൾ പെട്ടെന്നായിരുന്നു. ഓഫീസുകളും, തിയേററുകളും, ഇംഗ്ലീഷ് സ്കൂളുകളും, കെട്ടിടങ്ങളും വന്നപ്പോഴേക്കും പാത പൊടിപാറാത്ത റോഡായിമാറിയിരുന്നു. കൊച്ചു യന്ത്രങ്ങൾക്ക് പകരം വൻ യന്ത്രങ്ങൾ വന്നു. ഞങ്ങളിൽ ചിലരുടെ പിതാക്കൾക്ക് അവിടെ ജോലി കിട്ടി. അയൽഗ്രാമങ്ങളിൽനിന്നും ജനങ്ങൾ ഞങ്ങളുടെ നാട്ടിലെത്തി.

സ്കൂൾ കഴിഞ്ഞു കളിക്കാറുണ്ടായിരുന്ന വയലുകളിൽ കോൺക്രീററു കെട്ടിടങ്ങൾ. നീന്തിക്കുളിക്കാറുള്ള പുഴയിൽ കറുത്ത ജലം. കുന്നിൻ പുറത്തെ കാററിന് ശ്വാസം മുട്ടിക്കുന്ന ഗന്ധം.

അടുത്തടുത്തായിരുന്നെങ്കിലും കെട്ടിടങ്ങൾക്കും സ്ഥാപനങ്ങൾക്കുമിടയിൽ ഞങ്ങൾ അന്യരായിത്തീർന്നു. പോയ കാലത്തിന്റെ കുശലം പറച്ചിലുകളും പരസഹായങ്ങളും വേണ്ടെന്നുവച്ചു.

ഒരുനാൾ ഞങ്ങൾ നിശ്ശബ്ദമായിപ്പോയ കുടിലുകൾ കാണാനിറങ്ങി. കരിക്കോലായകളിൽ, എല്ലുകളെണ്ണാവുന്ന ശരീരവുമായി വീട്ടമ്മമാരെ കണ്ടു. ദുഃഖത്തിന്റെ മൂകതയും കുഞ്ഞുങ്ങളുടെ ആർത്തതയും. ഞങ്ങളുടെ സംസാരത്തിലെ ദയയും കനിവുമൊക്കെ നഷ്ടപ്പെട്ടത് ഞങ്ങളറിഞ്ഞു. കൂരകളുടെയും കിനാക്കളുടെയും മേൽ കണ്ണുനീരുവീണ് കുതിർന്നു.

ഞങ്ങൾക്ക് പഴയ അമ്മയെ കാണണം, ഒഴിഞ്ഞ വയലുകളിൽ ഇനിയും കളിക്കണം, തെളിഞ്ഞ പുഴയിൽ ഇനിയും കുളിക്കണം എന്ന ആഗ്രഹം മനസ്സിലെവിടെയോ ഒളിപ്പിച്ചുവെച്ച് ഞങ്ങൾ വീണ്ടും നടന്നു.

റോഡിലെത്തിയപ്പോൾ, അല്പമകലെ കുഞ്ഞിനെയുമായി നടന്നുമറയുന്ന ഒരു സ്ത്രീ രൂപത്തെ കണ്ടു. പുകയുയരാത്ത കൂരകളിലെ നിത്യസന്ദർശകയായ ആ എല്ലിച്ച രൂപമാണതെന്ന് ഞങ്ങൾക്ക് മനസ്സിലായി.


കൊടിയുള്ളൊരു കൊട്ടാര വാഹനം ഞങ്ങളെ ഉരസിക്കൊണ്ട് ചീറിയകന്നു. ദൂരെ നടന്നലയുന്ന കുഞ്ഞിനെയെടുത്ത സ്ത്രീയുടെ നേരെയെന്നോണം അതിൽ നിന്നൊരു തല നീണ്ടു തുപ്പി. ഞങ്ങളുടെ കണ്ണിൽ ആ ദൃശ്യം ഒന്നുമുണർത്തിയില്ല.

''നിങ്ങളുടെ കവിളുകൾ ഒട്ടിപ്പോയതെങ്ങനെ ? കണ്ണുകൾക്കു ചുററും കറുത്തുപോയല്ലോ, കൈകളും, നാവും, കണ്ണുകളും നിങ്ങൾക്കെന്തിനാണ് ? നിങ്ങൾക്കെന്തുപററിപ്പോയി മക്കളെ!'' ഒരു വൃദ്ധൻ ഞങ്ങൾക്കൊപ്പം നടന്നുകൊണ്ട് ചോദിച്ചു. ഒന്നും ശ്രദ്ധിക്കാതെ വീണ്ടും ഞങ്ങൾ നടന്നു. അല്ല, ഓട്ടമായിരുന്നു. ഇവിടെ ആർക്കാണ് ആശ്വാസത്തിന്റെ പാഥേയം കൊടുക്കാൻ കഴിയുക ? വയലേലകൾക്കപ്പുറത്ത് കുന്നിൻചരിവിൽ ഇനിയെന്നാണൊരു സൂര്യനുദിക്കുന്ന ദിനത്തെ ഞങ്ങൾക്ക് സങ്കല്പിക്കാനാവുക?

-പി. യഹ്യ-

[illegible]
മങ്ങിമങ്ങിപ്പോകുന്നു.

○




## അവസ്ഥാവിശേഷം

ഖാലിദ്. വി. എം.

അമ്മേ............
കഴവേറിമക്കളാം ഞങ്ങൾ
ഘോഷിക്കട്ടെ നിൻ കൃതികൾ
നിന്നരക്കെട്ടിലായ് സ്വപ്നങ്ങൾനെയ്തോരീ ഞങ്ങളെ
കാമാന്ധരാക്കി നിൻ
കൊങ്കദ്വയങ്ങളിൽ ഊറിത്തിരിഞ്ഞോരുറവ,
പാലിൻനിറംകൊണ്ട് തീർത്തൊരിപ്പാതകം കാട്ടുന്ന സത്ത.
ആർത്തട്ടഹാസം പൊഴിക്കട്ടെ ഞങ്ങൾ
നുണയട്ടെ നാവിലിറ്റുമ്പാൽ.
എന്തിന് നീ വിതുമ്പുന്നു,
കാലം കരിമ്പനക്കള്ളുകുടിച്ചു്
ബോധനായ് നിന്നെപ്പുണർന്നോ?
കത്തുന്ന കാമാഗ്നിയാളിപ്പടർത്തി നിൻ
കാർക്കൂന്തലാകെക്കരിച്ചോ?
വററിവരണ്ടുള്ള നിൻ കണ്ഠത്തിലെന്നുഷ്ണ
ക്കൊടുങ്കാററടിച്ചോ?
നിന്നിലെ സ്ത്രൈണ മലരുകളിന്നുവെറുമസ്ഥിക്കരിയായ്
പൊലിഞ്ഞോ?
ഉള്ളിലുറയുന്ന രാവിന്റെ ഗദ്ഗദം പുഞ്ചിരിയാക്കിപ്പൊഴി
ക്കുകെന്നമ്മേ·
കഴവേറി മക്കളാം ഞങ്ങൾക്കു നിൻ
കയ്പ്പേറും മൃത്യുദ്രവത്തെയൂട്ടി നീ
കാലയവനിക പൂകുകെന്നമ്മേ.

# ബലിക്കാക്കകൾ



മാനത്ത് അവിടവിടെ കല്ലറ പോലെ മേഘങ്ങൾ. വെളിയംകുന്നിന്റെ മുകളിലേക്ക് കയറുമ്പോൾ കിതപ്പോടെ നന്ദൻ പറഞ്ഞു. കാക്കകൾ മടങ്ങിവരാൻ തുടങ്ങിയിരിക്കുന്നു.

കുന്നിൻമുകളിൽ നിന്ന് നോക്കിയാൽ അകലെ അറബിക്കടലിന്റെ ഇരുളിമ കാണാം. വെളിയംകുന്നിന്റെ മുകളിലുള്ള ആൽത്തറയിൽ ഇരുന്ന് രാവിലെയും വൈകീട്ടും, അറബിക്കടലിലേക്ക് പോവുകയും തിരിച്ചു വരികയും ചെയ്യുന്ന കാക്കളെ എണ്ണുന്നത് നന്ദന്റെ ദിനചര്യയാണ്. രാത്രിയിൽ ആനപ്പാറയുടെ പുറത്ത് കിടന്ന് നക്ഷത്രമെണ്ണുമ്പോഴും, പാമങ്ങാട്ടുകാവിൽ ഉത്സവത്തിന് വരുന്ന ആളുകളെ നോക്കിയിരിക്കുമ്പോഴും, വയലരിപ്പൂ പറിക്കാൻ വയലിൽ വരുന്ന കുട്ടികളോട് കിന്നരിക്കുമ്പോഴും നന്ദന് പറയാനുള്ളത് കാക്കകളെക്കുറിച്ചാവും. ആൽമരക്കൊമ്പിൽ നിന്നും ചക്രവാളത്തിലേക്ക് പറന്നകലുന്ന കാക്കകളെ നോക്കി നന്ദൻ പറയും: - ഏററവും മനോഹരമായ പക്ഷി കാക്കയാണ്. വിദൂരതയിലേക്ക് കണ്ണുനട്ട് നന്ദൻ തുടരും: ഒരു ദിവസം ഞാനും ചിറകു വിരിച്ച്, സ്വതന്ത്രമായി.....

നന്ദനെ ഇങ്ങനെയാക്കിയതെന്താണെന്ന് അവന്റെ നിഴലിനു പോലും അറിയില്ല. ആറാം ക്ലാസ്സിൽ വെച്ച് കുഞ്ഞിപ്പോക്കറ് മാഷ് ഇനി ക്ലാസ്സിൽ വരേണ്ടന്ന് പറഞ്ഞതല്ല, തന്റെ മാതാവ് വാതത്താൽ തളർന്ന് കിടപ്പിലായതുമല്ല, ഏറെ സ്നേഹിച്ച തന്റെ ഒരേയൊരു പെങ്ങൾ പിഴച്ചതുകൊണ്ടുമല്ല. പിന്നെയെന്തായിരിക്കാം.....

നന്ദൻ പറയാറുള്ള പിതാമഹന്മാരുടെ ആത്മാവ് വഹിക്കുന്ന കാക്കകളെക്കുറിച്ചും, ആൽമരത്തെക്കുറിച്ചും പിന്നീട് എനിക്ക് മനസ്സിലാവാൻ തുടങ്ങി. നന്ദന്റെ ജീവിതം വെളിയംകുന്നിലെ ആൽത്തറയും, കാക്കകളുടെ താവളമായ ആൽമരവുമാണ്. താനുടുത്ത മുണ്ടിലെ കറുത്ത പുള്ളികളെ ചൂണ്ടി നന്ദൻ പറയും: ഈ പുള്ളികൾക്ക് എന്റെ പിഴച്ച പെങ്ങളുടെ മനസ്സിന്റെ നിറമാണ്. അപ്പോഴൊന്നും, നിരപരാധിയായ തന്നെ ജയിലിലടച്ച അച്ചു മുതലാളിയെപ്പററിയോ, ജയിൽവാസം, ജീവിക്കാനുള്ള തന്റെ ആരോഗ്യത്തെ നശിപ്പിച്ചതിനെപ്പററിയോ നന്ദൻ ഒരക്ഷരമുരിയാടിയിരുന്നില്ല. പിന്നീട് നിറഞ്ഞസന്ധ്യകളിൽ നന്ദനെ കാത്തിരുന്നപ്പോൾ ഇലഞ്ഞിപ്പൂഗന്ധവും പേറി കടൽക്കാററ് വന്നതല്ലാതെ നന്ദൻ വന്നില്ല. ക്രമേണ ആ കാത്തിരിപ്പും ഇല്ലാതായി.

റഷീദാണ് ഞെട്ടിപ്പിക്കുന്ന ആ കാര്യം വന്ന് പറഞ്ഞത്. ഓടിക്കിതച്ച് ആൽമരത്തിൽ ചെന്നുനോക്കി. ഉത്തരമില്ലാത്ത ചോദ്യംപോലെ ആൽമരത്തിന്റെ തെക്കെ കൊമ്പിൽ നന്ദന്റെ ശരീരം, കറുത്ത പുള്ളികളുള്ള ആ മുണ്ടിൽ തൂങ്ങിക്കിടക്കുന്നു. അപ്പുറത്ത് ഒച്ചവെയ്ക്കുന്ന കുറെ കാക്കകളും. തലയ്ക്കകത്ത് ആയിരം തേനീച്ചകളുടെ ഇരമ്പൽ.

നേരം വെളുത്തിരിക്കുന്നു. മഴയൊഴിഞ്ഞ മനസ്സോടെ നന്ദന്റെ വീട്ടുവരെ പോയി. മുററത്തൊരു നാക്കിലയിൽ മൂന്നുരുള ബലിച്ചോറ്. ബലിക്കാക്കകൾക്കായി പൂജാരി കൈകൊട്ടി വിളിക്കുന്നു. വാഴത്തോപ്പിലോ തെക്കേ വശത്തേ മാവിലോ അടുത്തെങ്ങുമോ ഒരു കാക്കപോലും ഇല്ല. ഒരു മണിക്കൂറായി കാത്തിരിപ്പെന്ന് പലരും അടക്കം പറയുന്നു.. പൂജാരിയുടെ കണ്ണുകൾ ഉപ്പന്റെ കണ്ണുകളെപ്പോലെ.

മനസ്സിൽ പാളം തെററിയ വണ്ടിയുടെ തകിടം മറിച്ചിൽ. മററൊന്നും ഗൗനിക്കാതെ ബലിച്ചോറിനടുത്തേക്കോടി. നിലത്ത് കമിഴ്ന്നു കിടന്ന് നടുക്കത്തെ ഉരുള വായിലെടുത്ത് ആൽമരത്തെ ലക്ഷ്യമാക്കി ഓടി. എല്ലാവരും നോക്കിനിൽക്കെ, ആൽമരത്തിന്റെ തെക്കേ കൊമ്പിൽ നിന്നും ചക്രവാളത്തെ ലക്ഷ്യമാക്കി ഞാനെന്റെ കൈച്ചിറകുകൾ വിരുത്തി.

മനോജ്കുമാർ. കെ.

# ബലിക്കുറിപ്പുകൾ

## ഏപ്രിൽ – 13

ആറാമിന്ദ്രിയത്തിലൂടെയെനിക്കു്
മരണസന്ദേശമെത്തുന്നു.
പഞ്ചഭൂതങ്ങളെയും കുടിയിരുത്തി
പഞ്ചലോഹങ്ങളുമുരുക്കിച്ചേർത്തവാളുമേന്തി
വെളിച്ചപ്പാടിനെപ്പോലെ
വെളിപാടുമായ് കലിയുറഞ്ഞുതുള്ളി
മരണ സന്ദേശമെന്നിലെത്തുന്നു.
നാഡികളിൽ നാഗം ഫണമടർത്തിയാടുന്നു.
തലതിരിഞ്ഞുപോയ ഓർമ്മകൾ
തലച്ചോറിനെ ചികഞ്ഞുതള്ളുന്നു.
സൂര്യൻെറ കണ്ണുകളിലേയ്ക്കാരോ ഉരുക്കിയ താറൊഴിക്കുന്നു.
തലയറുക്കപ്പെട്ട ജഡത്തിൻെറ
അവസാനപിടച്ചിൽപോലെ ചിന്തകൾ.
പ്രഭാതത്തിലെ മഞ്ഞുതുള്ളികളെപ്പോലെ
ദുഃഖമെന്നിലുറഞ്ഞു കൂടുന്നു.
പിന്നെ, പാപത്തിൻെറ കറയായത് ഉരുകിയൊലിക്കുന്നു.
കാമം സൂര്യനെപ്പോലെ തലയ്ക്കുമേൽ വെന്തെരിയുന്നു.
ആ ചൂടിലെൻെറ കോശങ്ങൾ വലിഞ്ഞുമുറുകുന്നു.
ശിവൻെറ മൂന്നാം കണ്ണിലെയഗ്നി,
പാർവ്വതിയുടെ തളിർമേനിയുടെ ചൂട്
എല്ലാം ഒരു രോഗിയുടെ
ഒടുക്കത്തെ ഞരക്കമെന്നപോൽ എന്നിലമർന്നൊടുങ്ങുന്നു.

## ഏപ്രിൽ – 21

ഈ ശ്മശാനത്തിൽ ഞാനേകൻ
കബന്ധങ്ങൾ എനിക്കു ചുററും പല്ലിളിച്ചുകാട്ടുന്നു–
വിശുദ്ധ പുണ്യവാളന്മാർ അവയുമൊത്ത് തളർന്നുറങ്ങുന്നു
വേദഗ്രന്ഥത്തിൻെറ ഞരമ്പുകളിൽ കാമം പച്ചച്ചുകിടക്കുന്നു

## ഏപ്രിൽ – 27

ആയുധം മൂർച്ച കൂട്ടുവാൻ പോയവർ
അന്ധയായ കിഴവിക്കുവേണ്ടി
മാനിനെ വേട്ടയാടാൻ തുടങ്ങിയിരിക്കുന്നു.

## മെയ് – 1

നേരം പുലർന്നപ്പോൾ എൻെറ പെണ്ണിന്
അസ്ഥികരിയുന്ന ഗന്ധം.
സാത്താൻ ക്രൂശിക്കപ്പെട്ട മരക്കുരിശിൽ
കർത്താവ് മറെറാരു കുരിശിനുവേണ്ടി കേഴുന്നു.
ലോകത്തിൻെറ പുത്രിമാർ പുനർജ്ജനിക്കുന്നു.
ജനിമൃതികൾക്കിടയിൽപ്പെട്ട്
കഴുത്തുഞെരിഞ്ഞ് കാലം കിടക്കുന്നു.

മെയ് – 3

ഒടുക്കത്തെ ഓർമ്മയേയും
കർക്കിടകരാവു ഗ്രസിച്ചിരിക്കുന്നു.
ഇനി, രേണുകാമേനോൻ, നീ
കുങ്കുമപ്പൊട്ടിന്റെ ചാരിത്ര്യം നഷ്ടപ്പെട്ട മനസ്സ്,
മേഘാവൃതങ്ങളായമാനം,
ജൂണിലെ ഒടുങ്ങാത്ത മഴയും
ഏപ്രിലിലെ വേവുന്ന വേനലിനുമിടയ്ക്ക്
കിതച്ചൊരു മനസ്സ്.
കുപ്പിവളകളുടയുംപോലെ
കന്യകാത്വം പൊട്ടിത്തകരുന്ന പെൺകുട്ടികൾ
കരിങ്കൽച്ചീളിന്റെ ഊക്കോടെ
കാതിൽവന്നലയ്ക്കുന്ന അവരുടെ നേർത്ത നിശ്വാസങ്ങൾ
ഈ രാത്രിയിലും
ഗർഭപാത്രത്തിലേക്കിഴഞ്ഞിറങ്ങുന്ന ബീജങ്ങൾ

കരുത്തും ശക്തിയുമാവാഹിച്ച്
ഭൂമി ഭൂയിലേക്കൽപ്പതിക്കുന്നു
പ്രതാപവും പ്രഭാവവും കൊരുത്ത്
അവരം അവരംക്കു മേലിഴയുന്നു
അങ്ങനെ, അവരം അവളിൽനിന്നും
പ്രജപതിമാർക്കായ് കൊട്ടാരങ്ങരം പണിയുന്നു.
ഉത്തുംഗ ഗോപുരങ്ങളും
നന്മകരം കൊണ്ടു് അമ്പലങ്ങളും
വിസ്മയിപ്പിക്കുമത്ഭുതങ്ങളും ചാണക്യസൂത്രങ്ങളും
ദർശനങ്ങളും എല്ലാവർക്കുമായവരം പണിതുണ്ടാക്കുന്നു
എല്ലാം കഴിഞ്ഞപ്പോരം
അദ്ധ്വാനഭാരത്താലവരം തളർന്നു.
അവളിലെ രാപ്പകലുകളിൽ നിന്നും
ചാരവർണ്ണമാം നിഴലുകളും
ലഹരിയുതിരുന്ന ഭ്രാന്തസങ്കല്പങ്ങളും
കണ്ണഞ്ചിപ്പിക്കും കിനാക്കളും
അവരംനെയ്തുണ്ടാക്കി.
അപ്പോഴേക്കും മയക്കമെവളുടെ
കൺപോളകളെ ചതിക്കുമ്പോരം
സമസ്തവും ഗാഢനിദ്രയിലേക്കുചാഞ്ഞുവീഴ്കയായ്.
പിന്നെയവരം, അവളെപ്പുണർന്ന്
ഇങ്ങനെയാർക്കുന്നു:
കാൺക, കാൺക, ഞാനൊരു ഗർഭപാത്രവും
ഒപ്പമൊരു ചുടലയുമാണ്
ഒരു ഗർഭപാത്രവും ചുടലയും
എന്നിലെന്നുമവശേഷിക്കുന്നു
നക്ഷത്രങ്ങളോരോന്നായ് കെട്ടടങ്ങും വരെ
സൂര്യന്മാരോരോന്നായ് എരിഞ്ഞുതീരും വരെ.



'കാമ്പസിൻെറ ഇരുട്ടുവീണ ഇടനാഴികളിൽ
കാലത്തിൻെറ മട്ടപ്പ് മരിച്ചു വീഴുന്നു.
ദീനംപിടിച്ചു മരിക്കുന്ന പകലിനെ നോക്കി
ദിക്കുകൾ കണ്ണീരുറിയ മിഴികൾ കൊട്ടിയടയ്ക്കുന്നു.
നീറിപ്പിടയുന്ന മൗനവും
നിലാവിൽ ചാലിച്ചെടുത്ത നൊമ്പരവുമായ്
ഒച്ചവയ്ക്കാതെ വിതുമ്പുന്ന കോളേജ് കെട്ടിടം.
ക്രിക്കററും ഇംഗ്ലീഷും ചവച്ച്
കാമുകിയുമായി സങ്കല്പ സംഭോഗംനടത്തി
പ്രേതബാധയേററവരെപ്പോലെയലയുന്ന
വിദ്യാർത്ഥികൾ.
സയൻസ് ഫോറങ്ങളിലും
സർവ്വീസ് സംഘടനകളിലുമായി
അവർ ചത്തുവീഴുന്നു.'

## കാമ്പസും അവമാനവീകരണവും

ആത്മഹത്യചെയ്ത
ഒരു വിദ്യാർത്ഥി സുഹൃത്തിൻെറ
വരികളാണ് മുകളിൽ.
ഈയിടെയായി
നാം
ആത്മഹത്യകളെക്കുറിച്ച്
വല്ലാതെ കേൾക്കുന്നുണ്ട്.

നാമെന്താണ് ചെയ്യേണ്ടത് ?
ആർക്കുവേണ്ടിയാണ്
നമ്മൾ പുസ്തകമെടുക്കുന്നതും
പഠിക്കുന്നതും ?
നമ്മൾ എന്താണ് പഠിക്കുന്നത് ?
എന്താണ് അറിവ് ?

അറിഞ്ഞുകൂടാ.
ഒന്നും അറിഞ്ഞുകൂടാ.
യന്ത്രങ്ങളെപ്പോലെ
നാം ജീവിക്കുകയാണ്.
നിർജ്ജീവമായ അക്ഷരങ്ങൾ.
ചോരയോട്ടംനിലച്ച തലച്ചോറ്.
പുസ്തകത്തിനും വിദ്യാർത്ഥിക്കും
ഇടയ്ക്ക്
വിഡ്ഢിയെപ്പോലെ
മിഴിച്ചു നില്ക്കുന്ന അദ്ധ്യാപകൻ.
ആർത്തനാദം പോലെ
മുഴങ്ങുന്ന
മണിയൊച്ച.
ചോരയിലും സ്വപ്നങ്ങളിലും
വിഷബാധയേററ വിദ്യാർത്ഥി.
കഷ്ടം!
നമുക്ക് സ്വപ്നങ്ങൾ പോലും
കടം വാങ്ങേണ്ടി വരുന്നു.
ഇടനാഴിയിലൂടെ
നീണ്ടുപോകുന്ന നിഴൽ
നമ്മുടേതു തന്നെയാണ്.
ഇവിടെ
മനുഷ്യബന്ധങ്ങൾ
ശുഷ്ക്കമാണ്.
മനുഷ്യനും മനുഷ്യനും
തമ്മിലുള്ള ബന്ധത്തിന്
ചുവപ്പും പച്ചയും
അടിവരയിടാൻ
വിധിക്കപ്പെട്ടവർ.
എന്തുകൊണ്ടാണ്
നമുക്ക്
സഹജീവിയുടെ സാന്നിദ്ധ്യം
പോലും
അരോചകമായിത്തോന്നു
യഥാർത്ഥത്തിൽ
ഒരു മനുഷ്യന്
മറെറാരു മനുഷ്യൻെറ
സാന്നിദ്ധ്യം പോലും
സന്തോഷകരമാവേണ്ടതാ
അനേകമനേകം
കണ്ണുകളിൽ നിന്നും
കണ്ണീരിനു പകരം
ചോരയൊഴുകുമ്പോഴും
നിസ്സംഗരായി
ജീവിച്ചുപോകുവാൻ
നാം
നിരന്തരം
പരിശീലിപ്പിക്കപ്പെടുക
തീർച്ചയായും നമ്മൾ
വളരെയേറെ
അവമാനവീകരിക്കപ്പെട്ടി
രിക്കുന്നു.
സ്നേഹം
കാഴ്ചവസ്തുവായിരിക്കുന്നു.
പണക്കാരന്
പണമുള്ളവരെ മാത്രമേ

നഹിക്കാൻ'
്യന്നുള്ളൂ.
ാടെ
ഠഹം എന്നത്
ൽ
ത്തവസ്ത്രം അണിഞ്ഞതാണ്.

ിമില്ലാത്ത വാക്കുകൾ
ള്ളറുകളോളം
ന്തക്ക തുപ്പുന്നതാണ്.
ാടെയാണ്
ാട കണ്ണുകൾ
ന്ന നേരെ
ാപ്പെടേണ്ടത്.
ാടെയാണ്
ം

കണ്ണുകളിലേക്ക്
ഉറ്റുനോക്കേണ്ടത്.
സംവാദത്തിലൂടെ
സത്യം തിരയേണ്ടത്.
മൊഴിയിലൂടെ
മറുമൊഴിയിലൂടെ
സ്നേഹവും സൗഹൃദവും
പങ്കുവെയ്ക്കേണ്ടത്.
ജീവിതത്തെ
തെരയേണ്ടത്.

എന്നിട്ട്
അടുത്ത തിരമാല വന്ന്
മായ്ച്ചുകളയും മുമ്പേ
നമുക്കീ
നനഞ്ഞ മണ്ണിലെഴുതാം:

ജീവിതം
ഇതൊന്നുമല്ല.
അത് യാത്രയാണ്.
മഞ്ഞിലൂടെ മഴയിലൂടെ
നിലാവിലൂടെ വെയിലിലൂടെ
ഏഴാകാശവും ഏഴുസമുദ്രവും
കടന്നുള്ള യാത്ര
കരഞ്ഞും ചിരിച്ചും
കെട്ടിപ്പുണർന്നും
ഇണചേർന്നും
ഇണപിരിഞ്ഞുമുള്ള യാത്ര.
നല്ല രസമാണ്
കുറേ മുത്തും പവിഴവും കിട്ടി.
ഏഴാം കടലിൽ നിന്ന്
അസ്തമയ സൂര്യന്റെ
തീക്കതിരും കിട്ടി.



○ 'അറിയുക' എന്നത് സത്യത്തിൽ ആറ്റാ ...കരമാവേണ്ടതാണ്. എന്നാൽ അറിവിനോ ...ള്ള ആഭിമുഖ്യം പൊതുവെ അരോചകവും വിര സവും ആയാണ് ഇന്ന് വിദ്യാർത്ഥികളിൽ കാണപ്പെടുന്നത്. എന്താണ് ഇതിനു കാരണം?

○ നാം ജീവിതത്തെ നാട്യങ്ങളിലേയ്ക്ക് മാററി പ്രതിഷ്ഠിക്കുന്ന അവസ്ഥ തീർച്ചയായും നിലനിൽക്കുന്നുണ്ട്. എന്തു കൊണ്ടാണിത്? നമ്മെ ഭരിക്കുന്ന മൂല്യങ്ങൾ എന്തൊക്കെയാണ്?

○ മാനുഷിക മൂല്യങ്ങൾക്ക് സമൂഹത്തിൽ സംഭവിച്ചിട്ടുള്ള ച്യുതി കാമ്പസിൽ എങ്ങനെ അനുഭവപ്പെടുന്നു? ഇതിനെ വിദ്യാർത്ഥികൾ എങ്ങനെ നേരിടണം ?

○ നമ്മുടെ സമൂഹത്തിലെ സാമ്പത്തിക മായ അസമത്വങ്ങൾ കാമ്പസിൽ എങ്ങനെ ...യൊക്കെയാണ് പ്രകടമാവുന്നത് ?

○ കാമ്പസ് പ്രണയങ്ങൾ നമ്മുടെ സാംസ് ക്കാരിക ജീർണ്ണതയുടെ ചിഹ്നമായിത്തീർന്നിരി ക്കുന്നു. വികലമായ ഒരു സ്നേഹ സങ്കൽപ്പം ഇതുമൂലം സൃഷ്ടിക്കപ്പെടുന്നുണ്ട്. നിലനില്ക്കുന്ന പുരുഷ–സമ്പന്ന വർഗ്ഗ ആധിപത്യവുമായി കാമ്പ സ് പ്രണയങ്ങൾക്ക് എന്തെങ്കിലും ബന്ധമു ണ്ടോ? ഇത്തരം കപട പ്രണയങ്ങളുടെ സ്ഥാന

'മിത്തു'കളായ ഡോക്ടർമാരാണ് എന്ന സത്യം രസാവഹമൊന്നുമല്ല. വിദ്യാഭ്യാസമേറുന്തോറും മനുഷ്യൻ സാംസ്കാരികമായി കാട്ടാളനാവു ന്നത് എന്തുകൊണ്ടാണ് ?

○ ideal humanity എന്ന സങ്കൽപ്പത്തെ പ്പററി എന്തു പറയുന്നു ? ഈ സങ്കൽപ്പവും കാമ്പ സിലെ നിലനിൽക്കുന്ന അവസ്ഥയും തമ്മിൽ താരതമ്യം ചെയ്യുക.

○ 'കോളേജ് യൂണിയൻ' എന്ന സങ്കൽപ്പ ത്തെപ്പററി എന്താണ് അഭിപ്രായം? കാമ്പസിലെ സർഗ്ഗാത്മക പ്രവർത്തനങ്ങളോട് എങ്ങനെ പ്രതികരിക്കുന്നു?

○ ഇന്ന് നാം യന്ത്രങ്ങളുടെ അടിമകളായി ത്തീർന്നിരിക്കുന്നു. യന്ത്രങ്ങൾ ഭരിക്കുന്ന ലോ കത്തേയ്ക്കാണ് നാം വലിച്ചെറിയപ്പെടുന്നത്. കമ്പ്യൂട്ടറൈസേഷൻ അതിദ്രുതം വികസിക്കുക യാണെങ്കിൽ, അത് വിദ്യാർത്ഥികളെയും പൊ തുവെ സമൂഹത്തെയും എപ്രകാരം ബാധിക്കും?

○ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധ ത്തിന് കോടാലി വയ്ക്കപ്പെടുകയാണല്ലോ. പച്ച പ്പുകളും പുൽമേടുകളും ഓർമ്മയിൽപ്പോലും അവ ശേഷിയ്ക്കാത്ത ഒരു കാലം വന്നേയ്ക്കാം. ഒരി ക്കൽ മനുഷ്യന്റെ ആത്മാവ് പ്രകൃതിയുടെ ചൈ

'സ്നേഹിക്കാൻ'
കഴിയുന്നുള്ളൂ.
ഇവിടെ
സ്നേഹം എന്നത്
കൂടുതൽ
മിനുത്തവസ്ത്രം അണിഞ്ഞതാണ്.
അത്
അർത്ഥമില്ലാത്ത വാക്കുകൾ
മണിക്കൂറുകളോളം
പുറത്തേക്കു തുപ്പുന്നതാണ്.
ഇവിടെയാണ്
നമ്മുടെ കണ്ണുകൾ
നേരിനു നേരെ
തുറക്കപ്പെടേണ്ടത്.
ഇവിടെയാണ്
നമ്മൾ

കണ്ണുകളിലേക്ക്
ഉററുനോക്കേണ്ടത്.
സംവാദത്തിലൂടെ
സത്യം തിരയേണ്ടത്.
മൊഴിയിലൂടെ
മറുമൊഴിയിലൂടെ
സ്നേഹവും സൗഹൃദവും
പങ്കുവെയ്ക്കേണ്ടത്.
ജീവിതത്തെ
തെരയേണ്ടത്.

എന്നിട്ട്
അടുത്ത തിരമാല വന്ന്
മായ്ച്ചുകളയും മുമ്പേ
നമുക്കീ
നനഞ്ഞ മണ്ണിലെഴുതാം:

ജീവിതം
ഇതൊന്നുമല്ല.
അത് യാത്രയാണ്.
മഞ്ഞിലൂടെ മഴയിലൂടെ
നിലാവിലൂടെ വെയിലിലൂടെ
ഏഴാകാശവും ഏഴുസമുദ്രവും
കടന്നുള്ള യാത്ര
കരഞ്ഞും ചിരിച്ചും
കെട്ടിപ്പുണർന്നും
ഇണചേർന്നും
ഇണപിരിഞ്ഞുമുള്ള യാത്ര.
നല്ല രസമാണ്
കുറേ മുത്തും പവിഴവും കിട്ടി.
ഏഴാം കടലിൽ നിന്ന്
അസ്തമയ സൂര്യൻെറ
തീക്കതിരു് കിട്ടി.

## മൊഴി

○ 'അറിയുക' എന്നത് സത്യത്തിൽ ആഹ്ലാദകരമാവേണ്ടതാണ്. എന്നാൽ അറിവിനോടുള്ള ആഭിമുഖ്യം പൊതുവെ അരോചകവും വിരസവും ആയാണ് ഇന്ന് വിദ്യാർത്ഥികളിൽ കാണപ്പെടുന്നത്. എന്താണ് ഇതിനു കാരണം?

○ നാം ജീവിതത്തെ നാട്യങ്ങളിലേയ്ക്ക് മാററി പ്രതിഷ്ഠിക്കുന്ന അവസ്ഥ തീർച്ചയായും നിലനിൽക്കുന്നുണ്ട്. എന്തു കൊണ്ടാണിത്? നമ്മെ ഭരിക്കുന്ന മൂല്യങ്ങൾ എന്തൊക്കെയാണ്?

○ മാനുഷിക മൂല്യങ്ങൾക്ക് സമൂഹത്തിൽ സംഭവിച്ചിട്ടുള്ള ച്യുതി കാമ്പസിൽ എങ്ങനെ അനുഭവപ്പെടുന്നു? ഇതിനെ വിദ്യാർത്ഥികൾ എങ്ങനെ നേരിടണം ?

○ നമ്മുടെ സമൂഹത്തിലെ സാമ്പത്തികമായ അസമത്വങ്ങൾ കാമ്പസിൽ എങ്ങനെയൊക്കെയാണ് പ്രകടമാവുന്നത് ?

○ കാമ്പസ് പ്രണയങ്ങൾ നമ്മുടെ സാംസ്ക്കാരിക ജീർണ്ണതയുടെ ചിഹ്നമായിത്തീർന്നിരിക്കുന്നു. വികലമായ ഒരു സ്നേഹ സങ്കൽപ്പം ഇതുമൂലം സൃഷ്ടിക്കപ്പെടുന്നുണ്ട്. നിലനില്ക്കുന്ന പുരുഷ-സമ്പന്ന വർഗ്ഗ ആധിപത്യവുമായി കാമ്പസ് പ്രണയങ്ങൾക്ക് എന്തെങ്കിലും ബന്ധമുണ്ടോ? ഇത്തരം കപട പ്രണയങ്ങളുടെ സ്ഥാനത്ത് മൂല്യബദ്ധമായ സ്നേഹത്തിന് കാമ്പസിലുള്ള സാദ്ധ്യത എത്രത്തോളമാണ് ?

○ അദ്ധ്യാപക വിദ്യാർത്ഥി ബന്ധത്തിൻെറ ദാരുണമായ ഉദാഹരണമായി സമദിൻെറ മരണത്തെ ചൂണ്ടിക്കാണിക്കാം. എന്നാൽ അതിലുപരി, കേവലം ഒരു മെഡിക്കൽ സംഭവം എന്നതിലുപരി, അത് നിലനിൽക്കുന്ന വ്യവസ്ഥിതിയുമായി എപ്രകാരം ബന്ധപ്പെട്ടിരിക്കുന്നു? ഈ ദുരന്തത്തിനു് പിന്നിൽ സമൂഹത്തിലെ 'മിത്തു'കളായ ഡോക്ടർമാരാണ് എന്ന സത്യം രസാവഹമൊന്നുമല്ല. വിദ്യാഭ്യാസമേറുന്തോറും മനുഷ്യൻ സാംസ്ക്കാരികമായി കാട്ടാളനാവുന്നത് എന്തുകൊണ്ടാണ് ?

○ ideal humanity എന്ന സങ്കൽപ്പത്തെപ്പററി എന്തു പറയുന്നു ? ഈ സങ്കൽപ്പവും കാമ്പസിലെ നിലനിൽക്കുന്ന അവസ്ഥയും തമ്മിൽ താരതമ്യം ചെയ്യുക.

○ 'കോളേജ് യൂണിയൻ' എന്ന സങ്കൽപ്പത്തെപ്പററി എന്താണ് അഭിപ്രായം? കാമ്പസിലെ സർഗ്ഗാത്മക പ്രവർത്തനങ്ങളോട് എങ്ങനെ പ്രതികരിക്കുന്നു?

○ ഇന്നു് നാം യന്ത്രങ്ങളുടെ അടിമകളായിത്തീർന്നിരിക്കുന്നു. യന്ത്രങ്ങൾ ഭരിക്കുന്ന ലോകത്തേയ്ക്കാണ് നാം വലിച്ചെറിയപ്പെടുന്നത്. കമ്പ്യൂട്ടറൈസേഷൻ അതിദ്രുതം വികസിക്കുകയാണെങ്കിൽ, അത് വിദ്യാർത്ഥികളെയും പൊതുവെ സമൂഹത്തെയും എപ്രകാരം ബാധിക്കും?

○ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന് കോടാലി വയ്ക്കപ്പെടുകയാണല്ലോ. പച്ചപ്പുകളും പുൽമേടുകളും ഓർമ്മയിൽപ്പോലും അവശേഷിയ്ക്കാത്ത ഒരു കാലം വന്നേയ്ക്കാം. ഒരിക്കൽ മനുഷ്യൻെറ ആത്മാവ് പ്രകൃതിയുടെ ചൈതന്യമായിരുന്നു. ഇന്നാകട്ടെ, നാം ആത്മശൂന്യരായി മാറിക്കൊണ്ടിരിക്കുന്നു. പൂത്തുക്കൾക്കു പോലും താളം തെററിയിരിക്കുന്നു. ഇവിടെ ഏതൊരു ഹൃദയവും പിടയുകയും പ്രതിഷേധിക്കുകയും ചെയ്യും. അതേ സമയം, 'പ്രകൃതി സ്നേഹം' എന്നത് ഇന്ന് ഒരു കമ്പോളച്ചരക്കായി മാറിക്കൊണ്ടാരിക്കുന്നു. 'പ്രകൃതിസ്നേഹികൾ' എന്നത് ഒരു പദവിയായും. ഈ രണ്ടു സമസ്യകളെയും കൂട്ടിച്ചേർത്ത് ഒന്നു പ്രതികരിക്കു.

അബ്ബാസ്. പി.

○ ആധുനിക വിദ്യാഭ്യാസത്തിന്റെ ഒരു പോരായ്മ കൂടിയാണ് വിദ്യാർത്ഥികൾക്ക് അറിവിനോടുള്ള വിരസത. തൊഴിൽ നേടാനൊരു ഡിഗ്രി, പരീക്ഷ പാസാവാൻ മാത്രമായൊരു പഠനം; ഇതോടെ പ്രസ്തുത വിഷയത്തിൽ തന്റെ അറിവ് പൂർണ്ണമാകുന്നുവെന്നാണ് പലരുടേയും ധാരണ. പരിമിതമായ ജീവിത സാഹചര്യങ്ങൾ മൂലം പലർക്കും തങ്ങളാഗ്രഹിക്കുന്ന മേഖലയിൽ അറിവ് നേടാൻ കഴിയാറില്ല. നല്ല ശതമാനം വിദ്യാർത്ഥികൾക്കും അറിവിനെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടില്ല. ചിലർ അറിവിന്റെ മേഖലയിലെത്തുന്നത് മററുള്ളവരുടെ നിർബ്ബന്ധത്തിന് വഴങ്ങിയിട്ടാണ്. ഇവയോടൊപ്പം ആധുനികതയുടെ ആഡംബരങ്ങളോടുള്ള അഭിനിവേശവും കൂടിയാകുമ്പോൾ അറിവ് നേടുക എന്നത് അരസികവും അരോചകവുമായിത്തീരുന്നു.

○ മനുഷ്യജീവിതം നാടകമായിമാറുന്ന അവസ്ഥ ഇവിടെ നിലനിൽക്കുന്നുണ്ട്. മനുഷ്യത്വത്തിന്റെ മൂല്യശോഷണമാണ് ഇതിന്റെ മുഖ്യഹേതു. കൃത്രിമ ബന്ധങ്ങളുടെ നൂൽപ്പാലങ്ങളിലൂടെയാണ് നമ്മുടെ യാത്ര. നമ്മുടെ കാപട്യങ്ങളുടെ മുഖത്ത് നോക്കി ഇളിഭ്യരാകാതെ ചിരിക്കാൻ നാം പഠിച്ചുകഴിഞ്ഞു. സ്വാർത്ഥതയും, അസൂയയും, സങ്കുചിത മനഃസ്ഥിതിയും, പണത്തോടുള്ള അതിമോഹവുമൊക്കെയാണ് നമ്മെ ഭരിക്കുന്ന ''മൂല്യങ്ങൾ.''

○ അറിവിനോടുള്ള വിരസത മാററിയെടുക്കുക, മൂല്യാധിഷ്ഠിത ജീവിതരീതികൈക്കൊള്ളുക, സർഗ്ഗവാസനകൾ വളർത്തിയെടുക്കുക, അശ്ലീലാസക്തിയിൽനിന്നും മോചനം നേടുക, അവസരവാദ രാഷ്ട്രീയക്കാരുടെ കുതന്ത്രങ്ങളുടെ അപകടങ്ങൾ മനസ്സിലാക്കുക, ഉന്നതമായ ജീവിത വീക്ഷണവും ഉൽകൃഷ്ടമായ ആദർശങ്ങളുമുള്ള വ്യക്തിയായി സ്വയം പരിണമിക്കുക എന്നിവയിലൂടെ വിദ്യാർത്ഥികൾക്ക് ഇത്തരം മൂല്യച്യുതികളെ നേരിടാം.

○ സാമ്പത്തികമായ അസമത്വങ്ങൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ യുവാക്കളുടെ നാശഹേതുവാകുന്നു. ഉയർന്ന സാമ്പത്തികനിലയിലുള്ളവരിൽ കാണപ്പെടുന്ന ''അരിസ്റ്റോക്രാററിക് കോംപ്ലക്സ്'' (aristocratic complex) മൂലം അത്തരക്കാർ സ്വ

യം ഒററപ്പെടുകയോ മററുള്ളവർ അവരിൽനിന്നും അകലുകയോ ചെയ്യുന്നു. സാമ്പത്തികക്കൊഴുപ്പ് ഇളം മനസ്സിനെയും യുവത്വത്തിൻെറ ചാപല്യങ്ങളെയും ചൂഷണ വിധേയമാക്കുന്നു. ദു:സ്വഭാവങ്ങൾക്കും ലഹരിക്കുമടിമപ്പെട്ട് ഇത്തരക്കാർ ധാർമ്മികമായി അധഃപതിക്കുന്നു. സാമ്പത്തികമായി താഴ്ന്നവരിലും പ്രശ്നങ്ങളുണ്ട്. ദരിദ്രമായ ചുററുപാടുകൾ സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥ, തൊഴിലിനെക്കുറിച്ചും ഭാവിയെക്കുറിച്ചുമുള്ള ആശങ്ക എന്നിവ ഇക്കൂട്ടരെ വ്യർത്ഥതാബോധത്തിലേക്കും നിരാശയിലേക്കും എത്തിക്കുന്നു. ഇങ്ങനെ കുറെ യുവാക്കൾ മനസ്സിനും ശരീരത്തിനും ആലസ്യം ബാധിച്ചവരായിത്തീരുന്നു. ചുരുക്കം ചിലരിൽ മാത്രം സാമ്പത്തിക അസമത്വങ്ങൾ ദൂരവ്യാപകമായ പ്രശ്നങ്ങളുണ്ടാക്കാറില്ല.

○ ക്യാമ്പസ് പ്രണയങ്ങൾ സൃഷ്ടിക്കുന്ന വികലമായ സ്നേഹസങ്കൽപ്പത്തെ പുരുഷാധിപത്യവുമായി ബന്ധപ്പെടുത്താനാവില്ല. ഗൃഹാന്തരീക്ഷത്തിലനുഭവിക്കുന്ന അമിതമായ നിയന്ത്രണം, പൈങ്കിളി സാഹിത്യങ്ങളും പൈങ്കിളി സിനിമകളും ചെലുത്തുന്ന സ്വാധീനം, ലൈംഗിക വിദ്യാഭ്യാസത്തിൻെറ അഭാവം, അപക്വമായ വ്യക്തിത്വം, അബദ്ധജടിലമായ കാഴ്ചപ്പാടുകൾ എന്നിവയെല്ലാം ക്യാമ്പസിലെ പ്രണയങ്ങളെ വികലമാക്കുന്നു.

ജാതി–മത– വർണ്ണതലങ്ങൾക്കുപരിയായി പരസ്പരം അംഗീകരിക്കുകയും, ബഹുമാനിക്കുകയും വിശ്വസിക്കുകയും ചെയ്യുന്ന മൂല്യാധിഷ്ഠിതമായ സ്നേഹത്തിന് ക്യാമ്പസിൽ ഏറെ സാദ്ധ്യതകളുണ്ട്. ഇതിന്, വിനാശകരങ്ങളായ പ്രവണതകളിൽ നിന്നും ശാരീരികവും മാനസികവുമായുള്ള വിട്ടുനിൽപ്പ് അനിവാര്യമാണ്.

○ നമ്മുടെ സമൂഹത്തിൽ നിലനില്ക്കുന്ന ചൂഷണവുമായി സമദിൻെറ മരണത്തിന് ബന്ധമുണ്ട്. സമൂഹത്തിൽ ഉന്നത നിലയിലുള്ള അദ്ധ്യാപകർ പണവും ആൾസ്വാധീനമുണ്ടെന്ന തോന്നൽ കാരണം വിദ്യാർത്ഥികളെ കിരാതമായ മാനസികപീഡനത്തിനും പകപോക്കലിനും ഇരയാക്കുന്ന, കാട്ടാളത്ത വ്യവസ്ഥിതിയിലേക്കാണ്, ഈ മരണം വിരൽചൂണ്ടുന്നത്.

ഉയർന്ന വിദ്യാദ്യാസം നേടിയ മനുഷ്യൻ സംസ്കാരികമായി ഉന്നതനാണെന്നാണ് നമ്മുടെ ധാരണ. സത്യത്തിൽ ഉയർന്ന വിദ്യാഭ്യാസത്തിന് ഒരു വ്യക്തിയെ ഏതെങ്കിലും വിഷയത്തിൽ പണ്ഡിതനാക്കാനല്ലാതെ, മാനുഷിക മൂല്യങ്ങളിലൂടെ കൂടുതൽ ഉദാത്തവൽക്കരിക്കാൻ സാധിക്കുന്നില്ല. ഈ വിധത്തിലുള്ള അവമാനവീകരണം ഉയർന്ന വിദ്യാഭ്യാസം നേടിയ മനുഷ്യനെ കാട്ടാളനാക്കി മാററുന്നു.

○ ഈ സങ്കൽപ്പം മാനവീകരണത്തെക്കുറിച്ച് വളരെ നല്ല കാഴ്ചപ്പാട്വെച്ച് പുലർത്തുന്നുണ്ട്. ധാർമ്മിക മതമൂല്യങ്ങളെ വേറിട്ടുകാണു

ന്നവർക്കിടയിൽ ഈ സങ്കൽപ്പത്തിന്റെ പ്രസക്തിയെപ്പററി സംശയമുണ്ട്. ഇന്നു് ക്യാമ്പസിൽ നിലനിൽക്കുന്ന അവസ്ഥ ''ഐഡിയൽ ഹ്യൂമാനിററി'' എന്ന സങ്കൽപ്പത്തിൽനിന്നും വ്യത്യസ്തമാണ്. എങ്കിലും ഈ സങ്കൽപ്പം കാമ്പസിനകത്ത് സാക്ഷാത്കരിച്ചെടുക്കാൻ പററുമെന്നാണ് എനിക്ക് തോന്നുന്നതു്. ശ്രമങ്ങൾ അനിവാര്യമാണ്.

○ **കോളേജ്** യൂനിയനുകൾ ക്യാമ്പസിൽ വിദ്യാർത്ഥി ഐക്യത്തിന്റെ പ്രതീകമായാണ് ഞാൻ കാണുന്നതു്. പക്ഷെ, രാഷ്ട്രീയകുതന്ത്രങ്ങളിലൂടെ ഉടലെടുക്കുന്ന കോളേജ് യൂനിയനുകൾ ക്രിയാത്മകമായും, ഉത്തരവാദപരമായും, നേതൃത്വപരമായും ശുഷ്ക്കമായിരിക്കും. യൂനിയനുകളെ രാഷ്ട്രീയ മുതലെടുപ്പുകാർക്ക് വിട്ടുകൊടുക്കാതിരിക്കാനും വിദ്യാർത്ഥികളുടെ ഉന്നമനത്തിനു് മാത്രമുള്ളതാക്കാനും ആരോഗ്യകരമായ ശ്രമങ്ങളുണ്ടാവേണ്ടിയിരിക്കുന്നു.

സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ക്യാമ്പസിൽ നേതൃത്വം നൽകേണ്ടതു് കോളേജ് യൂനിയൻ തന്നെയാണ്. ഇവിടെയും മേൽ സൂചിപ്പിച്ചതു്പോലുള്ള കാര്യക്ഷമത കുറഞ്ഞ കോളേജ് യൂനിയനുകളുടെ കൈയിൽ സർഗ്ഗാത്മക പ്രവർത്തനങ്ങൾ പാളിപ്പോകുന്നു. ''സർഗ്ഗവേദി''കളുണ്ടാക്കി പല ക്യാമ്പസുകളിലും പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ആത്മാർത്ഥതയും നിസ്വാർത്ഥതയും മുഖമുദ്രയായുള്ള ഇത്തരം സംഘടനകളെ കൂടുതൽ പ്രോത്സാഹിപ്പിച്ച് ക്യാമ്പസിലെ സർഗ്ഗപ്രവർത്തനങ്ങളുടെ കർമ്മവേദിയാക്കാം. ഇവയുടെ പ്രവർത്തനം മററു ക്യാമ്പസുകൾക്കും പ്രചോദകമാകേണ്ടതാണ്.

○ വിദ്യാർത്ഥികളിൽ കമ്പ്യൂട്ടറൈസേഷൻ ഏറെ സ്വാധീനമുണ്ടാക്കിയിട്ടുണ്ട്. സങ്കീർണ്ണവും വിരസവുമായ വിഷയങ്ങളെ ലളിതവും ആകർഷകവുമാക്കി വേഗത്തിൽ ഗ്രഹിക്കാൻ കമ്പ്യൂട്ടർ സഹായകമാണ്. അതോടൊപ്പം വിദ്യാർത്ഥികൾക്കിടയിൽ ഫാഷനായി മാറുന്ന കമ്പ്യൂട്ടർ സയൻസിനോടുള്ള അമിതമായ ഭ്രമം ദീർഘവീക്ഷണത്തോടെ ശ്രദ്ധിച്ചാൽ ആശങ്കയ്ക്ക് വക നൽകുന്നു. നമ്മുടെ രാഷ്ട്ര പുരോഗതി ത്വരിതപ്പെടുത്താനുള്ള ഒരു നല്ല ഉപാധിയായി കമ്പ്യൂട്ടറൈസേഷനെ കണക്കാക്കാമെങ്കിലും ഇന്ത്യയിലെ സാധാരണക്കാരന്റെ ജീവിതശാസ്ത്രത്തോട് നീതി പുലർത്താൻ അതിനു കഴിയുന്നില്ലെങ്കിൽ കമ്പ്യൂട്ടറൈസേഷനേയും അവമാനവീകരണത്തിന്റെ മററൊരവതാരമായിട്ടുമാത്രമേ എണ്ണാൻപററു.

○ പ്രകൃതിസ്നേഹം തെരുവുകളിൽ വിൽപ്പനച്ചരക്കാക്കുന്നവർ തന്നെയാണ് ഇവിടെ പ്രകൃതിക്ക് നേരിടുന്ന താളഭംഗത്തെക്കുറിച്ച് വിലപിന്നതു്. വേറൊരു വിധത്തിൽ പറയുമ്പോൾ, പ്രകൃതിയെ സ്വന്തം സ്വാർത്ഥമോഹങ്ങളുടെ കൃഷിയിടമാക്കുന്നവർ തന്നെയാണ് പ്രകൃതിസ്നേഹത്തിന്‌വേണ്ടി വാദിക്കുന്നതും. പരസ്പര വിരുദ്ധമായ ഈ ആശയങ്ങൾക്കിടയിൽ ഉയരുന്ന, മനുഷ്യത്വം മരിച്ചിട്ടില്ലാത്തവന്റെ നൊമ്പരപ്പെടുന്ന ശബ്ദത്തിനു് ശക്തി ലഭിക്കാതെ പോവുകയാണ്.

അബ്ബാസ്
കോഴിക്കോട് മെഡിക്കൽകോളേജിൽ പഠിക്കുന്നു

മറുമൊഴി

## അബ്ദുൽമജീദ്. ഏ. കെ.

○ ജീവിതത്തെ സാർത്ഥകമാക്കുന്ന സത്കൃത്യമായി മാറുമ്പോഴാണ്, അറിയുക എന്നത് ആസ്വാദകരമാവുക. എന്നാൽ നമ്മുടെ ഔദ്യോഗിക വിദ്യാകേന്ദ്രങ്ങളും വിതരണംചെയ്യുന്ന വിവരത്തുണ്ടുകൾക്ക് ഈയൊരു നില പ്രാപിക്കാൻ സാദ്ധ്യമല്ല. അറിവുകളിലേക്ക് വിദ്യാർത്ഥി സ്വയം കണ്ണുതുറക്കുന്നതിനു പകരം അതവന്റെ മേൽ എറിഞ്ഞുപിടിപ്പിക്കപ്പെടുകയാണ് ചെയ്യുന്നത്. ഉപജീവനത്തിനു ഒരുപാധി എന്നതായിരിക്കുന്നു ഇന്നു വിദ്യാഭ്യാസത്തിന്റെ പ്രസക്തി. അതു പോലും ജലരേഖയായേ അനുഭവപ്പെടുന്നുള്ളൂ. തൊഴിലില്ലായ്മ എത്ര രൂക്ഷമാണെന്ന് പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. അറിവിനോട് സത്യസന്ധമായ സമീപനം സ്വീകരിക്കാൻ വിദ്യാർത്ഥിയെ പ്രേരിപ്പിക്കുന്നില്ല, നിലവിലുള്ള വ്യവസ്ഥിതി. വിദ്യാലയം കമ്പോളവും വിദ്യാഭ്യാസം വിൽപനച്ചരക്കുമാണ്. വിദ്യാഭ്യാസത്തെ ജീവിതത്തിന്റെ മററു മേഖലകളിൽനിന്നു വേർതിരിച്ചു നിർത്തുന്നതു് ശരിയല്ല. മാററി നിർത്തിയുള്ള പരിശോധന വിശേഷിച്ച് ഗുണമൊന്നും ചെയ്യുകയില്ലെന്നാണ് നാളിതുവരെയുള്ള ചർച്ചകൾ സൂചിപ്പിക്കുന്നത്. ജീവിതത്തെ നിയന്ത്രിക്കുന്ന മൂല്യസംഘാതംതന്നെ കുഴപ്പം നിറഞ്ഞതാണെങ്കിൽ വിദ്യാഭ്യാസം മാത്രം രക്ഷപ്പെടുന്നതെങ്ങിനെ ? ജീവിതം വിരസവും അരോചകവുമായി അനുഭവപ്പെടുകയാൽ ആത്മഹത്യയിലേയ്ക്ക് അഭയം തേടിപ്പോവുന്ന യുവാക്കളും വിദ്യാർത്ഥികളുമില്ലേ ? ചുരുക്കത്തിൽ ജീവിതത്തെ നിയന്ത്രിക്കുന്ന മൂല്യങ്ങളിൽ കാതലായമാററം ആവശ്യമായിരിക്കുന്നു. അതിന്റെ ഭാഗമായി മാത്രമേ വിദ്യാഭ്യാസരംഗവും നിലവിലുള്ള ജീർണ്ണതകളിൽനിന്നു് മുക്തിനേടുകയുള്ളൂ.

○ നാട്യങ്ങളെ മുഖാവരണമാക്കിയവരാണ് സമൂഹത്തിൽ ഏറെയും. പ്രദർശനം, വിപണനം, ലാഭം, ഉപഭോഗം എന്നിവയിലധിഷ്ഠിതമാണ് വർത്തമാനമൂല്യങ്ങളും. കാപട്യവും വഞ്ചനയും അന്തരീക്ഷത്തെ വലയം ചെയ്തുനിൽക്കുന്നു. അന്യനെ വേട്ടയാടാനുള്ള കുടിലമായ സ്വാർത്ഥമോഹങ്ങളും മനുഷ്യ സൗഹൃദത്തെ നശിപ്പിക്കുന്നു.

സമൂഹത്തിന്റെ പരിച്ഛേദമാണ് കാമ്പസ്. സമൂഹത്തിലെ ച്യുതികളും ചുഴികളും അവിടെയും പ്രതിഫലിക്കുക സ്വാഭാവികം; വിദ്യാഭ്യാസ വ്യവസ്ഥതന്നെ മൂല്യരഹിതമാക്കപ്പെട്ടിരിക്കെ വിശേഷിച്ചും. മാർക്കു തട്ടിപ്പു മുതൽ മാർക്കു നിഷേധിക്കപ്പെട്ടവന്റെ ആത്മഹത്യവരെ നീണ്ടു കിടക്കുന്ന മൂല്യഭംഗത്തിന്റെ വ്യാപ്തി. അദ്ധ്യാപകനും വിദ്യാർത്ഥിയും തമ്മിൽ ഉടമയും അടിമയും തമ്മിലുള്ള ബന്ധമാണ് ചിലർ കാംക്ഷിക്കു

ന്നത്. ഹിതാനുവർത്തികളല്ലാത്തവർ ബലിയാടുകളാവുന്നു. മദ്യത്തിന്റെയും മയക്കുമരുന്നുകളുടേയും കാമ്പസിലെ പ്രചാരവും ഭയാനകമാണ്. വിദ്യാഭ്യാസ സ്ഥാപനവും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധം ഔപചാരികം മാത്രമാണിന്ന്.

ഇതിനെതിരെ വിദ്യാർത്ഥികൾക്കുചെയ്യാൻ കഴിയുക, ഒന്നാമതായി സ്വയം വിമോചനത്തിന്റെ പാത കണ്ടെത്തുക എന്നുള്ളതാണ്. വളരെ പ്രധാനമാണിത്. ആർത്തുചാടുന്ന പൊള്ളവേഷങ്ങളെ ധീരമായി തിരസ്ക്കരിക്കാൻ കഴിയണം. കപട രാഷ്ട്രീയത്തിന്റെ കൂട്ടഗാനത്തിൽ പങ്കുചേരാതിരിക്കുക. മലിനസാഗരത്തിലെ ഒരു പ്രകാശ ദ്വീപാവാൻ മൂല്യചിന്തയുള്ളവർ ശ്രമിക്കണം. ചുററുപാടിന്റെ ബീഭത്സതയെ ഭയന്ന് സ്വന്തം ഷെല്ലിനുള്ളിലേക്ക് ഉൾവലിയാതെ സമാന ഹൃദയരുമായി സംഘം ചേർന്ന് പോരാടുകയാണ് ഒന്നാമതായി വേണ്ടത്.

○ സമ്പന്ന വിദ്യാർത്ഥികളും താഴേക്കിടയിലുള്ള വിദ്യാർത്ഥികളും ഭിന്ന ജീവിത നിലവാരമാണ് പുലർത്തുന്നത്. ('ജീവിത നിലവാരം' എന്ന് ഇവിടെ പ്രയോഗിക്കുന്നത് തീർത്തും ധനശാസ്ത്രപരമായ അർത്ഥത്തിലാണ്.) പഠന സൗകര്യങ്ങളുടെയും ഹോസ്റ്റൽ സൗകര്യങ്ങളുടെയും കാര്യത്തിൽ ഈ അന്തരം തെളിഞ്ഞു കാണാം.

○ യൗവന പ്രാപ്തി വിദ്യാർത്ഥീവിദ്യാർത്ഥിനികളിൽ സൃഷ്ടിക്കുന്ന വൈകാരിക വളർച്ച, കാമ്പസ് പ്രണയത്തെക്കുറിച്ചാലോചിക്കുമ്പോൾ പരിഗണിക്കേണ്ടതുണ്ട്. ഭിന്നലിംഗ പരസ്പരാകർഷണം ശക്തമാവുന്ന പ്രായദശയാണ് കലാലയ വിദ്യാർത്ഥികളുടേതെന്ന് മനഃശാസ്ത്രം പറയുന്നു.

സ്നേഹം പങ്കുവെക്കാനുള്ള ജന്മസഹജമായ ത്വര ഈ ഘട്ടത്തിൽ സാഫല്യം തേടുന്നു. ഈ തേട്ടത്തെ ബലമായി തളച്ചിടുകയോ നിയന്ത്രണമില്ലാതെ വഴി തെറ്റാനനുവദിക്കുകയോ അരുതെന്നാണ് മിതമായ പക്ഷം. സ്ത്രീ ഉപഭോഗ വസ്തുവായി പരിഗണിക്കപ്പെടുന്ന സാഹചര്യത്തിൽ പ്രണയം വഴിതെറ്റാനുള്ള സാദ്ധ്യത കൂടുതലാണ്. ഈ സാഹചര്യമാണ് വികലമായ സ്നേഹ സങ്കൽപ്പത്തിന് ജന്മം നൽകുന്നത്. വളരെയൊന്നും ശ്രദ്ധിക്കപ്പെട്ടിട്ടില്ലാത്ത ഒരുവശം ഇതിനുണ്ട്. പ്രണയം താൽക്കാലികമായ ഒരാസ്വാദനമാണോ സ്ഥിരമായ ബന്ധമാണോ എന്നുള്ളതാണത്. കാമ്പസ് പ്രണയങ്ങൾ പൊതുവെ ഒന്നാമത്തെ വിഭാഗത്തിലാണ് പെടുക. ആരോഗ്യകരമോ അഭിലഷണീയമോ അല്ല, ഇത്തരം പ്രണയങ്ങൾ. ജീർണ്ണതയിലേക്കേ അവ നയി




കകയുള്ള. വിദ്യാർത്ഥികളുടെ പ്രയത്നശേഷി മററു ചാലുകളിലേക്ക് തിരിച്ചു വിടണമെന്ന മനഃശാസ്ത്രവിദഗ്ദ്ധരുടെ അഭിപ്രായം ശ്രദ്ധേയമാണ്.

പ്രണയ ജീർണ്ണതകൾ ''സമൂഹത്തി പുരുഷ സമ്പന്ന വർഗ്ഗ ആധിപത്യ''ത്തി ടെന്നതിനേക്കാളേറെ ബന്ധപ്പെട്ടിരിക്കുന്ന സ്ത്രീയോടുള്ളസമീപനം എന്ത് എന്നതുമായാണ ഇണചേരുകയാണ് പ്രധാന ദൗത്യം, എന്ന ശ്വസിക്കുന്നവരുണ്ട്. കുടുംബ സങ്കൽപ്പം ഇ താവുന്നതോടെ സ്ത്രീ ഒരു ലൈംഗികോപകര മാത്രമായി അധഃപ്പതിക്കുന്നു. കുടുംബം എ സ്ഥാപനത്തെ നിരാകരിച്ച നാഗരികതകൾ ത്ത പ്രതിസന്ധിയെ നേരിടുന്നത് നമ്മുടെ ററാണ്ടിലെ അനുഭവമാണല്ലോ. സമൂഹത്തി ഭദ്രതയും സുരക്ഷിതത്വവുമായി ബന്ധപ്പെട്ട യാവണം ഈ പ്രശ്നത്തെ വിലയിരുത്തേ ത്. ക്ഷണികമായ വൈകാരിക തൃപ്തിയില്ലു ന്ന കാമ്പസ് പ്രണയങ്ങൾ അന്തിമമായി തമേൽപ്പിക്കുന്നത് സ്ത്രീകളെത്തന്നെയാണ്.


മൂല്യബദ്ധമായ ജീവിതത്തിനുള്ള തന്നെ സാദ്ധ്യത മൂല്യബദ്ധമായ സ്നേഹ നമുണ്ട്.

○ സമദിന്റെ മരണത്തിന് വ്യവസ്ഥി യുമായുള്ള ബന്ധം ഒന്നും രണ്ടും ഉത്തരങ്ങളി നിന്ന് ഗ്രഹിക്കാവുന്നതാണ്. ഇന്നത്തെ രീ യിലുള്ള ഉന്നത വിദ്യാഭ്യാസം മനുഷ്യനെ ന യുടെ മൂല്യം പഠിപ്പിക്കുന്നില്ല. 'മെഡിക്ക

എസ്റ്റാബ്ളിഷ്മെൻറ്'' മനുഷ്യവിരുദ്ധമായ ഒരു വൻവ്യവസായമാണ്. ഡോക്ടർ വനവേടനും രോഗി കപോതവുമാവുന്ന വ്യവസ്ഥയിൽ ഇങ്ങനെയൊക്കെയേ സംഭവിക്കൂ.

○ ഐഡിയൽ ഹ്യൂമാനിററി എന്ന സങ്കൽപ്പത്തെയും കാംപസ് സമൂഹത്തെയും താരതമ്യം ചെയ്യേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. 'ഐഡിയൽ ഹ്യൂമാനിററി'യെക്കുറിച്ച് വ്യത്യസ്ത സങ്കൽപ്പങ്ങളാണ് ദാർശനികർക്കുള്ളത്. പ്ളാറ്റോവിൻെറ റിപ്പബ്ളിക്ക് മുതൽ മാർക്സിൻെറ വർഗ്ഗരഹിത സമുദായം വരെ വ്യാപിച്ചു കിടക്കുന്നു ഈ സങ്കൽപ്പങ്ങൾ. അവയെവിടെ, കാമ്പസ് സമൂഹമെവിടെ !

○ കോളേജ് യൂണിയൻ എങ്ങിനെ പ്രവർത്തിക്കുന്നു എന്നതാണ് പ്രധാനം. വിദ്യാർത്ഥികളുടെ സ്വയം വികാസത്തിന് വഴിയൊരുക്കുകയാണ് യൂണിയൻ ചെയ്യേണ്ടത്. ഏതാനുംപേർക്ക് 'ഷൈൻ' ചെയ്യാനുള്ള ഒരു വേദിയായി യൂണിയൻ മാറരുത്. എന്നാൽ മിക്ക യൂണിയനുകളും ഫണ്ട് വിഹിതം വെക്കാൻ ഭാരവാഹികൾക്ക് അവസരം നല്കുകയാണ് ചെയ്യുന്നത്. ഉദ്ഘാടനം, ഫൈനാർട്സ് ഡേ, കോളേജ് ഡേ, സ്പോർട്സ് ഡേ ഇവ മാത്രമാണല്ലോ യൂണിയനുകളുടെ മേൽനോട്ടത്തിൽ ഇപ്പോൾ നട



ക്കാറുള്ളത്. ഇതിൽ കവിഞ്ഞു ഒന്നും ചെയ്യാനില്ലഎന്നാണ് പൊതുവെ ധാരണ. കാമ്പസിലെ അനീതികളെ ചെറുക്കാനോ സൗഹൃദപരമായ അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം സ്ഥാപിക്കാനോ പഠനപരവും പാഠ്യേതരവുമായ സൗകര്യ

ങ്ങൾ ഉറപ്പുവരുത്തുവാനോ യൂണിയൻകാർ ഒന്നും ചെയ്യാറില്ല. ഈയവസ്ഥ മാറുകയും വിദ്യാർത്ഥികളുടെ സജീവമായ ഒരു വേദിയായിത്തീരുകയും വേണം യൂണിയൻ. ജയിക്കുന്ന സംഘടനകളുടെ സ്വകാര്യസ്വത്താണ് യൂണിയൻ എന്ന അവസ്ഥക്കും മാററം വരേണ്ടതുണ്ട്.

സർഗ്ഗാത്മക പ്രവർത്തനങ്ങൾ എല്ലാ കോളേജുകളിലും ഒരേ രീതിയിലല്ല നടക്കുന്നത്. അതു സാദ്ധ്യവുമല്ല. ചില കലാലയങ്ങളിൽ സർഗ്ഗാത്മക പ്രവർത്തനങ്ങൾ തീരെ നടക്കാറില്ല. കോളേജ് മാഗസിൻ മാത്രമാണ് പലയിടത്തും ഏക സർഗ്ഗ പ്രവർത്തനം. അനർഹർ എഡിറേറഴ്സാവുമ്പോൾ മാഗസിൻ ഒരു സർഗ്ഗ കൃത്യം എന്നതിനേക്കാളേറെ ഒരു വർഗ്ഗ കൃത്യമോ വംശകൃത്യമോ ആയി മാറുന്നു.

കാമ്പസിലെ സർഗ്ഗാത്മക പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടത് സർഗ്ഗധനരായ വിദ്യാർത്ഥികളാണ്. ഈ പ്രവർത്തനം സ്ഥാപന വൽക്കരിക്കപ്പെട്ടതാവരുത്. വ്യത്യസ്ത പ്രപഞ്ച വീക്ഷണങ്ങൾക്കനുസരിച്ച് വ്യത്യസ്ത ധാരകൾ സ്വാഭാവികമാണ്.

O മനുഷ്യൻ ഇന്നനുഭവിക്കുന്ന അവമാനവീകരണം (de humanisation) കൂടുതൽ ഭയാനകമാക്കാനേ കമ്പ്യൂട്ടറൈസേഷൻ ഉപകരിക്കുകയുള്ളു. വിഷയം ഈ ഉത്തരത്തിന്റെ സ്ഥല പരിധിക്ക് വഴങ്ങുന്നതല്ല എന്നതിനാൽ വിശദീകരിക്കാൻ പ്രയാസമുണ്ട്. ഹൈടെക്നോളജി ഉയർത്തുന്ന പ്രശ്നങ്ങൾ, നമ്മുടെ രാഷ്ട്രത്തിന്റെ സാമൂഹ്യാവസ്ഥ, ജീവശാസ്ത്രപരമായിപ്പോലും നാൾക്കുനാൾ നിസ്സഹായമാവുന്ന വ്യക്തി എന്നീ പ്രശ്നങ്ങൾ പരിഗണിച്ചേ കമ്പ്യൂട്ടറൈസേഷനെ കുറിച്ച് സംസാരിക്കാനാവൂ. ഭൂമിശാസ്ത്രപരമായ അധിനിവേശത്തിലോ ഫൈനാൻസ് മൂലധനത്തിലോ ഒതുങ്ങുന്നില്ല സാമ്രാജ്യത്വത്തിന്റെ പ്രവേശന കവാടങ്ങൾ എന്നോർക്കുക. യന്ത്രമോ മനുഷ്യനോ വലുത് എന്നു തീരുമാനിക്കാൻ ഭരണാധികാരികൾക്കും ഉദ്യോഗസ്ഥ വൃന്ദത്തിനും പ്രയാസമുണ്ടാവും. നമുക്കങ്ങനെയല്ലല്ലോ.

O വിപ്ലവവും വിഷാദവും വാണിജ്യവൽക്കരിക്കപ്പെട്ടിരിക്കെ പ്രതീക്ഷിക്കാനൊന്നുമില്ലാതെ നിസ്സഹായരായി നിൽക്കുന്ന മനുഷ്യരെ ഇത്തരം വൈരുദ്ധ്യങ്ങൾ അലോസരപ്പെടുത്തുന്നു. പ്രകൃതി സ്നേഹത്തിന്റെ തെരുവു നാടകങ്ങൾ ഒരു മരണത്തെത്തുടർന്ന് ഡയലോഗ് മറന്ന്, വേഷം മറന്ന്, ആംഗ്യം മറന്ന് രംഗംവിട്ടതോർക്കുക. ഇടതുപക്ഷ ബുദ്ധിജീവികളുടെ കാപട്യം നമ്മുടെ മുമ്പിൽ ഇപ്പോൾ നഗ്നമാക്കപ്പെട്ടിരിക്കുന്നു. ആവിഷ്ക്കാരവും താപവൈദ്യുതിയും ഇപ്പോൾ ആർക്കും നാവനക്കമുണ്ടാക്കുന്നില്ല ! പ്രകൃതിയെ 'ചൂഷണം' ചെയ്യാത്ത ഒരു നാഗരികതയാണ് നമുക്കാവശ്യം. ഹിംസ നിറഞ്ഞു നിൽക്കുന്ന പ്രയോഗമാണ് 'പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യുക' എന്നത്. മനുഷ്യനെയും പ്രകൃതിയെയും രഞ്ജിപ്പിക്കുന്ന മൂല്യബദ്ധമായ നാഗരികതക്കു മാത്രമേ നന്മ വരുത്താൻ സാധിക്കൂ. ഇന്നു മേധാവിത്തം പുലർത്തുന്ന മുതലാളിത്ത സംസ്ക്കാരത്തിനോ കമ്മ്യൂണിസ്റ്റ് സംസ്ക്കാരത്തിനോ അതു സാദ്ധ്യമാക്കാൻ കഴിയില്ല. നാമനുഭവിക്കുന്ന മൂല്യരാഹിത്യത്തിൽ ഈ വ്യവസ്ഥിതികൾക്കുള്ള പങ്ക് കുറച്ചൊന്നുമല്ല. ഭോപാലും ചെർണോബിലും രണ്ടു മുഖങ്ങൾ മാത്രമാണ്.

●

മജീദ്
കോഴിക്കോട് ഗവ. ട്രെയിനിംഗ് കോളേജിൽ പഠിക്കുന്നു.

○ അറിയുക എന്നത് ആസ്വാദകരം തന്നെയാണ്. എന്നാൽ നമ്മൾ അറിയുന്നില്ല എന്നതാണ് ദുഃഖകരം. അറിയുന്നു എന്ന മിഥ്യാധാരണയിൽ കഴിയുകയാണ് നമ്മൾ. ഒരു മുതലാളിത്ത ഭരണകൂടത്തെ സംബന്ധിച്ചിടത്തോളം പൗരന്മാർ അറിവുള്ളവരാകുകയെന്നുള്ളത് സ്വീകാര്യമല്ല. അറിവു നേടുന്നവർ സംശയിക്കാനും ചോദ്യം ചെയ്യുവാനും നിഷേധിക്കാനും പുനഃസൃഷ്ടിക്കായി സ്വയം സമർപ്പിക്കാനും തയ്യാറാകും. ഈ സമർപ്പണം നിലനിൽക്കുന്ന ബൂർഷ്വാ ഭരണക്രമത്തിന് ഏറ്റവും വലിയ ഭീഷണിയാണെന്നറിയുന്നവരാണ് അധീശത്വം. അടിമ ഉടമ ബന്ധത്തിലധിഷ്ഠിതമായ ഒരു വിദ്യാഭ്യാസക്രമമാണ് ഇന്ന് ഇന്ത്യയിലുള്ളത്. ഈ നെറികെട്ട വിദ്യാഭ്യാസക്രമത്തിലൂടെ ഇന്ത്യൻ വിദ്യാർത്ഥികളെ ബുദ്ധിപരമായി മട്ടിക്കുകയാണ് ഭരണകൂടം ചെയ്തു കൊണ്ടിരിക്കുന്നത്. ക്ലാസ്സുമുറികൾ അറിവിന്റെ മരണവേദികളാകുന്നതും അതുകൊണ്ടാണ്.

ഇന്ന് അറിവ് ലഭിക്കേണ്ടിടത്ത് ശുഷ്കമായ 'വസ്തുതകളെ' ഓർമ്മപ്പെടുത്തുകയും കുറേ 'വിവരങ്ങളെ' ഓർമ്മിച്ചെഴുതുവാൻ അടിച്ചേല്പിക്കുകയുമാണ് ചെയ്യുന്നത്. ഇങ്ങനെ ചെയ്യേണ്ടിടത്ത് അദ്ധ്യാപകനും വിദ്യാർത്ഥിയും ഒരുപോലെ നിസ്സഹായരായിത്തീരുന്നു. സാംസ്കാരികമായ അടിച്ചമർത്തലിന്റെ പ്രച്ഛന്നരൂപം തന്നെയാണ് അറിവുകളേയും അറിയുന്നതിനേയും നിഷേധിക്കുന്ന ഇന്നത്തെ വിദ്യാഭ്യാസം. നമ്മുടെ രാജ്യത്തെ ഭൂരിപക്ഷം ജനതയും നിരക്ഷരരായിത്തുടരുന്നത് ഭരണകൂടത്തിന്റെ ആസൂത്രിതവും ബോധപൂർവ്വവുമായ നയത്തിന്റെ ഭാഗമായാണ്. അറിവു ലഭിച്ചിട്ടുള്ളവർ തന്നെ സത്യങ്ങളെ പീഡിതരിൽ നിന്ന് മറച്ചുവെക്കുകയും സ്വയം മേലാളരായി ഭാവിക്കുകയും ചെയ്യുന്ന അപഹാസ്യതയും ഇവിടെ അരങ്ങേറുന്നുണ്ട്. സത്യങ്ങളെ അരോചകമായി കാണുന്നവർ അറിവുകളേയും അരോചകമായിക്കാണുമെന്നുള്ള ഒരു യാഥാർത്ഥ്യവും നിലനിൽക്കുന്നു. അറിവു നിഷേധിക്കപ്പെട്ടവരുടെ കൂടെ നിന്ന് ബ്രെഹ്ത് പറയുന്നു.

**He who doesnot know the truth is merely an idiot**
**'He who knows it and calls it a lie**
**is a criminal'**

○ കപടബോധങ്ങളുടെ ഭാഗമായിട്ടാണ് നാട്യങ്ങളിലേക്ക് ജീവിതത്തെ തളച്ചിടുന്ന ദുരവസ്ഥ സംജാതമാകുന്നത്. ഈ നാട്യത്തിൽ വികാര പ്രകടനങ്ങളും ഭാവങ്ങളുമെല്ലാംതന്നെ ആത്മാർത്ഥത കൈമോശം വന്ന ഒരു നാട്യക്കാരന്റെ ചപലമായ പ്രവൃത്തികളായി നമുക്കനുഭവപ്പെടുന്നു. പുറം മോടിയിൽ മാത്രം ആകൃഷ്ടരാകുന്ന നമ്മൾ ആന്തരികമായ സത്യങ്ങളേയും സൗന്ദര്യങ്ങളേയും അറിയാതെ പോകുന്നു. കപടബോധങ്ങളിൽ നിന്നും നാട്യങ്ങളുടെ അലങ്കാര ശോഭയിൽ നിന്നും മോചിതനാവുകയെന്നത് ചരിത്രത്തെ തിരുത്തിക്കുറിക്കുവാനും സമൂഹത്തിന്റെ ചുവടു മാറുവാനും ആഗ്രഹിക്കുന്ന ഏതൊരുവന്റേയും കടമയാണ്.

നമ്മെ കച്ചവടമൂല്യങ്ങളാണ് ഭരിക്കുന്നത്. ഒരു ലാഭാധിഷ്ഠിത സമ്പദ്‌വ്യവസ്ഥ നിലനിൽക്കുന്നതുകൊണ്ട് അവമാനവീകരിക്കപ്പെട്ട മൂല്യങ്ങളിൽ ബലിയാടുകളായിത്തീരേണ്ട ഗതികേട് നമ്മുടെ തലമുറയ്ക്കു വന്നു പെട്ടിരിക്കുന്നു. കച്ചവട

**മാത്യു സിറിയക്. പി.**

മൂല്യങ്ങൾക്ക പ്രാമുഖ്യമുള്ള ഒരു സമൂഹത്തിൽ മനുഷ്യൻ ഒരു Commodity മാത്രമായി അധഃപതിക്കുന്നു. നമ്മുടെ സ്ത്രീകളെ കച്ചവടച്ചരക്കായി അധഃപതിപ്പിക്കുന്നത് ഈ സാമൂഹ്യ വ്യവസ്ഥയുടെ ജീർണ്ണതകൊണ്ടു തന്നെയാണ്.

○ അദ്ധ്യാപക–വിദ്യാർത്ഥി ബന്ധം മുതൽ വിദ്യാർത്ഥി–വിദ്യാർത്ഥി ബന്ധംവരെ മാനുഷിക മൂല്യങ്ങൾക്ക സമൂഹത്തിൽ സംഭവിച്ചിട്ടുള്ള ച്യുതിയുടെ ദോഷകരമായ സ്വാധീനത്താൽ വികലമായിത്തീന്നിരിക്കയാണ്. കലാലയങ്ങൾ നാട്യാലയങ്ങളായി അധഃപ്പതിച്ചിരിക്കുന്നു.

○ വർഗ്ഗവൈരുദ്ധ്യം നിലനിൽക്കുന്ന സമൂഹത്തിലെ അസമത്വങ്ങൾ കാമ്പസ്സുകളിലും പ്രകടമാകുന്നു. സാമ്പത്തികമായ അസമത്വത്തിന്റെ പ്രകടരൂപം കാമ്പസ്സിൽ കാണാം. വരേണ്യവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യാപകരടക്കം കാമ്പസ് മേധാവികൾ അമിതമായ പ്രാധാന്യം നൽകുന്ന നീചമായ വിവേചനം കാമ്പസ്സുകളിൽ നിലനിൽക്കുന്നു. ഉടുപ്പും നടപ്പും മുതൽ പഠിപ്പിൽവരെ സാമ്പത്തികമായ ഉച്ചനീചത്വങ്ങൾക്കനുസൃതമായ വൈജാത്യം ദൃശ്യമാണ്. കാമ്പസ്സുകളെക്കുറിച്ച് സാധാരണ ജനതയിൽ കപടബോധങ്ങൾ സൃഷ്ടിച്ചെടുക്കുവാനും വരേണ്യവർഗ്ഗ വിദ്യാർത്ഥികൾ ബോധപൂർവ്വം ശ്രമിക്കുന്നു.

തന്റെ രക്ഷിതാക്കളുടെ കൊഴുത്ത ബാങ്ക് ബാലൻസ് എങ്ങനെ ചെലവാക്കണമെന്നറിയാതെ വിഡ്ഢിവേഷംകെട്ടി മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും മദിരാക്ഷികളുടേയും പുറകേ ഒരു കൂട്ടർ നടക്കുമ്പോൾ അന്നം കഴിക്കുവാൻ വകയില്ലാതെ മുണ്ടു മുറുക്കിയുടുത്തുകൊണ്ട് ക്ലാസ്സുകളിലുച്ചരിക്കപ്പെടുന്ന വാക്കുകളെ തലകറങ്ങലോടെ ശ്രവിക്കേണ്ടിവരുന്ന വേറൊരു കൂട്ടരും ഇവിടെയുണ്ടെന്ന കാര്യം നമ്മുടെ സമൂഹത്തിലെ അസമത്വങ്ങളുടെ ക്രൂരമായ മുഖത്തെ പ്രകടമാക്കുന്നു.

○ അടിമ ഉടമ ബന്ധത്തിന്റെ അടിസ്ഥാനത്തിലുള്ള വ്യവസ്ഥിതിയുടെ വിദ്യാഭ്യാസരംഗത്തെ പ്രതിഫലനത്തെയാണ് സമദ് സംഭവം അനാവരണം ചെയ്യുന്നത്. മർദ്ദകന്റെ പ്രതിരൂപം ഉള്ളിലൊളിച്ചുവെച്ചിരിക്കുന്ന അദ്ധ്യാപകന്റേയും മർദ്ദിതന്റെ വ്യഥയും വിധേയത്വവും പ്രകടമാക്കുന്ന വിദ്യാർത്ഥിയുടേയും ദയനീയ ചിത്രത്തെ ഈ കാരണ സംഭവത്തിലൂടെ നാം നേരിൽ കാണ...

വിദ്യാഭ്യാസമേറുന്തോറും മനുഷ്യൻ സാംസ്കാരികമായി കാട്ടാളനാവുന്നു എന്ന പ്രസ്താവന തെററിദ്ധാരണാജനകമാണ്. നമുക്കു ശരിയായ വിദ്യാഭ്യാസം ലഭിക്കുന്നില്ല എന്നുള്ളതാണ് സത്യം. നമ്മുടെ സംസ്ക്കാരത്തെ പോഷിപ്പിക്കുന്നതിനുതകുന്ന വിദ്യാഭ്യാസക്രമവുമിവിടെയില്ല. വിദ്യാഭ്യാസമേറുന്തോറും മനുഷ്യൻ സാംസ്ക്കാരികമായി കാട്ടാളനാവുന്നു എന്നതിനു പകരം കാട്ടാളന്മാരെ സൃഷ്ടിച്ചെടുക്കുന്ന ഒരു വ്യവസ്ഥിതിയാണ് ഇവിടെയുള്ളത് എന്നു പറയുന്നതാവും ശരി.

'വിദ്യകൊണ്ടറിയേണ്ടതറിയാതെ,
വിദ്വാനെന്നു നടിക്കുന്നിതു ചിലർ'

എന്ന പൂന്താനത്തിന്റെ വരികൾ പ്രസക്തമാണ്.

○ Ideal humanity എന്നുള്ളത് ഒരു സങ്കല്പം മാത്രമാണ്. പക്ഷേ പൂർണ്ണ മനുഷ്യനെന്ന സങ്കല്പമാണ് നമ്മെ മാനവീകരണത്തിലേക്ക് നയിക്കുന്നത്. 'കൂടുതൽ പൂർണ്ണരായ മനുഷ്യരായിരിക്കുക' എന്ന മാനവീകരണം മനുഷ്യവംശത്തിന്റെ വളർച്ചയ്ക്കും നിലനില്പിനുതന്നേയും അത്യന്താപേക്ഷിതമാണ്. മറ്റിതർ മറ്റിതാവസ്ഥയിൽനിന്നു മോചനം നേടുകയും മറ്റുകരെക്കൂടി മാനവീകരിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ മനുഷ്യാവസ്ഥയെ മാററി മറിച്ചുകൊണ്ടു സകലരുടേയും ആത്യന്തിക മോചനം സാദ്ധ്യമായി കൂടുതൽ പൂർണ്ണമനുഷ്യരായിരിക്കുകയെന്ന ലക്ഷ്യം പ്രാബല്യത്തിൽ വരികയുള്ളു.

Ideal humanity എന്ന സങ്കല്പത്തിനു വിരുദ്ധമായ അവസ്ഥയാണ് കാമ്പസ്സുകളിലുള്ളത്. ഇന്നത്തെ കലാലയ വിദ്യാഭ്യാസം മനുഷ്യനെന്ന നിലയിൽ വിദ്യാർത്ഥിയെ വളർത്തുന്നതിൽ സമ്പൂർണ്ണ പരാജയമാണ്. വിദ്യാർത്ഥികളുമതിലൂടെ ജനതതിയും ചിന്തിക്കുകയും വളർച്ച നേടുകയും ചെയ്യുന്നു എന്നുള്ളത് അടിച്ചമർത്തലിന്റെ ആശയം പേറി മറ്റുന്നഭരണം കാഴ്ചവെയ്ക്കുന്ന ബൂർഷ്വാ ഭരണകൂടത്തിനു സ്വീകാര്യമല്ല. ഈ സ്വീകാര്യമില്ലായ്മയ്ക്കനുസൃതമായ വിദ്യാഭ്യാസ സമ്പ്രദായമാണ് കാമ്പസ്സിന്റെ ശോചനീയാവസ്ഥയ്ക്കു കാരണം.

○ കാമ്പസ്സുകളിൽ പ്രണയം നടക്കുന്നില്ല എന്നുള്ളതാണ് വാസ്തവം. പ്രണയത്തിന്റെ പേരിൽ നടക്കുന്ന കപടനാടകങ്ങൾ പുരുഷമേധാവിത്തത്തേയും സമ്പന്നവർഗ്ഗ സാംസ്ക്കാരിക ജീർണ്ണതകളേയും പ്രകടമാക്കുന്നു. കാമ്പസ്സുകളിലെ സ്നേഹ സങ്കല്പം പുരുഷമേധാവിത്തത്തിലും സമ്പന്ന വർഗ്ഗത്തിന്റെ ജീർണ്ണ സംസ്ക്കാരത്തിലും വീർപ്പുമുട്ടുന്ന ഒന്നാണ്. ആൺകുട്ടികളും പെൺകുട്ടികളും തമ്മിൽ ശരിയായ സംവാദം നടക്കുന്നില്ലയെന്നുള്ളതും സമൂഹവുമധികാരികളുമടിച്ചേൽപ്പിക്കുന്ന വിലക്കുകളും ബാഹ്യമോടികൾക്കപ്പുറം ആന്തരിക സൗന്ദര്യങ്ങളെ തേടുന്നില്ലയെന്നുള്ളതും കാമ്പസ് പ്രണയങ്ങളുടെ ദുരന്ത കാരണമാണ്.

മനുഷ്യനെ മനുഷ്യനായി കാണുന്ന സ്ത്രീ-പുരുഷ സമത്വത്തിലധിഷ്ഠിതമായ ഒരു സ്നേഹ സങ്കല്പത്തെയാണ് നാം വളർത്തിയെടുക്കേണ്ടത്. മുമ്പോട്ടു നടക്കുന്നുവെന്നു ഭാവിച്ച് പുറകോട്ടു നടക്കുന്നവരുടെ കാപട്യങ്ങളെ പുറത്തുകൊണ്ടുവരികയെന്നുള്ളത് വളരുന്ന സമൂഹത്തിന്റെ ആവശ്യമാണ്.

○ വിദ്യാർത്ഥികളുടെ പൊതുവേദിയായ കോളേജ് യൂണിയൻ വിദ്യാർത്ഥികളുടെ അനന്ത സാദ്ധ്യതകളെ കണ്ടെടുത്തുകൊണ്ട് ക്ലാസ്മുറികൾക്കപ്പുറമുള്ള ഒരു സമഗ്രവികസനം സാദ്ധ്യമാക്കുവാൻ ശ്രമിക്കണം. കാമ്പസ്സിലെ സർഗ്ഗാത്മക പ്രവർത്തനങ്ങൾ സ്ഥിതിസമത്വത്തിനായുള്ള ലക്ഷ്യബോധ പ്രവർത്തനത്തിന്റെ ഭാഗമായി തീരണം.

○ യന്ത്രങ്ങൾ നമ്മുടെജീവിത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും മൂല്യബോധങ്ങളിൽ സജീവമായ മാററങ്ങൾ വരുത്തുന്നതിനും ഇടയാക്കുന്നു. യന്ത്രങ്ങളോടുവെച്ചു പുലർത്തുന്ന അന്ധമായ വിദ്വേഷം വളരുന്ന ലോകത്തെ കാണാതിരിക്കുന്നതിനും പുറകോട്ട് പോകലിനും തുല്യമാണ്. പക്ഷേ ആസൂത്രിതമായ യന്ത്രോപയോഗമില്ലായ്മയാണ് നമ്മുടെ ദുരന്തങ്ങൾക്ക് കാരണം. സമത്വാധിഷ്ഠിത സമ്പദ്വ്യവസ്ഥ നിലനിൽക്കുന്ന രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം കമ്പ്യൂട്ടറൈസേഷൻ ഒരു അനിവാര്യതയാണ്. കമ്പ്യൂട്ടറുകളുണ്ടാക്കുന്ന സമയലാഭം ബുദ്ധിപരമായ മററു പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുമ്പോൾ അതു സമൂഹത്തിന്റെ വേഗത്തിലുള്ള വികസനത്തിനു ഉപയുക്തമാകുന്നു. ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽ ഇന്നത്തെയവസ്ഥയിൽ കമ്പ്യൂട്ടറൈസേഷൻ അപകടകരമാണ്. ലോക ജനസംഖ്യയിൽ രണ്ടാംസ്ഥാനത്തുനിൽക്കുന്ന ഇന്ത്യയെ സംബന്ധിച്ചിടത്തോളം അതിന്റെ വളർച്ച് നിലനിൽക്കുന്നത് ഉല്പാദനപ്രക്രിയയിൽ എത്രത്തോളം മനുഷ്യശക്തിയെ ഉപയോഗപ്പെടുത്തുന്നു എന്നതിലാണ്. തൊഴിലില്ലായ്മ ഏററവും രൂക്ഷമായി നമ്മെ അഭിമുഖീകരിക്കുമ്പോൾ ഭരണകൂടം കമ്പ്യൂട്ടറുകൾക്ക് പുറകേ പായുന്നത് ജനവിരുദ്ധ നടപടിയാണ്. നമ്മൾ കമ്പ്യൂട്ടറുകളെയല്ല,പകരം കമ്പ്യൂട്ടർവൽക്കരണത്തെയാണ് ഇന്ത്യയിലെതിർക്കേണ്ടത്.

○ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം മനുഷ്യൻ പ്രകൃതിയേയും പ്രകൃതി മനുഷ്യനേയും വളർത്തുന്നു വെന്നതിനെയടിസ്ഥാനപ്പെടുത്തിയായിരിക്കണം. ഇതിനു വിരുദ്ധമായി പ്രകൃതിയെ അശാസ്ത്രീയമായി ആക്രമിക്കുകയും പ്രകൃതി വിഭവങ്ങളെ അമിതചൂഷണത്തിനു വിധേയമാക്കുകയും ചെയ്യുന്നതാണ് അപകടകരം. ഈയവസ്ഥയിൽ ഉദയം ചെയ്യുന്ന പ്രകൃതിസ്നേഹികൾ മനുഷസ്നേഹികൾ തന്നെയാണ്. 'പ്രകൃതിസ്നേഹം' കമ്പോളച്ചരക്കാക്കുകയും 'പ്രകൃതിസ്നേഹികൾ' എന്നത് പദവികളാക്കുകയും ചെയ്യുന്നത് കാപട്യത്തിന്റെ ഭാഗമായാണ്. ഇത്തരം കപടസ്നേഹികളെ നമ്മുടെ സമൂഹം തിരിച്ചറിഞ്ഞു വരുന്നു. അതുകൊണ്ടുതന്നെ ഇത്തരക്കാരെ അവഗണിച്ചുകൊണ്ട് യഥാർത്ഥമായ പ്രകൃതിസ്നേഹവും അതിന്റെ ഭാഗമായുള്ള പ്രകൃതി സംരക്ഷണവും വളർച്ച പ്രാപിക്കേണ്ടത് താളം തെററിയ നമ്മുടെ ലോകത്തെ സംബന്ധിച്ചിടത്തോളം ഒരു അനിവാര്യതയാണ്. ○

**മാത്യു**
**തിരൂരങ്ങാടി പി. എസ്. എം. ഒ. കോളേജിൽ പഠിക്കുന്നു.**

○ അറിവ് Compartmentalized ആണ് ഇപ്പോൾ. അറിവ് തേടിപ്പോകുന്നവരുടെ ഉദ്ദേശ്യം അറിവ് തേടുകയല്ല, മററുപലതുമാണ്. നിലനില്പിൻെറ പ്രശ്നമായി മാറുന്നു, കോളേജ് വിദ്യാഭ്യാസം. വിദ്യയെ അതിൻെറതായ മൂല്യത്തിൽ കാണാൻ കഴിയാത്തിടത്ത് അറിവിൽ നിന്ന് ആസ്വാദം കിട്ടില്ല.

○ നാം അറിഞ്ഞുകൊണ്ട് ജീവിതത്തെ നാട്യങ്ങളിലേക്ക് മാററി പ്രതിഷ്ഠിക്കുന്നതായിരിക്കില്ല. ഇപ്പോൾ നമ്മൾ ചെയ്യുന്ന എല്ലാ പ്രവൃത്തിയും Purposeless ഉം തോന്നലുകളുടെ മേൽ അധിഷ്ഠിതവും ആകുന്നതാണ് Purposeful-നാട്യങ്ങളെക്കാൾ tragic. അധികാരത്തേയും, അംഗീകാരത്തെയും പററിയുള്ള നല്ലതിനെയും ചീത്തയെയും പററിയുള്ള, നമ്മുടെ വികലചിന്തകളാണ് നമ്മെ നാട്യക്കാരാക്കുന്നത്.

○ നമ്മെ ഭരിക്കുന്ന മൂല്യങ്ങൾ വെറും theoretical ആയിപ്പോകുന്നതാണ്, മൂല്യങ്ങൾ നശിച്ചുപോകാൻ കാരണം. മൂല്യങ്ങളല്ല, അവയുടെ practice അല്ലെങ്കിൽ concrete രൂപമാണ് നമുക്ക് നഷ്ടപ്പെട്ടിട്ടുള്ളത്.

○ സാമൂഹ്യമെന്നത് abstract term അല്ല. സമൂഹം മനുഷ്യരെകൊണ്ട് നിർമ്മിതമാണ്. വിദ്യാർത്ഥികളും സമൂഹത്തിൻെറ ഭാഗംതന്നെ. ഓരോരുത്തരും തൻെറ ഭാഗം (മററുള്ളവരെ ആശ്രയിക്കാതെ ചെയ്യാൻ പററുന്നത്) ചെയ്ത് തീർക്കുകയാണെങ്കിൽ Social interaction വളരെ easy യായി follow ചെയ്യും.

○ പ്രണയം കാമ്പസ്സിൽ മാത്രമല്ല. ഇപ്പോഴത്തെ വിദ്യാഭ്യാസം കുട്ടികൾക്ക് Leisure time ധാരാളം അനുവദിക്കുന്നത് കൊണ്ട് വിദ്യാഭ്യാസത്തിനു നേരെ ഒരു Serious attitude ഇല്ലാത്തതാണ് കാമ്പസ്സിൽ ഒരു തരം പ്രണയത്തിൻെറ അതിപ്രസരം. മൂല്യബദ്ധമായ സ്നേഹം എല്ലാ സുന്ദരവും മഹത്വവുമായ കാര്യങ്ങൾ പോലെവിരളമാണ്.

○ സംസ്ക്കാരം വിദ്യ അർത്ഥിക്കുന്നവർക്കും, വിദ്യപകരുന്നവർക്കും കുറഞ്ഞുവരുന്നു. വിദ്യാർത്ഥികൾക്ക് അദ്ധ്യാപകരിൽ ആദരിക്കാൻ ഒന്നും കാണുന്നില്ല. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്ക് അറിവ് പകരാൻ സാവകാശം ലഭിക്കുന്നുമില്ല.

ഇപ്പോൾ പണത്തിൽ,സാമ്പത്തികഭദ്രതയിൽ അധിഷ്ഠിതമാണ് എല്ലാ Social interaction ഉം.

○ Ideal humanity ക്ക് ഉണ്ടായിരിക്കേണ്ട ഗുണം Honesty ആണെന്ന് തോന്നുന്നു.

Richard Bach എഴുതിയിട്ടുണ്ട്.

Live never to be ashamed
of anything you say or do is published
around the world, even if it is not true.

○ 'Ideal humanity'എന്ന conceptലേക്ക് എത്തിചേരാൻ ശ്രമിക്കുകയാണ് വേണ്ടത്.

വിദ്യാർത്ഥികൾ മററുള്ളവരെ പററിയുള്ള (അതായത് അദ്ധ്യാപകരെയോ സമൂഹത്തിലെ മററു വിഭാഗങ്ങളെയോ) സത്യങ്ങൾ പുറത്ത്കൊണ്ടുവരാൻ കാണിക്കുന്ന ഉത്സാഹം സ്വയം ആത്മാർത്ഥതയോടെ ജോലിചെയ്യുവാനും ജീവിക്കുവാനും ഉപയോഗിച്ചാൽ പ്രശ്നങ്ങൾ പലതും പരിഹരിക്കാം.

○ കോളേജ് യൂനിയൻ പുറമെയുള്ള ജീർണ്ണിച്ച രാഷ്ട്രീയത്തിൻെറ microcosm ആണ്.

○ അധികമായാൽ അമൃതും വിഷം.

○ Purposeless action ആണ് രണ്ട് സമസ്യകൾക്കും കാരണം.



## സുബൈർ. വി. പി.

○ അനുദിനം അവമാനവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു വിദ്യാഭ്യാസരീതിയാണ് നമുക്കുള്ളത്. ഈ വിദ്യാഭ്യാസരീതി വിദ്യാർത്ഥിയെ പുസ്തകങ്ങളിലേയ്ക്ക് ചുരുട്ടിക്കൂട്ടുകയാണ്. പുസ്തകങ്ങളും യാഥാർത്ഥ്യവും തമ്മിലുള്ള അന്തരം തിരിച്ചറിയുന്നതോടെ, അവന് പുസ്തകങ്ങൾ അരോചകമാവുന്നു. ഇവിടെ വിദ്യാർത്ഥിക്ക് പുസ്തകങ്ങളെ ഉൾക്കൊള്ളാൻ കഴിയാതിരിക്കുകയല്ല ചെയ്യുന്നത്. പുസ്തകങ്ങൾക്ക് വിദ്യാർത്ഥിയെ ഉൾക്കൊള്ളാനാവുന്നേയില്ല.

മറ്റൊരുകാരണം സ്വപ്നങ്ങളോടുള്ള നമ്മുടെ അനഭിലഷണീയമായ അടുപ്പമാണ്. ഔന്നത്യങ്ങളെ സ്വപ്നം കാണുന്ന വിദ്യാർത്ഥിക്ക് ഈ വ്യവസ്ഥിതിയിൽ പാഠപുസ്തകങ്ങളിൽ നിന്ന് പുറത്തുചാടാനാവില്ലെന്നത് തീർച്ചയാണ്. ഇത് കൂടുതൽ ബാധിക്കുന്നത് സയൻസ് വിദ്യാർത്ഥികളെയാണ്. അവർ പുറംലോകത്തെ അറിയുന്നേയില്ല.

○ ഇവിടെ അക്ഷരങ്ങൾ വെളിച്ചമാവുന്നതിന് പകരം തിമിരമായി പടർന്ന് കയറുകയാണ്. സമ്പത്തിന്റെ വലിയൊരുഭാഗം ചെലവഴിച്ച് വിദ്യാർത്ഥിയെ പരിപാലിക്കുന്ന ഇന്നത്തെ സമൂഹം, അവനെ അത്ഭുതാദരഭാവങ്ങളോടെ നോക്കിക്കാണുമ്പോൾ താനവർക്ക് അതീതനാണെന്നൊരു ഭാവം വിദ്യാർത്ഥിയിലുണ്ടാവുന്നു. വിദ്യാർത്ഥിക്ക് കാമ്പസിനെപ്പറ്റി വളരെയധികം അബദ്ധധാരണകളുണ്ട്. കാമ്പസെന്നാൽ 'എന്തോ' ആണെന്നും താനവിടെ 'എന്തെല്ലാമോ' കാട്ടിക്കൂട്ടേണ്ടതുമുണ്ടെന്ന ചിന്തയിൽ വിദ്യാർത്ഥി അപഹാസ്യമായ രീതിയിൽ നാട്യങ്ങളിലേക്കെടുത്തെറിയപ്പെടുന്നു. യഥാർത്ഥ വിദ്യാർത്ഥിയാവാൻ കഴിയാതെ പോകുന്നവരുടെ Psychological adjustment കൂടി ഈ നാട്യങ്ങളിൽ ദർശിക്കാനാവും. മൂല്യങ്ങളെക്കാളുപരി മൂല്യങ്ങളുടെ അഭാവമാണ് നമ്മെ ഭരിച്ചുകൊണ്ടിരിക്കുന്നത്.

○ നാം അനുകരിക്കപ്പെടേണ്ടാത്തവരെ അനുകരിച്ചുകൊണ്ടേയിരിക്കുന്നു. ഇത് സ്വാഭാവികമായും ദുരന്തങ്ങൾക്ക് വഴിയൊരുക്കുന്നു.

○ സാമ്പത്തികാസമത്വങ്ങൾ പഠന നിലവാരത്തെ ബാധിക്കുന്നുണ്ടെന്ന കാര്യം പ്രൊഫഷണൽ കോളേജിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ സാമ്പത്തിക സ്ഥിതി പരിശോധിച്ചാൽ വ്യക്തമാവുന്നതാണ്. ഇവിടെ വിദ്യാർത്ഥി പല തട്ടുകളിലാണ്. പ്രധാനമായും നമ്മുടെ മാനേജ്മെന്റ് ക്വാട്ടകളിലൂടെ കാമ്പസിലെത്തുന്ന ഉപരിവർഗ്ഗ ജീവികൾ, അവരാവാൻ കൊതിക്കുന്ന മറ്റൊരു കൂട്ടർ. ഈ വ്യവസ്ഥിതി മാറ്റിയെടുക്കുന്നതിനുള്ള ശ്രമം എവിടെ നിന്നാണ് തുടങ്ങുക? തീർച്ചയായും അത് കാമ്പസിനു പുറത്ത് നിന്ന് തന്നെയായിരിക്കണമെന്നാണ് തോന്നുന്നത്.

○ ഉപഭോഗ സംസ്കാരത്തിന്റെ കറുത്ത നിഴൽ ഇവിടെയും വ്യക്തമായിക്കാണാം. സ്ത്രീ, മറ്റ് കമ്പോള വസ്തുക്കളെപ്പോലെ തനിക്ക് വേണ്ടിയുള്ളതാണെന്ന പുരുഷ മേധാവിത്വചിന്ത തന്നെയാണ് കാമ്പസ് പ്രണയങ്ങളുടെയും പ്രധാനഘടകം. കാമ്പസ് പ്രണയങ്ങളിലൂടെ സ്ത്രീ, പുരുഷ സമത്വത്തിലേക്ക് ഉയരുകയല്ല ചെയ്യുന്നത്. അവന്റെ കാൽക്കീഴിലേക്ക് കൂടുതലൊതുങ്ങുകയാണ്. സ്നേഹിക്കലും സ്നേഹിക്കപ്പെടലും ഇതിനു പിന്നിലില്ലാത്തിടത്തോളം, മൂല്യബദ്ധമായ സ്നേഹത്തിന് കാമ്പസിലെ മണ്ണ് എത്രത്തോളം വളക്കൂറുള്ളതാണെന്ന് തിരയുന്നത് അപ്രസക്തമായിരിക്കും.

○ മാനുഷികമൂല്യങ്ങൾക്ക് കാമ്പസിലും പുറത്തുമുണ്ടായ മൊത്തമായ വിലയിടിച്ചിലിൽ മനുഷ്യത്വവും ഒരു പാഴ്‌വാക്കായി അധഃപതിച്ചിട്ടുണ്ട്. ഈ വിലയിടിച്ചിൽ, വിദ്യാഭ്യാസപരമായി താഴ്ന്ന സമൂഹ വിഭാഗങ്ങളിൽ സംഭവിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ വിദ്യാഭ്യാസപരമായി ഉയർന്ന, മുഖംമൂടികളുടെ സമൂഹ

ത്തിലാണ് സംഭവിച്ചിരിക്കുന്നതെന്ന് വ്യക്തമാവുമ്പോൾ വിദ്യാഭ്യാസവും മൂല്യത്തകർച്ചയും തമ്മിലുള്ള നേർ അനുപാതം വ്യക്തമാകും. ഈ വ്യവസ്ഥിതിക്ക് തന്നെ മാററം വരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

തങ്ങൾ പരസ്പരം വേണ്ടത്രയറിയില്ലെന്നൊരു തെററിദ്ധാരണയിൽ നിന്നാണ്, അദ്ധ്യാപക–വിദ്യാർത്ഥി ബന്ധത്തിന്നർത്ഥം നഷ്ടപ്പെടുന്നത്. അദ്ധ്യാപകന്റെ കടമ തീർക്കൽ മനോഭാവം തീർച്ചയായും അശാസ്യമല്ല. നമ്മുടെ കാമ്പസിൽ, മററു കാമ്പസുകളുമായി താരതമ്യം ചെയ്യുമ്പോൾ വിദ്യാർത്ഥികളും അദ്ധ്യാപകനും രണ്ട് വ്യത്യസ്തധ്രുവങ്ങളിലാണ്. തന്റെ വിദ്യാർത്ഥിയുടെ പേരെടുത്ത് പറയാൻ കഴിയുന്ന എത്ര അദ്ധ്യാപകർ നമുക്കുണ്ട്? അദ്ധ്യാപകർ ഡിപ്പാർട്ടുമെൻറിന്റെ മൂലയിലേക്കൊതുങ്ങുകയല്ല വേണ്ടത്. വിദ്യാർത്ഥിയുടെ നിസ്സഹായതിലേക്ക ഇറങ്ങിച്ചെല്ലുകയാണ്. അദ്ധ്യാപക–വിദ്യാർത്ഥി ബന്ധത്തിന്റെ തകർച്ചയ്ക്ക് ഉത്തരവാദി, വിദ്യർത്ഥിയെക്കാൾ അവന്റെ മേൽ ആധിപത്യം പുലർത്താൻ ശ്രമിക്കുന്ന അദ്ധ്യാപകനാണ്.

○ നമ്മുടെ കാമ്പസുകളിൽ വിദ്യാത്ഥിക്ക് പിന്തുടരാൻ വ്യക്തമായ ഒരു പാതപോലുമില്ലാത്ത അവസ്ഥയിലാണ് ideal humanityക്ക് കൂടുതൽ പ്രസക്തി. ഈ സ്വപ്നാത്മകമായ അവസ്ഥയിൽ നിന്നു വേരോടെ ഒരു പുതിയ മണ്ണിലേക്ക് പറിച്ച് മാററപ്പെടുകയാണ് വേണ്ടത്. ദർശനങ്ങളുടെ വകഭേദങ്ങളിൽ ഇവിടെയും വ്യത്യസ്ത കാഴ്ചപ്പാടായിരിക്കും. നല്ലതിനെ കൂട്ടിയിണക്കുകയാണ് വേണ്ടത്.

○ യൂണിയൻ പ്രവർത്തനങ്ങൾ വിദ്യാത്ഥിയേക്കാളുപരി അടുത്ത വർഷത്തെ തെരഞ്ഞെടുപ്പിനെ ഉദ്ദേശിച്ചുള്ളതാവുമ്പോൾ അതിനു വലിയ പ്രസക്തിയൊന്നും കാണില്ല. വിദ്യാർത്ഥിയുടെ മനസ്സിലേക്ക് പാലം പണിയേണ്ടിയിരിക്കുന്നു, യൂണിയനുകൾ. നഷ്ടപ്പെടലുകൾ മാത്രം ലാഭമായി ലഭിച്ചിട്ടുള്ള ഇന്നത്തെ വിദ്യാർത്ഥിയുടെ യഥാർത്ഥ അവസ്ഥ തിരിച്ചറിഞ്ഞ് അവർക്ക് വഴികാട്ടികളാവേണ്ടത് യൂണിയനുകളാണ്, ഒരു 'സ്ഥാപന'മായി യൂണിയൻ അധഃപതിക്കരുത്. ഓരോ വിദ്യാർത്ഥിക്കും ഇതിനെ ഉൾക്കൊള്ളാൻ കഴിയണം.



○ സൃഷ്ടി സ്രഷ്ടാവിന്റെ മേൽ ആധിപത്യം സ്ഥാപിക്കുന്ന ഒരു സ്ഥിതിവിശേഷത്തിലേക്കാണ് നമ്മുടെ യാത്ര. ടെക്നോളജിയുടെ വളർച്ച മനുഷ്യന് സമാന്തരമായിട്ടായിരിക്കും. മനുഷ്യന്റെ തലച്ചോറിൽ നിന്നു രൂപം കൊണ്ട ടെക്നോളജി വളർന്ന് മനുഷ്യനതീതമായിത്തീരുമ്പോൾ ആദ്യം പിടികൂടുക മനുഷ്യന്റെ തന്നെ ഹൃദയത്തെയായിരിക്കും. ഒരു യാന്ത്രിക യുഗത്തിൽ മാനുഷിക മൂല്യങ്ങൾക്ക് വലിയ അർത്ഥം കാണില്ലെന്നത് തീർച്ചയാണ്. മനുഷ്യനിൽ നിന്നുൽഭവിച്ച് മനുഷ്യനെ മനുഷ്യനല്ലാതാക്കി, മനുഷ്യ വംശത്തിന്റെ തന്നെ അന്തകനായി വളരുക എന്നതായിരിക്കും ടെക്നോളജിയുടെ അതിർവരമ്പില്ലാത്ത വളർച്ചയുടെ വിധി.

○ കർക്കിടകത്തിലും വിണ്ടുകീറിയ പാടങ്ങൾക്കും വെട്ടിക്കുറയ്ക്കപ്പെടുന്ന വൈദ്യുതിക്കുമിടയിൽ പച്ചപ്പിന്റെ ഉർവ്വരതയിൽ നിന്ന് മരുഭൂമിയുടെ ഊഷ്മളതയിലേക്കുള്ള പ്രയാണത്തിലും പലരും പ്രതികരിക്കാൻ മറന്നുപോവുന്നു. ഈ ക്രൂര യാഥാർത്ഥ്യങ്ങൾക്കിടയിൽ മരങ്ങളെ കെട്ടിപ്പിടിച്ച് കരയുന്നവരും മരങ്ങളെ obsession ആയി സ്വീകരിച്ച് കവിതയെഴുതി ഞെളിയാൻ ശ്രമിക്കുന്നവരും–അവർക്കിടയിൽ നിന്ന് നമ്മൾ സത്യം മറന്ന് പോവുന്നു. നമ്മുടെ ചിന്തകളിൽ തീയുതിരാൻ കാലമായിരിക്കുന്നു. അല്ലെങ്കിൽ വരും തലമുറകളുടെ അന്ത്യം പിടഞ്ഞ് പിടഞ്ഞായിരിക്കും. ●

സുബൈർ
നമ്മുടെ കോളേജിലെ ബി. എസ്. സി. വിദ്യാർത്ഥിയാണ്



## ചില വിവരങ്ങൾ

ലോകത്തിലെ ഏററവും വലിയ ലൈബ്രറി ഏതെന്ന് അറിയാമോ? വാഷിങ്ങ്ടണിലുള്ള ''ലൈബ്രറി ഓഫ് കോൺഗ്രസ്സ്'' ആണത്രെ ഇപ്പോൾ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്. 64.6 ഏക്കർ സ്ഥലത്ത് പരന്നു കിടക്കുന്ന ഒററക്കെട്ടിടത്തിൽ രണ്ടു കോടി പുസ്തകങ്ങളടക്കം ഒമ്പതു കോടിയിലേറെ ഇനങ്ങളുണ്ട്. പുസ്തകങ്ങളും മററും സൂക്ഷിക്കുന്ന ഷെൽഫുകളുടെ ആകെ നീളം കണക്കാക്കിയാൽ 856 കിലോമീററിൽ അധികം വരും.

ലൈബ്രറികളിലെ തടിച്ച പുസ്തകങ്ങൾ കാണുമ്പോൾ പുരികമുയർത്തുന്ന വായനക്കാർ ഞെട്ടരുത്– 252.6 കി. ഗ്രാം തൂക്കം, 2.74 മീററർ നീളം, 3.07 മീററർ വീതി–ഇത്ര വലുപ്പമുള്ള ഒരു പുസ്തകം 1976ൽ അമേരിക്കയിൽ പ്രസിദ്ധീകരിച്ചു. 'സൂപ്പർ ബുക്ക്' എന്ന പുസ്തകത്തിൽ ആകെ 300 പേജുകളാണുള്ളത്.

അലസമായി പുസ്തകങ്ങളുടെ പേജുകൾ മറിയ്ക്കുന്ന സ്വഭാവം നിങ്ങൾക്കുണ്ടോ? എങ്കിൽ 1985ൽ സ്കോട്ടുലാൻറിൽ പ്രസിദ്ധീകരിച്ച 'ഓൾഡ്കിങ്ങ് കോൾ' എന്ന പുസ്തകം നിങ്ങളെ വിഷമത്തിലാക്കും. ഒരു മില്ലിമീററർ നീളവും, ഒരു മില്ലിമീററർ വീതിയുമുള്ള ഈ പുസ്തകത്തിലെ പേജുകൾ മറിച്ചുനോക്കാൻ സൂചിമുനകൾ കൊണ്ടേ പററൂ. ആകെ 85 കോപ്പികളാണത്രെ കമ്പോളത്തിൽ വില്പനക്കായി എത്തിയത്.

ഐറിഷ് യൂനിവേഴ്സിററി പ്രസിദ്ധീകരിച്ച 'ബ്രിട്ടീഷ് പാർലിമെൻററി പേപ്പേർസ്'' ലോകത്തിലെ ഏററവും വലിയ പ്രസിദ്ധീകരണമാണത്രെ. 1112 വാല്യങ്ങളുള്ള ഇതിൻെറ വില 42,000 പൌണ്ടാണ്. ഒരു ശരാശരി വായനക്കാരൻ ദിവസം പത്തു മണിക്കൂർ വീതം ഇതിൻെറ വായനക്കു വേണ്ടി മാററിവെച്ചാൽ ഏകദേശം ആറുവർഷം വേണം $3\frac{1}{4}$ ടൺ തൂക്കമുള്ള ഈ പ്രസിദ്ധീകരണം വായിച്ചു തീർക്കാൻ.

പുസ്തകം തിരിച്ചുകൊടുക്കാൻ താമസിച്ചതിന്ന് 2264 ഡോളർ, ഏകദേശം 28000 രൂപ പിഴ! അത്ഭുതപ്പെടേണ്ട. 1823ൽ സിൻസിനാററി മെഡിക്കൽ ലൈബ്രറിയിൽ നിന്നെടുത്ത ഒരുപുസ്തകം 1968ൽ തിരിച്ചു കൊടുത്തത് എടുത്തയാളുടെ മൂന്നാം തലമുറയിൽപ്പെട്ട റിച്ചാർഡ് ഡോസ് ആയിരുന്നു-ഒന്നര നൂററാണ്ടിനുശേഷം. 2264 ഡോളർ പിഴ കണക്കാക്കിയതിൽ അത്ഭുതപ്പെടാനെന്തിരിക്കുന്നു.

'ഡ്യൂലോസ്'' എന്ന പുസ്തകക്കപ്പലിനെപ്പററി കേട്ടിട്ടുണ്ടോ? ലോകത്തിലെ ഏററവും വലിയ സഞ്ചരിക്കുന്ന പുസ്തകശാലയാണത്. നാല്പതോളം രാജ്യങ്ങളിൽ നിന്ന് മുന്നൂറോളം പേർ പ്രതിഫലം പററാതെ ഈ കപ്പലിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. 1970 ൽ കടലിലിറക്കിയ പുസ്തകക്കപ്പൽ 49 രാജ്യങ്ങളിലായി 160 തുറമുഖങ്ങൾ സന്ദർശിച്ചു കഴിഞ്ഞു. 'എല്ലാവർക്കും നല്ല പുസ്തകങ്ങൾ' എന്ന മുദ്രാവാക്യവുമായി 'ഡ്യൂലോസ്'' ഈയിടെ കൊച്ചി തുറമുഖം സന്ദർശിക്കുകയുണ്ടായി.

സമ്പാദകൻ: എം. അയ്യൂബ്

## ദേശീയത
## ഇന്ത്യ
## സാർവ്വദേശീയത

ഇന്ന് നാം വളരെയേറെ കേട്ടുകൊണ്ടിരിക്കുന്ന പദമാണ് 'ദേശീയത'യെന്നത്. മനുഷ്യബന്ധങ്ങളെ രാജ്യാതിർത്തികൾക്കുള്ളിൽ തളച്ചിടുന്നത് തീർച്ചയായും സങ്കുചിതദേശീയതയാണ്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം, ദേശീയപ്രശ്നങ്ങൾ സങ്കീർണ്ണവും രൂക്ഷവുമാണ്. പലവിധ സാംസ്ക്കാരിക പൈതൃകങ്ങൾ ഉള്ള ജനവിഭാഗങ്ങളാണ് ഇന്ത്യ എന്ന രാജ്യത്ത്. 'ദേശീയോദ്ഗ്രഥന മന്ത്രങ്ങൾ' എത്രതന്നെ ഉരുക്കഴിച്ചാലും ഒഴിയാത്ത ബാധയാണ് ഇന്ത്യൻ ഭരണവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം, ഇന്ത്യയിലെ ദേശീയ പ്രശ്നങ്ങൾ. അത് നാൾക്കുനാൾ കരുത്തും ശക്തിയും പ്രാപിച്ചു വരികതന്നെയാണ്.

സിക്കു് ജനതയെ ഓർക്കുക. ഗൂർഖാലാൻറും ആസ്സാമും ഓർക്കുക. ഇത് പരിഹരിക്കപ്പെടാതെ പോകാനുള്ള കാരണം, ഇന്ത്യയിലെ ഭരണവർഗ്ഗത്തെ നിയന്ത്രിക്കുന്ന ആര്യൻ ചിന്തയാണ്. വ്യത്യസ്ത ദേശീയതകൾക്കുമേൽ അവർ ഒരു 'ഇന്ത്യൻ ദേശീയത' അടിച്ചേൽപ്പിക്കുകയാണ്.

കാലങ്ങളോളമായി തനിമ ചോർന്നുപോകാതെ തങ്ങളുടെ ഭാഷയും സാംസ്ക്കാരിക ശുദ്ധതയും ഇന്നും പാലിച്ചുപോരുന്ന ദേശീയതയാണ് ചൈനീസ് ദേശീയത. ഇന്ത്യയിൽ അതിനോട് താരതമ്യം ചെയ്യാൻ കഴിയുന്നത് തമിഴ് ദേശീയതയെയാണ്. ആര്യൻ ഉപജാപങ്ങളെയും ദുർമന്ത്രങ്ങളെയും അതിജയിച്ച്, അത് ഇന്നും നിലനിൽക്കുന്നു. തമിഴ് ദേശീയത എന്നത് ഇന്നത്തെ ഇന്ത്യൻ ഭരണവർഗ്ഗത്തിന് എക്കാലവും ഭീഷണി തന്നെയാണ്. ശ്രീലങ്കയിൽ തമിഴർ ഒരു രാഷ്ട്രം നേടിയെടുത്താൽ, ഏറ്റവും ഏറെ വേദനിക്കുന്ന തല ഇന്ത്യയിലെ ഭരണവർഗ്ഗത്തിൻേറതായിരിക്കും.

ഇന്ത്യയിൽ ഒരാൾക്ക് 'ഭീകരവാദി'യാവാൻ അധികസമയമൊന്നും വേണ്ട. പ്രത്യേകിച്ചും ഉത്തരേന്ത്യയിൽ. ഏതു നിമിഷവും ഒരാൾ അഖണ്ഡതയ്ക്കും രാജ്യത്തിനും വിരുദ്ധനായി മുദ്രകുത്തപ്പെട്ടേയ്ക്കാം. തങ്ങൾക്ക് അനിഷ്ടവും ഭയവുമുള്ള ദേശീയ നീക്കങ്ങളെ അടിച്ചമർത്താൻ വേണ്ടിയാണ് ഇന്ത്യയിൽ 'ദേശീയത' എന്ന പദം ഉപയോഗിക്കുന്നത്. ഒരു ജനതയെ സംബന്ധിച്ചിടത്തോളം തങ്ങളുടെ ഭാഗധേയം നിശ്ചയിക്കുക എന്നത് അവരുടെ മൗലികമായ അവകാശമാണ്. ഈ അവകാശത്തെ കൊന്നിട്ടാണ് 'ഒരൊററ ദേശീയത' യെന്ന ചുവട് അവരുടെ തലയിൽ കെട്ടിവെയ്ക്കുന്നത്. ഇവിടെ ഒരിക്കലും ഒരൊററ ദേശീയതയില്ല. മതഭാഷാ ഗോത്ര ന്യൂനപക്ഷങ്ങളെ പീഡിപ്പിച്ചുകൊണ്ട് ഒരിക്കലും ഒരു ദേശീയ ഐക്യവും സംരക്ഷിക്കപ്പെടാൻ പോകുന്നില്ല.

പഞ്ചാബിലെ ഗോതമ്പു പാടങ്ങൾ നൽകുന്ന വലിയൊരു പാഠമതാണ്.

ഇന്ത്യയിലെ ദേശീയ പ്രശ്നങ്ങളോട് വിവിധ നിലപാടുകൾ നിലനിൽക്കുന്നുണ്ട്. ഇത്തരം ദേശീയപ്രശ്നങ്ങളെ പുരോഗമനപരമായി കാണുന്നവർക്കിടയിലും ഇതിനോടനുവർത്തിക്കേണ്ട നയങ്ങളെപ്പററി അഭിപ്രായാന്തരമുണ്ട്. അതേസമയം രാജ്യാതിർത്തികൾ അസ്തമിക്കുകയും എല്ലാ ഗോത്രങ്ങളും വർഗ്ഗങ്ങളും വിദ്വേഷരഹിതമായും പരസ്പരം മാനിച്ചുകൊണ്ടും സഹവർത്തിത്വത്തിൽ കഴിയുകയും ചെയ്യുന്ന വിശ്വമാനവികതയ്ക്കുള്ള സാദ്ധ്യതകളെപ്പററിയും നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഭൂമിശാസ്ത്രപരമായ അതിർവരമ്പുകൾ അസ്തമിക്കുകയും സാർവ്വദേശീയത ഉടലെടുക്കുകയുംചെയ്യുന്ന അവസ്ഥയ്ക്കുള്ള സാദ്ധ്യതകൾ എത്രത്തോളമാണെന്നു് നാം ആരായുകയും വേണം.

ഇവിടെ ഈ പ്രശ്നങ്ങളെപ്പററി ഒരു മുഖാമുഖം ഒരുക്കിയിരിക്കുന്നു. വ്യത്യസ്തചിന്താഗതിക്കാരും ആശയക്കാരുമായ ആളുകളുമായി ഒരു മുഖാമുഖം. സത്യത്തോടും മനുഷ്യനീതിയോടും ആഭിമുഖ്യമുള്ള മനസ്സോടെയായിരിക്കണം നാം ഈ പ്രശ്നത്തെ സമീപിക്കേണ്ടത്.

ദേശീയത എന്നു പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നത് ?

ദേശീയത എന്നത് ഒരാധുനിക രാഷ്ട്രീയ സങ്കല്പമാണ്. ബൂർഷ്വാരാഷ്ട്രീയത്തിന്റെ ആവിർഭാവത്തോടെ, ഫ്യൂഡൽ രാഷ്ട്രീയ സാമൂഹ്യഘടന തകർത്തുകൊണ്ട് മുതലാളിത്ത സമ്പദ്ഘടന വികസിച്ചതോടെ, അതിനനുസൃതമായ ഒരു രാഷ്ട്രീയ ഘടനാരൂപം പൂണ്ടുവന്നതിന്റെ ഭാഗമായിട്ടാണ്, ദേശീയ രാഷ്ട്രമെന്ന സങ്കല്പം ഉയർന്നുവന്നത്. ഒരു നിശ്ചിത കെട്ടുറപ്പുള്ള സാമൂഹത്തിന് ഒരു രാഷ്ട്രീയഘടന ആവശ്യമുണ്ടെന്ന അടിസ്ഥാന നിലപാടിൽ നിന്നാണ്, ദേശീയതയുടെ പ്രശ്നം ആവിർഭവിച്ചതു തന്നെ. ബൂർഷ്വാവിപണിയുമായി ബന്ധപ്പെട്ടുകൊണ്ടാണ് അത് സാമ്പത്തികവും രാഷ്ട്രീയവും ആയ പ്രശ്നമായി ഉയർന്നുവന്നത്. അതിനുശേഷമാണ് ദേശീയ രാഷ്ട്രമെന്ന ആശയം വ്യാപകമാവാൻ തുടങ്ങിയത്. നിശ്ചിതമായ വളർച്ചയെത്തിയ ഭാഷ ഉപയോഗിക്കുന്നവരും അതിന്റെ അടിസ്ഥാനത്തിൽ തനതായ ചരിത്രവും സാംസ്ക്കാരിക പാരമ്പര്യവും ഉള്ളവരും ഈയടിസ്ഥാനത്തിൽത്തന്നെ തനതായ സമ്പദ്ഘടനയ്ക്ക് രൂപംകൊടുത്തിട്ടുള്ളവരും തുടർച്ചയായ ഒരു ഭൂപ്രദേശത്ത് ജീവിക്കുന്നവരുമായ ഒരു ജനതയ്ക്കാണ് ഒരു ദേശീയതയാവാൻ ചരിത്രപരമായ അർഹതയുള്ളത്. അവർക്ക് സ്വന്തമായ ഒരു ഭരണകൂടം ഉണ്ടാവുന്നതോടെ അതൊരു ദേശീയരാഷ്ട്രമാവുന്നു. അങ്ങനെയൊരു രാഷ്ട്രമാവാത്ത അവസ്ഥയിൽ ആ ജനതയെ ഒരു ദേശീയത എന്നു വിളിക്കുന്നു.

ഈ നിർവ്വചനം സ്റ്റാലിന്റേതല്ലേ ?

സ്റ്റാലിന്റേതാണ്. സ്റ്റാലിൻ ഒരു പൊതുബോധത്തെ കുറിച്ചുകൂടി പറയുന്നുണ്ട്. തങ്ങൾ ഒരു ദേശീയതയാണ് എന്നുള്ള ഒരു ബോധത്തെപ്പററി.

ദേശീയതയെയും പ്രാദേശികതയെയും വേർതിരിച്ചു പറയുന്നുണ്ടല്ലോ— അതെപ്പററി ?

ദേശീയതയെ മുൻപ് നിർവ്വചിച്ചു കഴിഞ്ഞു. ഒരു ദേശീയ വിഭാഗത്തിന്നിടയിൽത്തന്നെ അസമത്വങ്ങൾ ഉണ്ടാകുമ്പോൾ അവർ പ്രശ്നം ഉന്നയിക്കാറുണ്ട്. അതൊരിക്കലും ഒരു ദേശീയതയാവുന്നില്ല. ദേശീയരാഷ്ട്രമെന്നത് എളുപ്പത്തിൽ സാധിക്കുന്ന കാര്യമല്ല. വളരെ വലിയ വില കൊടുത്ത് നേടേണ്ടതാണത്. അത്തരമൊരു സമരത്തിന് പ്രാദേശിക പ്രശ്നമുന്നയിക്കുന്നവർക്ക് കഴിയില്ല. അതേസമയം മൊത്തത്തിൽ ഒരു ജനതയുടെ ഭാഷാസാംസ്ക്കാരിക അസ്തിത്വം ചോദ്യം ചെയ്യപ്പെടുമ്പോൾ അവരുടെ പോരാട്ടം ഒരു ദേശീയ രാഷ്ട്രത്തിനു വേണ്ടിയുള്ളതായിത്തീരും.

ദേശീയരാഷ്ട്രത്തിനുവേണ്ടി പോരാടുന്നവരെത്തന്നെ പ്രാദേശികവാദികൾ എന്ന് മുദ്രകുത്തുന്നുണ്ടല്ലോ?

അത് നിലനിൽക്കുന്നുണ്ട്. ഇന്ത്യയിൽ കഴിഞ്ഞ പത്തുമുപ്പതു വർഷങ്ങളായി പ്രചരിപ്പിക്കപ്പെട്ടിരിക്കുന്നത് ഇന്ത്യ ഒരു ദേശീയത ആണെന്നാണ്. തികച്ചും അസംബന്ധമാണത്. ഒരുദേശീയതയ്ക്കാവശ്യമായ ചരിത്രപരമായ അടിത്തറയോ ഉപാധികളോ 'ഇന്ത്യൻ ദേശീയത' എന്ന സാധനത്തിനില്ല.

പഴയ സാംസ്ക്കാരിക പാരമ്പര്യത്തെപ്പററി പറയുന്നുണ്ടല്ലോ ?

പ്രാചീനസംസ്ക്കാരം അല്ല, ദേശീയതയുടെ അടിസ്ഥാനം. പ്രാചീന വരേണ്യ സംസ്ക്കാരത്തെയും വരേണ്യ ഭാഷയെയും നിഷേധിച്ചു കൊണ്ടാണ് ആധുനിക ദേശീയതയും സംസ്കാരവും പിറന്നത്. ഇന്ത്യയിൽ സംസ്കൃതത്തെ നിഷേധിച്ചുകൊണ്ട് പ്രാദേശിക ഭാഷകൾ ഉടലെടുത്തു. സാംസ്കാരിക പാരമ്പര്യത്തിന്റെ അടിസ്ഥാനത്തിൽ യൂറോപ്പ് മുഴുവൻ ഒരൊററ സംസ്കാരത്തിന്റെ ഭാഗമാണ്; ഗ്രീക്സംസ്കാരത്തിന്റെ. ഭാഷ ലാററിനും. ഈ വരേണ്യഭാഷയ്ക്ക് എതിരായ കലാപങ്ങൾ പതിനാല്, പതിനഞ്ച് നൂററാണ്ടോടെ ഉണ്ടായതിന്റെ ഫലമായാണ് ജർമ്മൻ, ഫ്രഞ്ച്, ഇംഗ്ലീഷ്, ഇത്യാദി ഭാഷകൾ ഉടലെടുത്തത്. ഇങ്ങനെയെല്ലാ പഴയതിനെയും നിഷേധിച്ചു കൊണ്ടുള്ള സാംസ്ക്കാരികവും, സാമൂഹ്യവും രാഷ്ട്രീയവും ആയ മുന്നേററത്തിന്റെ ഫലമാണ് ദേശീയത. ഈയടിസ്ഥാനത്തിൽ ഇന്നു പറയപ്പെടുന്ന സാംസ്ക്കാരിക പാരമ്പര്യം നിഷേധിക്കപ്പെടേണ്ടതാണ്. അതിന്റെ നല്ല വശങ്ങൾ നിഷേധിക്കാതെത്തന്നെയുള്ള വേർതിരിവാണ് വേണ്ടത്. പഴയ സംസ്ക്കാരത്തിന്റെതുടർച്ചയല്ല ആധുനികദേശീയത.

**കെ. വേണു**

ദേശീയതയെ പ്രോത്സാഹിപ്പിക്കണോ നിരുത്സാഹപ്പെടുത്തണോ?

നിശ്ചിത വളർച്ചയെത്തിയ ഒരു ഭാഷയുടെ അടിസ്ഥാനത്തിലുള്ള ദേശീയവികാസം ഓരോ സമൂഹവും കടന്നുപോകേണ്ട ചരിത്രപരമായ ഘട്ടമാണ്. അത്തരം ഘട്ടത്തിലൂടെ കടന്നുപോവാത്ത ഏതൊരു സമൂഹത്തെയും അതിനുവേണ്ടി പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണ്. ആ ഘട്ടം തരണംചെയ്യവർ അതിൽത്തന്നെ പിടിച്ചുതൂങ്ങി നിൽക്കുമ്പോൾ അത് പിന്തിരിപ്പത്തമാകുന്നു. ദേശീയതയുടെ ഘട്ടത്തിലൂടെ വേണം സാർവ്വദേശീയതയിലേക്കെത്താൻ. ഒരു ജനത അവരുടെ സാംസ്ക്കാരികവും ചരിത്രപരവുമായ സാഹചര്യത്തിനനുസരിച്ച് അവരുടെ രാഷ്ട്രീയമായ അസ്തിത്വം സ്ഥാപിച്ചെടുക്കുക എന്നതാണ് ദേശീയ രാഷ്ട്ര രൂപീകരണം എന്നുപറയുമ്പോൾ അർത്ഥമാക്കുന്നത്. അങ്ങനെയൊരസ്തിത്വം ഒരു ജനത എന്ന രീതിയിൽ നേടിയെടുക്കുന്നതാണ് അവരുടെ യഥാർത്ഥ സ്വാതന്ത്ര്യം. അത്തരം ഒരു സ്വാതന്ത്ര്യം നേടിക്കൊണ്ടല്ലാതെ ഒരു സമൂഹത്തിന് അതിനേക്കാൾ ഉയർന്ന മററൊരു ഘട്ടത്തിലേക്ക് എത്തിച്ചേരാൻ ആവില്ല. ഇന്ത്യയിൽ ദേശീയ പ്രശ്നങ്ങൾ ഉയർന്നുവന്നിരിക്കുന്നത് ആരും പ്രോത്സാഹിപ്പിച്ചിട്ടല്ല. പക്ഷേ, ശാസ്ത്രീയമായ വീക്ഷണത്തിൽ അത് നയിക്കപ്പെടുന്നില്ലെങ്കിൽ. അത് പാളിപ്പോകാനും, ഇത്തരം വികാസങ്ങളെ അപകടമെന്ന നിലയ്ക്ക് കാണുന്ന സാമ്രാജ്യത്വങ്ങളും മററു നിശ്ചിത താത്പര്യക്കാരും അതിനെ വളച്ചൊടിക്കാനും സാദ്ധ്യതയുണ്ട്. അപ്പോൾ ഓരോ ദേശീയതയുടെയും വികാസത്തെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇത്തരം വികാസങ്ങളെ അടിച്ചമർത്തുന്ന അവസ്ഥയ്ക്കെതിരെ സമരം ചെയ്യേണ്ടതുമാണ്.

മത ദേശീയതയെപ്പററി എന്തുപറയുന്നു ?

രാഷ്ട്രീയവും മതവും തമ്മിലുള്ള വേർപെടൽ ബൂർഷ്വാ ജനാധിപത്യവത്ക്കരണത്തിന്റെ ഭാഗമാണ്. അതിന്റെ തന്നെ ഭാഗമാണ് ദേശീയതയുടെ പ്രശ്നവും. ദേശീയതയുടെ അടിസ്ഥാനത്തിൽ ഒരെണ്ണമായ ഭാഷ, മതേതരമാണ്. ആധുനിക ദേശീയ രാഷ്ട്രങ്ങൾ മതത്തിൽ നിന്നും മുക്തമാക്കപ്പെട്ടരീതിയിലാണ് നിലകൊള്ളുന്നത്. ആധുനിക ഭരണകൂടവും പുരോഗമനപരമായ ദേശീയരാഷ്ട്രങ്ങളും മതേതരമായിരിക്കണം. എന്നാൽ ജനാധിപത്യവത്ക്കരണം ലോകത്തിന്റെ പല ഭാഗങ്ങളിലും കൊളോണിയലിസത്തിന്റെ ഫലമായി തടയപ്പെടുകയുണ്ടായി. ഏഷ്യനാഫ്രിക്കൻ ലാററിനമേരിക്കൻ രാഷ്ട്രങ്ങളിൽ. അവിടെ സ്വാഭാവികമായ മുതലാളിത്ത വത്ക്കരണം തടയപ്പെട്ടതിനാലും സാമ്രാജ്യത്വം ഫ്യൂഡലിസത്തിന്റെ സംരക്ഷകരായിമാറിയതിനാലും ഇന്നും ഫ്യൂഡൽ കാലത്തിലെ രാഷ്ട്രീയാവസ്ഥ നിലനിൽക്കുന്നുണ്ട്. മതവും രാഷ്ട്രീയവും തമ്മിലുള്ള കൂടിച്ചേരൽ ഫ്യൂഡൽ രാഷ്ട്രീയത്തിന്റെ ഭാഗമാണ്. ഈ അവസ്ഥയെ തരണം ചെയ്യുന്നതിൽ ഒരു

ഇന്ത്യ
ഒരു ദേശീയതയാണെന്നു പറയുന്നത്
അസംബന്ധമാണ്

ദേശീയതയുടെ അടിസ്ഥാനം
പ്രാചീന സംസ്ക്കാരമല്ല

ഇന്ത്യയിലെ
ദേശീയ പ്രശ്നങ്ങൾ
ശാസ്ത്രീയമായ വീക്ഷണത്തിന്റെ
അടിസ്ഥാനത്തിൽ
നയിക്കപ്പെടേണ്ടതുണ്ട്

മതവും രാഷ്ട്രീയവും തമ്മിലുള്ള കൂടിച്ചേരൽ
ഫ്യൂഡൽ രാഷ്ട്രീയത്തിന്റെ ഭാഗമാണ്

സാമ്രാജ്യത്വ വിരുദ്ധ സമരത്തിൽ
മതം ഒരു പോരാളിയായിത്തീരുമ്പോൾ
അത് പുരോഗമനാത്മകമാണ്

ദേശീയപ്രശ്നങ്ങളുടെ
നേതൃത്വമേറെറടുക്കേണ്ടത്
തൊഴിലാളി വർഗ്ഗമാണ്

അഖണ്ഡത എന്നത്
ദേശീയ വിരുദ്ധമാണ്

'ഇന്ത്യൻ ദേശീയത'യുടെ ശില്പികൾ
ബ്രാഹ്മണമേധാവികളാണ്
ദേശീയതയുടെ
സംസ്കാരികതലമോ ബ്രാഹ്മണരാഷ്ട്രീയവും

എല്ലാ ദേശീയതകൾക്കും
തുല്യമായി സമ്മേളിക്കാൻ കഴിയുമ്പോഴാണ്
സാർവ്വദേശീയത
ഉടലെടുക്കുന്നത്

സമൂഹം എത്രത്തോളം പുരോഗമിച്ചു എന്നതിന്റെ അടിസ്ഥാനത്തിലാണ് മതവും രാഷ്ട്രീയവും വേർപെടുത്തപ്പെടുന്നത്. മുതലാളിത്തവത്ക്കരണവും ആധുനികവത്ക്കരണവും തടയപ്പെട്ട സ്ഥലങ്ങളിൽ മത–രാഷ്ട്ര ബന്ധം തുടരുന്നു. വളരെ സങ്കീർണ്ണമായ ഒരവസ്ഥയാണ് അവിടെ. പഴയതും പുതിയതും തമ്മിലുള്ള കൂടിച്ചേരൽ. ഒരു ഭാഗത്ത് ദേശീയതയുടെ പ്രശ്നം ഉന്നയിക്കപ്പെടുമ്പോഴുംത്തന്നെ, മറുഭാഗത്ത് ദേശീയത മതമുക്തമാവാതെ തുടരുകയാണ്. പക്ഷേ പൂർണ്ണമായും ഈ അവസ്ഥ പിന്തിരിപ്പത്തമാണെന്ന് പറയാൻ വയ്യ. സാമ്രാജ്യത്വവിരുദ്ധ സമരത്തിൽ, മതം ഒരു പോരാളിയായിത്തുടരുന്നുണ്ടെങ്കിൽ ആ ഘട്ടത്തിൽ അത് പുരോഗമനപരമായ പങ്കുവഹിക്കുന്നുണ്ട്. പക്ഷേ അത് തുടർന്നു പോകണമെന്ന് പറയുന്നത്, പിന്തിരിപ്പത്തമാണ്. ആ സമൂഹത്തിന്റെ ജനാധിപത്യവത്ക്കരണത്തെ തടയുകയാണ്. ഒരിക്കലും ശാശ്വതമായി മതദേശീയതയെ ആധുനിക പുരോഗമന രാഷ്ട്രീയസങ്കൽപ്പമായി അംഗീകരിക്കാൻ കഴിയില്ല.

**ഇന്ത്യയിലെ ദേശീയ പ്രശ്നങ്ങളോടുള്ള വിവിധ നിലപാടുകൾ ഏതൊക്കെയാണ് ?**

ആദ്യകാലത്ത് CPI, പതിനേഴ് വളർച്ചയെത്തിയ ഭാഷകളെ വേർതിരിച്ചെടുത്ത് അവയെല്ലാം പരമാധികാര രാഷ്ട്രം രൂപീകരിക്കാനുള്ള സംവിധാനം, പിന്നീട് അവയെ ഒന്നിപ്പിക്കുന്ന ഒരു പൊതു UNION എന്നീ സങ്കൽപ്പങ്ങൾ ഉയർത്തിയിരുന്നു. എന്നാൽ അതിൽ നിന്ന് അവർ പിന്മാറുകയാണുണ്ടായത്. അഖിലേന്ത്യാ തലത്തിലുള്ള കേന്ദ്രീകൃത ഭരണം രൂപം കൊണ്ടതോടെ അവർ നിലപാട് മാറ്റി. പിന്നീട് ഈ പ്രശ്നം ഉയർത്തിക്കൊണ്ടു വന്നത് C P I (ML) കാരാണ്. അപ്പോൾ തന്നെയും, ഇന്ത്യയിലെ ദേശീയതകളുടെ സ്വയം നിർണ്ണായവകാശം ആവശ്യമാണെന്ന് അംഗീകരിച്ചപ്പോഴുംത്തന്നെയും അതിൽ തൊഴിലാളി പ്രസ്ഥാനത്തിനുള്ള പങ്കിനെപ്പറ്റി അവ്യക്തതയുണ്ടായിരുന്നു. ആധുനിക കാലത്തെ ബൂർഷ്വാ വിപ്ലവത്തിന്റെ കടമകൾ പൂർത്തീകരിക്കുക എന്ന ഉത്തരവാദിത്വം, തൊഴിലാളി വർഗ്ഗം ഏറ്റെടുക്കണം എന്ന നിലപാടുമായി ബന്ധപ്പെട്ടുകൊണ്ട്, ദേശീയരൂപീകരണത്തിന്റെ പ്രശ്നം തൊഴിലാളി വർഗ്ഗത്തിന്റെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും മുൻകൈയോടെ നടത്തപ്പെടേണ്ടതാണ് എന്ന് ML കാർപോലും അംഗീകരിച്ചിരുന്നില്ല. അടുത്ത കാലത്ത്, ഞങ്ങളുടെ പാർട്ടി മാത്രമാണ് ഈ നിലപാടിലെത്തിയിട്ടുള്ളത്. C P I–C P M കാർ കരുതുന്നത്, അഖിലേന്ത്യാ തലത്തിലുള്ള മോചനം പൂർത്തിയായാൽ അങ്ങനെ രൂപംകൊള്ളുന്ന തൊഴിലാളി വർഗ്ഗ ഭരണകൂടത്തിന് കീഴിൽ പരിഹരിക്കപ്പെടാവുന്ന പ്രശ്നമാണ് ദേശീയത എന്നാണ്. അതുകൊണ്ട് ദേശീയ സ്വയം നിർണ്ണായവകാശം വിപ്ലത്തിന്റെ മുന്നുപാധിയായി അവർ കാണുന്നില്ല. സ്വയം നിർണ്ണയാവകാശത്തെ അംഗീകരിക്കുന്ന ചില ML കാർ തന്നെ തൊഴിലാളി വർഗ്ഗ നേതൃത്വത്തിലൂടെയാണ് അത് പരിഹരിക്കപ്പെടുക എന്ന് അംഗീകരിക്കുന്നില്ല. ദേശീയ ബൂർഷ്വാസികളോ, മറ്റുള്ളവരോ പ്രശ്നം ഉന്നയിക്കുകയോ വളർത്തിയെടുക്കുകയോ ചെയ്യുമ്പോൾ അതിനോട് പോസിറ്റീവ് ആയ നിലപാട് എടുക്കാം എന്നാണ് അവരുടെ പക്ഷം. ഫലത്തിൽ അത് CPI–CPM നിലപാടു തന്നെയാണ്. യഥാർത്ഥത്തിൽ തൊഴിലാളി വർഗ്ഗം തന്നെയാണ് ഈ പ്രശ്നത്തിന്റെ നേതൃത്വം ഏറ്റെടുക്കേണ്ടത്. ദേശീയതയുടെ പ്രശ്നം ജനാധിപത്യ വിപ്ലത്തിന്റെ അവിഭാജ്യ ഘടകമാണ്. ജനാധിപത്യ വിപ്ലവത്തിന് നേതൃത്വം നൽകുക എന്ന കടമ തൊഴിലാളി വർഗ്ഗം ഏറ്റെടുക്കും പോലെത്തന്നെ ദേശീയ വിമോചനത്തിന്റെ പ്രശ്നവും അവർ തന്നെ ഏറ്റെടുക്കേണ്ടതുണ്ട്.

**ആര്യഫാസിസ്റ്റ് അഖണ്ഡതയുടെ മറ്റൊരുരൂപമായി ഈയിടെ മുഴങ്ങിക്കേട്ട 'ദേശീയോദ്ഗ്രഥനമന്ത്ര'ങ്ങളെ ചിലർ ചിത്രീകരിക്കുന്നു. എന്താണ് പറയാനുള്ളത് ?**

അഖണ്ഡതാവാദത്തിന്റെ രാഷ്ട്രീയമുതലെടുപ്പാണത്. അഖണ്ഡതയാവട്ടെ, ദേശീയവിരുദ്ധമാണ്. ദേശീയോദ്ഗ്രഥന മന്ത്രം സവർണ്ണ മേധാവിത്തത്തിന്റെ ശബ്ദമാണ്. ഇന്ത്യൻ ദേശീയത ഉണ്ടാക്കിയെടുത്തത് ബ്രാഹ്മണ മേധാവികളാണ്. അവരുടെ മന്ത്രോച്ചാരണം തുടങ്ങുന്ന 'ഭാരതവർഷേ' തന്നെയാണ് അതിന്റെ അടിസ്ഥാനം. അവരല്ലാത്ത മറുവിഭാഗങ്ങൾക്ക് ഇങ്ങനെയൊരഖിലേന്ത്യാ മന്ത്രമില്ല. ഇന്ന് പറയപ്പെടുന്ന ദേശീയതയുടെ സാംസ്ക്കാരികതലം ബ്രാഹ്മണ രാഷ്ട്രീയമാണ്.

സാമ്പത്തിക തലത്തിൽ ഇത് കുത്തകകളുടെ രാഷ്ട്രീയമാണ്.

ആധുനികതയുടെ വക്താക്കളായി മുഖംമൂടിയണിഞ്ഞവർചെയ്യു ഏറ്റവും വലിയ വഞ്ചനയാണ് അടുത്ത കാലത്ത് അരങ്ങേറപ്പെട്ട ദേശീയോദ്ഗ്രഥന പരിപാടികൾ.

**സാർവ്വലൗകിക മാനവികതയ്ക്ക് 'ദേശീയത' തടസ്സമാവില്ലേ ?**

'ദേശീയത'യുടെ ഘട്ടം കഴിഞ്ഞാണ് സാർവ്വലൗകിക ദേശീയതയിലെത്തുന്നത്. ഇതൊരു നിശ്ചിത കാലംകൊണ്ടല്ല. ദേശീയതയുടെ വികാസംതന്നെ നൂറ്റാണ്ടുകളിലൂടെ സാധിച്ചെടുക്കേണ്ടതാണ്. ഫ്യൂഡലിസത്തിൽനിന്നും മുതലാളിത്തത്തിലേക്കുള്ള മാറ്റം 12–ാം നൂറ്റാണ്ടിൽ തുടങ്ങിയതാണ്. ഇന്നുമത് പൂർത്തിയായിട്ടില്ല. വിശാലമായ ചരിത്ര വീക്ഷണം കൂടാതെ ഇത്തരം പ്രശ്നങ്ങളെ നോക്കിക്കാണരുത്. സാർവ്വദേശീയതയെന്നു പറയുന്നത്, ഓരോ ദേശീയതയുടേയും സാംസ്ക്കാരികവും ഭാഷാപരവുമായ തനിമ നിലനിർത്തിക്കൊണ്ടുതന്നെ, വിവിധ ദേശീയതകൾക്ക് തമ്മിൽ ശത്രുതാമനോഭാവമില്ലാതെ, തങ്ങളുടെ ദേശീയതയുടെ വേലിക്കെട്ടിനപ്പുറത്തേക്ക് പരസ്പരം ബഹുമാനിക്കാൻ കഴിയുന്ന ഒരവസ്ഥയെയാണ്. എല്ലാ ദേശീയതകൾക്കും തുല്യമായി സമ്മേളിക്കാൻ കഴിയുന്ന അവസ്ഥ സൃഷ്ടിക്കുകയാണ് വേണ്ടത്. അല്ലാതെ ഒരിക്കലും സാർവ്വദേശീയത ഉണ്ടാവില്ല. ഓരോ ദേശീയതയുടേയും സ്വാശ്രിതത്വം സാർവ്വദേശീയതയുടെ അനിവാര്യമായ മുന്നുപാധിയാണ്. അതില്ലാത്ത ഏതുബന്ധവും ഉച്ചനീചത്വത്തിന്റെ ബന്ധമായിരിക്കും. ആ ബന്ധം ഇല്ലായ്മ ചെയ്തിട്ടേ സാർവ്വദേശീയതയിലേക്കെത്താൻ പറ്റൂ.

○

ദേശീയത എന്നുപറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നത് ?

ഒരു നിശ്ചിതഭാഷയും സംസ്ക്കാരവും ജീവിതരീതിയും സാമ്പത്തികഘടനയും ഭൂമിശാസ്ത്രപരമായ തുടർച്ചയും ഇവയെപ്പററി ഒരു പൊതുബോധവും ഉള്ള ജനവിഭാഗങ്ങൾ ഒരേ ദേശീയതയുടെ കീഴിലാണെന്നു പറയാം.

ദേശീയതയെയും പ്രാദേശികതയെയും വേർതിരിച്ചു പറയുന്നുണ്ടല്ലോ. അതെപ്പററി ?

സത്യത്തിൽ അതൊരു കപടപ്രശ്നമാണ്. ഗോത്രങ്ങളും ദേശീയതകളും ദേശീയതകളായി ഇനിയും വികസിക്കാത്ത ജനവിഭാഗങ്ങളുമുള്ള ഒരു ബഹുദേശീയ രാജ്യമാണ് ഇന്ത്യ എന്നുവേണം പറയാൻ. മഹാരാഷ്ട്രയിൽ വിദർഭയ്ക്ക് സ്വതന്ത്ര നിലനിൽപ്പു വേണം എന്ന പ്രശ്നമുണ്ടല്ലോ, അത് ഒരു പ്രാദേശിക പ്രശ്നമാണ്.

# മാനവികതയുടെ പൂർത്തീകരണം മാനവരാശിയുടെ മോചനത്തിലൂടെ

**കെ. എൻ. രാമചന്ദ്രൻ**

ദേശീയതയെ പ്രോത്സാഹിപ്പിക്കുകയാണോ, നിരുത്സാഹപ്പെടുകയാണോ വേണ്ടത് ?

ഇതൊരു സത്യത്തെ അംഗീകരിക്കേണ്ട പ്രശ്നം മാത്രമാണ്. നമ്മുടെ നിരുത്സാഹപ്പെടുത്തലിനെയോ പ്രോത്സാഹനത്തെയോ ആശ്രയിക്കുന്നതല്ല ദേശീയത. അതൊരു യാഥാർത്ഥ്യമാണ്. ഒരു രണ്ടായിരം വർഷം മുമ്പ് ദേശീയത ഉണ്ടായിരുന്നില്ല. ഇന്ത്യയിൽ പത്ത്-പന്ത്രണ്ട് നൂററാണ്ടുകളിലെ ഭക്തി പ്രസ്ഥാനത്തോടെ ദേശീയത ഉടലെടുത്തു. ദേശീയത വളർന്നു വികസിച്ച് സാർവ്വലൗകിക ദേശീയതയിലേക്കെത്തും.

ഇന്ത്യയിലെ ദേശീയതകളെപ്പററിയുള്ള വിവിധ നിലപാടുകളെന്താണ് ?

പ്രധാനമായും മൂന്നു നിലപാടുകളാണുള്ളത്. ഇന്ത്യയ്ക്ക് ഒരൊററ ദേശീയതയേ ഉള്ളൂ എന്നതാണ് ഒരു നിലപാട്. ഇതിൽ നിന്നാണ് അഖണ്ഡതാവാദവും ദേശീയോദ്ഗ്രഥനവും പിറക്കുന്നത്. ഇത് മൗലികമായും സാമ്രാജ്യത്വ ചൂഷണവുമായി ബന്ധപ്പെട്ടതാണ്. സാമ്രാജ്യത്വത്തെ സംബന്ധിച്ചിടത്തോളം ഒരു വിപണി കിട്ടുക എന്നത് ഒരാവശ്യം മാത്രമാണ്.

CPI-CPM കാരുടെ നിലപാടാണ് രണ്ടാമത്തേത്. ഇന്ത്യയിൽ ദേശീയതകളുണ്ടെന്ന് അവർ തത്വത്തിൽ അംഗീകരിക്കുന്നു. എന്നാൽ ഈ ദേശീയാടിസ്ഥാനത്തിൽ വിഭജനം ശരിയല്ലെന്ന് അവർ പറയുന്നു. ഉദ്ഗ്രഥനമാണ് അവർക്കാവശ്യം. ഇതിന്റെ പിന്നിൽ മറെറാരുദ്ദേശ്യമാണ്. വ്യാപാരക്കരാറുകളിലൂടെ ഇന്ത്യയെ മാർക്കററാക്കാൻ ശ്രമിക്കുന്ന സോവിയററ് യൂണിയന്റെ ഉദ്ദേശ്യത്തെ പിന്തുണയ്ക്കാൻ മാത്രമാണ് അവർ ഉദ്ഗ്രഥനത്തിന്റെ വക്താക്കളാകുന്നത്. CPM ലങ്കയിൽ തമിഴകത്തെ സപ്പോർട്ടുചെയ്യുന്നു. പാക്കിസ്ഥാനിൽ സിന്ധ് ദേശീയതയെയും. ഇന്ത്യയിൽ മാത്രം ഇതില്ല. ഇത് സോവിയററ് നിലപാടുമായി ബന്ധപ്പെട്ട ഒരു ഇരട്ടത്താപ്പുനയമാണ്.

ഇന്ത്യയിലെ ഓരോ ദേശീയതയും വിട്ടുപോവുന്നതിലൂടെയാണ് വിപ്ലവത്തിന്റെ മുഖ്യ കടമ പൂർത്തീകരിക്കപ്പെടുന്നത് എന്നതാണ് മൂന്നാം നിലപാട്. സത്യത്തിൽ ദേശീയ പ്രശ്നങ്ങളുടെ പരിഹാരമാണ്. എല്ലാ പ്രശ്നങ്ങളുടെയും പരിഹാരം എന്നു പറയുന്നത് ബൂർഷ്വാ രാഷ്ട്രീയമാണ്. വേണുവിനെപ്പോലുള്ളവർ പറയുന്നത്, വിപ്ലവത്തിന്റെ തന്നെ, ഇന്നത്തെ കടമ ദേശീയ പ്രശ്നങ്ങളുടെ പരിഹാരമാണ് എന്നതാണ്. ജനാധിപത്യം സമംദേശീയ പ്രശ്നങ്ങളുടെപരിഹാരം എന്നതിൽച്ചെന്നെത്തിയിരിക്കുന്നു വേണു.

മതദേശീയതകളെപ്പററി എന്തുപറയുന്നു ?

മതദേശീയതയ്ക്കുതന്നെ ഞങ്ങൾ എതിരാണ്. ഒരു സമൂഹത്തെ ജനാധിപത്യവത്ക്കരിക്കുമ്പോൾ, മതേതരത്വം ഒരു പ്രധാന ഘടകമാണ് എന്നതുകൊണ്ടാണിത്. അടിസ്ഥാന സാമൂഹ്യ വ്യവസ്ഥയുമായി ബന്ധപ്പെട്ടാണ് മതമൗലിക വാദത്തെ കാണേണ്ടത്. സാമൂഹ്യനിയമങ്ങൾ കൂടുമ്പോൾ കരി നിയമങ്ങളും അടിച്ചമർത്തലുകളും ഉണ്ടാകും. അതുകൊണ്ടായില്ല, ആശയതലത്തിൽ സമൂഹത്തെ കെട്ടിയിടാൻ പ്രത്യയശാസ്ത്രാടിത്തറ ആവശ്യമായി വരും. ഭൂരിപക്ഷ മതമൗലികവാദം തലപൊക്കുന്നത് ഇവിടെയാണ്. ഭരണകൂടമാകട്ടെ, ഭൂരിപക്ഷ മതമൗലിക വാദത്തിന്റെ സംരക്ഷകരുമാണ്. ടി. വി. യിൽ രാമായണത്തിന്റെ സമയത്ത് പവർ കട്ട് ഒഴിവാക്കുന്നത് ഏററവും ചെറിയ ഉദാഹരണം. ന്യൂനപക്ഷ മതമൗലിക വാദത്തെയും പ്രോത്സാഹിപ്പിക്കുന്നുണ്ട് ഭരണകൂടം. എല്ലാ മതമൗലികവാദവും ഫാസിസവത്ക്കരണത്തിന്റെ അടിത്തറയാണ്. എന്നാൽ, വർഗ്ഗസമരവും വർഗ്ഗബോധവും കൂടുമ്പോൾ ജാതീയതയും വർഗ്ഗീയതയും പത്തിതാഴ്ത്തുന്നു എന്നത് ഒരു സത്യമാണ്.

ആര്യ-ഫാസിസ്റ്റ് അഖണ്ഡതയുടെ പുതിയയൊരവതാരമായി ഈയടുത്ത കാലത്ത് ചില ഇടതുപക്ഷക്കാർ നടത്തിയ 'ദേശീയോദ്ഗ്രഥന മന്ത്രങ്ങളെ' ചിലർ ചിത്രീകരിക്കുന്നു. എന്തുപറയുന്നു ? ഇതു് ഒരു രാഷ്ട്രീയ മുതലെടുപ്പാണോ ?

തീർച്ചയായും. Human Chain എന്ന Concept പാശ്ചാത്യനാടുകളിൽ വികസിപ്പിച്ചെടുത്തത് നിലവിലുള്ള ഭരണകൂടത്തിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരായാണ്. ഇവിടെനടന്നത് അങ്ങനെയല്ല. CPM ആസ്സാമിൽ കഥാവശേഷമാകാൻ എന്തായിരുന്നു കാരണമെന്നു് അറിയാമോ ? അവിടെ അവർ ആസ്സാം ജനതയുടെ മുമ്പിൽ ബംഗാളീദേശീയതയുടെ വക്താക്കളായി. പഞ്ചാബിൽ ആദ്യം അവർ അകാലികളുടെ പിറകെ കൂടി. ഒരു സ്വതന്ത്ര നിലപാടെടുത്ത് ദേശീയ പ്രശ്നത്തെ ഉയർത്തിപ്പിടിച്ച് സാമ്രാജ്യത്വത്തെ എതിർക്കാൻ അവർക്കു കഴിഞ്ഞില്ല. അഖണ്ഡതാവാദവും ചങ്ങലയുമൊക്കെ സവർണ്ണന്മാരുടെ പരിപാടിയാണ്. ദേശീയപ്രശ്നത്തെ വർഗ്ഗസമരവുമായി ബന്ധപ്പെടുത്തണം. അല്ലാതെ ചങ്ങല കോർക്കുകയല്ല വേണ്ടത്.

സാർവ്വലൗകിക മാനവികതയ്ക്കു് 'ദേശീയത' തടസ്സമാവില്ലേ ?

തടസ്സമാവുന്നത് ദേശീയതയ്ക്കു് അമിത പ്രാധാന്യം നൽകുമ്പോഴാണ്. ഈ ദേശീയ പ്രശ്നത്തിന് വല്ലാതെ ഊന്നൽ കൊടുക്കരുത്. വർഗ്ഗസമരത്തിന്റെ ഭാഗമായിമാത്രമേ ദേശീയതയെ കാണാവൂ. മനുഷ്യരാശിയുടെ മോചനത്തിലൂടെ മാത്രമേ, മാനവികത പൂർത്തിയാകൂ. ○

# 'ദേശീയത' ഒരു സങ്കുചിത മനോവ്യാധിയാണ്

പി. കെ. ബാലകൃഷ്ണൻ

ദേശീയത എന്നു പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നത് ?

ദേശീയത എന്നു പറയുമ്പോൾ ഇന്നു മിക്കവരും അർത്ഥമാക്കുന്നത്, ഭൂപടത്തിലുള്ള ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ പാക്കിസ്ഥാനായി പിരിഞ്ഞുപോയതു കഴിച്ചുള്ള മൊത്തം പ്രദേശത്തോടുള്ള ''സ്വരാജ്യ സ്നേഹമാണ്''. ടെറിററിയെ അടിസ്ഥാനമാക്കിയുള്ള ദേശീയതയും സ്വരാജ്യസ്നേഹവും യൂറോപ്പിൽത്തന്നെ 18–ാം നൂററാണ്ടിന്റെ സൃഷ്ടിയാണ്, ഇന്ത്യയെ സംബന്ധിച്ചിടത്തോളം മേല്പറഞ്ഞത്ര പ്രദേശങ്ങൾ ഏകവും അഖണ്ഡവുമായ ഒരു രാഷ്ട്രമാണെന്ന് സങ്കല്പിപ്പിക്കുന്നതും, അതിനോട്, ജാതിമതാതീതവും പ്രദേശപരവുമായ വൈകാരികവേഴ്ചകളെ അതിവർത്തിക്കുന്ന ഒരു ''റാണാ പ്രതാപ സിംഹ'' സ്വരാജ്യ സ്നേഹം സങ്കൽപ്പിക്കുന്നതും കേവലം തെററിദ്ധാരണയാണ്.

ദേശീയതയെയും പ്രാദേശികതയെയും വേർതിരിച്ചു പറയുന്നുണ്ടല്ലോ. അതെപ്പററി ?

ദേശീയത എന്നൊന്നില്ലെന്നും, ബ്രിട്ടീഷുകാർ ഉണ്ടാക്കിത്തീർത്ത സാമ്രാജ്യത്വ ദേശീയ സങ്കൽപ്പം അവർ പോകുന്നതിനു മുമ്പുതന്നെ തിലകൻ, ഗാന്ധി, നെഹ്രു തുടങ്ങിയ ദേശീയ സിംഹങ്ങൾ തകർത്തു കഴിഞ്ഞുവെന്നുമാണ് എന്റെ ധാരണ. 'പ്രാദേശികത' എന്നു നിന്ദാപൂർവ്വം പരാമർശിക്കപ്പെടുന്ന സംഗതി, ടെറിററി, വർഗ്ഗം, ഭൂമിശാസ്ത്ര പ്രകൃതിയുടെ പ്രത്യേകത, ഇതിൽനിന്നെല്ലാം സ്വയം രൂപംകൊള്ളുന്ന പ്രാദേശികഭാഷ എന്നീ കാര്യങ്ങളിൽ നിഷ്ഠമാണ്. അത് മനഃപൂർവ്വം വളർത്തിയ ഒരു കാര്യമല്ല. പ്രാകൃതികമായ ഒരു സഹജ പരിണാമത്തിന്റെ ഫലമാണത്. ഇന്ത്യയിലെ പ്രധാനപ്പെട്ട ഓരോ പ്രാദേശികഭാഷയുടേയും ഉല്പത്തിചരിത്രവും അതു കൃത്യമായി ഒരു നിശ്ചിത ഭൂപ്രദേശത്തെ സകല നിരക്ഷര കക്ഷികളുടേയും മാതൃഭാഷയായതും അഖണ്ഡതക്കാരുടെ അലച്ചുകൊണ്ടു മാഞ്ഞുപോകാത്തതും രൂഢമൂലവും, വർഗ്ഗ-മത-പ്രദേശങ്ങൾക്കു സംയുക്തമായ ഒരു സ്വത്വതയുണ്ടെന്ന് തെളിയിക്കുന്നതുമായ പ്രാകൃതിക പരാണാമമാണ്.

ദേശീയ വികാരങ്ങളെ പ്രോത്സാഹിപ്പിക്കുകയാണോ നിരുത്സാഹപ്പെടുത്തുകയാണോ വേണ്ടതു് ?

ദേശീയതയെപ്പററി അലറും എന്നല്ലാതെ അങ്ങനെയൊരു വികാരം ആർക്കാണുള്ളത് ? പഞ്ചാബിനെപ്പററി എല്ലാവരും ''ഹാ ഹാ'' പറയുമെന്നല്ലാതെ, തന്റെ അയൽക്കാരനായ തന്റെ നാട്ടുകാരനോട് തോന്നുന്ന മനോഭാവം സിക്കുകാരെപ്പററി ഇന്ത്യയിൽ സിക്കുകാരല്ലാത്ത ആർക്കെങ്കിലുമുണ്ടോ?

നിങ്ങളുടെ ചോദ്യങ്ങൾ ആളെ കുഴപ്പത്തിലാക്കുന്നതാണ്.

ഇന്ത്യയിലെ ദേശീയ പ്രശ്നങ്ങളോടുള്ള വിവിധ നിലപാടുകളെന്താണ് ?

ഇന്ത്യയുടെ ദേശീയതയെപ്പററി ഏവർക്കും പങ്കു പററുന്ന ചരിത്രപരമായ ചില അന്ധവിശ്വാസങ്ങളല്ലാതെ, ചരിത്രം, സമുദായശാസ്ത്രം എന്നിവയുടെ അടിസ്ഥാനത്തിൽ സ്വരൂപിക്കപ്പെടുന്ന ഒരു ധാരണ ആർക്കുമില്ല. പിന്നെ, ഇല്ലാത്ത ആ ധാരണയിലെ ഇല്ലാത്ത വൈവിധ്യത്തെപ്പററി ഞാനെന്തു പറയാനാണ്!

മതദേശീയതയെപ്പററി എന്താണ് അഭിപ്രായം ?

മതദേശീയതയുടെ ചരിത്രം ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ അവസാനിച്ചു കഴിഞ്ഞോ എന്ന കാര്യം സന്ദിഗ്ധമാണ്. മതദേശീയതയുടെ അടിസ്ഥാനത്തിൽ പാക്കിസ്ഥാനും ബംഗ്ലാദേശും ഉണ്ടാവാൻ പരമാവധി ഉത്തരവാദിത്തം ബാൽഗംഗാധരതിലക്, ഗാന്ധിജി, പണ്ഡിററ്ജി എന്നിവർക്കാണ്. ആ ചരിത്ര സത്യം ഇന്ത്യാരാജ്യത്തിൽ ഇന്ന് അറിയാവുന്നവർക്ക് കഷ്ടിയാണ്. മുസ്ലീം ലീഗ്, ജിന്ന, മുസ്ലീം മതദേശീയത എന്നിവയെപ്പററി 1947ലും പരമപുച്ഛം കലർത്താൻ കഴിഞ്ഞിരുന്ന ഗാന്ധിജി, നെഹ്റു തുടങ്ങിയവരുടെ ദൂരക്കാഴ്ചയില്ലാത്ത ആ പുച്ഛം ഇനിയും പുതിയ ഗാന്ധിമാരും പുതിയ നെഹ്റുമാരുംതുടരുകയാണെങ്കിൽ ഇന്ത്യയിൽ മതദേശീയതങ്ങളുടെ നിലനില്പും പരസ്പ്പര സംഘട്ടനവും ഇനിയും നിലവിൽ വന്നുകൂടാതെയില്ല. ഇന്ന് ആരു ജയിക്കും, എന്തു സംഭവിക്കും എന്നതു വേറെ കാര്യം.

ആര്യ–ഫാസിസ്റ്റ് അഖണ്ഡതയുടെ പുതിയയൊരവതാരമായി ഈയടുത്ത കാലത്ത് ചില ഇടതുപക്ഷക്കാർ നടത്തിയ 'ദേശീയോദ്ഗ്രഥനമന്ത്രങ്ങളെ' ചിലർ ചിത്രീകരിക്കുന്നു. എന്തു പറയുന്നു.?

ആര്യന്മാർ എന്ന ഹൂണവർഗ്ഗത്തിൻെറ അധിനിവേശവും, സംസ്കൃതം ട്രൈബൽ ഭാഷയായിരുന്ന ആ ട്രൈബ്യൂണലുകളുടെ കൂട്ട മേധാവിത്തവും ഭാഷ, ആർക്കിയോളജി തുടങ്ങിയവയെല്ലാം ഇന്നു പാടേ നിഷേധിക്കുന്ന ഒരു ചരിത്രാസംബന്ധമാണ്.

സാർവ്വ ലൗകിക മാനവികതയ്ക്ക് 'ദേശീയത' തടസ്സമാവില്ലേ ?

ദേശീയത എന്നതുകൊണ്ട് നിങ്ങളർത്ഥമാക്കുന്നത് ''ടെറിറേറാറിയൽ സ്വരാജ്യസ്നേഹം'' എന്നതിനെയാണെന്നു ഞാൻ സങ്കല്പിക്കുന്നു. ലോകത്തിന്നാകെ ധർമ്മതത്ത്വങ്ങൾ എക്കാലത്തും പകർന്നുകൊടുത്ത ആചാര്യനായ ഗാന്ധിജി തുടങ്ങിയ ഇന്ത്യയിലെ ദേശീയ പ്രസ്ഥാനത്തിൻെറ എല്ലാ നേതാക്കന്മാരും ഈ 'ടെറിറെറാറിയൽ സ്വരാജ്യ സ്നേഹ'ത്തിൻെറ ബാധ ശക്തമായുണ്ടായിരുന്നവരാണ്. സാർവ്വലൗകികമായ ഏതു കാഴ്ചപ്പാടുവച്ചുനോക്കിയാലും അത് സങ്കുചിതമായ ഒരു മനോവ്യാധിയേക്കാൾ പിന്നൊന്നുമാകുന്നില്ല.

○

ദേശീയത എന്നു പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നത് ?

ദേശീയത എന്നത് ഒരു സാമൂഹ്യബോധമാണ്. മററതെങ്കിലും വിഭാഗത്തിൽ പെടാതെ നിലനിൽക്കുവാനുള്ള ആഗ്രഹമാണത്. ദേശീയതയുടെയും ദേശീയ വികാരത്തിൻെറയും അന്തസ്സത്തയാണത്.

ഇന്ത്യ ഒരിക്കലും ഒരു രാഷ്ട്രമായിരുന്നില്ല. ഒട്ടു വളരെ ദേശീയതകളുടെ സമാഹാരമാണത്. ഇന്ത്യയിലെ ഈ വൈവിദ്ധ്യങ്ങളെ ആദ്യമായി കൃത്രിമമായി യോജിപ്പിച്ചവർ ബ്രിട്ടീഷുകാരായിരുന്നു. അവർ പോയ നിമിഷം ഇന്ത്യ വിഭജിക്കപ്പെട്ടു. ഇവിടെ വർഗ്ഗമോ ഭാഷയോ, രാജ്യമോ ദേശീയത സൃഷ്ടിക്കാൻ പര്യാപ്തമല്ല. ഒരു രാഷ്ട്രമെന്നത് ജീവിക്കുന്ന ആത്മാവാണ്. ഒരു ആത്മീയതചമാണ്.

ഒരു രാഷ്ട്രമെന്നത് ഒരു രാജ്യം എന്നുള്ളതിൽ നിന്നും വ്യത്യസ്തമാണ്. ഒരു രാജ്യത്തിനുള്ളിൽ ധാരാളം രാഷ്ട്രങ്ങൾക്ക് നിലനില്ക്കാൻ കഴിയും.

ഇന്ത്യ ഒരു രാഷ്ട്രമല്ല.
ദേശീയതകളുടെ സമുച്ചയമാണ്
ഇവിടുത്തെ
ആര്യൻ ഭരണവർഗ്ഗത്തിന്
നമ്മുടെ സംസ്ക്കാരത്തെയും ചരിത്രത്തെയും
നിർണ്ണയിക്കാൻ അവകാശമില്ല
ഇന്ത്യയിൽ ഏററവും മർദ്ദനമേൽക്കുന്നവർ
ദലിതുകളാണ്
ദേശീയതകളുടെ സ്വയം നിർണ്ണയാവകാശത്തിലൂടെയാണ് രാജ്യ സങ്കല്പം പൂർത്തിയാവുന്നത്
ഹിന്ദുമതം
പരസ്പരം പോരാടിക്കൊണ്ടിരിക്കുന്ന
ദേശീയതകളുടെ തടവറയാണ്
ഇന്ത്യയിൽ യഥാർത്ഥ ജധാധിപത്യം
പൂർത്തിയാകുവാൻ
പഞ്ചാബികും നാഗനും
അവനവൻെറ അവകാശം നൽകണം

## വി. പ്രഭാകരൻ

USSR, USA ചൈന എന്നിവ ഉദാഹരണങ്ങൾ ആണ്. ഓരോ ദേശീയതയുടേയും മനുഷ്യാവകാശങ്ങൾ അംഗീകരിക്കപ്പെടേണ്ടതുണ്ട്. സ്വാശ്രയത്വം, സ്വയം പ്രതിരോധം, ആത്മാഭിമാനം, ദേശീയമായ ആത്മവിശ്വാസം എന്നിവയാണ് മനുഷ്യാവകാശങ്ങൾ. തങ്ങളെപ്പററിയും തങ്ങളുടെ ചരിത്രത്തെപ്പററിയും സംസ്കാരത്തെപ്പററിയും അറിയാനും തങ്ങളെ തന്നെ നിർവ്വചിക്കാനും തങ്ങൾക്കുവേണ്ടി സംസാരിക്കാനും തങ്ങൾക്ക വേണ്ടി സൃഷ്ടിക്കുവാനും തങ്ങളുടെ കർമ്മപഥവും ലക്ഷ്യവും നിയന്ത്രിക്കാനുമുള്ള അവകാശം കൂടിയാണത്. മർദ്ദകരും ചൂഷകരും ബ്രിട്ടീഷ്കാരെക്കാൾ അപകടകാരികളുമായ ഇവിടുത്തെ ആര്യൻ ഭരണവർഗ്ഗത്തിന് നമ്മെയും നമ്മുടെ സംസ്കാരത്തെയും ഭാഷയെയും ചരിത്രത്തെയും നിർവ്വചിക്കാൻ എന്തവകാശം ? നാം ആരാണെന്നും എന്താണെന്നും നമുക്കറിയാം.

ദേശീയതയെയും പ്രാദേശികതയെയും വേർതിരിച്ചു പറയുന്നതിനെപ്പററി ?

ദേശീയതയും പ്രാദേശികതയും വേർതിരിച്ചു കാണുന്നത് ഒരു ഭരണവർഗ്ഗ സമീപനമാണ്.

മുസ്ലീംകൾ, ക്രിസ്ത്യാനികൾ, സിക്കുകൾ തുടങ്ങിയവർക്കു പുറമേ ഹിന്ദുമതത്തിലെ ഓരോ ജാതിയും ഓരോ പ്രത്യേക രാഷ്ട്രങ്ങളാണ്. ഗൂർക്കകൾ, മിസോകൾ, നാഗന്മാർ, ആസ്സാമികൾ, തമിഴർ, ഗോവൻ ക്രിസ്ത്യാനികൾ, ഓർക്കണ്ട് ഗിരിവർഗ്ഗക്കാർ, ഉത്തർഖണ്ട് ദലിതുകൾ, കാശ്മീരികൾ, തെലുങ്കർ, എന്നീ രാഷ്ട്രങ്ങൾ ഒരു പിടി ആര്യൻ ഭരണാധികാരികളുടെ പീഡനങ്ങൾക്കും ചൂഷണങ്ങൾക്കും എതിരെ പോരാടുന്ന രാഷ്ട്രങ്ങളാണ്. ഇവയിൽ തനിച്ച് ഏററവും വലിയ മർദ്ദിതവിഭാഗം ദലിതുകളുടെതാണ്.

ഉപദേശീയതയുള്ള തചര ഒരു ആഗോള പ്രതിഭാസമത്രെ. പ്രത്യേകിച്ച് ആഫ്രിക്കയിലും ഏഷ്യയിലും. ഇതിൻെറ അടിത്തറ ഭാഷയാണ്. ഇവിടുത്തെ ഭരണവർഗ്ഗത്തിൻെറ ഭാഷയിൽ ഈ ''ഭാഷാഭ്രാന്ത്'' രാജ്യത്തെ തീർച്ചയായും ഛിന്നഭിന്നമാക്കും. അത് ആർക്കും തടയാൻ സാദ്ധ്യമല്ല. പഞ്ചാബ് മുസ്ലീംകളുടെ ആധിപത്യം ബംഗാളി മുസ്ലിംകൾ ചെറുത്തപ്പോൾ പാക്കിസ്ഥാൻ വിഭജിക്കപ്പെട്ടു. ഭാഷാപരമായ ശത്രുത ശ്രീലങ്കയെ ഒരു വംശീയ യുദ്ധത്തിലേക്കെത്തിച്ചു. ഇനിയുള്ള എല്ലാ പോരാട്ടങ്ങളും ഈ തത്വത്തിലധിഷ്ഠിതമായിരിക്കും. രാഷ്ട്രീയ പാർട്ടികൾക്ക് നേതൃതചം നൽകുന്ന മേൽജാതി ആര്യൻ നാസി ഭരണവർഗ്ഗം അതാത് പ്രദേശത്ത് കാര്യലാഭത്തിനുവേണ്ടി എരിതീയ്യിൽ എണ്ണയൊഴിക്കുന്നു. ഭാഷ മതങ്ങളെയും ജാതികളെപോലും മറികടക്കുന്നു. എന്നാൽ ഭാഷമാത്രം ഒരു ബന്ധിപ്പിക്കുന്ന ഘടകമല്ല. ശ്രീലങ്കയിലെ തമിഴ് സംസാരിക്കുന്ന മുസ്ലീംകൾ തമിഴ് സംസാരിക്കുന്ന ഹിന്ദുക്കളുടെ കൂടെയല്ല. പഞ്ചാബിൽ, പഞ്ചാബി മാതൃഭാഷക്കാരായ ഹിന്ദുക്കൾ സിക്കുകാർക്കും പഞ്ചാബിക്കുമെതിരെ ഹിന്ദി സ്വന്തമായി സ്വീകരിക്കുന്നു. ഇന്ത്യ ഒരു സങ്കീർണ്ണമായ രാജ്യമാണ്.

ദേശീയ വികാരങ്ങളെ പ്രോത്സാഹിപ്പിക്കയാണോ, നിരുത്സാഹപ്പെടുത്തുകയാണോ വേണ്ടത് ?

ഒരു രാജ്യം എന്ന സങ്കൽപം യാഥാർത്ഥ്യമാകണമെങ്കിൽ വ്യത്യസ്ത ദേശീയതകളുടെ സ്വയം നിർണ്ണയാവകാശം തുടങ്ങിയ മനുഷ്യാവകാശങ്ങൾ അംഗീകരിക്കപ്പെടേണ്ടതുണ്ട്. അവയുടെ സ്വതന്ത്രവും സംതൃപ്തവുമായ ഐക്യപ്പെടലിലൂടെ മാത്രമേ ഒരു രാജ്യം, ഒരു ജനത എന്നവികാരം രൂപപ്പെടുകയുള്ളൂ. ഇത്തരം ഒരു സാഹചര്യത്തിനു വിരുദ്ധമായ നിലപാട് ദേശീയ വികാരങ്ങളെ നിരുത്സാഹപ്പെടുത്തലാണ്. ഇത് ഇന്ത്യയിലെ ആര്യൻ ബ്രാഹ്മണ ഭരണവർഗ്ഗത്തിന്റെ ഫാസിസ്റ്റ് ശൈലിയാണ്.

ഇന്ത്യൻ ദേശീയതകളെപ്പററിയുള്ള വിവിധ നിലപാടുകളോട് താങ്കൾ എങ്ങനെ പ്രതികരിക്കുന്നു ?

1945ൽ അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മുഖപത്രമായിരുന്ന ''പീപ്പിൾസ് ഏജ്''ൽ ഉന്നതനായ മാർക്സിസ്റ്റ് നേതാവും ചരിത്രകാരനുമായിരുന്ന ജി. അധികാരി, ദേശീയതയെപ്പററിയുള്ള ലെനിന്റെ മാർക്സിയൻ കാഴ്ചപ്പാടിൽ നിന്നുകൊണ്ട്, സിക്കുകാരുടെ മാതൃദേശത്തിനു വേണ്ടിയുള്ള അവകാശവാദത്തെ അനുകൂലിച്ചുകൊണ്ട് ലേഖനമെഴുതി. ഇത് ഒരു ശരിയായ സമീപനമായിരുന്നു. ഇന്ന്, ഹിന്ദുനാസികൾ ഉരുവിടുന്ന ഹിന്ദുത്വം ദേശീയത്വം– അഖണ്ഡത ഇടങ്ങിയ മുദ്രാവാക്യങ്ങൾ ഏറെക്കുറെ അതേ രീതിയിൽ, അതേ ഭരണവർഗ്ഗത്തിന്റെ പ്രതിനിധികളായ ആര്യബ്രാഹ്മണർ നയിക്കുന്ന കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ ഏറെറടുത്തിരിക്കുന്നു. ഇന്ത്യയിലങ്ങോളമിങ്ങോളം ഈ മേൽജാതി നാസി ഭരണവർഗ്ഗം തങ്ങളുടെ തന്നെ വൈരുദ്ധ്യങ്ങളിലകപ്പെട്ടിരിക്കയാണ്. ഉപദേശീയതകൾക്ക് അനുകൂലമായും പ്രതികൂലമായും പ്രക്ഷോഭങ്ങൾ നയിക്കുന്നത് ഇതേ ഭരണവർഗ്ഗങ്ങൾ തന്നെയാണ്. അവർ ഐക്യത്തിന്റേയും വിഘടനത്തിന്റേയും ഗാനം ഒരേപോലെ ആലപിക്കുകയാണ്. ഡാർജിലിങ്ങിൽ ഗൂർക്കകളുടെ അവകാശങ്ങളെ ഇടിച്ചുനിരത്തുന്നത് ജ്യോതി ബാസുവാണ്. സിക്കുകാരെ കൊല്ലാൻ ത്രിശൂലം വിതരണം ചെയ്യുന്നത് ഹിന്ദുനാസികളാണ്. ആര്യബ്രാഹ്മണ ഇംപീരിയലിസത്തിൽനിന്നുള്ള ഇന്ത്യയുടെ മോചനം, ഈ ദേശീയതകളുടെ വിമോചനമാണ്. ഇന്ത്യയുടെ ഭാവിചരിത്രം ഈ ദേശീയതകളുടെ പോരാട്ടങ്ങളുടെ ചരിത്രമായിരിക്കും– സ്വാമി വിവേകാനന്ദന്റെ ഇളയ അനുജനായ ഭൂപേന്ദ്രനാഥ്ദത്ത തന്റെ 'Studies in Indian Social Polity''– എന്ന കൃതിയിൽ പറയുന്നു.— ''India can be a nation only if Brahminism in destroyed''



മതദേശീയതയെപ്പററി എന്തു പറയുന്നു ?

1937ൽ അഹമ്മദാബാദിൽ നടന്ന ഹിന്ദുമഹാസമ്മേളനത്തിന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ വീരസവർക്കർ ആദ്യമായി, പിന്നീട് ജിന്നയുടെ തലയിൽ പിതൃത്വം കെട്ടിവെക്കപ്പെട്ട 'ദ്വിരാഷ്ട്രവാദ'ത്തിന് തുടക്കം കുറിച്ചുകൊണ്ടു പ്രഖ്യാപിച്ചു– ഹിന്ദുക്കളും മുസ്ലിംകളും വ്യത്യസ്തമായ രണ്ടു രാഷ്ട്രങ്ങളാണ്. ഇതിൽ മുസ്ലിംകളുടെ കാര്യം ശരിയായിരുന്നെങ്കിലും, ഹിന്ദുക്കൾ ഒരിക്കലും ഒരു രാഷ്ട്രമായിരുന്നില്ല. അവരിലെ ഓരോ ജാതിയും ഓരോ രാഷ്ട്രമാണ്. അതായത് ഹിന്ദുമതം എന്നത് പരസ്പരം പോരാടികൊണ്ടിരിക്കുന്ന ഒട്ടനവധി ദേശീയതകളുടെ ഒരു തടവറയാണ്. സിക്കുകാർ, ഒരു പ്രത്യേകരാഷ്ട്രമാണ്. പൊതുവായ, ഭാഷയും ചരിത്രവും സംസ്ക്കാരവും തൊട്ടുകിടക്കുന്ന അതിർത്തികളും ഉള്ള, ചരിത്രപരമായി രൂപപ്പെട്ട ദൃഢമായ ഒരു സമൂഹമാമാണ് ഒരു രാഷ്ട്രം.

പഞ്ചാബിക്ക് പഞ്ചാബിയുടേതും നാഗന് നാഗന്റേതുമായ അവകാശങ്ങൾ നൽകിയാൽ ഇന്ത്യയുടെ അവസ്ഥ എങ്ങനെയായിരിക്കും ?

പഞ്ചാബിക്ക് പഞ്ചാബിയുടേയും നാഗന് നാഗന്റേതുമായ അവകാശങ്ങൾ നൽകിയാൽ അത് ഇന്ത്യയിൽ യഥാർത്ഥ ജനാധിപത്യ വ്യവസ്ഥക്ക് ഇടവരുത്തുകയും, ഇന്ത്യയുടെ ശരീരത്തിൽ പിടിമുറുക്കിയിരിക്കുന്ന ആര്യൻ നാസികളെ അപ്രസക്തരാക്കുകയും ചെയ്യും. അങ്ങനെ ഇന്ത്യ ആദ്യമായി ഇന്ത്യക്കാരുടെ കൈയിൽ ആയിതീരും.

ആര്യ–ഫാസിസ്റ്റ് അഖണ്ഡതയുടെ മറെറാരു രൂപമല്ലേ ഈയടുത്തകാലത്ത് ചില ഇടതുപക്ഷങ്ങൾ നടത്തിയ 'ദേശീയോദ്ഗ്രഥന മന്ത്രങ്ങൾ'?

തീർച്ചയായും! അത് കേവലമായ രാഷ്ട്രീയ മുതലെടുപ്പ് മാത്രമല്ല, എല്ലാ ഇടതു വലതു വിഭാഗങ്ങൾക്കും നേതൃത്വം നൽകുന്ന ആര്യൻ വർഗ്ഗ താല്പര്യം സംരക്ഷിക്കുക എന്നതു കൂടിയാണ്.

'ദേശീയത' എന്നത് സാർവ്വലൗകിക മാനവികതയ്ക്ക് തടസ്സമാവില്ലേ ?

ദേശങ്ങൾ ഇല്ലെങ്കിൽ, സർവ്വദേശങ്ങൾ, സാർവ്വദേശീയ എന്നിവ അപ്രസക്തമാവുന്നു. ദേശീയതയിൽനിന്നും സാർവ്വലൗകിക മാനവികതയിലേക്ക് വളരെ ദൂരമുണ്ട്.

# പി. പരമേശ്വരൻ

**മാതൃഭൂമിയുമായുള്ള ബന്ധമാണ്**
**അടിസ്ഥാനപരം**
**ഇന്ത്യയെപ്പോലുള്ള വിശാലദേശത്ത്**
**പ്രാദേശികത സ്വാഭാവികമാണ്**
**അന്ധവും ഉന്മത്തവുമായ**
**സമരോത്സുക ദേശീയത ആപത്താണ്**
**പഞ്ചാബിക്കു പഞ്ചാബും**
**നാഗനു നാഗാലാൻറും കൊടുത്തുകൂടാ**
**ഭാരതത്തിന് ഒരു സംസ്ക്കാരമേയുള്ളു**
**മതദേശീയത ആപത്ക്കരമാണ്**

**ദേശീയത എന്നു പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നത് ?**

ഒരു ജനതയെ കൂട്ടിയിണക്കുന്ന ഉദാത്തമായ വൈകാരിക ഭാവമാണ് ദേശീയത എന്നത്. തലമുറകളായി ഒരുമിച്ചു ജീവിക്കുന്ന ഒരു ജനതയിൽ ഇത് സ്വാഭാവികമായി ഉണ്ടാകുന്നു. അവരുടെ നിലനില്പിന് ആശ്രയഭൂതമായ ഭൂമിയോട് അവർക്കു തോന്നുന്ന കടപ്പാടും മമതയും; അന്യനാട്ടുകാരോടുണ്ടാകുന്ന സമാനമായ ശത്രുമിത്രബന്ധം; ജയാപജയങ്ങളെക്കുറിച്ചുള്ള സമാനമായ അനുഭൂതി; കൂട്ടായ പരിശ്രമത്തിൽക്കൂടി ഉരുത്തിരിഞ്ഞുവരുന്ന സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവും ഒക്കെയായ നേട്ടങ്ങളും കോട്ടങ്ങളും; തങ്ങളേയും മററുള്ളവരേയും പ്രപഞ്ചത്തേയും നോക്കിക്കാണുന്ന സമാനമായ ജീവിത വീക്ഷണം; സമാനങ്ങളായ മൂല്യ സങ്കല്പങ്ങൾ; ഭാവിയെക്കുറിച്ചുള്ള സമാനങ്ങളായ ആശകളും ആശങ്കകളും; ഉജ്ജ്വലമായ ഒരു പൊതുഭാവിക്കുവേണ്ടി കൂട്ടായി പൊരുതാനുള്ള ദൃഢമായ ഇച്ഛാശക്തി—ഇവയുടെ ആകെത്തുകയെ ദേശീയത എന്ന് വിളിക്കാം.

പൊതുവായ വംശബന്ധം, ഭാഷ, മതം മുതലായവ ഇതിനു കൂടുതൽ സഹായകമാകാം. എന്നാൽ ഇവ ഒന്നും അനിവാര്യമാണ് എന്നു പറഞ്ഞുകൂടാ. മാതൃഭൂമിയുമായുള്ള ബന്ധം അടിസ്ഥാനപരമാണ്. ആ മാതൃഭൂമി, നമ്മുടേതുപോലെ പ്രകൃതിദത്തമായ അതിർത്തികൾകൊണ്ട് വേർതിരിക്കപ്പെട്ടതും ഐശ്വര്യ സമൃദ്ധവും പ്രകൃതിമനോഹരവും ആവുമ്പോൾ ഈ ബന്ധം കൂടുതൽ സ്നേഹസമ്പന്നമായിത്തീരുന്നു. ഏററവും ഉൽകൃഷ്ടമായ അർത്ഥത്തിൽ മാതൃ–പുത്രബന്ധമായിത്തീരുന്നു.

ജനതയുടെ ജീവിതദർശനം ആദ്ധ്യാത്മിക പ്രവണമാകുമ്പോൾ മാതൃഭൂമിയോടുള്ള ബന്ധത്തിന് ഉദാത്തമായ ആദ്ധ്യാത്മിക പരിവേഷം കൈവരുന്നു. ചരിത്രത്തിന്റെ ദൈർഘ്യവും അനുഭവങ്ങളുടെ ആഴവും മേൽപ്പറഞ്ഞ വികാരങ്ങൾക്ക് ഭാവതീവ്രത ഉളവാക്കുന്നു. കാലാകാലങ്ങളിലായി ജനിക്കുന്ന മഹാപുരുഷന്മാരും അവരെ ചുററിപ്പററി അനാവൃതമാകുന്ന മഹത്തായ സംഭവ വികാസങ്ങളും ദേശീയത എന്ന വികാരത്തെ വീണ്ടും വീണ്ടും നവീകരിക്കുകയും സമ്പന്നമാക്കുകയും ചെയ്യുന്നു.

**ദേശീയതയെയും പ്രാദേശികതയെയും വേർതിരിച്ചു പറയുന്നതിനെപ്പററി ?**

ദേശീയതക്കു വിരുദ്ധമായിത്തീരാവുന്ന ഒരു മനോഭാവമാണ് പ്രദേശികത. ഭാരതത്തെപ്പോലെ വിശാലമായ ഒരു ഭൂപ്രദേശത്ത് പ്രാദേശികങ്ങളായ ഘടകങ്ങളുണ്ടാകുന്നത് സ്വാഭാവികം മാത്രമാണ്. അത് ഭൂമിശാസ്ത്രത്തിന്റേയോ, ഭാഷയുടെയോ മതത്തിന്റേയോ, കാലാവസ്ഥയുടേയോ എല്ലാം പേരിലാകാം. മുഴുവൻ ദേശത്തോടുമുള്ള കൂറും കടപ്പാടും മറന്ന് പ്രാദേശികമായ വികാരങ്ങൾ ശക്തമാകുകയാണെങ്കിൽ അത് ദേശീയ ഐക്യത്തിനു വിനാശകരമായിരിക്കും. അത്തരം പ്രാദേശികത ഒരു ദേശത്തെ സംബന്ധിച്ചിടത്തോളം ആത്മഹത്യാപരമാണ്.

**ദേശീയ വികാരങ്ങളെ പ്രോത്സാഹിപ്പിക്കണോ നിരുത്സാഹപ്പെടുത്തണോ ?**

ദേശീയത പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്. എന്നാൽ ഒരു കാര്യം ശ്രദ്ധിക്കണം. അതു നിഷേധാത്മകമോ വിരോധാത്മകമോ ആക

രുത്. സ്വന്തം ദേശത്തിൻെറ താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള വ്യഗ്രതയിൽ അന്യദേശങ്ങളുടേത് അപഹരിക്കുകയോ അവഗണിക്കുകയോ ചെയ്തു കൂടാ. സാമ്രാജ്യവാദവും ഉപനിവേശവാദവും അനഭിലഷണീയമാവുന്നത് അതുകൊണ്ടാണ്. അതുപോലെതന്നെയാണ് അന്ധവും ഉന്മത്തവുമായ സമരോത്സുക ദേശീയതയും (Blind and danatic aggressive nationalism) മററുള്ളവരുടെ എതിർപ്പിനെ വിജയപൂർവ്വം നേരിടാനുള്ള മനോഭാവവും സന്നാഹങ്ങളും തെററാണെന്ന് ഇതിനർത്ഥമില്ല. ലോകത്തിൽ ഇന്നത്തെ സ്ഥിതിയിൽ അതാവശ്യമാണുതാനും.

പഞ്ചാബികൾ പഞ്ചാബും നാഗർ നാഗാലാൻറും ഒക്കെ സ്വതന്ത്രമായി അനുവദിച്ചുകൊടുക്കുക എന്നു വെച്ചാൽ ഭാരതം ഛിന്നഭിന്നമാവുക എന്നാണർത്ഥം. അതിൻെറ ഫലം ചരിത്രം ആവർത്തിക്കുക എന്നതായിരിക്കും. വിദേശിയ ആക്രമണങ്ങൾക്ക വിധേയമായി ഭാരതം വീണ്ടും അടിമത്തത്തിൽ ആണ്ടുപോകാൻ അതു കാരണമായിത്തീരും.

ഇന്ത്യയിലെ ദേശീയ പ്രശ്നങ്ങളോടുള്ള വിവിധ നിലപാടുകളോട് താങ്കൾ എങ്ങനെ പ്രതികരിക്കുന്നു ?

ദേശീയതയെക്കുറിച്ച് ഭാരതത്തിൽ വ്യത്യസ്ത കാഴ്ചപ്പാടുകൾ ഉണ്ട്. അവ പ്രധാനമായും താഴെ പറയുന്നവയാണ്.

1) മുസ്ലീം ലീഗ് ഉന്നയിച്ചതും, ഇന്നു ഖാലിസ്ഥാൻ വാദികൾ ഉന്നയിച്ചു കൊണ്ടിരിക്കുന്നതുമായ മതാധിഷ്ഠിത ദേശീയത.
2) മുമ്പ് കമ്മ്യൂണിസ്റ്റു പാർട്ടി ഉന്നയിച്ചതും ഇന്നും കമ്മ്യൂണിസ്റ്റു തീവ്രവാദികൾ ഉന്നയിച്ചു കൊണ്ടിരിക്കുന്നതുമായ ഭാഷാധിഷ്ഠിത ദേശീയത.
3) കോൺഗ്രസ്സ് ഉയർത്തിപ്പിടിക്കുന്ന സങ്കര സംസ്കാര ദേശീയത.
4) R. S. S ഉന്നയിക്കുന്ന സംസ്കാരാധിഷ്ഠിത ദേശീയത.

ദ്വിരാഷ്ട്ര വാദത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുകയും ഭാരതവിഭജനത്തിനിടവരുത്തുകയും ചെയ്ത പഴയ മുസ്ലീം ലീഗിൻെറ പിന്തുടർച്ചക്കാരെന്ന് ഉദ്ഘോഷിക്കുന്ന ഇന്നത്തെ ലീഗ് ഒരു വിഘടന ശക്തിയാണ്. അതിൻെറ പ്രവർത്തനം ആപത്ക്കരമാണ്.

ഭാഷയെ ദേശീയതയുടെ മൂലഘടകമായി കണക്കാക്കിയിരുന്ന കമ്മ്യൂണിസ്റ്റ് കാഴ്ചപ്പാടിൽ മാററം വന്നിട്ടുണ്ടെന്നും ഇന്നവർ ദേശീയ ഐക്യത്തിൽ ഊന്നി നിൽക്കുന്നുവെന്നും പ്രചരിപ്പിക്കുന്നു. എന്നാൽ ഭാരതം ഒരു രാഷ്ട്രമാണോ പല രാഷ്ട്രങ്ങളുടെ ആകെത്തുകയാണോ എന്നവർ ഇനിയും വ്യക്തമാക്കേണ്ടിയിരിക്കുന്നു. താത്വികമായ നിലപാട് സംശയരഹിതമായി പ്രഖ്യാപിക്കാത്തിടത്തോളം കാലം മുൻകാല ചരിത്രത്തിൻെറ അനുഭവത്തിൽ അവരുടെ ഇന്നത്തെ സമീപനം തന്ത്രപരമായ ഒരടവായി മാത്രമേ കണക്കാക്കാനാവൂ.

വ്യത്യസ്ത സംസ്ക്കാരങ്ങൾ കൂടിച്ചേർന്ന ഒരു സങ്കര സംസ്ക്കാരമാണ് നമ്മുടേതെന്നും അതുകൊണ്ട് നമ്മുടേത് സങ്കരദേശീയതയാണെന്നും കോൺഗ്രസ്സ് തുടങ്ങിയ കക്ഷികൾ പറയുന്നു. ഈ വാദത്തിൻെറ പരാജയമായിരുന്നു ഭാരത വിഭജനം. സ്വതന്ത്ര ഭാരതത്തിലും വർഗ്ഗീയതയുടെ വളർച്ച ഈ വാദത്തിൻെറ കഴമ്പില്ലായ്മയെ കാണിക്കുന്നു.

ഭാരതത്തിന് ഒരു സംസ്കാരമേ ഉള്ളുവെന്നും അതു ഭാഷ, മതം എന്നിവയ്ക്കുതീതമായി നിലകൊള്ളുവെന്നും R.S.S. വിശ്വസിക്കുന്നു. അനേകായിരം കൊല്ലത്തെ കാലപ്പഴക്കമുള്ള ഒരു സാംസ്ക്കാരിക പ്രവാഹമാണത്. അതിന്നും തുടരുന്നു. ഇസ്ലാമും ക്രിസ്തുമതവും ഒക്കെ ഉണ്ടാവുന്നതിന് എത്രയോ നൂററാണ്ടുകൾക്ക മുമ്പ് തുടങ്ങിയതാണീ പ്രവാഹം.



പുറത്തുനിന്നുവന്ന സംസ്ക്കാരധാരകളെ ലയിപ്പിച്ച് ചേർത്തുകൊണ്ട് അതു മുന്നോട്ടൊഴുകി. ഇന്ത്യയിലെ മുസ്ലീംങ്ങളും ക്രൈസ്തവരും ഈ ദേശീയ ജീവിത ധാരയിൽ അലിഞ്ഞു തീരുമായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യവാദികളുടെ 'വിഭജിച്ചു ഭരിക്കൽനയം' അതിനെ തുരങ്കം വച്ചു. ''ഒരു ജനത, ഒരു സംസ്കാരം, ഒരു ദേശീയത''– ഇതാണ് R.S.S.ൻെറ കാഴ്ചപ്പാട്. മതവും സംസ്കാരവും അഭിന്നമാണെന്ന് R.S.S വിശ്വസിക്കുന്നില്ല. വ്യത്യസ്ത ഭാഷാ–മതവിഭാഗങ്ങളെ ഉൾക്കൊള്ളുന്ന വിശാലവും സഹിഷ്ണുതാപൂർണ്ണവുമായ ഭാരതീയ സാംസ്ക്കാരിക പൈതൃകത്തെ അഭിവ്യക്തമാക്കുന്ന പദമാണ് ഹിന്ദു എന്നത്. അതിൽ, സ്വന്തം മതവിശ്വാസത്തിൽ മായം ചേർക്കാതെ തന്നെ മുസ്ലിമിനും ക്രിസ്ത്യാനിക്കും ഒക്കെ സ്ഥാനമുണ്ട്.

മത ദേശീയതയെപ്പററി എന്തു പറയുന്നു ?

മത ദേശീയത എന്ന സങ്കല്പം അശാസ്ത്രീയവും ആപത്ക്കരവുമാണ്.

ഈയടുത്ത കാലത്ത് ചില ഇടതുപക്ഷക്കാർ സംഘടിപ്പിച്ച ദേശീയോദ്ഗ്രഥന ശ്രമങ്ങൾ ആര്യ–ഫാസിസ്റ്റ്അഖണ്ഡതയുടെ മറെറാരവതാരമാണെന്ന് ചിലർ പറയുന്നു. എന്താണ് പറയാനുള്ളത് ?

കമ്മ്യൂണിസ്ററുകാരുടെ പുതിയ നിലപാടിനെക്കുറിച്ചാണെങ്കിൽ അതിനു നാലാം ചോദ്യത്തിൻെറ ഉത്തരത്തിൽ സമാധാനം കാണാം.

'ദേശീയത' സാർവലൗകികമാനവികതയ്ക്കു തടസ്സമാവില്ലേ ?

സാർവലൗകികമാനവികതയ്ക്ക് ദേശീയത തടസ്സമാകേണ്ടതില്ല. ആകാൻ പാടില്ല. അവ പരസ്പര പൂരകങ്ങളാകുകയാണ് വേണ്ടത്. വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം, സാർവദേശീയത ഇവ മനുഷ്യരാശിയുടെ വളർച്ചയിലെ ഉയർന്നുയർന്നു വരുന്ന വ്യത്യസ്ത ഘട്ടങ്ങളാണ്. അവ പരസ്പരം നിഷേധിക്കുന്നില്ല. വ്യക്തിയും കുടുംബവും പോലെ, കുടുംബവും സമൂഹവും പോലെ, ദേശീയതയും സാർവ്വദേശീയതയും സമന്വയിക്കാൻ സാധിക്കണം. 'വസുധൈവ കുടുംബകം' എന്ന പ്രഖ്യാപനത്തിലൂടെ ഭാരതം നൽകുന്ന സന്ദേശവും ഇതു തന്നെ.

**'ദേശീയത' എന്നു പറയുമ്പോൾ എന്താണ് അർത്ഥമാക്കുന്നത് ?**

ദേശീയതക്ക് ആധുനിക യൂറോപ്പാണ് ഏതാണ്ട് കൃത്യമായ ഒരു നിർവ്വചനം നൽകിയത്. ദേശ-രാഷ്ട്രം എന്ന സങ്കൽപ്പം തന്നെ അവരുടേതാണല്ലോ. കൃത്യമായി നിർണ്ണയിക്കാവുന്ന രാജ്യാതിർത്തികളിൽ പൊതുവായ ലക്ഷ്യങ്ങളും താത്പര്യങ്ങളും സ്വഭാവങ്ങളുമുള്ള മനുഷ്യരുടെ സമുദായത്തിനെയാണ് ദേശീയത എന്നു വിളിക്കുന്നത്. യൂറോപ്പിലെ രാഷ്ട്രീയ-സാമ്പത്തിക ഘടനകൾ ചേർന്നതാണ് ഈ നിർവ്വചനം എന്നതിൽ സംശയമില്ല.

**ദേശീയതയെയും പ്രാദേശികതയെയും വേർതിരിച്ചുപറയുന്നുണ്ടല്ലോ. അതെപ്പററി?**

ദേശീയതയും പ്രാദേശികതയും വേർതിരിച്ചു പറയുന്നവർ രണ്ടു തരക്കാരാണ്. ഒരു കൂട്ടർ അക്കാദമികമായ തലത്തിൽനിന്നുകൊണ്ട് ഒരു ദേശീയ സംസ്ക്കാരത്തിന്റെ ഭൂമിശാസ്ത്രപരമായ വ്യത്യാസങ്ങളെ പ്രാദേശികത എന്നുവിളിച്ചു. തിരിച്ചറിവിന്നു വേണ്ടിയുള്ള ഈ നാമകരണം അപകടകരമല്ല. രണ്ടാമത്തെ വിഭാഗം തങ്ങൾക്കിഷ്ടമില്ലാത്ത ഉപദേശീയതകളെ വിലകുറച്ചു കാ

○

അടിസ്ഥാനപരമായി
മതങ്ങളാണ് ദേശീയതയുടെ സ്രഷ്ടാക്കൾ.
ഗോത്രങ്ങളും വർഗ്ഗങ്ങളും
പരസ്പരം തിരിച്ചറിയാൻ മാത്രമുള്ളതാണെന്ന്
ഇസ്ലാം പറയുന്നു.
സാർവ്വലൗകിക മാനവികതയ്ക്ക്
അടിത്തറയാവേണ്ടത്
ധാർമ്മികമൂല്യങ്ങളാണ്.

○

**കലീം**

ണിക്കാനാണ് ജനവിഭജനത്തിന്ന മുതിരുന്നത്. ഇന്ത്യയിലെ ഉദാഹരണം പറഞ്ഞാൽ തമിഴകത്തോ വടക്കുകിഴക്കൻ പ്രദേശങ്ങളിലോ ഉള്ള ദേശീയതകളെയോ ഉപദേശീയതകളെയോ ലഘൂകരിക്കാൻ ചിലർ പ്രാദേശികത എന്ന പദമുപയോഗിക്കുന്നു.

ദേശീയ വികാരങ്ങളെ പ്രോത്സാഹിപ്പിക്കയാണോ നിരുത്സാഹപ്പെടുത്തുകയാണോ വേണ്ടത്?

ദേശീയവികാരങ്ങൾ ഒരു യാഥാർത്ഥ്യമാണ്. അതിനെ അപ്പടി നിഷേധിച്ചതുകൊണ്ട് കാര്യമില്ല. എന്നാൽ ഒരു ദേശീയതയും അന്യദേശീയതകൾക്ക് ആപത്തായിക്കൂട. ആധുനിക ദേശീയതയുള്ള ഏറ്റവും വലിയ ദോഷ്യം അത് ഹിംസാത്മകവും അന്യരോടുള്ള വിരോധത്തെ ശക്തിപ്പെടുത്തുന്നതുമാണ് എന്നതാണ്. ചില പ്രത്യേക സാഹചര്യത്തിൽ അത് അതിന്റെ തന്നെ സന്താനങ്ങളെ കൊന്നതിന്നുകയും ചെയ്യുന്നു. ജർമ്മനിയിൽ ഹിറ്റ്ലർ ജർമ്മൻകാരായ ജൂതൻമാരെ തന്നെയാണ് കൊലചെയ്തത്. ഇന്ത്യയിൽ തീവ്ര വലതുപക്ഷ ദേശീയത മുസ്ലിംകളെയും ഹരിജനങ്ങളെയും മർദ്ദിക്കുന്നതോർക്കുക. ദേശീയതകളെപ്പറ്റി ഖുർആൻ പറഞ്ഞതാണ് ഏറ്റവും നല്ല വചനമെന്ന് എനിക്ക തോന്നുന്നു. ഗോത്രങ്ങളും വർഗ്ഗങ്ങളും പരസ്പരം തിരിച്ചറിയാൻ മാത്രമുള്ളതാണെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. എത്രയും അർത്ഥവത്താണത്.

മത ദേശീയതയെപ്പറ്റി എന്തു പറയുന്നു ?

അടിസ്ഥാനപരമായി മതങ്ങളാണ് ദേശീയതകൾ സൃഷ്ടിക്കുന്നത്. പിന്നെയവയ്ക്ക് പുതിയ രൂപഭാവങ്ങൾ വന്നിരിക്കാം. എന്നാൽ മതമുക്തമായ ഏതു ദേശീയതയാണ് നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുക ? കമ്യൂണിസ്റ്റ് നാടുകളിൽ വരെ ദേശീയ സങ്കൽപ്പങ്ങൾക്ക് മതങ്ങൾ ആധാരമാവുന്നു.

ഇന്ത്യയിലെ ദേശീയ പ്രശ്നങ്ങളോടുള്ള വിവിധ നിലപാടുകൾ ഏവ ? അവയോട് എങ്ങനെ പ്രതികരിക്കുന്നു ?

ഇന്ത്യയിൽ, മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് കൂടുതൽ സങ്കീർണ്ണമായ ദേശീയ പ്രശ്നങ്ങളുണ്ട്. ചൂഷണത്തിലധിഷ്ഠിതമായ ഒരു സാമ്പത്തിക–രാഷ്ട്രീയ ക്രമം നിലനില്ക്കുന്നതുകൊണ്ടാണ് അവ അപരിഹാര്യമായി തുടരുന്നത്. വ്യത്യസ്ത ദേശീയതകളോ ഉപദേശീയതകളോ ഉള്ള ഒരു നാടാണ് ഇന്ത്യ. ദേശീയോദ്ഗ്രഥനവും ഐക്യവും സംരക്ഷിക്കാൻ ഈ യാഥാർത്ഥ്യം നിഷേ

ണിക്കാനാണ് ജനവിഭജനത്തിന്നു മുതിരുന്നത്. ഇന്ത്യയിലെ ഉദാഹരണം പറഞ്ഞാൽ തമിഴകത്തോ വടക്കുകിഴക്കൻ പ്രദേശങ്ങളിലോ ഉള്ള ദേശീയതകളെയോ ഉപദേശീയതകളെയോ ലഘൂകരിക്കാൻ ചിലർ പ്രാദേശികത എന്ന പദമുപയോഗിക്കുന്നു.

ദേശീയ വികാരങ്ങളെ പ്രോത്സാഹിപ്പിക്കുകയാണോ നിരുത്സാഹപ്പെടുത്തുകയാണോ വേണ്ടത്?

ദേശീയവികാരങ്ങൾ ഒരു യാഥാർത്ഥ്യമാണ്. അതിനെ അപ്പടി നിഷേധിച്ചതുകൊണ്ട് കാര്യമില്ല. എന്നാൽ ഒരു ദേശീയതയും അന്യദേശീയതകൾക്ക് ആപത്തായിക്കൂടാ. ആധുനിക ദേശീയതയുടെ ഏററവും വലിയ ദൂഷ്യം അത് ഹിംസാത്മകവും അന്യരോടുള്ള വിരോധത്തെ ശക്തിപ്പെടുത്തുന്നതുമാണ് എന്നതാണ്. ചില പ്രത്യേക സാഹചര്യത്തിൽ അത് അതിന്റെ തന്നെ സന്താനങ്ങളെ കൊന്നുതിന്നുകയും ചെയ്യുന്നു. ജർമ്മനിയിൽ ഹിററ്ലർ ജർമ്മൻകാരായ ജൂതൻമാരെ തന്നെയാണ് കൊലചെയ്തത്. ഇന്ത്യയിൽ തീവ്ര വലതുപക്ഷ ദേശീയത മുസ്ലിംകളെയും ഹരിജനങ്ങളെയും മർദ്ദിക്കുന്നതോർക്കുക. ദേശീയതകളെപ്പററി ഖുർആൻ പറഞ്ഞതാണ് ഏററവും നല്ല വചനമെന്ന് എനിക്കു തോന്നുന്നു. ഗോത്രങ്ങളും വർഗ്ഗങ്ങളും പരസ്പരം തിരിച്ചറിയാൻ മാത്രമുള്ളതാണെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. എത്രയും അർത്ഥവത്താണത്.

മത ദേശീയതയെപ്പററി എന്തു പറയുന്നു ?

അടിസ്ഥാനപരമായി മതങ്ങളാണ് ദേശീയതകൾ സൃഷ്ടിക്കുന്നത്. പിന്നെയവയ്ക്ക് പുതിയ രൂപഭാവങ്ങൾ വന്നിരിക്കാം. എന്നാൽ മതമുക്തമായ ഏതു ദേശീയതയാണ് നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയുക ? കമ്യൂണിസ്റ്റ് നാടുകളിൽ വരെ ദേശീയ സങ്കൽപ്പങ്ങൾക്ക് മതങ്ങൾ ആധാരമാവുന്നു.

ഇന്ത്യയിലെ ദേശീയ പ്രശ്നങ്ങളോടുള്ള വിവിധ നിലപാടുകൾ ഏവ ? അവയോട് എങ്ങനെ പ്രതികരിക്കുന്നു ?

ഇന്ത്യയിൽ, മററു രാജ്യങ്ങളെ അപേക്ഷിച്ച് കൂടുതൽ സങ്കീർണ്ണമായ ദേശീയ പ്രശ്നങ്ങളുണ്ട്. ചൂഷണത്തിലധിഷ്ഠിതമായ ഒരു സാമ്പത്തിക-രാഷ്ട്രീയ ക്രമം നിലനില്ക്കുന്നതുകൊണ്ടാണ് അവ അപരിഹാര്യമായി തുടരുന്നത്. വ്യത്യസ്ത ദേശീയതകളോ ഉപദേശീയതകളോ ഉള്ള ഒരു നാടാണ് ഇന്ത്യ. ദേശീയോദ്ഗ്രഥനവും ഐക്യവും സംരക്ഷിക്കുവാൻ ഈ യാഥാർത്ഥ്യം നിഷേ

ധിക്കണമെന്നാലും അങ്ങിനെ ചെയ്യുന്നത് നമ്മെ കൂടുതൽ ഭിന്നതയിലേക്ക് നയിക്കുകയേയുള്ളൂ. ചെറിയ രാഷ്ട്രീയ ലാഭങ്ങൾക്കപ്പുറം നല്ല ഭാവി ഉന്നം വെയ്ക്കുന്ന നേതാക്കൾക്കേ നമ്മുടെ ദേശീയ പ്രശ്നങ്ങളെ നേർക്കുനേരെ കൈകാര്യം ചെയ്യാൻ പററൂ. നിർഭാഗ്യത്തിന്ന് അത്തരമൊരു നേതൃത്വം നമുക്കില്ലാതായി വരികയാണ്.

ആര്യ–ഫാസിസ്റ്റ് അഖണ്ഡതയുടെ മറെറാരവതാരമായി ഈയടുത്ത കാലത്ത് ചില ഇടതുപക്ഷക്കാർ ആസൂത്രണം ചെയ്ത ''ദേശീയോദ്ഗ്രഥന യജ്ഞ''ത്തെ ചിലർ കാണുന്നുണ്ടല്ലോ. എന്തു പറയുന്നു ?

നമ്മുടെ നിർഭാഗ്യത്തിന്റെ മറെറാരു സൂചനയാണ് ഇടതുപക്ഷത്തിന്റെ നയം മാററം. ദേശീയ പ്രശ്നങ്ങളിൽ ഭരണത്തിലില്ലാത്ത ഇടതുപക്ഷ പാർട്ടികൾ താരതമ്യേന രചനാപരമായ സമീപനം സ്വീകരിക്കാറുണ്ട്. എന്നാൽ ഇന്ത്യയിൽ പാർലിമെൻററി വ്യാമോഹം കൊണ്ടോ ശുദ്ധവാർദ്ധക്യം മൂലമോ ഇടതുനേതൃത്വം അതിവിചിത്രമായ പുതിയ രാഗത്തിലാണ് ഇപ്പോൾ പാടുന്നത്. താൽക്കാലിക രാഷ്ട്രീയ ലാഭങ്ങൾ ഉന്നം വയ്ക്കുന്ന ഒരു നയംമാററം മാത്രമാണ് ഇത് എന്ന് കരുതണ്ട. അന്തർദേശീയ തലത്തിൽ റഷ്യൻ സാമ്രാജ്യത്വ ശക്തിയുടെ ചട്ടുകമായി പ്രവർത്തിക്കാൻ ഇന്ത്യയിലെ ഇടതുപാർട്ടികൾക്ക് നിർദ്ദേശമുണ്ട്. അക്കൂട്ടരുടെ ദേശീയോദ്ഗ്രഥന പ്രതിജ്ഞകളിൽ തെല്ലും കഴമ്പില്ല. ഇന്ത്യയിലെ ഇടതുകക്ഷികളിൽ സവർണ്ണർക്ക് മുൻതൂക്കമുണ്ടെന്ന കാര്യവും ഇവിടെ പരിഗണിക്കേണ്ടതുണ്ട്.

'ദേശീയത' സാർവ്വലൗകികമാനവികതയ്ക്ക് തടസ്സമാവില്ലേ ? സാർവ്വലൗകിക മാനവികതയിലേക്ക് മനുഷ്യരാശിയെ എപ്രകാരം ഉയർത്താം ?

ദേശ–രാഷ്ട്രങ്ങൾ അപ്രത്യക്ഷമാവുന്ന ഒരവസ്ഥയാണ് സാർവ്വലൗകിക മാനവികതകൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ ഇപ്പോഴും മനുഷ്യരാശി അതിന്നു പാകമായില്ല എന്നു പറയണം. ഹിംസാത്മകദേശീയതയേ സാർവ്വലൗകിക മാനവികതയ്ക്കു തടസ്സമാവൂ. ഒരു പ്രത്യേക ഭൂവിഭാഗത്തിൽ സാംസ്കാരികമായ ഒരുമ നിലനിർത്തിക്കൊണ്ട് ഒരു ജനവിഭാഗം പ്രവർത്തിക്കുന്നത് തെററല്ല. അപകടമുണ്ടാവുന്നത് അവർ ചെയ്യുന്നത് മാത്രമാണ് ന്യായം എന്ന ധാരണ ഉണ്ടാവുമ്പോഴാണ്. ധാർമ്മികമൂല്യങ്ങളാണ് സാർവ്വലൗകിക മാനവികതയ്ക്ക് അടിത്തറയാവേണ്ടത്. അത്തരം മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ ലോകത്ത് ഒരു നാഗരികതയെങ്കിലും രാജ്യാതിർത്തികളില്ലാതെ വളർന്നു വികസിച്ചിട്ടുണ്ട്. ഇസ്ലാമാണത്. ദേശീയ പ്രശ്നങ്ങൾക്ക് ഇസ്ലാം കണ്ടതുപോലെയുള്ള ഒരു പരിഹാരം മററു പ്രത്യയശാസ്ത്രങ്ങളിൽ കാണുകവയ്യ.

○



## ഇന്ത്യയിലെ വർണ്ണ–ജാതി യുദ്ധത്തെക്കുറിച്ച്

# ദുസ്വപ്നങ്ങളുടെ അമാവാസികൾ

മർദ്ദിതനും മർദ്ദകനും തമ്മിലുള്ള സമരങ്ങളുടെ കഥയാണ് ലോകചരിത്രം. സത്യവും അസത്യവും തമ്മിലുള്ള സംഘട്ടന ചരിത്രവും ഇതുതന്നെ. മർദ്ദകനെപ്പോലെ മർദ്ദിതനും ജീവിക്കാൻ അവകാശമുണ്ടെന്ന സത്യവും മർദ്ദിതരെ മർദ്ദിക്കുവാൻ മർദ്ദകനവകാശമുണ്ടെന്ന അസത്യവും തമ്മിലുള്ള സംഘട്ടനം കഴിച്ചാൽ ലോകചരിത്രം പൂജ്യമാണ്. ഇന്ത്യയിലതു ദ്രാവിഡ വംശജരും ആര്യന്മാരും തമ്മിലുള്ള സംഘട്ടനമാണ്. ഇന്ത്യയിലെ അടിസ്ഥാന ജനത ദ്രാവിഡരാണ്. ആര്യന്മാർ പുറത്തുനിന്നുവന്നവരും. നാഗരികത പ്രാപിച്ച മനുഷ്യൻ സംസ്ക്കാരമുള്ളവനാകുന്നു. അവൻ യുദ്ധങ്ങളെമറക്കുന്നു. സമാധാനത്തിലും സഹവർത്തിത്വത്തിലും സർവസമത്വത്തിലും വിശ്വസിക്കുന്നു. ആര്യന്മാർ വരുന്നതിനെത്രയോ മുമ്പു തന്നെ ഇന്ത്യയിൽ ലോകത്തിലേററവും മികച്ച നാഗരികതകളിലൊന്ന് നിലനിന്നിരുന്നു. ഇന്നത്തെ ദക്ഷിണേന്ത്യൻ ജനവിഭാഗങ്ങളും ഉത്തരേന്ത്യയിലെ പിന്നോക്ക വിഭാഗങ്ങളും ഉൾക്കൊള്ളുന്ന യഥാർത്ഥ ഭാരതീയ ജനതയുടെ പ്രപിതാക്കളായിരുന്നു ആ സംസ്കാരത്തിന്റെ വിധാതാക്കൾ.

പശ്ചിമേഷ്യയിൽ നിന്നെവിടേയോ ആര്യന്മാരെന്ന ഒരു പ്രാകൃത ജനവിഭാഗം ക്ഷാമവും വറുതിയും ജനപ്പെരുപ്പവും കാരണം ഇറാൻ, അഫ്ഗാനിസ്ഥാൻ വഴി ഇന്ത്യയിലേക്കു കടന്നു വന്നു. സമ്പൽസമൃദ്ധവും ഫലഭൂയിഷ്ഠവുമായ ഒരു നാടാണ് ആര്യന്മാർ ഇന്ത്യയിൽ കണ്ടത്. ഇന്ത്യയെ കീഴടക്കാനായി അവരുടെ പുറപ്പാട്. കാടന്മാരും യുദ്ധപ്രിയരുമായ അവർ അതുകൊണ്ട് തന്നെ പട്ടണങ്ങളെയും നഗരവാസികളെയും വെറുത്തു. ഹാരപ്പാ–മോഹൻജദാരോവിലെ ജനങ്ങളെ അവർ കൊന്നൊടുക്കി. നഗരങ്ങൾ ചുട്ടുകരിച്ചു; ശേഷിച്ചവരെ തെക്കോട്ട് ആട്ടിയോടിച്ചു. സ്ത്രീകളെയും കുട്ടികളെയും അടിമകളാക്കി; അവരെക്കൊണ്ടു തലമുറകളായി അടിമപ്പണി ചെയ്യിച്ചു. ഇങ്ങനെയാണ് ഇന്ത്യയിലെ മർദ്ദിത പിന്നോക്ക ജനവിഭാഗങ്ങളുടലെടുത്തത്. പലരും ജീവനെ ഭയന്ന് കാടുകളിൽ അഭയം പ്രാപിച്ചു. അവർ ഗിരിജനങ്ങളായി മാറി. ബാക്കിയുള്ളവർ തങ്ങളുടെ ഭൂമി കൈവശപ്പെടുത്തിയ ആര്യഭൂവുടമകളുടെ അടിമപ്പണിക്കാരായി സഹസ്രാബ്ദങ്ങളായി ജീവിച്ചുപോരുന്നു.

ക്രമേണ ആര്യൻമാർ ദ്രാവിഡ സംസ്കാരമുൾക്കൊണ്ടു. കലയും, സാഹിത്യവും, തത്വശാസ്ത്രങ്ങളും മററു പല വിജ്ഞാനങ്ങളും പഠിച്ചു. അവയുപയോഗിച്ച് തങ്ങളുടെ ദിഗ്വിജയങ്ങളെയും ദർശനങ്ങളെയും അവർ, ദ്രാവിഡ ഭാഷയിൽനിന്നും ആയിരക്കണക്കിന് പദങ്ങളും പ്രയോഗങ്ങളും കടമെടുത്ത് സമ്പുഷ്ടമാക്കിയ ആര്യഭാഷയിൽ അവതരിപ്പിച്ചു. അതിശയോക്തികളും കെട്ടുകഥകളും ചേർത്ത ഈ സാഹിത്യസൃഷ്ടികളാണ് പിൽക്കാലത്ത് വേദങ്ങളെന്നറിയപ്പെട്ടത്. ആര്യജനങ്ങളുടെ ഉന്നമനം മാത്രമാണ് വേദങ്ങൾ പറയുന്നത്. ദ്രാവിഡന്മാരിൽ നിന്ന് ഭൗതികമായി സംസ്കാരമുൾക്കൊണ്ടുവെങ്കിലും ആത്മീയമായി–നൈസർഗ്ഗികമായി–അവർ കാടന്മാരാണ്. ഇന്നും മനുഷ്യരെ തുല്യരായി കാണാൻ അവർക്കു് സാദ്ധ്യമല്ല. തങ്ങളുടെ കൂട്ടത്തിൽപ്പെടാത്തവരോട് അവർ അസഹിഷ്ണുത കാണിക്കുന്നു. അവരെ മ്ലേച്ഛൻമാരും നീചന്മാരും അടിമകളുമായിക്കാണുന്നു. അവർ അടിസ്ഥാനപരമായി ഫാസിസ്റ്റുകളാണ്. ഇറാനിലെ ആര്യൻമാർ അറബികളെ അടിച്ചമർത്തിവെച്ചിരുന്നതും യൂറോപ്പിലെ ആര്യൻമാർ ഏഷ്യനാഫ്രിക്കൻ അമേരിക്കൻ വൻകരകളിലെ ജനങ്ങളോട് കാണിച്ച, കാണിച്ചുകൊണ്ടിരിക്കുന്ന ക്രൂരതയും വിവേചനവും ഇതിന്റെ പ്രകടമായ ഉദാഹരണമാണ്. മററു ജനവിഭാഗങ്ങളെ ഇന്നുമവർ ചൂഷണം ചെയ്യുന്നു. അതിനനുസരിച്ചുള്ള പരാമർശങ്ങളും പ്രത്യയശാസ്ത്രങ്ങളും കെട്ടിച്ചമയ്ക്കുന്നു. പൂർവിക പാരമ്പര്യങ്ങളോടുള്ള അമിതമായ ബന്ധവും ഊററം കൊള്ളലും മനുഷ്യർക്കിടയിൽ വിഭജനം കൽപ്പിക്കുന്ന ദർശനങ്ങളും അടച്ചുപൂട്ടിയ കുടുംബവ്യവസ്ഥയും അതുവഴിയുണ്ടാകുന്ന സങ്കുചിത മനസ്ഥിതിയുമാണ് ഇവരെ ഫാസിസ്റ്റുകളും അന്ധവിശ്വാസികളുമാക്കുന്നത്. വർഗ്ഗീയത ഇവരുടെ കൂടപ്പിറപ്പാണെന്നു സാരം.

### ഇന്ത്യയിലെ ജാതി യുദ്ധം

വൈരുദ്ധ്യങ്ങളുടെ കലവറയാണ് ഇന്ത്യ. ഏകതയെക്കാൾ ഭിന്നതകളുള്ള അനേകം സംസ്ഥാനങ്ങളും ദേശീയതകളുമുള്ള വ്യത്യസ്ത തരം ജനങ്ങൾ. പൊതുവായ ഒരുസംസ്കാരികത്തുടർച്ചയില്ലായ്മ. ആത്മീയമായി വ്യത്യസ്തജനതതികളെ ബന്ധിപ്പിക്കുന്ന പൊതുവായ കണ്ണി, മോഹൻജൊദാരോ കുന്നിൻ ചെരിവുകളിലെവിടെയോ നഷ്ടപ്പെട്ടു.

ആ സംസ്കാരത്തിന്റെ തുടർച്ചയായ കണ്ണിയല്ലാതെ മററൊന്നും ഭാരതീയ മനസ്സുൾക്കൊള്ളില്ല. ആര്യദർശനങ്ങൾ നൂററാണ്ടുകളായി ഇവിടെ കൊടികുത്തിവാണിട്ടും അനാര്യദർശനങ്ങളാണ് ഇന്നും ജനങ്ങളെ നയിക്കുന്നത്. ഹിന്ദുഫാസിസ്റ്റുകൾ അങ്ങേയററം അടിച്ചമർത്തിയിട്ടും ക്രിസ്തുമതവും കമ്മ്യൂണിസവും ഇസ്ലാമും ഇവിടെ പ്രബലശക്തിയായി വളരുകയാണ്.

ഹിന്ദുമതം അനുശാസിക്കുന്ന അയിത്ത ജാതിക്കാരുടെ വ്യഭിചാരത്തെയാണ് ദേവദാസി സമ്പ്രദായം എന്നു പറയുന്നത്. അമ്പലത്തിൽ പൂജിക്കാൻ വരുന്നവരിൽ ഇവർക്കുണ്ടാകുന്ന കുട്ടികളാണ് ഹരിജനങ്ങൾ—ദൈവത്തിന്റെ മക്കൾ. ഇന്ത്യയിലെ ദലിതുകളെ അറിഞ്ഞോ അറിയാതെയോ മഹാത്മാഗാന്ധി ഹരിജനങ്ങളെന്നു വിളിച്ചു; ഗാന്ധിയെപ്പോലുള്ള സവർണ്ണർ ഹരിജങ്ങളെന്നു വിളിക്കുന്നവർ ഇന്ത്യയിലനുഭവിക്കുന്ന ദുരിതപൂർണ്ണവും യാതനാനിർഭരവുമായ ജീവിതത്തിലേക്കൊരെത്തിനോട്ടം നടത്തുകയാണിവിടെ. ചോരപൊടിയുന്ന ഏതാനും മുറിപ്പാടുകൾ മാത്രം ഇവിടെ കോറിയിടുന്നു:

ബീഹാറിലെ ഡർബാഗ ജില്ലയിൽ ഒരു ഗവൺമെൻറ് ഓഫീസിലെ പ്യൂണായ ഖിലാനന്ദ് എന്ന ബ്രാഹ്മണയുവാവ് ഒരു ഗിരിജൻ പെൺകുട്ടിയെ വിവാഹം കഴിച്ചു. ആ മഹാപാപത്തിനു ഖിലാനന്ദിനു കിട്ടിയ ശിക്ഷ അതിക്രൂരമായിരുന്നു. ഓഫീസിലെ ഉയർന്ന ഉദ്യോഗസ്ഥൻ ഖിലാനന്ദനോട് വിവാഹമോചനം നടത്തണമെന്നാവശ്യപ്പെട്ടു. ഇല്ലെങ്കിൽ പിരിച്ചുവിടുമെന്നു ഭീഷണിപ്പെടുത്തി. എന്നാൽ ഒരു ഭീഷണിക്ക് വഴങ്ങി ബന്ധം അറുത്തുകളയാൻ അദ്ദേഹം തയ്യാറായില്ല. ഒടുവിൽ മേലുദ്യോഗസ്ഥൻ തന്റെ ഭീഷണി നടപ്പാക്കി. ഖിലാനന്ദനു തന്റെ ജോലി നഷ്ടപ്പെട്ടു. ഭരണഘടനാപരമായി അംഗീകൃതമായ ഒരു കൃത്യം. പക്ഷേ, ജാതി മേധാവിത്തം ആ ഭരണഘടനയെ കൊന്നു. താഴ്ന്ന ജാതിക്കാരെ വിവാഹം ചെയ്താൽ ഗവൺമെൻറു ജോലി പോലും നഷ്ടപ്പെടുന്നു!

പോലീസ് ഗുണ്ടായിസത്തിനു കുപ്രസിദ്ധമാണ് ഉത്തരേന്ത്യ. ഇവിടെ ഏതു പോലീസുകാരനും ആരെയും കൊന്നൊടുക്കാം. അതിനൊരു പ്രത്യേക ഭാഷ്യമുണ്ട്. 'പോലീസുമായുണ്ടായ ഏററുമുട്ടലുകളിൽ കൊല്ലപ്പെട്ടു'. ഇത്തരത്തിലുള്ള 'വ്യാജമായ ഏററുമുട്ടലുകൾ'ക്കു തുടക്കമിട്ടത് ഇന്ദിരാഗാന്ധിയാണ്. പ്രതിയോഗികളായ കമ്മ്യൂണിസ്റ്റാശയക്കാരെ, കൊലപ്പെടുത്താൻ കിട്ടിയ ഏററവും ഫലപ്രദമായ തന്ത്രം. 40 വർഷത്തെ കോൺഗ്രസ്സ് സംസ്കാരത്തിന്റെ സംഭാവന. കൊല്ലപ്പെടുന്നവരിൽ ഭൂരിപക്ഷവും ഹരിജനങ്ങളും മുസ്ലിംകളുമായിരിക്കും. കാരണം അവരല്ലാതെ മററാരും 'നക്സലൈററു'കളായി ഇവിടെ ഇല്ല. ഈ ഏററുമുട്ടലുകളിൽ മരിക്കുന്നതു മുഴുവനും ''തീവ്രവാദികളും കൊള്ളക്കാരും ഭീകരപ്രവർത്തകരു''മാണ്. ആർക്കും നിർദാക്ഷിണ്യം കൊന്നൊടുക്കാവുന്ന ഒരു വർഗ്ഗം!




ജാതി മത ഫാസിസ്റ്റ് കോമരങ്ങളുടെ രാക്ഷസ സേനകൾക്ക് കുപ്രസിദ്ധമായ യു. പി. യിലെ ഒരു സംഭവം: പോലീസുകാർ രണ്ട് ജീപ്പുകളിൽ കൈയാമം വച്ച കുറെ യുവാക്കളെ കൊണ്ടുവന്ന് വരിക്കുനിർത്തി വെടിവെച്ചു കൊന്നു. അതിന്റെ പോലീസ് (മന്ത്രിസഭയുടെയും) ഭാഷ്യമെന്തായിരുന്നുവെന്നോ? പോലീസുമായുള്ള സംഘട്ടനത്തിൽ 11 കൊള്ളക്കാർ കൊല്ലപ്പെട്ടു. സവർണ്ണർ ഇവരുമായി നടത്തിയ ഒരു സ്ഥലം കേസിൽ തോററതിനു പ്രതികാരം തീർക്കാനായിരുന്നു പോലീസ് ഈ നിരപരാധികളായ ഹരിജൻ യുവാക്കളെ വെടിവെച്ചു കൊന്നത്. ചോര തണുപ്പിക്കുന്ന ഈ കൂട്ടക്കൊല നടത്തിയ

പോലീസുകാരെ രാജീവ് ഭരണകൂടം വെറുതെ വിട്ടു.

ജാലിയൻ വാലാബാഗിൽ വെടിവെച്ചത് വിദേശികളുടെ ചോററു പട്ടാളമായിരുന്നു. അതും ഇന്ത്യക്ക് സ്വാതന്ത്ര്യം കിട്ടുന്നതിന് എത്രയോ മുമ്പ്. എന്നാൽ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ജനറൽ ഡയറിനെപ്പോലും ലജ്ജിപ്പിക്കുന്ന ജാലിയൻ വാലാ ബാഗുകളാണ് കോൺഗ്രസ്സ് ഭണകൂടത്തിൻെറ പോലീസ് നടത്തുന്നത്. ബിഹാറിലെ ഒരു പ്രാന്ത പ്രദേശത്ത് കുടിൽ കെട്ടി താമസിക്കുകയായിരുന്നു നിരാലംബരായ കുറെ കർഷകത്തൊഴിലാളികൾ. വെറും ഒരേക്കറിൽ താഴെ വരുന്ന സ്ഥലത്ത്. 60ലധികം ഏക്കർ ഭൂമിയുള്ള ഒരു ജന്മിയായ വൈദ്യനാഥ റാസക്കിനു ആ സ്ഥലവും കൂടി പിടിച്ചടക്കണമെന്നാഗ്രഹം. കർഷകത്തൊഴിലാളികളുടെ വീടുകൾ ഗുണ്ടകളെ വിട്ട് അഗ്നിക്കിരയാക്കി. അവിടെ മതിൽകെട്ടി. സാധാരണക്കാരായ ജനങ്ങളെല്ലാംതന്നെ ഭൂവുടമക്കെതിരെ ഒന്നിച്ചു. അവർ ഭൂവുടമയോട് മതിലുപൊളിച്ചു മാററണമെന്നാവശ്യപ്പെട്ടു. ഭൂവുടമമതിലുപൊളിച്ചില്ല. 800ഓളം വരുന്ന കർഷകത്തൊഴിലാളികൾ ആ ശപിക്കപ്പെട്ട ദിവസത്തിലെ പ്രഭാതത്തിൽ മാർച്ചുചെയ്തുചെന്ന് മതിൽപൊളിച്ചു. ഭാരത്സാഉ എന്ന ട്രേഡുയൂണിയൻ പ്രവത്തകനാണ് ഇതിനു നേതൃത്വം നൽകിയത്. കലിതുള്ളിയ ജന്മി പോലീസിനെ കൈക്കൂലികൊടുത്തു ഹരിജനങ്ങൾക്കെതിരെ നിയോഗിച്ചു. വിജയമാഘോഷിക്കുന്നതിനുവേണ്ടി ഗാന്ധിപുസ്തകാലയത്തിൽ തടിച്ചുകൂടിയ സ്ത്രീകളും കുട്ടികളും വൃദ്ധജനങ്ങളുമടങ്ങിയ ജനാവലിക്കുനേരെ പോലീസ് യാതൊരു പ്രകോപനവും കൂടാതെ വെടിവെച്ചു. 100 കണക്കിനു ജനങ്ങളാണു കൊല്ലപ്പെട്ടത്. ഭാരത് സാഉവിനെ പോലീസ് പിടിച്ചുകൊണ്ടുപോയി വെടിവെച്ചുകൊന്നു.

രാജീവ് ഭരണകൂടത്തിൻെറ ഭാഷ്യം 'പോലീസുമായുള്ള ഏററുമുട്ടലിൽ കുറെ കൊള്ളക്കാർ കൊല്ലപ്പെട്ടു' എന്നായിരുന്നു. ചില മനുഷ്യാവകാശ സംഘടനകളാണ് ഈ ഹിററ്ലർ മോഡൽ കൂട്ടക്കൊലയുടെ ചുരുളഴിച്ചു ലോകശ്രദ്ധയിൽ കൊണ്ടുവന്നത്. എന്നിട്ടും ദുബെ മർദ്ദക ഭരണകൂടത്തെ താങ്ങിനിർത്താൻ പാടുപെടുകയാണ് കേന്ദ്രം.

ബീഹാറിലെ ഭൂമിക്കുവേണ്ടി പ്രക്ഷോഭണം നടത്തുന്ന ഹരിജന ഗിരിജന വംശജരെ ചുട്ടകരിക്കാനും കൂട്ടക്കൊല ചെയ്യാനും ബ്രാഹ്മണ-രജപുത്ര ഭൂവുടമകളും സ്വകാര്യ ഭീകര സേനകളെ സംഘടിപ്പിക്കുന്ന തിരക്കിലാണ്. ഭൂമിസേന, ബ്രഹ്മർഷിസേന, കൗർസേന, ശിവസേന, തൃശ്ശൂൽസേന, സിംഹസേന തുടങ്ങിയ ഭീകര പ്രവർത്തക ഗുണ്ടാഗ്രൂപ്പുകൾ സ്വകാര്യ ഭൂവുടമകളുടെ താത്പര്യം സംരക്ഷിക്കുന്നു. അടിസ്ഥാനഭാരതീയരായ ഹരിജന-ഗിരിജനങ്ങളെ കൂട്ടക്കൊല നടത്തിക്കൊണ്ടിരിക്കുന്നു. പോലീസ് ഈ ഭീകര സേനകളുടെ പ്രത്യക്ഷ രൂപങ്ങളാണ്. ഹരിജനങ്ങൾക്കെതിരെ ഇവരെല്ലാവരും ഒററക്കെട്ടായി നിൽക്കുന്നു.

ഹരിജനങ്ങളുടെ രക്ഷക്ക് അംഗുലീ പരിമിതരായ പാവപ്പെട്ടവരും മനുഷ്യസ്നേഹികളുമായ നക്സലൈററുകൾ മാത്രമാണുള്ളത്. ഇവർ സവർണ്ണ രാക്ഷസന്മാർക്കെതിരെ ഹരിജനങ്ങളെ സംഘടിപ്പിച്ച് ശക്തമായ തിരിച്ചടി നൽകുന്നുണ്ട്. അതുകൊണ്ടുതന്നെ സവർണ്ണ ഭൂസ്വാമികൾക്ക് കമ്മ്യൂണിസ്റ്റുകളെ ഭയമാണ്. സോഷ്യലിസ്റ്റാശയങ്ങളോട് കടുത്ത ശത്രുതയും.

ഉത്തരേന്ത്യയിൽ മുസ്ലീം ന്യൂനപക്ഷങ്ങളെപ്പോലെതന്നെ വംശനാശത്തിൻെറ വക്കിലാണ് ഹരിജനങ്ങൾ. വർഷംപ്രതി 1000ക്കണക്കിനാണ് ഹരിജനങ്ങൾ കൊല്ലപ്പെടുന്നത്. അവരുടെ ജീവിതവും സ്വത്തും അഭിമാനവും ഏതു നിമിഷവും അപകടപ്പെടാം. സവർണ്ണർ അവരുടെ സ്ത്രീകളെ ബലാത്സംഗം ചെയ്യുന്നു. കുട്ടികളെ പിടിച്ചു മർദ്ദിക്കുന്നു. ഹരിജനങ്ങളെ മാനസികമായും ശാരീരികമായും സാമ്പത്തികമായും അടിച്ചമർത്തുന്നു. അദ്ധ്വാനിച്ചതിനു കൂലി ചോദിക്കുന്നതുപോലും പാപമാണ്. പലപ്പോഴും മരണമായിരിക്കും ശിക്ഷ. പോലീസിൽ പരാതിപ്പെടാൻ പാടില്ല.

ഭൂവുടമ തൊഴിൽ നിഷേധിക്കും. പിന്നെ പട്ടിണി മരണമായിരിക്കും ഫലം. പോലീസും സർക്കാരുംപോയിട്ട് ഒരു പട്ടിപോലും അവരെ തിരിഞ്ഞുനോക്കില്ല. എല്ലാ യാതനകളും കടിച്ചമർത്തി ജീവിക്കുകയാണവർ. പോലീസും മർദ്ദകരുടെ പക്ഷത്താണ്.

ഒരു കൂട്ടക്കൊലയുടെ വക്കിലാണ് ബീഹാറിലേയും യു.പി.യിലേയും ഹരിജനങ്ങൾ ഏതു നിമിഷവും അവരെ സവർണ്ണ ഭീകരസേനകൾ വളഞ്ഞു പിടിച്ചു കൂട്ടക്കശാപ്പ് ചെയ്തേക്കാം. അത്രക്കു വിദ്വേഷമാണ് ഹിന്ദുഷോവനിസ്റ്റുകൾ

ക്കു് ഹരിജനങ്ങളോട്. ഹരിജനങ്ങളെ സംഘടിപ്പിക്കാനും സംരക്ഷിക്കാനും ജീവത്യാഗം ചെയ്യുന്ന നക്സലൈററുകൾ മാത്രമാണ് അവരുടെ ഏകപ്രതീക്ഷ. അവർക്കേറെയൊന്നും ചെയ്യാൻ കഴിയുന്നില്ല. ആൾബലമില്ലായ്മ കൊണ്ടും വിഭവ ദൗർലഭ്യംകൊണ്ടും. എങ്കിലും ഹിന്ദു ഷോവിനിസ്റ്റുകളിൽനിന്നും രക്ഷപ്പെടാൻ ഇടതുപക്ഷ പ്രസ്ഥാനങ്ങളല്ലാതെ മറെറാരഭയകേന്ദ്രം ഹരിജനങ്ങൾക്കില്ല.



ഹരിജനങ്ങളുടെ അസ്തിത്വത്തിൻെറ സുസ്ഥിരത ഭാരതത്തിൽ വേരൂന്നുന്നകമ്മ്യൂണിസ്റ്റായശങ്ങളുടെ പ്രചരണ വേഗത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഫാസിസ്റ്റ് ഹിന്ദുക്കൾ ഇതു കണ്ടറിഞ്ഞ് അവിടങ്ങളിൽ തഴച്ചുവളരുന്ന ഇടതുപക്ഷ ചിന്താഗതിയെ മുളയിൽതന്നെ ചോരയിൽ മുക്കിക്കൊല്ലാൻ ശ്രമിക്കുകയാണ്, പോലീസിൻെറ പിൻബലത്തോടെ.

ഗാന്ധിയുടെ ജന്മഗേഹമായ ഗുജറാത്തിന്ന് അറിയപ്പെടുന്നതു് മത–ജാതി കുടില ചിന്തകൾ വർഗ്ഗീയ വിഷം വമിപ്പിക്കുന്ന നാടായിട്ടാണ്. സവർണ്ണമഹോത്സവത്തിനു കുപ്രസിദ്ധമാണ് ഗുജറാത്ത്. ഓരോ മഹോത്സവത്തിനു ശേഷവും അവിടെ സവർണ്ണർ വർഗ്ഗീയലഹള സൃഷ്ടിക്കും. നൂറുകണക്കിനുജനങ്ങളെ കൂട്ടക്കൊല ചെയ്യും. ആദ്യമൊക്കെ മുസ്ലിംകളുടെ നേരെയായിരുന്ന ആക്രമണം. ഇപ്പോഴവർ ഹരിജനങ്ങളുടെ നേരെയും തിരിഞ്ഞിരിയ്ക്കുന്നു.

?

കൈര ജില്ലയിലെ ഭട്ടിൽ 5 ഹരിജൻ യുവാക്കളെ ദർബാറികൾ എന്ന ഭൂസ്വാമികൾ കൊല ചെയ്തു. അതും എസ്. ആർ. പി. ഔട്ട് പോസ്റ്റിൻെറ മൂക്കിനു മുമ്പിൽവെച്ച്.

സവർണ്ണരുടെ കിണററിൽനിന്നു കുടിവെള്ള മെടുത്തതിനെ തുടർന്നുണ്ടായ ലഹളയിൽ കൊല്ലപ്പെടുകയോ ഗുരുതരമായി പരിക്കേൽക്കുകയോ ചെയ്തതു് 756 ഹരിജനങ്ങളാണ്.

ഒരു മാസത്തിൽ മൂന്നു കൂട്ടക്കൊല വീതമാണ് ഗുജറാത്തിൽ നടക്കുന്നതു്. പക്ഷേ, ഇതിൻെറ പേരിൽ ഒരൊററ കുററവാളിപോലും ശിക്ഷിക്കപ്പെടുന്നില്ല. ഇന്ത്യയിലിന്നു നിലവിലുള്ള ഭരണഘടനയും നീതിന്യായ സമ്പ്രദായവും ഹരിജനങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് തീരെ അപര്യാപ്തമാണെന്നു വ്യക്തം.

കർണ്ണാടകയിൽ ഒരു ജന്മിയുടെ പാടത്തുനിന്നു പുല്ലെടുത്തതിനു രണ്ടു ഹരിജൻ യുവാക്കളെ അമേധ്യം തീററിച്ച കഥ ഇയ്യിടെ ഇന്ത്യൻ എക്സ്പ്രസ്സ് റിപ്പോർട്ടുചെയ്യുകയുണ്ടായി. 'ആർഷ ഭാരത' സംസ്കാരത്തിൻെറ കൊട്ടിഘോഷിക്കപ്പെടുന്ന ഉൽകൃഷ്ടത എങ്ങനെയുണ്ട് ?

മനുഷ്യരെയെല്ലാം ഒന്നായി കാണാൻ പഠിപ്പിക്കുന്ന ഒരു ദർശനത്തിൻെറ കണികപോലും ഭാരതീയ ദർശനങ്ങളിലില്ല എന്നത് ഇവ ചൂഷകൻെറ സൗകര്യത്തിനുവേണ്ടി രൂപീകരിച്ചതായതുകൊണ്ടല്ലേ? നിരായുധരും നിരാലംബരും അജ്ഞരും അസംഘടിതരുമായ ഒരു ജനതയെ പീഡിപ്പിച്ചുകൊല്ലുന്ന നാസിസത്തിൽ കവിഞ്ഞ യാതൊരു 'സദുദ്ദേശ്യവും' സവർണ്ണ 'സംഘ' ങ്ങൾക്കോ 'പരിഷത്തു'കൾക്കോ മുന്നണികൾക്കോ ഇല്ല. അതിനു പ്രചോദക കേന്ദ്രമായ വേദങ്ങളും ഉപനിഷത്തുകളും മററു ധർമ്മശാസ്ത്രങ്ങളും മീമാംസകളുമാണത്രെ ഭാവി ഭാരതത്തിൽ പ്രതിഷ്ഠിക്കാനായി ഇക്കൂട്ടർ പാടുപെടുന്നത്. എങ്കിലതു -356കോടി വരുന്ന ഹരിജന–ഗിരി ജനങ്ങളായ അടിസ്ഥാന ഭാരതീയരുടെ മരണശേഷമേ സംഭവിക്കൂ എന്നുനമുക്കുറപ്പിക്കാം.

ഉന്നത വിദ്യാഭ്യാസവും സ്ഥാനമാനങ്ങളും നേടിയ ഹരിജനങ്ങൾപോലും ഈ പീഡനങ്ങളിൽനിന്നും അവഹേളനങ്ങളിൽനിന്നും മുക്തരല്ലെന്ന സത്യം അടിസ്ഥാന ഭാരതീയരുടെ രാഷ്ട്രപിതാവായ ഡോ. ബി. ആർ. അംബേദ്കറുടെ ജീവിതകഥ വായിച്ചവർക്കറിയാമല്ലോ. മഹാനായ അംബേദ്ക്കറോട് ഹിന്ദു-പാർസി

സവർണ്ണ കിരാതത്തം കാണിച്ച ആ കുടിലമായ വിവേചനങ്ങൾ സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ കോൺഗ്രസ് ഭരണത്തിൻ കീഴിലും നിർബാധം തുടരുന്നു. ബീഹാർ നിയമസഭയിലെ കോൺഗ്രസ് (ഐ) എം. എൽ. എ. യും ഹരിജനമായ രാധാകൃഷ്ണൻ കിഷോറിനെ തന്റെ പാർട്ടിയിൽപ്പെട്ട ഒരു സവർണ്ണനായ എം. എൽ. എ. മർദ്ദിച്ചസംഭവം അദ്ദേഹം ബീഹാർ നിയമസഭയിൽ കണ്ണീരോടെ വിവരിച്ചത് നാം മറന്നിട്ടില്ല.

ഹരിജൻ എത്ര ഉന്നതസ്ഥാനത്തെത്തിയാലും അവൻ സവർണ്ണന് കീഴ്പ്പെടണമെന്ന ഫാസിസ്റ്റ് വാശി അനവരതം നിലനിൽക്കുന്നു എന്നതിലേക്കല്ലേ ഇതു വിരൽ ചൂണ്ടുന്നത്?

ഇപ്പറഞ്ഞതൊക്കെ ഉത്തരേന്ത്യയിലെ വർണ്ണവെറികൾ. ദക്ഷിണേന്ത്യയും ഇതിൽ നിന്ന് മുക്തമല്ല. തമിഴ്നാട്ടിലെ മീനാക്ഷിപുരം ഒരു നാൾ റഹ്മത്ത്നഗരമായി. ജാതിവ്യവസ്ഥയുടെ കുടിലതകളും ദുരിതങ്ങളും പേറിസഹികെട്ട ഒരു കൂട്ടമാളുകളാണ് മതം മാറിയത്. താഴ്ന്ന ജാതിക്കാരായതുകൊണ്ടുമാത്രം തങ്ങൾ അനുഭവിക്കുന്ന പീഡനങ്ങളിൽനിന്നും മുക്തിനേടാനായിരുന്നു, അത്. ഗൾഫുപണമാണ് ഇതിനുപിന്നിലെന്ന് പറയുന്നത് ജാതിസമ്പ്രദായത്തിന്റെ ദുരിതം ഇന്നും നിലനില്ക്കുന്നു എന്ന സത്യം മറച്ചുവെയ്ക്കാൻ മാത്രമാണ് എന്ന് ആരെങ്കിലും പറയുന്നുണ്ടെങ്കിൽ അവരെ പഴി ചാരുന്നതെന്തിന് ? കർണ്ണാടകയിലെ ഹരിജനങ്ങൾ കൂലിയില്ലാതെ സവർണ്ണരുടെ അടിമപ്പണിക്ക് വിധിക്കപ്പെട്ടിരിക്കുന്നു. കൂലി ചോദിച്ച വായിൽ മണ്ണു വീഴുന്ന അവസ്ഥയാണ്, അവിടെ. അവിടെ മാത്രമല്ല, ഇന്ത്യയിൽ പലയിടങ്ങളിലും ഇങ്ങനെത്തന്നെ.

ആർഷദർശനങ്ങളുടെ ഭാഗങ്ങളായ പുനർജ്ജന്മസിദ്ധാന്തം, ജാതിവ്യവസ്ഥ, ചാതുർവർണ്ണ്യം തുടങ്ങിയവയുടെ നിരാസത്തിലൂടെയേ ഹരിജനങ്ങൾക്ക് രക്ഷയുള്ളൂവെന്ന് പലരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മർദ്ദിതൻ രക്ഷപ്പെടണമെങ്കിൽ മർദ്ദകനേയും മർദ്ദകന്റെ വ്യവസ്ഥിതിയെയും ഗളഛേദം ചെയ്യേണ്ടിവരും എന്നത് ഒരു ലോകസത്യമാണ്. മർദ്ദകന്റെ ഗളഛേദം എന്നതുകൊണ്ട് ഒരു വ്യക്തിയുടേയോ ഏതാനും വ്യക്തികളുടേയോ കഴുത്തറുക്കുകയാണെന്ന് തെററിദ്ധരിക്കുകയും വേണ്ട. മർദ്ദകനെ മർദ്ദകനാക്കുന്ന സകല ഉപാധികളുടെയും നിരാസമാണുദ്ദേശ്യം.



ഉദ്ബുദ്ധമെന്ന് കൊട്ടിഘോഷിക്കപ്പെടുന്ന കേരളത്തിലുമുണ്ട് ഹരിജനമർദ്ദനം. കൊയിലാണ്ടിയിലെ മുത്താമ്പിയിൽ ഹരിജനങ്ങൾ ക്രൂരമായി മർദ്ദിക്കപ്പെട്ടപ്പോൾ ഒരൊററ രാഷ്ട്രീയ പാർട്ടിക്കാരോ സാമൂഹ്യസേവകരോ മിണ്ടിയില്ല. കല്പററയിൽ മുൻകേരള മന്ത്രിസഭയിലെ ഒരു സവർണ്ണമന്ത്രിണിയെ കാണാൻ ചെന്ന ഹരിജൻ കുഞ്ഞുങ്ങളോടുണ്ടായ പെരുമാററം മറെറാരു ദൃഷ്ടാന്തമാണ്. ഗോയങ്കേയുടെ 'ഇന്ത്യൻ എക്സ്പ്രസ്'' തന്നെ റിപ്പോർട്ട് ചെയ്തതാണിത്. കൂലി ചോദിച്ചാൽ വധശിക്ഷ നൽകുന്ന സമ്പ്രദായം ഉത്തരേന്ത്യയുടെ മാത്രം കുത്തകയാണെന്ന് ധരിച്ചവർക്ക തെററി. കേരളത്തിലുമുണ്ട്, അത്. പാലക്കാട്ട് കൂലി ചോദിച്ചതിനാണ് മുത്തുകൃഷ്ണസ്വാമി കൗണ്ടയുടെ ഗുണ്ടകൾ രണ്ടു ഗിരിജനങ്ങളെ പട്ടാപ്പകൽ കൊലപ്പെടുത്തിയത്. ഇത്തരക്കാരായ ബ്രാഹ്മണർ ഇനിയും 'ഉണരണ'മെന്നാണ് മുൻമന്ത്രി സി. എം. സുന്ദരം ആവശ്യപ്പെട്ടത്.

ഭാരതത്തിൽ ഒരു പശുവിന് അല്ലെങ്കിൽ ഒരു എലിക്ക് കിട്ടുന്ന പരിഗണന പോലും അർഹിക്കാത്തവരായിരിക്കുന്നു ഹരിജനങ്ങൾ എന്നു സാരം.

പാലക്കാട്ടെ ഒരു സംഭവം. ഒരു ഹരിജൻ യുവതിയെ പോലീസ് അറസ്റ്റ് ചെയ്തുകൊണ്ടു പോയി മർദ്ദിച്ചു. വിട്ടപ്പോൾ ഒരു താക്കീതും. വിവരങ്ങൾ പുറത്തു പറഞ്ഞാൽ കൊന്നുകളയും. ബീഹാറാവുകയാണ് കേരളവും. ഫാസിസ്റ്റു ശക്തികൾ കേരളത്തിലും അടിവേരു് കണ്ടെത്തുകയല്ലേ ? കോഴിക്കോട്ട് നഗരത്തിൽത്തന്നെ ഹരിജനങ്ങളുടെ ഊണ് പുറത്താണ്. ഉമ്മറപ്പടിയ്ക്കുതാഴെയിരുന്നു വേണം അവർക്ക ഭക്ഷണം

കഴിക്കാൻ. അയിത്തം ഉച്ചകോടിയിലെത്തി യത് കാസർകോട്ടാണെന്ന് പത്രവാർത്തകൾ പരിശോധിച്ചാലറിയും. വർഗ്ഗീയ സംഘടന കൾ ഏററവും ശക്തിപ്രാപിച്ച് വരുന്നതും അവി ടെയാണെന്നതും ഇതും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ എന്നത് പരിശോധിക്കേണ്ട താണ്. തൊട്ടുപുറകെ പാലക്കാടും വയനാടും.

ഇന്ത്യയിൽ ഹരിജനങ്ങൾക്കനുഭവിക്കേണ്ടി വരുന്ന ക്രൂരമായ യാതനകളും പീഡനങ്ങളും അനുഭവിച്ചറിഞ്ഞതു കൊണ്ടുതന്നെയാവണം, ബി. ആർ. അംബേദ്ക്കർ, ഹരിജനങ്ങൾ ഹൈന്ദവധർമ്മത്തിൻെറ ഭാഗമല്ലെന്നും അവർ ക്കങ്ങനെയാകാൻ കഴിയില്ലെന്നും പ്രഖ്യാപി- ച്ചത്. ഇന്ത്യയിലെ മാത്രം സമ്പ്രദായമാണ് ജാതിവ്യവസ്ഥ. വളരെ സങ്കീർണ്ണമാണിത്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം, വർഗ്ഗീയത യല്ല പ്രശ്നമെന്നും, ജാതീയതയാണ് സകല പ്രശ്നങ്ങളുടെയും അടിസ്ഥാന കാരണമെന്നും പലരും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ഇന്ത്യയിലെ അഞ്ചുകോടി വരുന്ന മുസ്ലീംകൾ അനുഭവി ക്കുന്ന, അനുഭവിക്കാനിരിക്കുന്ന അതേയാതന കളും അതിലേറെ വിവേചനവുമാണ് ഹരിജ നങ്ങളനുഭവിച്ചുകൊണ്ടിരിക്കുന്നത്. അവർക്ക് മതം മാറി ഈ അപമാനത്തിൽ നിന്ന് രക്ഷ പ്പെടാൻ പോലും സാദ്ധ്യമല്ല. നൂററാണ്ടുകളായി അടിച്ചമർത്തപ്പെട്ടുപോരുന്ന ഒരു സമൂഹമെന്ന നിലയിൽ തങ്ങളനുഭവിച്ചുപോരുന്ന പ്രത്യേകാ വകാശങ്ങൾ അതുവഴി നഷ്ടപ്പെടും. ഹരിജന ങ്ങൾ ഇന്നനുഭവിക്കുന്ന വിവേചനങ്ങൾക്ക് അറുതി വരുത്താനുള്ള മാർഗ്ഗങ്ങൾ ആരായേണ്ടിയി രിക്കുന്നു. ഹൈന്ദവ നവോത്ഥാന സംഘടന കൾക്ക് ഇതിലെന്തെങ്കിലും ചെയ്യാൻ കഴിഞ്ഞി ട്ടുണ്ടോ എന്ന് പരിശോധിച്ചാൽ ഫലം നിരാ ശാജനകമായിരിക്കും. തന്നെയുമല്ല, പലപ്പോഴും ഇത്തരം സംഘടനകൾ മർദ്ദകസ്വഭാവവും പ്രക ടമാക്കുന്നില്ലേ എന്നും സംശയിക്കേണ്ടി വരുന്നു ണ്ട്. ഇന്ത്യൻ മനസ്സുകളിൽ വളരെ ആഴത്തിൽ വേരോടിയ ഒന്നാണ് ജാതീയത. നൂററാണ്ടുകൾ പിന്നിട്ടിട്ടും അത് അതിൻെറ ക്രൂരവും നീച വുമായ ശക്തി കൈവെടിഞ്ഞിട്ടില്ല. ഇതു പറി ച്ചെറിയുവാൻ വളരെയേറെ ശ്രമങ്ങൾ വേണ്ടി വരും.

O

# എൻെറ ഡിസംബർ

ഡിസംബർ
അവരം ഒരു സൂര്യ വിളക്കാകുന്നു
ചുരുണ്ട മുടിത്തുമ്പിലെ
മഞ്ഞുതുള്ളി തേടി
എൻെറ കഴുത്ത് നീണ്ടുപോകുന്നു
നിഴലുകളുടെ മടക്കുകളിൽ
എൻെറ രക്തം കട്ട പിടിക്കുന്നു
കലണ്ടറിൽ നിന്നും
എൻെറ പെരുവിരൽ
തണുപ്പിൻെറ കാഠിന്യമേററുവാങ്ങുന്നു
അവരം
എൻെറ കാതിൽ ഒരു രഹസ്യം പറഞ്ഞു
അപ്പോഴാണ്
നിലവിളക്കിൻെറ ഏഴു സ്വപ്നങ്ങളും
അവളുടെ കണ്ണുകളിൽ
ഞാൻ കണ്ടത്
അവളുടെ മുടിത്തുമ്പിൽ
മൃദുവായ് ചുംബിച്ചപ്പോരം
എൻെറ ചുണ്ട് പൊട്ടി നിണമണിഞ്ഞു.
അവരം
ഒരു സൂര്യവിളക്കാകുന്നു.




ഷഫീക്ക്. കെ.

## ഫോക്‌ലോർ

ണത്തെ അതിജയിച്ച്
ന്നം നിലനിൽക്കുന്ന
ഫോസിലുകളാണ് ഫോക്‌ലോർ.

—ഫ്രാൻസിസ് പോട്ടർ



## ചൊല്ല്-മറുചൊല്ല്

കുഞ്ഞ്യക്കൻെറ ഭാര്യ സുന്ദരിയാണ്. അവളുടെ അരികത്തേയ്ക്ക് തുളുത്തിയ്യൻ വരുന്നു:
''നിൻെറാരു ഓന് ഏടെ പോയ്ന്ന് മൂടി ?''

കുഞ്ഞ്യക്കൻെറ മൂടി : പണ്ടേ കൊടുത്ത്ന്പോലും നായി മൊളക്. അയ്ൻെറാരു കടം പിരിപ്പി ക്കേൻ പോയ്ന്ന് ഓൻ.

തുളുത്തിയ്യന് മൂടിയിൽ ഭ്രമം : നിൻെറാരു ഓനെക്കൊന്ന് എനിക്കിരിക്ക്യോ മൂട്യേ ?
മൂടിക്കും തുളുത്തിയ്യനിൽ ഭ്രമം : എങ്ങനെ ഏപ്പണത്താലെ ഓനെ ഞാൻ കൊല്ലണ്ടെ ?

തുളുത്തിയ്യൻ കൊല്ലാനുള്ള പണിപറയുന്നു :

''ഇളം മൂർഖൻ കുഞ്ഞീരെ നെയ്യെടുക്കണം മൂട്യേ
പുല്ലാഞ്ചി തോലെല്ലാം തച്ച് പര്തണം മൂട്യേ''

പുല്ലാഞ്ചിക്കാട് തച്ച് പരതി ഇളം മൂർഖനെ കിട്ടുന്നു. അതിനെക്കൊന്ന് നെയ്യെടുക്കുന്നു. നെയ്യ്കൊണ്ട് നെയ്യപ്പം വാർക്കുന്നു. അപ്പഴെയ്ക്കും കുഞ്ഞ്യക്കൻ (മൂടിയുടെ ഓൻ) വരുന്നു. ശിരസ്സിൽ വലിയൊരു ചുമട്.

തുളുത്തിയ്യൻ : കെട്ട്ന്ന് പുടി പുടി കുഞ്ഞ്യക്കൻെറ മൂട്യേ....

കുഞ്ഞ്യക്കന് ഉഗ്രൻ സ്വീകരണം.

''തലമന്ന് പുടിച്ചിററ് കുഞ്ചീമ്മവെച്ച
കുഞ്ചുമന്നെട്ത്തിററ് നെഞ്ച്മ വെച്ച്നെ
നെഞ്ചുമന്നെടുത്തീററ് മുട്ട്മെവെക്കുന്നേ
മുട്ട്മന്നെട്ത്തിററ് നെലത്ത്വെക്കുന്നേ''

കുഞ്ഞ്യക്കൻ തണ്ണീരു ചോദിക്കുന്നു. മൂടി തെളികൊടുക്കുന്നു. തെളികുടിച്ച് കുഞ്ഞ്യക്കന് കണ്ണ് പലതരം പോന്നു. തുളുത്തിയ്യനും മൂടിയും കുഞ്ഞ്യക്കനെ കുഞ്ഞി മൂർഖൻെറ നെയ്യിൽ ചുട്ട നെയ്യപ്പംതീററിക്കുന്നു. കുഞ്ഞ്യക്കൻ മരിക്കുന്നു. മൂടിയെ തുളുത്തിയ്യൻ സ്വന്തമാക്കുന്നു.

(അത്യുത്തര കേരളത്തിലെ അതിർത്തി ഗ്രാമങ്ങളിലെ ഗിരിവർഗ്ഗക്കാരായ മയ്യന്മാരുടെ ഇടയിൽ പെൺചതിയെക്കുറിച്ചുള്ള പാട്ട്. ചിലപ്പോഴം കഥയായും പറയുന്നു.)

## ഒരു അസംബന്ധ ഗാനം

ചെറിയോണം മോന്തിക്ക്
വലിയോണം മോന്തിക്ക്
ചെറിയമ്മപ്പെണ്ണിൻെറ
മൊലരണ്ടും കണ്ടില്ല.
അമ്മ കരയ്ന്ന്
അച്ഛൻ കരയ്ന്ന്
ബന്ധ്വായിട്ടുള്ളവൻ
പൊട്ടിക്കരയ്ന്ന്
അമ്മതെരയ്ന്ന്
അച്ഛൻ തെരയ്ന്ന്
ബന്ധ്വായിട്ടുള്ളവൻ
കാടെല്ലാം തെരയ്ന്ന്
പിറേറന്ന് കാലത്ത്
തെക്കേ തൊടീല്
ഈന്തിൻ കണമേല്
മൊല രണ്ടും തൂങ്ങ്ന്ന്
അമ്മ ചിരിക്ക്ന്ന്
അച്ഛൻ ചിരിക്ക്ന്ന്
ബന്ധ്വായിട്ടുള്ളവൻ
പൊട്ടിച്ചിരിക്ക്ന്ന്

(ചൊല്ലിനും മറുചൊല്ലിനും ഈ അസംബന്ധ ഗാനത്തിനും കടപ്പാട് എം. എ. റഹ്മാൻ മ:ഷോട്, ഗവ. ബ്രണ്ണൻകോളേജിലെ മലയാള വിഭാഗത്തിൻെറ 'നാടൻ കലാമേള 86' നോട്.)

## ഫോക്‌ലോർ

പരിശീലനത്തിലൂടെയോ ഓർമ്മയിലൂടെയോ സംരക്ഷിച്ചുപോരുന്നതും ഒരാളിൽനിന്ന് മററൊരാളിലേക്ക് കൈമാറിവരുന്നതുമായ പാരമ്പര്യമാണ് ഫോക്‌ലോർ

—സ്റ്റിത് തോംസൺ

# കടലാസുവഞ്ചി

ഏ. ഐ. അബ്ദുൽറഊഫ്

ചെറുപ്പത്തിൽ എനിക്ക് കടലാസുവഞ്ചിയുണ്ടാക്കാൻ അറിഞ്ഞുകൂടായിരുന്നു. കൂട്ടുകാർ കടലാസു പന്തും കടലാസു വഞ്ചിയുമുണ്ടാക്കിയപ്പോൾ ഞാൻ ദുഃഖത്തോടും കൊതിയോടും കൂടി നോക്കിയിരുന്നു. ഞാനുണ്ടാക്കിയ കടലാസു–ചുരുളുകൾ എപ്പോഴും മുററത്തെ മഴച്ചാലുകളിൽ കണ്ണീർ വാർത്തുകൊണ്ട് മുങ്ങിപ്പോയി.

ഒരു നാൾ ഉമ്മറത്ത് മഴക്കളിരുമേററ് ഞാനിരുന്നു. മുററത്തെ മഴച്ചാലുകളിലൂടെ എൻെറ തോണി എന്നാണൊഴുകുക? അച്ഛൻ എൻെറ ചെവിയിൽ പിടിച്ചുകൊണ്ട് പറഞ്ഞു: നീയിനിയും പഠിക്കേണ്ടിയിരിക്കുന്നു. അച്ഛൻ കടലാസുകൊണ്ട് തോണിയുണ്ടാക്കി. 'ഇങ്ങനെയാണ് തോണിയുണ്ടാക്കുക'.

ഞാൻ, അച്ഛനുണ്ടാക്കിയ തോണിയുടെ മടക്കുകൾ ഓരോന്നായഴിച്ചു. പിന്നെ, അവ ഒരുമിച്ചു കൂട്ടി. വീണ്ടും അഴിച്ചു; വീണ്ടും ഒരുമിച്ചു കൂട്ടി. മുററത്തെ മഴച്ചാലിൽ തെന്നിത്തെന്നി തോണി നീങ്ങി.

മഴച്ചാലുകളിലൂടെ എൻെറ തോണി ഒന്നൊന്നായി തെന്നിയൊഴുകിക്കൊണ്ടിരുന്നു. കൂട്ടുകാരെക്കാൾ നന്നായി തോണിയുണ്ടാക്കാൻ എനിക്കിപ്പോഴറിയാം. രണ്ടു നിലത്തോണിയും, കത്തിത്തോണിയുമായി എൻെറ കൈയിലൂടെ കടലാസു ചുരുളുകൾ രൂപം മാറി. പൂവിതൾ, മയിൽപ്പീലിത്തുണ്ട്, ഉറുമ്പ്, അരിമണികൾ, എല്ലാം എൻെറ തോണികളിലൂടെ കാലത്തിൻെറ മഴച്ചാലുകൾ താണ്ടി.

ഒരുനാൾ മുററത്തെ പോക്കുവെയിലും, പോക്കുവെയിലിൽ വിരിഞ്ഞ നാലുമണിപ്പൂക്കളെയും തുളസിത്തറയിലെ പൊൻതുമ്പിയേയും നോക്കി ഞാനിരുന്നു. അവൾ പടി കടന്നു വന്നുകൊണ്ട് ചോദിച്ചു: നമുക്ക് നിൻെറ വഞ്ചിയിലേറി കടലിലെ അസ്തമയം കാണാം?

അവളുടെ കൺപീലിയിൽ കൺപീലിയുരസിക്കൊണ്ട് ഞാൻ പറഞ്ഞു: മഴക്കാലം വരട്ടെ. ''മഴക്കാലത്ത് അസ്തമയമുണ്ടാവില്ലല്ലോ'. അപ്പോൾ ഞാനവളുടെ മാറത്തെ നീർച്ചാലിൽ എൻെറ ചുണ്ട് ചേർത്തു.

ഒരുനാൾ മുററത്തെ മഴച്ചാലിലൂടെ എൻെറ പൂക്കളും പൂക്കാലവും ഒലിച്ചുപോയി. മുററത്തെ നീർച്ചാലിലെവിടെയോ എൻെറ കൂട്ടുകാർ മുങ്ങിപ്പോയി. അച്ഛൻ കടലാസു വഞ്ചിയിലേറി കണ്ണീർച്ചാലിലൂടെ തുഴഞ്ഞുപോയി.

ഒടുവിലത്തെ നാലുമണിപ്പൂവും വാടിക്കൊഴിഞ്ഞ സന്ധ്യയിൽ, ഒററക്കിളി തലമുകളിലൂടെ ചേക്കേറാൻ പറന്നുപോയ സന്ധ്യയിൽ, ആദ്യത്തെ നക്ഷത്ര വിളക്ക് തെളിഞ്ഞപ്പോൾ ഞാൻ അവളോട് ചോദിച്ചു: നീയെങ്ങോട്ട് പോകുന്നു?


അത്തിമരത്തിൻെറ കൊമ്പത്ത് കെട്ടിവച്ച ഒരു ഹൃദയമെടുക്കാൻ പോകുന്നു.

അത്തിമരം എവിടെയാണ്?

ജന്മാന്തരങ്ങളുടെ താരാഗണങ്ങൾക്കും, ആകാശത്തിലൊഴുകുന്ന ഗംഗയ്ക്കുംഅപ്പുറത്ത്. എനിയ്ക്കൊരു കടലാസുവഞ്ചിയുണ്ടാക്കിത്തരു.

ഒരുനാൾ ഞാൻ ഉമ്മറത്തിരുന്ന് എൻെറ വരൾച്ചാലുകൾ നോക്കി നെടുവീർപ്പിട്ടു. ഇനിയെന്നാണ് ഇതിലേ നീർത്തുള്ളിയൊഴുകുക? ഇനിയെന്നാണ് എൻെറ കടലാസു വഞ്ചി ഇതിലേ തെന്നിനീങ്ങുക?

മുററത്തെ തുളസിച്ചെടി വാടിത്തളർന്ന അന്തിയിൽ, പൊൻതുമ്പിയുടെ പൊൻചിറക് കൊഴിഞ്ഞുവീണ അന്തിയിൽ എൻെറ വരൾച്ചാലുകളിലൂടെ നീർത്തുള്ളി ഒലിച്ചുവരുന്നത് ഞാൻ കണ്ടു. അന്തിവെയിലിൻെറ പൊൻനൂലിലൂടെ ചാലുകൾ നിറഞ്ഞൊഴുകുന്നത് കണ്ടു. അതിലൂടെ ഒരു വെളുത്ത കടലാസുവഞ്ചിയൊഴുകി വന്നു. തുളസിത്തറയെ വലം വച്ച് നാലുമണിച്ചെടിയുടെ അരികത്ത് അത് നിന്നു. അതിൽ അന്തിവെയിലിൻെറ പൊൻനൂലും, പൊൻനൂലിൽ പച്ചക്കണ്ണു വിടർത്തിയ ഒരു മയിൽപ്പീലിയും പിന്നെ ഉറുമ്പരിച്ചു തീർന്ന ഒരു ചെറു ഹൃദയത്തിൻെറ ത്രസിപ്പും.



സുബൈർ. വി. പി.

## കാത്തിരുന്നോർക്ക് കുറേ പാട്ടുകൾ

ഗീതം ഒന്ന്:

ജറുസലേമിലെ പുത്രിമാരേ
കാൽവരിക്കുന്നുകളിലൊലിച്ച തീർന്ന രക്തം
എൻേറതു കൂടിയാണെന്ന് പറയുക
ഒരു പൂവും
ഒരാർദ്രചുംബനത്തിന് കവിളും
ബാക്കിവച്ചിട്ടുണ്ടെന്ന് പറയുക
വിറയാർന്ന ചുണ്ടുകളുമായി
പൊട്ടിപ്പോയ ചിന്തകൾക്കിടയിലായിരുന്നുവല്ലോ
ചുംബനങ്ങളെപ്പററി നീ പിറുപിറുത്തത്.
നീ നിർമ്മിച്ച കളിത്തൊട്ടിലുകളും
താഴ്‌വാരത്തിലെ കള്ളിച്ചെടികളും
ഉണങ്ങിപ്പോയെന്നറിയുക.
നിശ്വാസങ്ങളുരുക്കഴിക്കുന്ന ചുണ്ടുകൾക്ക്
കിനാക്കളും വിലങ്ങാണെന്നറിയുക.
മറിയം ആർത്തയാണെന്നും
തടവിമിനുക്കിയ കവിളുകളുമായി
കാത്തിരിക്കുന്നുണ്ടെന്നും അറിയുക
ഒലീവിലയുമായി
എൻെറ തഴുതിടാത്ത വാതില്ക്കൽ
നീ മുട്ടിവിളിക്കാത്ത ഒരു സന്ധ്യയ്ക്കാവും
കവിൾ വിണ്ടുകീറി ഞാൻ മരിക്കുക.......

ഗീതം രണ്ട്:

യൂസുഫ്,
വെളുത്തവസ്ത്രങ്ങളും
വെളുത്തചിന്തകളും ബാക്കിവച്ച്
നിനക്കുവേണ്ടി ഞാനെൻെറ വാതിലുകൾ
തുറന്നിട്ടിരിക്കുന്നു
ബലിയൂപങ്ങളിൽ തലചായ്ച്ചുറങ്ങുന്ന കന്യകയ്ക്കും
പൊള്ളുന്ന ചിന്തകളും
കടുത്ത അസ്ഥികളുടെ തടവറയ്ക്കുള്ളിൽ
സുലേഖയുടെ ഹൃദയം പോലെ
നനുത്ത മജ്ജയുമുണ്ടെന്നറിയുക.

ഗീതം മൂന്ന്

കാത്തിരിപ്പിനെപ്പററി ഒന്നുമൊന്നും പറയാതെയ
അഴികൾക്കപ്പുറത്ത് കണ്ണുവലിച്ചെറിഞ്ഞ
രാഹുലിൻെറ ചിരിക്ക
അവനറിയാത്ത വ്യാഖ്യാനങ്ങളെഴുതിയ
കൈകളും സ്വപ്നങ്ങളുമൊഴിഞ്ഞുപോയ
നിൻെറ ചിന്തകളിലെ
കറുത്ത മനുഷ്യരെപ്പററി ഒന്നുമറിയാതെയ
യശോധര കാത്തിരിക്കുന്ന
ബോധിവൃക്ഷച്ചോട്ടുകളിൽ
നീ
സ്വപ്നങ്ങളുടെ അർത്ഥശൂന്യതയെപ്പററി
ബോധവാനാകുകയാണ്
ഗൗതമൻ
ഈ അഴികൾക്കപ്പുറത്ത്
രാഹുലിൻെറ കണ്ണനീരൊഴികെ
ഒരു ബോധിവൃക്ഷവും ബാക്കിയാവുന്നില്ലല്ലോ ....

ഗീതം നാല്:

രാത്രി
ഏറെ കരഞ്ഞുറങ്ങിയിരിക്കുന്നു
ക്ഷേത്രഗോപുരത്തിലെ നാഴികമണിക്കും
വിണ്ടുകീറിയ സ്വപ്നങ്ങൾക്കും മീതെ
ചിലന്തി
ഒരു വലകൂടി പൂർത്തിയാക്കിയിരിക്കുന്നു
തണുത്തുകോടിയ ഭൂമിയുടെ മാറിലൂടെ
എൻെറ ചിന്തകൾ നടന്നുപോവുന്നു.
ചിറകൊതുക്കാൻ ഒരു വൃക്ഷത്തണലും തേടി
അതലയുന്നു.
ലക്ഷ്മണൻ,
കെട്ടുപിണയുന്ന സ്വപ്നങ്ങൾക്ക് പുറത്ത്
നീ കാവലിരിക്കുകയാവും
അതുമല്ലെങ്കിൽ സീതയുടെ അടക്കിയചിരി
കേൾക്കാതെ തളർന്നുറങ്ങുകയാവും.
എന്തായാലും
പാവമീയൂർമ്മിള ഉറങ്ങാറില്ലെന്നും
ഇന്നലെയുമുറങ്ങിയില്ലെന്നും
നാളെയുമുറങ്ങുമോയെന്നറിയില്ലെന്നുമറിയുക

ഗീതം അഞ്ച്:

എൻെറ മകനോട് തിരിച്ചുവരാൻ മാത്രം പറയുക
അവൻെറ യാത്രാനുഭവങ്ങളും
മാർച്ചിൻെറ മദ്ധ്യാഹ്നങ്ങളിലുരുകിയൊലിച്ചുപോയ
സ്വപ്നങ്ങളെപ്പററിയും അറിയാമെന്ന് മാത്രം പറയുക
ഹോട്ടലുകളിലെ
വിലവിവരപ്പട്ടികയെപ്പററിയും
അടഞ്ഞ വാതിലുകൾക്കപ്പുറത്തെ
വിശന്നുകരയാത്ത യന്ത്രങ്ങളെപ്പററിയും
അമ്മയുടെ നോവുന്ന ഹൃദയത്തെപ്പററിയും
അവനോടൊന്നും സൂചിപ്പിക്കാതിരിക്കുക
മഞ്ഞൾപ്രസാദത്തെയും പൊട്ടാസ്യം സൈനൈഡിനേയും
കലർത്തിപ്പറഞ്ഞാൽ
അവൻെറ ബുദ്ധിയെ ചോദ്യം ചെയ്യാതിരിക്കുക
ഒരു നാക്കിലയുടെ തുമ്പത്ത്
ഒരു തുണ്ട് പ്രസാദവും കാത്ത്
അമ്മയുമിരിക്കുന്നെന്ന് പറയുക.

○

## ക്ഷതചിന്തകൾ

ഇന്നീ തൂലിക
വററിവരണ്ടു പോയമ്മേ!
നിന്നണഞ്ഞിയ വക്ഷസ്സിൽ
കിനിയും കനിവാലീതൂലിക നിറയ്ക്കുക.
കനിവോരാത്തൊരു ചുഴിയിൽ പെ-
ട്ടുഴലുമൊരു ജീവൻ കണക്കെ
ജീവിതത്തിന്നഗാധച്ചുഴികളി–
ലെൻപ്രാണനൻ പിടയുന്നു.
ഇന്നീരംഗത്തിലാടുന്ന ഞാനും
നാളെതൻ നിഴലായ് മറവിയായ് തീരും.
കാലം കരുത്താർന്നു മുമ്പോട്ടു പോവുമ്പോ–
ഴെല്ലാമിവിടെ മറന്നിട്ടുപോവും.
നീയെൻ മനസ്സിൽ വരച്ചിട്ട പാടുകൾ
കാലാന്തരത്തിൽ മറഞ്ഞങ്ങു പോകും.
വേരററുപൊായോരു മാമരംപോലെ ഞാ–
നെന്നുഴവും കാത്തിവിടിരിപ്പൂ.

**വിജയകൃഷ്ണൻ**



സുബ്രഹ്മണ്യദാസിന്റെ കവിത

## കൂടക്കര

ഞങ്ങൾക്ക് സ്വന്തമായി കൂടുകളില്ല.
എന്റെ അമ്മ എന്നെ പെററിട്ടത് കാക്കക്കൂട്ടിലാണ്.
ഞാൻ വളർന്നു വലുതാവുകയും
കാക്കകൾ എന്നെ തിരിച്ചറിഞ്ഞ്
കൊത്തിയിടുകയും ചെയ്തപ്പോൾ
ഞാനെന്റെ വംശ വൃക്ഷത്തിലേക്ക് തിരിച്ചുപോന്നു.
( ംശവൃക്ഷത്തിന്റെ പേര്
'കൂടക്കരെ' എന്നാണ്.
പിന്നീട് ലോപിച്ച്
'കൂടക്കര'എന്നായി മാറി.
ഇപ്പോഴും ഞങ്ങളുടെ പെണ്ണുങ്ങൾ
കുഞ്ഞുങ്ങളെ പ്രസവിക്കാനായി
അക്കരെയുള്ള കൂടുകൾ തേടിപ്പോകുന്നു.


കെ. ജി.സുബ്രഹ്മണ്യ ദാ
പൊള്ളുന്ന ചിന്ത
തീപിടിച്ച തലച്ചോ
പാഞ്ഞുവന്ന തീവണ്ടിച്ചക്രത്തിന് ക
നൽകിക്കൊ
ഈ സുഹൃ
യാത്രാമൊഴിച്ചൊല്ലിപ്പിരിഞ്ഞുപ്പോ
84 ജൂലായ് 14

മരണസമയ
പോക്കററിൽ ഒരു കുറിപ്പുണ്ടായിരു
അതിപ്രകാ
ജീവിതത്തിന്റെ ക്രൂരതകളിൽ
ഇതാ
സ്വന്തം ജീവിതത്തി
–ഒരു കമ്മ്യൂണിസ്റ്റുകാരനെ സംബന്ധിച്ചിടത്തോ
സ്വന്തം ജനതയുടെ ജീവിതത്തി
creativity അനുഭവപ്പെടുന്ന കാലത്തോ
അയാൾക്ക് സ്വയം നശിക്കാനാവി
അതുകൊ
മരണത്തിനു്ത
creativity യുടെ നിഗൂഢാവരണം നൽകേണ്ടിവര

'കൂടക്കര' എന്നത് ദാസിന്റെ വീട്ടുപേരാ

# നക്ഷത്രങ്ങൾക്കുവേണ്ടിയായിരുന്നു ജോൺ കൈനീട്ടിയത്

ജോയ് മാത്യു



ഇത് ഒരോർമ്മക്കുറിപ്പാകുന്നു
വ്യാകരണത്തെറ്റു നിറഞ്ഞ
ഒരോർമ്മക്കുറിപ്പ്
ജോണിന്റെ സുഹൃത്തും
അവസാനത്തെ സിനിമയിലെ
'പ്രോട്ടഗോണിസ്റ്റും' ആയ
ജോയ്മാത്യു
ജോണിനെ ഓർക്കുന്ന
പാശ്ചാത്തപത്തോടെയാണ്
താനീകുറിപ്പ് പൂർത്തിയാക്കിയതെന്ന്
ജോയ്മാത്യു.

– എഡിറ്റർ –

ജോൺ അബ്രാമിനെക്കുറിച്ചാണ് ഞാൻ എഴുതേണ്ടത്. ഞാനെന്താണ് ജോണിനെക്കുറിച്ചെഴുതുക ? ജോണിനെ ഇന്നും എനിക്ക് ശരിക്ക് മനസ്സിലായിട്ടില്ലല്ലോ. ഞാനത്ഭുതത്തോടു കൂടി ആലോചിക്കുകയാണ് ഞാനെന്താണ് എഴുതുവാൻ പോകുന്നതെന്ന്.

മദ്യപാനത്തിൻെറ ഉന്മാദകരവും ഉജ്ജ്വലങ്ങളുമായ രാവുകളിൽ ജോണിനെക്കുറിച്ചോർത്തും പറഞ്ഞും പറയിച്ചും നേരം വെളുപ്പിക്കാം. എന്നാൽ ഈ കടലാസിലെ വക്കുകളിലേയ്ക്കും വരകളിലേയ്ക്കും അതിൻെറ ചതുരങ്ങളിലേയ്ക്കും ജോണിനെ ഒതുക്കുവാൻ കഴിയുമെന്ന് തോന്നുന്നില്ല. ജോൺ ഒരിക്കലും ഒരു ചതുരത്തിലും ഒതുങ്ങിയിരുന്നില്ലല്ലോ. ജോണിനെക്കുറിക്കുന്ന എൻെറ ഓർമ്മകൾക്കും ജോണിൻെറ ജീവിതം പോലെത്തന്നെ വ്യാകരണത്തെററു നിറഞ്ഞതും ശ്ളഥവുമായ ഒരു രൂപമാണുണ്ടാവുക.

X

1981 ലെ ഒരു ദിവസം:

ഗവ: ആർട്സ് കോളേജിൽ നിന്നും കോഴിക്കോട്ടേക്കുള്ള യാത്രയിൽ നാടകകൃത്ത് മധു മാഷാണ് എന്നെ ജോണിന് പരിചയപ്പെടുത്തുന്നത്. എൻെറ കയ്യിൽ T. S. Eliot ൻെറ 'waste land' എന്ന പുസ്തകം.

ജോൺ: അയ്യപ്പപ്പണിക്കരുടെ waste land ആണല്ലേ?

ഞാൻ: അല്ല; T. S. Eliot ൻെറ തരിശുഭൂമിയാണ്.

ജോൺ: എങ്കിൽ നമുക്ക് തർക്കിക്കാം.

പിന്നെ എത്രയെത്ര തർക്കങ്ങൾ! സ്നേഹങ്ങൾ! അദ്ഭുതകരങ്ങളായ ജീവിത സന്ദർഭങ്ങൾ!

അന്ന് 'കയ്യൂർ' സിനിമയുടെ ദിവസങ്ങളായിരുന്നു. കാസർകോടും കയ്യൂരും കാഞ്ഞങ്ങാടും കോഴിക്കോടും യൂണിവേഴ്സിററിയിലും വിയർപ്പും വിശപ്പും നടന്നിരുന്ന ദിവസങ്ങൾ, ഇൻറർവ്യൂ, പുസ്തകങ്ങൾക്ക് മേലുള്ള അക്ഷീണമായ കുത്തിയിരിപ്പ്, ഏറെ നിരുത്സാഹങ്ങളോടെയായിരുന്നെങ്കിലും സ്വയം അച്ചടക്കം കല്പിച്ച് തുടങ്ങിയിരിക്കുന്ന ചർച്ചകൾ. അതായിരുന്നു അന്നത്തെ ജോൺ.

എഴുപതുകളുടെ അവസാനങ്ങളിൽ കേരള രാഷ്ട്രീയത്തിൽ ഏറെ ശ്രദ്ധിക്കപ്പെട്ടതും പ്രതീക്ഷയുണർത്തിയതുമായ ഇടതുപക്ഷ തീവ്രവാദ രാഷ്ട്രീയ സംസ്കാരിക പ്രവർത്തനത്തിൻെറ ചുണയും ചൊടിയും നിറഞ്ഞ ദിനങ്ങൾ. എന്നാൽ പൊടുന്നനെ എല്ലാം താറുമാറായി.

അലസിപ്പോയ വിപ്ലവപരിപാടിക്ക് മേൽ കുനിഞ്ഞിരുന്ന് വിലപിക്കുന്ന ഒരു തലമുറയേയാണ് എൺപതുകളുടെ ആരംഭം നമുക്ക് കാണിച്ചുതന്നത്.

ഈ വിലാപങ്ങൾക്കും ആശയസമരത്തിൻെറ വിഭ്രാന്തികൾക്കുമിടയ്ക്കാണ് അന്നും മുറിവുണങ്ങാത്ത ചെറുപ്പക്കാർ മറെറാരു സംരംഭവുമായി മുന്നോട്ട് നീങ്ങുവാനുറച്ചത്–അങ്ങനെയാണ് 'കയ്യൂർ' സിനിമയുടെ പദ്ധതി വന്നത്.

ജോൺ അബ്രഹാം എന്ന സിനിമാക്കാരൻ 'കേരള'ത്തിൽ പ്രത്യേകിച്ചും വടക്കൻ മലബാറിൽ എത്തിപ്പെടുന്നത് ഇങ്ങനെയാണ്.

പക്ഷേ, പരാജയപ്പെടുന്ന സംരംഭങ്ങളുടെ പട്ടികയിൽ മറെറാന്നുകൂടി ആയിമാറുവാനേ 'കയ്യൂർ' സിനിമാ സംരംഭത്തിന് കഴിഞ്ഞുള്ളൂ.

ഒരു വർഷത്തോളം അതിന്മേൽ അടയിരുന്ന ജോൺ മാത്രം ഒടുവിൽ കാസർകോട് റെയിൽവേ സ്റ്റേഷനിൽ തനിച്ചായി. സഖാക്കൾ ഒന്നൊന്നായി പിരിഞ്ഞുപോയി. ചായക്കടയിലെ പററു തീർക്കുവാൻ അതുവരെ കഷ്ടപ്പെട്ട് ഒരുക്കിയെടുത്ത കയ്യൂർ സമരത്തിൻെറ തിരക്കഥ പണയം വെക്കുന്നതോടെ കയ്യൂരിന്ന് മേൽ തിരശ്ശീല വീണു.

പിന്നെ ജോൺ കോഴിക്കോട് തന്നെ തങ്ങി. ബോംബെയിലേയ്ക്ക് വണ്ടി കയറിയ ഞാൻ വീണ്ടും പഠനത്തിൽ മുഴുകി. ഒരു വേനലവധിയിൽ കോഴിക്കോട് എത്തിപ്പെടുന്നു. ഞാൻ പിറേറന്ന് ജോണിന്നരികിലെത്തുന്നു. ഫാറൂക്ക് കോളേജിന്നടുത്തെ പാരലൽ കോളേജിൽ അതിരാവിലെ, പ്രഭാതത്തിനൊപ്പം ഞാനെത്തുന്നു. പിന്നെ പഴയ കഥകൾ, പുതിയ തമാശകൾ, കയ്യൂർനൊസ്റ്റാൾജിയകൾ, അമ്മ അറിയാൻ എന്ന പദ്ധതി, ഒഡേസയുടെ ഭാവി പദ്ധതികൾ. ഒഡേസയെക്കുറിക്കുന്ന ലഘുലേഖകളും ഷെയർ സർട്ടിഫിക്കററുകളുമായി ഞാൻ ബോംബെയ്ക്ക് അന്നേ പോകുന്നു.
ബോംബെ പരാക്രമങ്ങൾക്കും പഠനങ്ങൾക്കുംശേഷം തിരിച്ചു കോഴിക്കോട്ടെത്തുമ്പോൾ ഒഡേസ സിനിമാനിർമ്മാണത്തിന്റെ തിരക്കിൽപ്പെട്ടു കഴിഞ്ഞിരുന്നു. ഒരു ക്രിസ്സുമസ്സിന്റെ തലേന്ന് ജോണിന്റെ ഫോൺ. നേരിൽക്കാണണം, സംസാരിക്കണം. ഭരതന്റെ ചാരായക്കടയിൽ ഞങ്ങളിരിക്കുന്നു.
ഞാൻ ചെല്ലുന്നു.
ജോൺ ചോദിച്ചു:
Do you know the meaning of protogonist ?
ഞാൻ: അറിയാം
ജോൺ: Iam going to cast you as my protogonist.
അമ്മ അറിയാനിലെ പുരുഷൻ. അമ്മയോട് മകൻ മരിച്ചത് പറയുകയാ തന്റെ ജോലി.
ഞാൻ അന്തംവിട്ടു. എന്താണീ കേൾക്കുന്നത് ?
ജോണിന്റെ പടത്തിലെ പ്രധാന റോൾ എനിക്കോ ?
എന്നിലെ നുണയൻ ഉടൻ വിനയാന്വിതനായിപ്പറഞ്ഞു :
ജോണേ, എനിക്കതിനു് കഴിയുമോ, ഞാൻ....
എനിക്ക് script അറിയില്ലല്ലോ
ജോൺ : script അറിയാനൊന്നുമില്ല.
മകൻ ചത്ത കാര്യം അവന്റെ അമ്മയോട് പറയുന്നതാ താൻ ചെയ്യേണ്ടത്. അത് തനിക്ക് ചെയ്യാനൊക്കും.
പിന്നെ ഭരതന്റെ കടയിൽ നക്ഷത്രങ്ങളുദിച്ചു.
ആ രാത്രി ഞാൻ ഉറങ്ങിയില്ല.

X

'അമ്മ അറിയാൻ' എന്ന സിനിമയുമായി ഒരു വർഷത്തിലധികം ഞങ്ങൾ കെട്ടിമറിഞ്ഞു. എത്രയെത്ര ദുരിതങ്ങൾ, എത്രയെത്ര വിഷമസന്ധികൾ. പക്ഷെ ഒന്നോർക്കുമ്പോൾ അത്ഭുതം തോന്നുന്നു; ഈ മനുഷ്യന്റെ ദൃഢനിശ്ചയങ്ങൾ. തനിക്ക് സിനിമയറിയാം എന്നുള്ള ആത്മവിശ്വാസത്തിന്റെ ഊർജ്ജം.
അതൊന്നു മാത്രമായിരിക്കണം, ജോണിനെ ഇന്നും വിസ്മയം കലർന്ന കണ്ണുകളോടെ എനിക്ക് നോക്കിക്കാണുവാൻ ഇടയാക്കുന്നത്.

ജനങ്ങളിൽനിന്നും പണം പിരിച്ച് പടമെടുക്കുക, എന്നത് ഒരു വിപ്ലവം നയിക്കുന്നതിലും പ്രയാസമേറിയതായിരിക്കണം എന്ന് ഞങ്ങൾക്ക് ആദ്യമേ തോന്നിയിരുന്നു.
ഷൂട്ടിംഗിനിടയ്ക്ക് ഫിലിം തീർന്നുപോകും. മുഴുവൻ അംഗങ്ങളും ബേജാറാകും. അടുത്ത റോൾ ഫിലിം തിരുവനന്തപുരത്തുനിന്നും എത്തിക്കണമെങ്കിൽ പണം വേണം. പിരിവ് അപ്പോഴും നടക്കുന്നുണ്ടായിരിക്കും.

ജോൺ പുറമേക്ക് അക്ഷോഭ്യനെങ്കിലും ഒരു കലാകാരന്റെ

മുഴുവൻ അക്ഷമയും തന്റെ ഏകാന്ത രാത്രികളിൽ ചൂളം കുത്തിയും പാട്ട്പാടിയും തീർക്കുന്നത് ഞാൻ ഒളിഞ്ഞിരുന്നു കാണേണ്ടി വന്നിട്ടുണ്ട്. ഷൂട്ടിംഗിന് സ്ഥലം ലഭിക്കാതിരിക്കലും പോലീസിന്റെ നിസ്സഹകരണവും ഉണ്ടായിട്ടുണ്ട്. (ഒരു പോലീസുവാനും പോലീസുകാരും പങ്കെടുക്കേണ്ട രംഗം ചിത്രീകരിക്കേണ്ടതുണ്ടായിരുന്നു, ഫോർട്ടുകൊച്ചിയിൽ. പോലീസധികാരികൾക്ക് അപേക്ഷ സമർപ്പിച്ചുവെങ്കിലും ജോൺ അബ്രഹാമിന്റെ സിനിമ അപകടം പിടിച്ചതായിരിക്കും എന്ന് കരുതി അവർ വിസമ്മതിച്ചു. ഐ. വി. ശശിക്കും ഷാജിക്കും വിശ്വംഭരനും സിനിമയെടുക്കുവാൻ വാഹനത്തേയും പോലീസുകാരേയും വിട്ടുകൊടുക്കുവാൻ മടികാണിക്കാത്ത പോലീസ് കമ്മീഷണറോട് ജോൺ പറഞ്ഞു: ഞാൻ ഇതൊന്നും ഇല്ലാതെ സിനിമയുണ്ടാക്കും. നിങ്ങളെ കാണിക്കയും ചെയ്യും) അങ്ങിനെയെന്തെല്ലാം അവമതികൾ.

ചില ദിവസങ്ങളിൽ യൂനിററംഗങ്ങൾക്കുള്ള ഭക്ഷണം പോലും ലഭിക്കാതിരുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്.

ഒടുവിൽ ഏറെ ക്ലേശങ്ങൾക്കും ദുരിതങ്ങൾക്കും ശേഷം ജോണിന്റെ 'അമ്മ അറിയാൻ' ജനങ്ങളിലേക്ക് വന്നു. ഇതുവരെ അഞ്ഞൂററി എഴുപതോളം സ്ക്രീനിങ്ങുകൾ നടത്തിക്കൊണ്ടു ജോണിന്റെ അഭാവത്തിലും ഒഡേസ ജോണിനെ ജനങ്ങൾക്കിടയിൽ ജീവിപ്പിച്ചുകൊണ്ടിരിക്കയാണ്.

X

ജോൺ അബ്രഹാം എന്ന കലാകാരന് അച്ചടക്കം ഇല്ലായിരുന്നു എന്നതാണ് സംസ്ഥാന അവാർഡ് കമ്മററിയിലെ മാന്യന്മാരും ബുദ്ധിജീവികളും കണ്ടുപിടിച്ച ഗുരുതരമായ ഒരു കുററം. അച്ചടക്കമില്ലാത്ത ഒരുവനെ വീട്ടിലോ നാട്ടിലോ പൊറുപ്പിക്കാനാവില്ലെന്ന ഉപരിവർഗ്ഗ പ്രത്യയശാസ്ത്രത്തിന്റെ തൊലിപൊളിച്ച മുഖം ഇതോടെ പുറത്തു വന്നു. നമ്മുടെ so called വിമർശകർക്കും മററു സിനിമാക്കാർക്കും സങ്കടം മറെറാരു കാര്യത്തിലായിരുന്നു. അതായത് ജോണിന് എന്തെങ്കിലും ഒരവാർഡ് കൊടുക്കാമായിരുന്നു (അത് വസ്ത്രാലങ്കാരത്തിനോ മേക്കപ്പിനോ ആണെങ്കിൽ പോലും) എന്നതാണ്. കാരണമുണ്ട്; അച്ചടക്കത്തിൽ വിശ്വസിക്കാനും അച്ചടക്കപരമായി ജീവിതം നയിക്കുവാനും തലമുറകളായി നാം ശീലിപ്പിക്കപ്പെട്ടുകൊണ്ടിരിക്കയാണല്ലോ. ഉണർച്ച–ഓഫീസ്–ഊണ്–വീട്–ഭാര്യ–കുട്ടി–സ്കൂട്ടർ–സിനിമ–ബോണസ്സ്–അവധി–നിരോധിന്റെ ത്രികോണ ചിഹ്നം–ഇവയിൽ ക്രമപ്പെടുത്തിയ ഒരു അച്ചടക്കപൂർണ്ണമായ ജീവിതത്തിൽ ഒരു സ്വൈരക്കേടുപോലെ വന്നു കയറുന്നവനെ നമുക്ക് പൊറുപ്പിക്കാനാവുകയില്ലല്ലോ. ഇവിടെയാണ് അച്ചടക്കത്തി


ൻെറ രാഷ്ട്രീയ പ്രശ്നം കടന്നു വരുന്നത്. ഒരു ഭരണകൂടത്തിന് അതിനെ നിലനിർത്തിക്കൊണ്ടു പോകാനുള്ള ഭരണ സംവിധാനങ്ങൾ പ്രാധാന്യമുള്ളതാണ്. സാമൂഹ്യമായ സ്ഥിരതയ്ക്ക് ഭംഗം നേരിട്ടാൽ ഭരണകൂടത്തിന് അതിൻെറ നിലനിൽപ്പിനുതന്നെ ഭീഷണിയാകും. സ്ഥിരത നിലനിർത്തുവാൻ തന്നെയാണ് പോലീസ്, കോടതി, പട്ടാളം, വിദ്യാഭ്യാസ കേന്ദ്രങ്ങൾ, അദ്ധ്യാപകൻ തുടങ്ങിയവയെല്ലാം. അദൃശ്യവും എന്നാൽ തൊട്ടറിയാൻ കഴിയുന്നതുമായ ഇത്തരം അനേകം അച്ചടക്കത്തിൻെറതായ ചിഹ്നങ്ങളിലൂടെയാണ് ഒരുഭരണകൂടവും അത് നിലനിർത്തിപ്പോരുന്ന സാമൂഹ്യക്രമവും പുലരുന്നത്. ഈ വിധത്തിൽ സുസജ്ജമായ ഒരു സാമൂഹ്യക്രമത്തിൽ അതിൻെറ രാഷ്ട്രീയ-സാംസ്ക്കാരികോല്പന്നമായ സിനിമയിലൂടെയും, മറേറതൊരു കലാരൂപത്തിലൂടെയുമെന്നപോലെ പ്രതിഫലിപ്പിക്കപ്പെടുന്നതും ഇത് തന്നെയാണ്; അച്ചടക്കം.

ഇവിടെയാണ് ജോൺ തെററുന്നത്. ജോണിനെപ്പററിയുള്ള സങ്കല്പങ്ങൾ തകിടം മറിയുന്നതും. ജോൺ ഒരിക്കലും അച്ചടക്കങ്ങൾക്ക് വിധേയനായിരുന്നിട്ടില്ല. പുതിയൊരു ജീവിതരീതിക്ക് ശ്രമിക്കുന്നതിൻെറ താളക്രമങ്ങളായിരുന്നില്ല അത്. ജോണിൻെറ സ്വന്തം രാഷ്ട്രീയമായിരുന്നു അത്. അതിനു അരാജകവാദത്തിൻേറയോ മാർക്സിസത്തിൻേറയോ ലേബലൊട്ടിക്കുന്നതിലും വലിയ കാര്യമൊന്നുമില്ല. കാരണം അവയ്ക്ക്പോലും ഉൾക്കൊള്ളാനാകാത്തതരത്തിൽ indisiplined ആയിരുന്നുവല്ലോ, ജോൺ.

എന്നാൽ പിന്നെ ജോൺ അബ്രഹാമിൻെറ indisipline Politics ൻെറ പ്രസക്തി എന്താണ് ? നിലവിലുള്ള ഏതൊരു സങ്കല്പത്തെയും തകർക്കുവാൻ ശ്രമിക്കുന്നയാൾ പുതിയതെന്തോ ഒന്നു സൃഷ്ടിച്ചെടുക്കുവാനുള്ള വ്യഗ്രതയ്ക്ക് വഴി മരുന്നിടുകയായിരിക്കാം. എന്തായാലും അതൊരു സൃഷ്ടിയാകുന്നു. അച്ചടക്കം തകരുമ്പോഴാണല്ലോ കാര്യങ്ങൾ പലപ്പൊഴും നേരെയാകാറ്. നമ്മളെപ്പോലെ അച്ചടക്കപരമായ ഒരു ജീവിതം നയിക്കുന്ന തലമുറയ്ക്ക് മുറതെററിയ ഒരു തലയെങ്കിലും വേണമായിരുന്നു വല്ലോ; അടിച്ചമർത്തപ്പെട്ട സ്വന്തം വികാരവിക്ഷോഭങ്ങൾ പ്രകടിപ്പിക്കുന്ന ഒരാൾ. ആ കുരിശ് ജോൺ ഏററുവാങ്ങി; എൻെറ തലമുറയ്ക്ക് വേണ്ടി.

X

ജോണിനെക്കുറിച്ചെഴുതുവാൻ പറഞ്ഞപ്പോൾ ഞാനേറെനേരം ആലോചിച്ചത് ജോൺ അബ്രഹാം എന്ന സിനിമക്കാരനെക്കുറിച്ചാണോ അതോ ജോൺ അബ്രഹാം എന്ന മനുഷ്യനെക്കുറിച്ചാണോ ഞാൻ എഴുതേണ്ടത് എന്നതായിരുന്നു. പക്ഷെ എനിക്കുത്തരം കിട്ടി. ജോണി



അമ്മ അറിയാൻ

നെ രണ്ടായിമുറിക്കാൻ വയ്യാത്തത്ര ജോണിലെ സിനിമക്കാരനും മനുഷ്യനും ഒന്നാണ്.

ജോൺ എന്ന മനുഷ്യനെ മാററിനിർത്തി അദ്ദേഹത്തിന്റെ സിനിമകളിലേയ്ക്കു് യാത്രതിരിക്കാൻ എനിക്ക് വയ്യ.

ജീവിതവും കലയും സമന്വയിപ്പിച്ചുകണ്ട ഏററവും ചുരുങ്ങിയ ഒരു പത്ത് പേരിൽ ഒന്ന് ജോൺ അബ്രഹാം ആയിരിക്കും.

സ്വന്തം ജീവിതത്തോട് സത്യസന്ധമായി, വിമർശനാത്മകമായി പ്രതികരിക്കുമ്പോൾ മാത്രമേ ഒരു കലാകാരന്ന് അവന്റെ സൃഷ്ടികൾ മികച്ചതും ഉയർന്ന സൗന്ദര്യചിന്തകൾ ഉൾക്കൊള്ളുന്നതുമാക്കി മാററുവാൻ കഴിയൂ.

നമുക്കറിയാവുന്ന എത്രയോ സംവിധായകരുണ്ട്. അവരുടെ വ്യക്തിജീവിതങ്ങളുമുണ്ട്.

ഇവ തമ്മിലുള്ള അന്തരം എത്രയെങ്കിലുമാണ്. ജോണിന്റെ സിനിമകളിലേക്ക് വരുമ്പോഴാകട്ടെ നാം കാണുന്നതും കേൾക്കുന്നതും മറെറാന്നാണ്. ഒരു മനുഷ്യന്റെ പരുക്കേററതും എന്നാൽ ക്രൗര്യം കലർന്നതുമായ ഒരു നിലവിളിയാണത്. സ്വന്തം ജീവിതം തെരുവിലേയ്ക്കു് വലിച്ചെറിഞ്ഞ ഈ മനുഷ്യന്റെ ജീവിതത്തിനേററ പരുക്കുകളും വിഹ്വലതകളും വിസ്മയങ്ങളും സ്നേഹങ്ങളും അതിന്റേതായ—സ്വന്തം ജീവിതത്തിന്റേതായ—ക്രമരഹിതമായ കുതിച്ചൊഴുക്കിൽ നമുക്ക് മുന്നിൽ എത്തുന്നത് ജോണിന്റെ കഥകളിലൂടെയും സിനിമകളിലൂടെയുമാണ്.

നമ്മളടക്കം മററെല്ലാവരും എഴുതുമ്പോഴും പറയുമ്പോഴും ഒളിച്ചുവെക്കുന്ന നമ്മുടെ കൊച്ചുകൊച്ചു അശ്ലീലങ്ങൾ യാതൊരു സങ്കോചവും കൂടാതെ ജോൺ എടുത്തു കാണിക്കുന്നു.

കണ്ണാടിയിലേയ്ക്ക് ഇമപൂട്ടാതെ നോക്കിയിരിക്കുന്ന ഒരു മുഖമാണ് എന്റെ മനസ്സിലെ ജോൺഅബ്രഹാം. 'അഗ്രഹാരത്തിൽ കഴുതൈ' യിലെ കഴുത ആരാണ്? സ്വന്തം മരണശേഷം ദൈവമാക്കപ്പെടുന്ന കഴുത ഏതാണ്? ജീവിച്ചിരിക്കെ ജീവിതത്തിന്റെ കപട നാടകങ്ങൾ കളിച്ചിരുന്ന അച്ചടക്ക സദസ്സുകളിലേയ്ക്ക് നിസ്സംഗനായി, ഒന്ന് അലറി വിളിച്ചുകൊണ്ട് വന്ന് കാര്യങ്ങളാകെ കീഴ്മേൽ മറിച്ചിരുന്ന കഴുതക്കുട്ടി ഏതാണ്?

ചെറിയാച്ചന്റെ മനസ്സിലെ ഇടത്തട്ടുകാരന്റെ ചാഞ്ചാട്ടം, തൊഴിലാളി വർഗ്ഗത്തോടുള്ള അനുകമ്പ ഒരു വശത്ത്, സ്വന്തം വർഗ്ഗമായ ഇടത്തട്ടുകാരായ കർഷക ഉടമകളുടെ ഭീഷണി നിറഞ്ഞ സ്വാഗതങ്ങൾ മറുവശത്ത്–ഇതിനൊക്കെ പുറമെ തന്നെ വേട്ടയാടുവാനാണ് പോലീസുകാർ വരുന്നതെന്നുള്ള ഭീതി–ഒടുവിൽ ഒരു 'മലയാളി' യെപ്പോലെ തെങ്ങിൻ മണ്ടയിൽ നിന്നും വീണു മരിച്ച ചെറിയാച്ചൻ തന്നെയല്ലേ, കോഴിക്കോട്ടെ ഒരു ടെറസിൻ മുകളിൽ നിന്നും താഴെ നിരത്തിലേക്ക് പതിച്ചത്?

ഒടുവിൽ 'അമ്മ അറിയാൻ' സിനിമയിൽ, ഹരിയുടെ ജഡം പോലെ, ജീവിതത്തിൽ ഞങ്ങൾ–ജോണിന്റെ അവസാനത്തെ അത്താഴത്തിൽ പങ്ക് ചേർന്നവർ—കോഴിക്കോട്ട് മെഡിക്കൽ കോളെജ് മോർച്ചറിയിൽ നിന്നും അനാഥമായി ക്കിടന്നിരുന്ന ജോണിന്റെ ജഡം ഏറ്റുവാങ്ങി. കോഴിക്കോട്, കുററിപ്പുറം പാലവും കുന്ദംകുളവും തൃശ്ശൂരും, കൊച്ചിയും കഴിഞ്ഞ് കോട്ടയത്തെ, ജോൺ അമ്മയ്ക്ക് തുല്യം സ്നേഹിച്ചിരുന്ന ചേച്ചിയെ അറിയിക്കുന്നത് വരെ.....

x

ജോണിനെക്കുറിച്ച് ഇത്രയും എഴുതിയതിന്റെ പശ്ചാത്താപവുമായി ഞാനിരിക്കുന്നു. ഒരു കടന്ന പ്രവൃത്തി ചെയ്ത കുററബോധം/എനിക്കുണ്ട്. ജോൺ എന്ന മനുഷ്യനെ അടുത്തറിയുന്ന എത്രയോ പേർ നാമറിയാത്തതായി ഉണ്ട്. നമുക്കറിയാവുന്നതിലും അധികമായി അറിയുന്നവർ. ജോണിന്റെ മരണശേഷം മാത്രം, തങ്ങൾ ഇടപഴകിയിരുന്നത് സാക്ഷാൽ ജോൺ അബ്രഹാമായിരുന്നുവെന്ന് വിശ്വസിക്കുവാൻ പ്രയാസം കാണിക്കുന്നവർ. ഓരോ മദ്യഷാപ്പിലും, മീൻ മാർക്കററിലും, ബസ്സ്റ്റാൻഡിലും സ്റ്റുഡിയോ ഫ്ളോറിലും എന്നു വേണ്ട ജോൺ പെരുമാറിയിരുന്നിടത്തൊക്കേയും ജോണിനെ മനസ്സിലാക്കിയിരുന്നവർ. ജോണിന്റെ ആക്രമണങ്ങൾക്കും വാത്സല്യങ്ങൾക്കും വർദ്ധിച്ച സ്നേഹങ്ങൾക്കും ഇരയായിരുന്നവർ. അവക്ക് അറിയുന്നതിൽ കൂടുതലൊന്നും എനിക്കറിഞ്ഞുകൂടാ– എന്നാൽ അവരധികം പേരും ഒരു ലേഖനമെഴുതിപ്പിടിപ്പിക്കുവാൻ കഴിവില്ലാത്തവരാണ്. നിരക്ഷരരായിരുന്നവല്ലോ ജോണിന്റെ സ്നേഹത്താൽ പൊതിയപ്പെട്ടിട്ടുള്ളവരധികവും. പക്ഷെ, ഇവർ ഇവരുടെ സ്വന്തം വാക്കുകളിലും ഓർമ്മകളിലും അവരുടെ രക്തത്തോട് ചേർത്ത് പുതുക്കിപ്പണിയും. എല്ലാ പൊയ്‌വാക്കുകളുടെയും ലിഖിത രൂപങ്ങൾ ചിതലരിച്ച് മണ്ണടിഞ്ഞാലും ഇവരുടെ പുനഃസൃഷ്ടികളിലൂടെ ജോൺ അബ്രഹാം വരും തലമുറകൾക്ക് അന്യനാവുകയില്ല.

x

സത്യത്തിൽ എനിക്കയാളെ അറിഞ്ഞുകൂടാ.
എനിക്കറിഞ്ഞുകൂടാത്തതായി ഈ ലോകത്തിൽ ഒരുപാട് കാര്യങ്ങളുണ്ട്. അതിലൊന്നാണ് ജോൺഅബ്രഹാം.

പക്ഷെ,
ചില രാത്രികളിൽ എന്നെ
എന്റെ ഇടവഴികളുടെ
ഇരുട്ടിൽ കാത്ത് നിൽക്കുന്ന
ഒരു നിഴൽ,
എന്റെ
ഉറക്കങ്ങളിൽ ആക്രോശങ്ങളുതിർത്തുകൊണ്ട് എന്നെ പുണരുന്ന മെലിഞ്ഞ രണ്ടു കരങ്ങൾ,
എന്റെ പരാജയങ്ങളിൽ,
ഏകാന്തതകളിൽ എനിക്ക്
ധൈര്യം തന്നവൻ,
ചരിത്രത്തിൽ എനിക്കർഹതപ്പെട്ടിടത്ത് എന്നെ
നിർത്തിയവൻ.
ജോൺ, എനിക്ക്
പ്രിയപ്പെട്ടവൻ.
എനിക്കും
നിനക്കും മാത്രമറിയാവുന്ന
എത്രയോ കാര്യങ്ങൾ–
വ്യക്തിഗതങ്ങൾ,
അശ്ലീലങ്ങൾ, നുണകൾ.
ക്യാമറ തോക്കാക്കണമെന്ന്
എന്നും എന്നും എന്നോട്
പറഞ്ഞിരുന്നവൻ,
എനിക്കൊരിക്കലും മാതൃകയാകുവാൻ കഴിയാതിരുന്നവൻ.

ജോൺ,
ഒരിക്കൽ ഞാനെന്റെ ക്യാമറ
തോക്കായി ഉപയോഗിക്കും.
പക്ഷെ ഞാനാദ്യം ഷൂട്ട്
ചെയ്യുക നിങ്ങളെയായിരിക്കും;
എന്റെ ജോണിനെ.
നിങ്ങൾ പറയും
''ഞാൻ ചത്തില്ല''
''ചത്തു'' ഞാൻ
''എങ്കിൽ തക്കിക്കാം'' നിങ്ങൾ
അങ്ങനെ നമ്മുടെ പഴയ തക്കം
നമ്മൾ തുടങ്ങുകയായി.

# നരക കവാടത്തിലെ അവസാനത്തെ ഓർമ്മക്കുറിപ്പുകൾ

ഒടുവിലെത്തുന്ന വണ്ടിയുടെ ചൂളവും കാത്ത് അയാൾ മുറിക്കുള്ളിൽ ചടഞ്ഞിരുന്നു. പന്ത്രണ്ടു മണി കഴിഞ്ഞിട്ടുണ്ടാവണം. ഇരുട്ടിനുള്ളിൽ മഴത്തുള്ളികൾ വീണുകൊണ്ടേയിരുന്നു.

റെയിൽപ്പാളങ്ങൾ മരവിച്ചു കിടന്നു. സമാന്തരങ്ങൾപോലും അനന്തതയിൽ കെട്ടുപിണഞ്ഞു. അയാൾ ഗേററ് കീപ്പറാവുന്നു. അടയ്ക്കലും തുറക്കലും. ഇത് അനാദിയായ പ്രവർത്തനമാകുന്നു. ഗേററിന്റെ അഴികളെപ്പോലെ മനസ്സും തുരുമ്പിച്ചിരിക്കുന്നു.

ഈ ചെമ്മൺ പാതയിലൂടെ ആകെ ഉരുളുന്ന വാഹനങ്ങളുടെ എണ്ണം അയാൾ എന്നോ മനഃപാഠമാക്കിയിരിക്കുന്നു. എങ്കിലും ഇവിടെ വിലക്കിന്റെ കാവൽക്കാരനായി അയാളെന്നും അവശേഷിച്ചു.

രാവിലെ മൂന്നിന് ആദ്യവണ്ടി. പിന്നെ എട്ടുമണിക്ക്. ഉച്ചയ്ക്ക് പന്ത്രണ്ടിന്. സന്ധ്യയ്ക്ക് ആറുമണിയ്ക്ക്. ഏററവും ഒടുവിൽ ഇനിയും എത്താത്ത ഒരു മണിയുടെ വണ്ടി.

അയാളുടെ വീടും ജോലിസ്ഥലവും ഒന്നു തന്നെ. മഞ്ഞനിറമാണ് അയാളുടെ മുറിക്ക്. അതെപ്പോഴും ഉറങ്ങിക്കിടന്നു. അതിന്റെ മുൻവശത്ത് കറുത്ത നിറത്തിൽ എഴുതിയിരുന്നു: 267. ഈ സംഖ്യ അയാളെ എന്നും അലട്ടിയിരുന്നു. അതിനു പിന്നിലെ തത്ത്വശാസ്ത്രം അയാൾക്ക് അജ്ഞാതമായിരുന്നു.

അകലെ ഗ്രാമത്തിൽ അയാളുടെ കൗമാര സ്വപ്നങ്ങൾ അനാഥമായിക്കിടന്നു. അമ്പലക്കുളത്തിൽ രാത്രികളിൽ ആമ്പൽപ്പൂവിരിഞ്ഞു. കൽപ്പടവുകളിൽ കൊച്ചോളങ്ങൾ നറുംനിലാവിനെ മുത്തിക്കൊണ്ടിരുന്നു. വിരിഞ്ഞ ആമ്പൽപ്പൂവിൽ പൊട്ടിപ്പോയ കുമിളയുടെ അവസാന നൊമ്പരം പോലെ എന്തോ ബാക്കി കിടന്നു. അവളുടെ മിഴികൾ നീണ്ടുകിടന്നു. ഏതോ ദേവനുവേണ്ടി അർപ്പിക്കപ്പെട്ട പൂജാപുഷ്പംപോലെ ഒരു തുളസിക്കതിർ അവളുടെ മുടിയിൽ കുരുങ്ങിക്കിടന്നു. വയലററ പാവാടയുടെ ഞൊറികൾ അയാളുടെ സ്വപ്നംപോലെ ഓളംവെട്ടിക്കൊണ്ടിരുന്നു. ആമ്പൽപ്പൂക്കൾ വാടിയത് എത്ര പെട്ടെന്നാണ്. ആ പേരു് രണ്ടക്ഷരങ്ങളിൽ ചുരുങ്ങി. കാലത്തോടൊപ്പം അച്ഛൻ തളരുകയും മക്കൾ വളരുകയും ചെയ്തു. അമ്മ ചെറിയ ഒരു ഫോട്ടോയെടുത്ത് കൈയിൽ തന്ന് പറഞ്ഞു: കാവിലെ ഭഗവതിയാണ്, മറക്കരുത് മകനേ.

## അനിൽകുമാർ. കെ.

അയാറം കത്തെഴുതാറുണ്ടായിരുന്നില്ല. അമ്മ എവിടെയായിരിക്കും? ഒടുവിൽ ഈ താവളത്തിലെത്തിയപ്പോറം അയാറം ഓമ്മകളിൽ തപ്പി വെറും രണ്ടുവരിയെഴുതി: എനിക്ക് സുഖമാണ്. അമ്മയ്ക്കും സുഖംതന്നെയല്ലേ ?


സൂര്യൻ സമാന്തരങ്ങളിൽ ജനിച്ച് സമാന്തരങ്ങളിൽ ചിതറി. അയാറം ഗേററടയ്ക്കുകയും തുറക്കുകയും ചെയ്തുകൊണ്ടേയിരുന്നു. മാസാവസാനം പോസ്റ്റ്മാൻവരും. എഴുപതുരൂപ അച്ചാരം തന്ന് അയാറം മറയും. പോസ്റ്റ്മാൻ ഒരിക്കൽ പിറുപിറുക്കുന്നത് അയാറം കേട്ടു: നാശം! ഈ ഇരപ്പാളിക്ക് വേണ്ടി മാത്രം എത്ര ദൂരം നടക്കണം! ആരും കേറാത്ത മുക്കിലെ കഴുത ! നിർവികാരനായി അയാറം ഇരപ്പാളിയുടെയും കഴുതയുടെയും തത്വശാസ്ത്രത്തിൽ അഭയം തേടി. ഇടയ്ക്കെങ്ങാൻ റെയിൽപ്പാളത്തിലൂടെ പോവുന്ന പഴയ സാധനങ്ങളുടെ ചുമട്ടുകാരൻ ചോദിക്കാറുണ്ട്.

–എന്താ മാസ്റ്റേ സൊകം തന്നേ ?
–ഓ സുഖം.
–നാട്ടില് എല്ലാരുക്കും സൊകം?
–എല്ലാർക്കും സുഖം.
–പണ്ടൊക്കെ അയാറം ചോദിച്ചിരുന്നു:
–പഴേ സാധനങ്ങളുണ്ടോ ?

പഴേതെല്ലൂ മൂപ്പരേ. വെറുതെ തമാശയ്ക്ക് പറയും. ഒടുവിൽ ചുമട്ടുകാരനും ഇരപ്പാളിയുടെ തത്വശാസ്ത്രത്തിൻ വിശ്വസിച്ചിരിക്കാം.

മണ്ണെണ്ണ വിളക്ക് കെട്ടുപോയിരിക്കുന്നു. അവസാനത്തെ വണ്ടി വന്നിട്ടില്ല. പഴയ വാച്ച് എന്നോ നിലച്ചിരിക്കുന്നു. അയാറം മെല്ലെ പുറത്തിറങ്ങി. തൂക്കുവിളക്ക് കത്തിച്ചു. പഴയ ഗേററ് വലിച്ചടയ്ക്കുമ്പോറം എവിടെല്ലാമോ നൊമ്പരങ്ങറം. അകലെയെങ്ങോ പട്ടി മോങ്ങുന്നു. തൂക്കുവിളക്കിൻെറ നാളങ്ങറം കാററിലിളകി.

അകലെ വണ്ടിവരുന്നു. കൗമാരസ്വപ്നങ്ങളിലെ നായികയുടെ പൊട്ടുപോലെ ചുവന്നവെട്ടം വലുതായിവന്നു. ഒടുവിൽ ഒരു ദുസ്വപ്നത്തിൻെറ അവസാന നിമിഷംപോലെ ശബ്ദം കെട്ടടങ്ങി. അയാറം ഗേററ് തുറന്നു. മഴനിലച്ചിരിക്കുന്നു. അയാറം പാളങ്ങറം മുറിച്ച് ചുവന്ന പാതയിലെ ഇരുട്ടിലൂടെ പുഴയെ ലക്ഷ്യമാക്കി നടന്നു. അക്കരെ മോചിതർ രാപ്പാർക്കുന്നു ! നരകകവാടത്തിലെ കാവൽ ദീപംപോലെ തൂക്ക്‌വിളക്ക് അയാറംക്കുപിന്നിൽ കത്തിക്കൊണ്ടിരുന്നു.



○

## നിഴൽ ചിത്രങ്ങൾ

ഇവിടെ
ചിതറിവീണ കുറേ നിഴലുകളുടെ
കിഴക്കോട്ടും പടിഞ്ഞാറോട്ടും
തെക്കോട്ടും വടക്കോട്ടും
നീണ്ടുപോയ നിഴലുകൾ
മനസ്സിന്റെ ക്ലാവുപിടിച്ച അറകളിൽ
പററിപ്പിടിച്ചിരിക്കുന്ന നിഴലുകൾ

○


ചിത്രങ്ങൾ ഒപ്പിയെടുത്തത്
റസാക്ക് കോട്ടക്കൽ

ഇവിടെ നമ്മുടെ ജീവിതമാരംഭിക്കുന്നത്, നേർത്ത മഴത്തുള്ളിയിൽപ്പൊതിഞ്ഞ ഒരു പ്രഭാതത്തിലാണ്. കാററാടിമരങ്ങളിൽ തണുത്ത കാററ്, ഭൂതകാലത്തിന്റെ സ്മൃതിഭാരവുംപേറി നിൽക്കുന്ന ഗോപുരം, കിലുകിലെ ശബ്ദിക്കുന്ന ചില്ലിൻകൂട്, മുന്നിലെ കറുത്ത പാതയിൽ മഴത്തുള്ളിവീണ പാഴിലകൾ.




അന്തർമുഖനെപ്പോലെയാണ് ഈ കെട്ടിടം. സ്വന്തം ഉള്ളിലേക്ക്അല്പം വലിഞ്ഞ്. മുന്നിലെ പലകയിൽ നിശ്ശബ്ദത. പിരിഞ്ഞു കയറുന്ന ഗോവണികൾ. പിന്നിൽ ആർക്കുവേണ്ടിയും ഒരിക്കലും തുറക്കാത്ത തോട്ടം.






ഇവിടെ ക്യാമറക്കണ്ണിന് ഒപ്പിയെടുക്കാൻ കഴിയാതിരുന്ന ഒരു നിഴലുണ്ട്. സത്യത്തിൽ ക്ലാസ്സിലിരിക്കുക എന്നതുതന്നെയാണ് ഏററവും വലിയ 'വെറുപ്പിക്കൽ'. ഇവിടെ എല്ലാം ഒരു ചടങ്ങാണ്. ആർക്കും പേരില്ല. അക്കങ്ങളാൽ നാം തിരിച്ചറിയപ്പെടുന്നു. കറുത്ത പലകയിൽ അദ്ധ്യാപകന്റെ ഇച്ഛയ്ക്കൊത്ത് തെളിയുകയും മായുകയും ചെയ്യുന്ന അക്ഷരങ്ങൾ. അദ്ധ്യാപകൻ ആവർത്തിച്ചു പറയുന്നു. Please attend, or atleast pretend

ഗ്രന്ഥപ്പുര. ഗ്രന്ഥപ്പുരയ്ക്ക് അനേകം അറകൾ.
അറകൾക്കിടയ്ക്ക് പുസ്തകങ്ങൾ.
എന്തു വായിക്കണമെന്നും
എപ്പോൾ വായിക്കണമെന്നും
നിശ്ചയിക്കാനുള്ള സ്വാതന്ത്ര്യം
മററുള്ളവർക്കാണ്. ഇവിടെ, അക്ഷരങ്ങൾ
തീകൊളുത്തേണ്ടതിന് പകരം അന്ധകാര
മായി പടർന്നു കയറുകയാണ്. അക്ഷരങ്ങ
ളുടെ നിർജ്ജീവത നാം തലച്ചോറിലേക്ക്
വലിച്ചുകയററുന്നു. കൂടുതൽ നിർജ്ജീവമായ
തലച്ചോറുള്ളവൻ കൂടുതൽ യോഗ്യനായി
വാഴ്ത്തപ്പെടുന്നു.
പഴമ്പുസ്തകങ്ങളിൽ ഏച്ചുകൂട്ടപ്പെട്ട എത്രയെത്ര
ദിവസങ്ങൾ.....





എല്ലാദിവസങ്ങളും ഒരേപോലെ ആരംഭിക്കുന്നു.
അറിവും സമയവും ക്രമമായി മുറിക്കപ്പെട്ടി
രിക്കുന്നു. തേച്ചുമിനുക്കിയവാക്കുകൾ ഉരുവിടുന്ന
കൂട്ടാളികൾ. സ്വന്തം അവസ്ഥയ്ക്കും അസ്തിത്വ
ത്തിനും നേരെ പുറംതിരിഞ്ഞു നടക്കുന്നവർ.
ഈ ആൾക്കൂട്ടത്തിൽ ഓരോരുത്തനും അവനവനെ
നഷ്ടപ്പെടുകയാണ്.



എല്ലാ നന്മകൾക്കും അതിർവരമ്പ് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ഈ മുൾമുനകൾ ഇല്ലാതിരുന്ന ഒരിന്നലെ നമുക്കോർമ്മയുണ്ട്. ഇനി, കണ്ണിനും കണ്ണിനും ഇടയ്ക്ക്, വാക്കിനും വാക്കിനുമിടയ്ക്ക് മനസ്സിനും മനസ്സിനുമിടയ്ക്ക് ചങ്ങലക്കണ്ണികൾ ഉയർന്നു വന്നേയ്ക്കാം.



നമുക്കില്ലാതെ പോവുന്നത് സ്വന്തമായ ഒരു പാതയാണ്. നടന്നു നടന്നു തേഞ്ഞു പോയ വഴികളാണ് ശവത്തെപ്പോലെ നമ്മുടെ മുന്നിൽ. സത്യത്തിൽ ശാന്തിയിലേക്ക് നടന്നുപോവാനാണ് നാം ആഗ്രഹിക്കുന്നത്. ആത്യന്തികമായി നാം സമാധാനമാണ് കൊതിക്കുന്നതും.



പകൽ മുഴവൻ ശബ്ദമുഖരിതമായ വഴികൾ.
ഇനി, ഗൃഹാതുരത്വത്തോടെയല്ലാതെ
ഇതൊന്നും ഓർക്കാൻ കഴിയില്ല.
ഒഴിഞ്ഞ ഇടനാഴികൾ, പോക്കുവെയിൽ
പാറി വീണ ചുമരുകൾ,
നിശ്ശബ്ദത ഉച്ചത്തിൽ മുഴങ്ങുന്ന
ക്ലാസ്സുമുറികൾ.



വർഷംതോറും ഇത് ആവർത്തിക്കപ്പെടുന്നു.
ഒടുവിലത്തെ ഒത്തുചേരൽ.
'ഓരോ വഴിച്ചന്ത തന്നിലേറി
ഓരാത്തതൊക്കെയും വാങ്ങിവെച്ചോർ
നാമവകൊണ്ടു നടന്നലഞ്ഞി
നീറും കവലയിൽ വന്നപെട്ടോർ
ഓരോ വഴികളിൽ നമ്മൾപോവും
ഓരോ കഥകളായ് നമ്മൾ മാറും'.
നാളങ്ങളും മേളങ്ങളും കഴിഞ്ഞ് നാം യാത്രയാവുന്നു. എണ്ണമററ പകലുകളിലെ ദ്രസ്വപ്പവും,
കണ്ണുകളിൽ പുകയുന്ന മൗനവും പേറി നാം
യാത്രയാവുന്നു.



ഇവിടെയാണ് നമ്മുടെ നിഴലുകളിൽ
നാം അഭയം കണ്ടെത്തുന്നത്
ഓരോരുത്തരും അവനവന്റെ ലോകത്ത്
ഒററപ്പെട്ടവരാണ്.
പിന്നിൽ എന്തൊക്കെയോ
കൊട്ടിയടയ്ക്കപ്പെടുന്നു.
മുന്നിൽ കത്തിയെരിയുന്ന കൊടുംവെയിൽ.
നിൽക്കൂ.
ഒരു നിമിഷം നിൽക്കൂ.
പുറം തിരിഞ്ഞ് കൺതുമ്പിൽ
ഒരു പുഞ്ചിരിയെങ്കിലും
ബാക്കിവച്ചിട്ടു പോകൂ.



x പ്രത്യയ ശാസ്ത്രങ്ങൾക്കും ദർശനങ്ങൾക്കും ഉപരിയായി മനുഷ്യനെന്ന മഹാത്ഭുതം വളരുക തന്നെയാണ്. തത്വശാസ്ത്രങ്ങളുടെയും വിശ്വാസ പ്രമാണങ്ങളുടെയും അപ്പുറത്തേയ്ക്കു് ജീവിതത്തിന്റെ നിഴൽ നീണ്ടുപോവുകയാണ്.

x ഒരു ചൂഷകവ്യവസ്ഥിതിയിൽ നമുക്കൊരിക്കലും സന്തോഷിക്കാൻ കഴിയില്ല എന്നുള്ളതാണ് സത്യം. സന്തോഷിക്കുന്നുവെങ്കിൽ അതിന്റെ അർത്ഥം നാം കപടരാണ് എന്നതാണ്. ദുരന്തങ്ങളുടെ ഗർഭവും ധരിച്ചാണ് ഓരോ പ്രഭാതവും പിറക്കുന്നത്. ദുരിതങ്ങളുടെ ചോരക്കറയും പേറിയാണ് ഓരോ പുലരിയുമെത്തുന്നത്. നമ്മുടെ ചുററും മരിച്ചുവീഴുന്ന മനുഷ്യന്റെ മക്കൾക്കു് വേണ്ടി ഒരു നിശ്വാസംപോലും ദാനം ചെയ്യാൻ നമുക്ക് കഴിയാതെയായിരിക്കുന്നു. അച്ചടിമഷി പുരണ്ട് പുരണ്ട് നമ്മുടെ ഹൃദയം കറുത്തുപോയിരിക്കുന്നു. വളരെ സങ്കീർണ്ണമായ ഒരവസ്ഥയിലാണ് ഒരു ഇന്ത്യൻ വിദ്യാർത്ഥി ജീവിക്കുന്നത്. ചിന്തിക്കുന്ന ഒരു പൗരനെ ഭരണകൂടത്തിന് ആവശ്യമില്ല. അതുകൊണ്ടുതന്നെ, ചിന്താശേഷിയെ കൊല്ലുന്ന ഒന്നാക്കിത്തീർത്തിരിക്കുന്നു, വിദ്യാഭ്യാസത്തെ. ഇവിടെ, നിലനിൽക്കുന്ന അവസ്ഥ മനുഷ്യനെ മനുഷ്യനല്ലാതാക്കുന്ന ഒന്നാണ്. സ്നേഹവും സൗഹൃദവും പങ്കുവെയ്ക്കാൻ നമുക്ക് കഴിയാത്തവണ്ണം നാം അവമാനമീകരിക്കപ്പെടുന്നു.

x അവമാനവീകരണത്തിന് (dehumanisation) ആക്കം കൂട്ടുവാൻ വേണ്ടിയാണ് ഇന്നത്തെ വിദ്യഭ്യാസം. കലാലയത്തിലെത്തുന്നതോടെയാണ് ഒരു വിദ്യാത്ഥി നശിച്ചുപോവുന്നത്. പുസ്തകങ്ങൾ പരീക്ഷയെ മാത്രം ലാക്കാക്കി ഉപയോഗിക്കുവാൻ അവൻ വിധിക്കപ്പെടുകയാണ്. അത് അവന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട വിഷയമാണ്. അതുമൂലം, എന്റെ തൊട്ടടുത്തിരിക്കുന്ന സുഹൃത്തിനെ എനിക്ക് സംശയത്തിന്റെ വിഷം പുരണ്ട കണ്ണോടെ നോക്കേണ്ടിവരികയാണ്. നാളത്തെ തൊഴിൽ ചന്തയിൽ എന്നേക്കാൾ കൂടുതൽ വില ഇവന് നൽകാൻ കഴിഞ്ഞേക്കാം.- അപ്പോൾ എവിടെയാണ് സ്നേഹമെന്നത്? നമ്മൾ പങ്കുവെയ്ക്കുന്നതും പൊലിപ്പിച്ചെടുക്കുന്നതുമായ നിമിഷങ്ങൾക്ക് എന്തർത്ഥമാണുള്ളത്? ഇവിടെയാണ് മനം മടുത്ത് ഒരു വിദ്യാർത്ഥി സ്വന്തം ഉള്ളിലേക്ക് ചുരുങ്ങുന്നത്. പരീക്ഷകൾ അവന് കടമ്പയാകുന്നു. പാഠപുസ്തകങ്ങൾ ഇംഗ്ളീഷ് ഗുളികകൾ പോലെ അരോചകവും.

x നമ്മുടെ തനിമയിൽനിന്നും സ്വത്വത്തിൽനിന്നും നാം നിരന്തരം അകററപ്പെട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ ശാദ്വലതീരങ്ങളിൽനിന്നും വരൾച്ചയുടെ മരുഭൂമികളിലേക്ക് നാം തെളിക്കപ്പെടുന്നു. കൃഷ്ണതുളസിയുടെ ഒരു കതിരുപോലെയാണ് മലയാളിക്ക് അവന്റെ തനിമ. നാലുമണിപ്പൂക്കളും തുളസിത്തറയും അപ്രത്യക്ഷമായിരിക്കുന്നു. ഓണത്തുമ്പികൾ എങ്ങോ പോയിമറഞ്ഞിരിക്കുന്നു. ഇനിയുള്ള ബാല്യങ്ങൾക്കു് ആകാശത്തിന്റെനീലിമയും മഴമേഘങ്ങളുടെ കാഷ്ണ്യവർണ്ണവും ഒരു നെൽക്കതിരിന്റെ സ്പർശനവും എന്തിന് വൃശ്ചികക്കാററിന്റെ കുളിരുപോലും നിഷേധിക്കപ്പെട്ടേക്കാം.

x ഇവിടെ എല്ലാം കഴ്ചവസ്തുക്കളാക്കപ്പെടുകയാണ്. സ്നേഹവും സൗഹൃദവും എല്ലാം. ധിക്കരിക്കലും ചോദ്യംചെയ്യലുംപോലും ഫാഷനായിത്തീർന്നിരിക്കുന്നു. സ്വന്തം അവസ്ഥയിൽ നിന്നും ഉണ്മയിൽ നിന്നുമായിരിക്കണം സാഹിത്യ സൃഷ്ടിയുടെ പിറവി. എന്നാൽ നമ്മുടെ കാമ്പസ് കവികളിൽ പലർക്കും കവിത വിധിക്കപ്പെട്ടിട്ടില്ല. കൈയിൽ കുറേ പാശ്ചാത്യദർശനങ്ങളുടെ പുസ്തകങ്ങളും മേമ്പൊടിയായി അല്പം 'വിപ്ലവ'വും ഉണ്ടായാൽ കവിത പിറന്നുകൊള്ളും എന്നു വിചാരിച്ചവർക്കു് തെററു പററിയിരിക്കുന്നു.

× ഉപരിപ്ലവമായി ചിന്തിക്കുന്നവർ മാത്രമാണ് ജീവിതം സന്തോഷിക്കുവാനുള്ളതാണെന്ന് പറയുന്നത്. അവർ അതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു. എന്നാൽ ജീവിതം ആത്യന്തികമായി ദുഃഖവും വേദനയും തന്നെയാണ്. ഏകാന്തതയുടെ ദുഃഖം. ഏതാൾക്കൂട്ടത്തിലും മനുഷ്യൻ ഒററപ്പെട്ടവനാണ്. കോടാനുകോടി മനുഷ്യരുടെ ഒരു സമൂഹത്തിലും ഓരോ മനുഷ്യനും അവനവന്റെ ലോകത്തായിരിക്കും. ഓരോ മനുഷ്യനും ഓരോ പ്രപഞ്ചമാണ്. ഏകാന്തവും അഗാധവുമായ പ്രപഞ്ചത്തിന്റെ മുഴുവൻ നിഗൂഢതയും ഭീകരതയും' സൗന്ദര്യവും ഓരോ മനുഷ്യനും വഹിക്കുന്നു. പക്ഷേ ഏത് ആൾപ്പററത്തിലും രണ്ടുപേർക്ക് മാത്രമായി അവരുടെകൺ തുമ്പിൽ ഒരു ലോകം നെയ്തെടുക്കാം. ഇത് ഒരത്ഭുതമാണ്. മനുഷ്യന്റെ അനന്തമായ കഴിവുകളുടെ മുമ്പിൽ നാം അമ്പരന്നു പോവുന്നു. ഏകാന്തതയുടെ ഭാരം മറക്കാൻ തന്നെയാണ് നാം സ്നേഹിക്കുന്നത്. ചിലർ അമ്മയുടെ സ്നേഹത്തിൽ അഭയം കണ്ടെത്തുന്നു. ചിലർ സുഹൃത്തിന്റെ വാക്കുകളിൽ. ചിലർ കാമുകിയുടെ കൺമുനയിൽ. ചിലരാകട്ടെ, കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും ഉറവായായ ദൈവത്തിൽ. എന്നാൽ മററു ചിലർക്ക് ഒന്നിലും, ഒന്നിലും അഭയം കിട്ടുന്നില്ല. ഒരാൽത്തറയും തേടി, ഒരത്താണിയുമന്വേഷിച്ച് അവർ അലഞ്ഞുകൊണ്ടേയിരിക്കുന്നു.

× ഒരു സുഹൃത്തിന്റെ കത്തിലെ വരികൾ : സങ്കല്പങ്ങളെ സംരക്ഷിക്കാൻ കഴിയാത്ത ജീവിതം മൂല്യങ്ങളെ സംരക്ഷിക്കാൻ ബാദ്ധ്യസ്ഥമല്ല.

× ഒരു സുഹൃത്തുണ്ടായിരുന്നു. ചാലിയാറിന്റെ കരയിൽ സായാഹ്നങ്ങൾ പങ്കിടാനെത്തുന്ന സുഹൃത്ത്. തനിക്കിവിടെമടുത്തുവെന്ന് അവൻ പറയാറുണ്ടായിരുന്നു. 'ഇവിടെ എല്ലാം പണക്കാക്ക് വേണ്ടിയുള്ളതാണ്. ഉപരിവർഗ്ഗജീവികളുടേതാണ് ഈ കോളേജ്. ഇവരുടെ ഈ കാട്ടിക്കൂട്ടലുകളിലൊന്നും ആത്മാർത്ഥതയുടെ ഒരു തരിമ്പു പോലുമില്ല. നമ്മുടെ സ്വാതന്ത്ര്യവും ഇച്ഛയും ഇവിടെ ആരൊക്കെയോ തിന്നുതീർക്കുകയാണ്.' പിന്നെ ഏറെക്കാലത്തേക്ക് സുഹൃത്തിനെ കണ്ടില്ല. ഒരു നാൾ ഒരു കത്ത്. ഞാൻ 'അവിടെനിന്നും ടി. സി. വാങ്ങി. ടി. ടി. സിക്കു ചേർന്നു. എനിക്കിതും തുടരാൻ കഴിയുമെന്ന് തോന്നുന്നില്ല നമ്മെളെയെല്ലാം മർദ്ദിക്കാനും നമ്മുടെ തലച്ചോറിനെ നശിപ്പിക്കാനുമാണ് ഈ വിദ്യാഭ്യാസം.'

× തെരഞ്ഞെടുപ്പിന്റെ നാളുകൾ. വിശ്രമമറിയാത്ത പകലുകൾ. പേരു് പറഞ്ഞുപറഞ്ഞു് മടുക്കും. ഒടുവിൽ സംശയമാവും. എന്റെ പേരു് അതുതന്നെയല്ലേ ? സ്വന്തം പേരു് കൊഞ്ഞനം കുത്തിക്കാണിക്കുന്ന അവസ്ഥയാണ്. ഒടുവിൽ ഇങ്ങനെ ആശ്വസിക്കേണ്ടിവരും: 'ഇല്ല. ഞാൻ എന്നത് എന്റെ പേരല്ല. ഞാൻ അതിലുപരി മറെറന്തോ ആണ്.' അപ്പോഴാണ് ഒരാൾക്ക് അയാളുടെ നാമം അന്യമായിത്തോന്നുക.

× മൂന്നാംവർഷ ഫിസിക്സിൽ അധികവും ക്ലാസ്സുണ്ടാവാറില്ല. ആകെ പതിനെട്ടുപേർ. സ്ഥിരമായി വരുന്നവർ മൂന്നോ നാലോ പേർ. 'സാധാരണ പെൺകുട്ടികളെങ്കിലും റെഗുലർ ആവാറുണ്ട്. നിങ്ങൾ മുഴുവൻ ഇങ്ങനെയായിപ്പോയല്ലോ.' പ്രൊഫസർ പറഞ്ഞു.

പത്തുപതിന്നാലുവർഷത്തിനുശേഷം ആദ്യമായാണ് ഇങ്ങനെയൊരു ബാച്ചിനെ കിട്ടുന്നത്. മാഷ് പറയാറുണ്ട്.

× പ്രാക്ടിക്കൽ ക്ലാസ്സാണ്. മൂന്നുപേരുള്ള ബാച്ച്. സന്തോഷ്‌വരാറില്ല. വല്ലപ്പോഴും വിസിററിംങ് പ്രൊഫസറെപ്പോലെ കടന്നുവന്നാലായി. കബീറാണ് രണ്ടാമത്തെയാൾ. അവൻ ചോദിക്കും. നീ വായിച്ചിട്ടില്ലേ?

തിരിച്ചു ചോദിക്കും: നിനക്ക് വായിച്ചിട്ട് വന്നുകൂടായിരുന്നോ ?

എന്നാൽ നമുക്ക് രണ്ടുപേർക്കും കൂടി ഇവിടെയിരുന്ന് വായിക്കാം.

മേശപ്പുറത്ത് പുസ്തകം നിവർത്തിവച്ച് വായന തുടങ്ങും. ടീച്ചർ വന്നുനോക്കും: എന്താ ചെയ്യാത്തത് ?

അല്ല. ഇതൊന്ന് വായിച്ച് നോക്കുകയാണ്. ഇതൊക്കെ വീട്ടിൽനിന്ന് വായിച്ച വരണം. ഇത് വായിക്കാനുള്ള സ്ഥലമല്ല.

ടൈം ഓഫ് ഓസിലേഷൻ കാണുകയായിരുന്നു. കബീറിന്റെ കൈയിൽ കരയുന്ന ഒരു വാച്ച്. മേശപ്പുറത്ത് സ്റ്റോപ്പ് വാച്ച്. സ്റ്റോപ് വാച്ചിലെ സമയവും കരയുന്ന വാച്ചിലെ സമയവും വ്യത്യസ്തം. ഏതു സമയമാണ് എഴുതേണ്ടത് ? 'എന്റെ വാച്ചിലെ സമയം എഴുതാം.'—കബീർ വേണ്ട. സ്റ്റോപ്പ് വാച്ച്‌ലെ സമയം മതി.

തർക്കമായി. ടീച്ചർ വന്നു.
നിങ്ങളെന്താണ് ചെയ്യുന്നത് ?

അല്ല. സമയം ശരിയാവുന്നില്ല.

സമയം ശരിയാവുന്നില്ലേ? ഇന്നും പ്രിപ്പയർ ചെയ്യാതെയാണ് വന്നതല്ലേ?

മേശപ്പുറത്ത് തുറന്ന പുസ്തകം.

എന്നു മുതലാണ് നിങ്ങൾ റെഗുലർ ആവുക ?

ഓണം കഴിഞ്ഞിട്ട് വരുമ്പോൾ റെഗുലർ ആവുമോ?
ആവാം ടീച്ചർ. ഓണം കഴിഞ്ഞാൽ ഒക്കെ ശരിയായിക്കോളും. ഇപ്പം ഒരിത് കിട്ടാഞ്ഞിട്ടാണ്.

ഓണം കഴിഞ്ഞു. വിഷുവും കഴിഞ്ഞു.

മേശപ്പുറത്ത് തുറന്ന പുസ്തകം.
കബീർ ഇപ്പോൾ വായനയിലായിരിക്കും.

× ഇതാണ് ഗോൽക്കൊണ്ട ഫോർട്ട്. ഒരു പ്രഭാതത്തിലാണ് ഞങ്ങളവിടെയെത്തിയത്. ദൂരെ നിന്നുതന്നെ ഉയരത്തിൽ കോട്ട കണ്ടു. കോട്ട മതിലുകളിൽ പ്രഭാത കിരണങ്ങൾ തെളിഞ്ഞു

കൊണ്ടിരുന്നു. ആളുകൾ തീരെയില്ല. ഞങ്ങൾ മാത്രം. കോട്ട വളരെ വലുതാണ്. അറുപത് വർഷം കൊണ്ട് പടുത്തുയർത്തിയത്. എങ്ങും മൂടൽമഞ്ഞിന്റെ ആവരണമായിരുന്നു. മഞ്ഞിന്റെ ഇഴകൾക്കുള്ളിലൂടെ തണുപ്പേററ്, പുലരിവെട്ടത്തിന്റെ ചൂടേററ് ഞങ്ങൾ മുകളിലേയ്ക്ക് കയറി. കോട്ടവാതിലിലൂടെ, ആയുധപ്പുരയിലൂടെ, ദർബാറിലൂടെ ഞങ്ങൾ മുകളിലേക്ക് കയറിക്കൊണ്ടിരുന്നു. വഴികാട്ടി ഓരോന്നും വിവരിച്ചുതന്നു. വിജയപരാജയങ്ങളുടെയും പ്രേമകേളികളുടേയും കഥകൾ അയാളുടെ നാവിൻതുമ്പിലൂടെ ഞങ്ങളറിഞ്ഞു. പോയ കാലത്തിന്റെ രാജോത്സവങ്ങൾ അയാളുടെ വയസ്സൻ കണ്ണുകളിൽ. 'ആ മനുഷ്യന്റെ കണ്ണു നോക്ക്.' മുഹമ്മദുകുട്ടി പതിയെ പറഞ്ഞു.

ഞങ്ങൾ ഏററവും മുകളിലെത്തി. എല്ലാർക്കും പ്രഭാതത്തിന്റെ പ്രസരിപ്പ്. മുഹമ്മദുകുട്ടി ചുമരായ ചുമരുകളിലൊക്കെ തന്റെ തൂലികാനാമം എഴുതിവെച്ചിരുന്നു: ''P. M K. പാങ്ങ്'''

രാജാവും രാജ്ഞിയുമിരുന്നു താഴെ പെൺകുട്ടികളുടെ നൃത്തം വീക്ഷിച്ചിരുന്ന മണ്ഡപത്തിൽ ഞങ്ങളേറെനേരം ഇരുന്നു. എന്താണെന്നറിയില്ല, ഏവർക്കും മൗനമായിരുന്നു. തണുത്ത കാററ് പതിയെ കടന്നുപോയി. കൈത്തണ്ടയിൽ കുളിര്. ശ്വാസം ആഞ്ഞുവലിച്ചു, ശ്വാസകോശത്തിൽ കുളിര് പടർന്നു കയറുന്നു. എന്തൊരു ലഹരി! താഴെ ഇളംവെയിൽ നൃത്തംചെയ്യുന്നു.

ഇനി തിരികെ. തിരികെ വരുമ്പോൾ ഞങ്ങൾ അന്തപ്പുരം കണ്ടു. രാജാവിന് മുന്നൂററിഅറുപത് ഭാര്യമാരുണ്ടായിരുന്നു. അവരെ കുളിപ്പിച്ചിരുന്ന ചെറിയ കുളിപ്പുരകൾ കണ്ടു. അവരെ ചമയിച്ചൊരുക്കിയിരുന്ന ചമയപ്പുരകൾകണ്ടു. ചമയപ്പുരകളുടെ ചുമരിൽഇപ്പോഴും മായാതെ കിടക്കുന്ന വർണ്ണങ്ങൾ. മഞ്ഞ, പച്ച, ചുവപ്പ്.

ഭാര്യമാർക്ക് ഷണ്ഡന്മാരും നപുംസകങ്ങളും കാവൽ നിന്നിരുന്നു. രാജാവറിയാതെ എത്രയോ പേർ അന്യശരീരങ്ങളെ പ്രാപിച്ച ഇരുണ്ട അന്തപ്പുരത്തിൽ ഞാനേറെനേരം നിന്നു. സംഭോഗത്തിന്റെ തീക്ഷ്ണ നിശ്വാസങ്ങൾ ഇവിടെ നിറഞ്ഞിരുന്നിരിക്കണം. രതിമൂർച്ഛയുടെ ഞരക്കങ്ങൾ ഈ ഇരുണ്ട ചുവരുകളിൽ അള്ളിപ്പിടിച്ചിരുന്നിരിക്കണം. നപുംസകങ്ങൾ വിസ്ലിച്ചിരിചിരിച്ചുനിൽക്കേ, കരുത്തന്മാർ രാവുകൾ നനഞ്ഞ അന്തപ്പുരമാണിത്. രാജാവിന്റെ ഭാര്യമാരേ, നിങ്ങളുടെ നഗ്നശരീരങ്ങൾ കെട്ടുപിണഞ്ഞുരുണ്ട തറയിലാണ് എന്റെ കല്പാടുകൾ. രാജാവിന്റെ ഭാര്യമാരേ, നിങ്ങളുടെ വീർപ്പുമുട്ടലുകളും സീൽക്കാരങ്ങളും നിറഞ്ഞ ഈ ഇരുണ്ട മുറിയിൽ ഞാനിതാ ഏകനായി നിൽക്കുകയാണ്. എന്റെ ദൈവമേ, അവരൊക്കെ ഇപ്പോൾ എവിടെയായിരിക്കും!

ഒരു കിളി ചിലയ്ക്കുന്ന ശബ്ദം. മുറിയിലെ കൽവിള്ളലിൽനിന്ന് ഒരു ചെറിയ കുരുവി തല പുറത്തേക്ക് നീട്ടിക്കരഞ്ഞു. കൂട്ടുകാർ എത്രയോ ദൂരെയെത്തിയിരിക്കുന്നു.

മറെറാരു ഇരുണ്ട അറ. മുകളിലേക്ക് പടവുകൾ. കയറി. എന്തൊരു നിശ്ശബ്ദത. ഇരുളിലൂടെ, പ്രത്യേക ആകൃതിയിൽ ഒരു കല്ലുവെച്ചിരിക്കുന്നത് കണ്ടു. എന്നോ കത്തിച്ചുവച്ച കർപ്പൂരത്തിന്റെ പാട്. പ്രതിഷ്ഠയാണ്. കുനിഞ്ഞ് ആ ശിലയിൽ പതിയെ തൊട്ടു. പ്രാഗ്കാലത്തിന്റെ ലഹരിപിടിപ്പിക്കുന്ന തണുപ്പ് അരിച്ചു കയറി. കണ്ണുകൾ പതിയെ അടയുന്നു.

വിശാലമായ ഒരു മുററത്ത് ഞങ്ങൾനിന്നു. 'എല്ലാവരും തിരിഞ്ഞുനിൽക്കൂ'. വഴികാട്ടി പറഞ്ഞു. തിരിഞ്ഞുനിന്നു. നമ്മൾ പിന്നിട്ടുപോന്ന വഴിയാണത്.

'നിങ്ങളുടെ ബീബിയുടെ പേര് ഉറക്കെ വിളിക്കൂ.' വഴികാട്ടി മാഷോട് പറഞ്ഞു.

ഞാനെന്റെ പേര് വിളിയ്ക്കാം. മാഷ് സ്വന്തം പേര് വിളിച്ചു; സിറാജ്.....

കാലത്തിന്റെ ചുവരുകളിലെവിടെയൊക്കെയോ തട്ടി ശബ്ദം മടങ്ങിവന്നു.

ഓരോരുത്തരും തങ്ങൾക്കിഷ്ടപ്പെട്ട പേരുകൾ വിളിച്ചു പറഞ്ഞു. ഓരോന്നും മടങ്ങിവരുന്നത് ശ്രദ്ധിച്ച് ഞാൻ നിന്നു.

ഒടുവിൽ മാഷ് ഉറക്കെ വിളിച്ചു. PMK പാങ്ങ്...

കാലത്തിന്റെ കൽഭിത്തികളിലെവിടെയൊക്കെയോ തട്ടി ആ ശബ്ദവും മടങ്ങിവന്നു. ഏററവും ഒടുവിലായി വഹീദ, കിളികരയുംപോലെ ആവുന്നത്ര ഉച്ചത്തിൽ വിളിച്ചു പറഞ്ഞു, 'ലേഡീസ് ഹോസ്റ്റൽ'....

ശബ്ദം മടങ്ങിവന്നില്ല.

മഞ്ഞ് പൂർണ്ണമായും മാഞ്ഞിരുന്നില്ല. നേർത്ത മഞ്ഞിൻപാളികൾക്കിടയിലൂടെ താഴത്തെ ദൃശ്യങ്ങൾ. ഇഴയുന്ന ഒരു കുതിരവണ്ടി. ഉറുമ്പിൻ പററംപോലെ മനുഷ്യർ.

സ്വർണ്ണ രശ്മികളിൽ കൊരുത്ത ആ പ്രഭാതം !

× അവസാനത്തെ ക്ലാസ്സും കഴിഞ്ഞു. ഇനി ബ്രെയ്ക്ക്അപ്. ഇത് ഒരു വാടകമുറി മാത്രമാകുന്നുവല്ലോ.

ഞങ്ങളുടെ താളവും മേളവും കഴിഞ്ഞിരിക്കുന്നു. ഇതേവരെ സംഘയാത്രയായിരുന്നു. കൂട്ടചേർന്ന്, ആടിപ്പാടി, ചിരിച്ച്തിമർത്തുള്ള യാത്ര. ഇനി സ്വന്തം തീരവും കൂടുംതേടിയുള്ള യാത്രയാണ്. തനിയെ, തനിയെ.....

ഒരിത്തിരി സൗഹൃദത്തിന്റെ നൊമ്പരവുംപേറി, കൂട്ടരേ, ഇനി നമുക്ക് പിരിഞ്ഞുപോവാം.

എല്ലാം അടുക്കോടും ചിട്ടയോടുംകൂടിചെയ്യുക.

ആത്മവിശ്വാസത്തോടെ പഠിക്കുക.

വിജയം ഉറപ്പാണ്.

പ്രൊഫസർ പറഞ്ഞു.

ക്യാമറക്കണ്ണ് ചിമ്മിറത്തുന്നു. ഈ നിമിഷവും ഇനി ചുമരിൽ തൂങ്ങും.

എല്ലാപ്പേരും പിരിഞ്ഞുകൊണ്ടിരുന്നു. സിറാജ് സാറിന്റെ വീട്ടിൽനിന്നും വരുമ്പോൾ വൈകി. രാത്രിയായിരുന്നു. ക്ലാസ്സിൽനിന്നും കുറേ സാധനങ്ങൾ എടുക്കാനുണ്ട്. മൗനത്തോടെ,ശേഷക്രിയ ചെയ്യുംപോലെ ഓരോന്നെടുത്തുകൊണ്ടിരുന്നു. 'എനിക്കെന്തൊക്കെയോ തോന്നുന്നു'–ഇബ്രാഹീം അസഹ്യതയോടെ പറഞ്ഞു. അവൻ ഗെയിററിൽ ആഞ്ഞു ചവിട്ടി. ഒരു സോഡാകുപ്പി താഴെ വീണുപൊട്ടി.

രണ്ടാം കളി കഴിഞ്ഞ് മടങ്ങുകയായിരുന്നു. ആകാശത്ത് സ്ഥാനം തെററിയ നക്ഷത്രങ്ങൾ. നടന്നുകൊണ്ടിരുന്നു. ഇബ്രാഹീം ഏതോ പാട്ട് മൂളിക്കൊണ്ടിരുന്നു. റഷീദ് ബീഡി ആഞ്ഞു വലിച്ചു. കുഴൽക്കിണററിൽനിന്നും വെള്ളം കുടിക്കുമ്പോൾ ഇബ്രാഹീം പറഞ്ഞു. ഇത് അമേരിക്കയിൽനിന്നും വരുന്ന വെള്ളമാണ്. ഭൂമിയുടെ മറേറ അററത്ത് നിന്നു.

'നമ്മളെപ്പോലെ', അടിവാരം കയററം കയറുമ്പോൾ ഹരി കിതപ്പോടെ പറഞ്ഞു. 'ഒരു നാലുപേരുകൂടി ക്ലാസ്സിലുണ്ടായിരുന്നുവെങ്കിൽ മാഷന്മാർക്കൊക്കെ ഇവിടുന്ന് കെട്ടുകെട്ടേണ്ടി വരുമായിരുന്നു'.

കുഞ്ഞബ്ദുള്ള പൊട്ടിച്ചിരിച്ചു.

X അവസാനത്തെ പരീക്ഷകഴിഞ്ഞ് കൂട്ടുകാർ ഓരോരുത്തരായി വന്നുകൊണ്ടിരുന്നു.

അങ്ങനെ അതും കഴിഞ്ഞു അല്ലേ, റഹീം ?
അതും കഴിഞ്ഞു.

എല്ലാവരും എത്തിക്കഴിഞ്ഞിരുന്നു.
വേണ്ടത്ര ശരിയായില്ല–ഹരി.
ഇനി എന്നാണു കാണുക ?
ചോദിക്കാൻ ഭയന്നിരുന്ന ചോദ്യമാണ്.
ഇനി മാർക്കലിസ്റ്റു വാങ്ങാൻ വരില്ലേ?
ടി. സി. വാങ്ങാൻ വരില്ലേ?
സർട്ടിഫിക്കററു വാങ്ങാൻ ?
അപ്പോഴൊക്കെ കാണണമല്ലോ.

ചുവന്ന വേനൽപ്പൂക്കൾ കുലച്ചു നിന്നിരുന്ന പൂത്തുലഞ്ഞ മരങ്ങൾ ചൂണ്ടി ലൈല പറഞ്ഞു : നോക്കൂ, നമ്മൾ പോകുമ്പോഴാണല്ലേ, എപ്പോഴും ഈ മരങ്ങളൊക്കെ ഇങ്ങനെ പൂക്കുക ?

X അങ്ങനെയിരിക്കവേയാണ് സുരേന്ദ്രന്റെ മരണം. മഴയുള്ള ദിവസമായിരുന്നു.
മനസ്സിൽ സുരേന്ദ്രന്റെ മുഖം.

രണ്ടാം വാർഡിലേക്ക് കടന്നുചെന്നപ്പോൾ സുരേന്ദ്രൻ കിടക്കുകയായിരുന്നു. അസഹ്യമായ വേദനയുണ്ടായിരുന്നു അവന്. വേദനക്കിടയിൽ, കണ്ണുകളിൽ പരിചയത്തിന്റെ പുഞ്ചിരി.
ഒന്നുംമിണ്ടാൻ കഴിഞ്ഞില്ല.

വെറുതെ നോക്കി നിൽക്കുക മാത്രം ചെയ്തു.

സുരേന്ദ്രൻ, നിന്റെ ചോരയിൽ, മരണം നീയറിയാതെ വെളുത്ത മുട്ടകൾ ഇട്ടിരിക്കുന്നു. ഇനി അവ വിരിയുമ്പോൾ, നിന്റെ സ്വപ്നങ്ങളുടെ ഈയൽ ചിറകുപേക്ഷിച്ച്,

മരണത്തിന്റെ കരിഞ്ചിറകിലേറി നീ യാത്രയാവുമല്ലോ കൂട്ടുകാരാ.

ഒന്നും മിണ്ടാൻ കഴിഞ്ഞില്ല.



പോകട്ടെ, സുരേന്ദ്രാ
അവൻ പതിയെ തലയാട്ടി.

സുരേന്ദ്രന്റെ മുഖം.


കുടിലിനകത്ത് വിങ്ങിപ്പൊട്ടലുകൾ. രോദനങ്ങൾ. വെളുത്ത മുണ്ട് എന്തൊക്കെയോ വെളിപാടുകൾ മുഴക്കിക്കൊണ്ടിരുന്നു.

'നാലുമണിക്കായിരുന്നു.' സുരേന്ദ്രന്റെ ബന്ധു പറഞ്ഞു, പുലർച്ചയ്ക്ക്. അവൻ എല്ലാവരേയും ചോദിച്ചു. പിന്നെ എണ്ണാൻ തുടങ്ങി. അറുപത് എത്തിയപ്പോൾ എണ്ണംനിന്നു. നഴ്സ് ഓടി വന്നു. ഡോക്ടറെ കൊണ്ടുവന്നു. കണ്ണിലേക്ക് ടോർച്ച് തെളിച്ച് ഡോക്ടർ ഒന്നും മിണ്ടാതെ പോയി. നഴ്സ് ഒരു വെള്ളത്തുണി വിരിച്ചു. ഞാനെങ്ങനെയാണ് അതൊക്കെപ്പറയുക? അവരുടെ കണ്ണുകളിൽ ദുഃഖം അണപൊട്ടി.

വേണ്ട സുഹൃത്തേ, നീ ഒന്നും പറയേണ്ടതില്ല.
ജീവിതം നിരാലംബമാകുന്നുവല്ലോ.

X ഫാറൂഖിന്റെ ചില്ലിൻ കൂടിനു മുകളിൽ എത്രയെത്ര വേനലുകൾ കൂടുവയ്ക്കുകയും കുടിയൊഴിയുകയുംചെയ്തു. എത്രയെത്ര വേനൽപ്പക്ഷികൾ ചിറകുവീശി കൂടൊഴിഞ്ഞു പറന്നുപോയി. ഇവിടെ, പാഴിലമൂടിയ ഈ പാതയ്ക്കിപ്പുറം നിൽക്കുമ്പോൾ മനസ്സിൽ കാററാടി മരങ്ങളുടെ തീക്ഷ്ണ നിശ്വാസം, ഏതോ ഒരു രാവിൽ ഇടനാഴിയിലെ ഇരുളിലൂടെ നടക്കുമ്പോൾ മരങ്ങൾക്കും വള്ളികൾക്കും മിന്നാമിനുങ്ങിന്റെ നീലവെളിച്ചത്തിനും ഇടയിലൂടെ അടർന്നുവീണ നിലാവിന്റെ ഒരു വെള്ളിപ്പൊട്ട്.

സുഗതാ,
ഇത്
തളർന്ന നക്ഷത്രം വീണുറങ്ങുന്ന
ഇരുണ്ട രാവാണ്.
ഇടനാഴിയിൽ പെരുകി വരുന്ന
കറുത്ത നിഴലുനോക്കി–
മരവിച്ച നിമിഷങ്ങൾക്ക്
ഉണർവിന്റെ സംഗീതം പകരാൻ
രാവിന്റെ സംഗീതം പോലുമില്ലാതെ
നീയെങ്ങിനെ ഉറങ്ങുന്നു.
നിന്റെ മൗനത്തിന്
ഇടിമിന്നലേററു പോയതും,
നരച്ച സ്വപ്നങ്ങൾക്കുമീതെ
മൃതിയുടെ കഴുകകൾ–
വട്ടം വെച്ച പറന്നു കൊണ്ടിരുന്നതും,
ചലനമററ മനസ്സിന്റെയുൾഭിത്തിയിൽ
ചിലന്തി, വലക്കണ്ണികൾ പെരുപ്പിച്ചതും,
ഇരുണ്ട മച്ചിനുകീഴെ
കൊട്ടം വരാംച്ചയിൽ തളർന്ന
പടർവള്ളിപോലെ–
തളർന്നുറങ്ങിയ മനസ്സും ചിന്തയും.
അമ്മയുടെ സാന്ത്വനമേൽക്കാതെ
നിഴലിന്റെ തണൽ പോലുമില്ലാതെ
നീണ്ട തളർച്ചയുടെ വക്കത്തുവെച്ച്
കളിക്കോപ്പുകളുപേക്ഷിച്ച പോയ കുട്ടികളും–
അവരുടെ കൊച്ചു കാലടിപ്പാടും.
യാത്രാമദ്ധ്യത്തിൽ
നീ കുഴിച്ചെടുത്ത ഉറവയുടെ വേരുകൾ
ഏത് വരാംച്ചയുടെ
മരുഭൂമിയിലാണവസാനിക്കുന്നത്.
ആർദ്രത നഷ്ടപ്പെട്ട
ഭൂമിയുടെ ഉള്ളറകളിലേക്ക് തിരയുന്നത്
നമുക്ക് തണലേകിയിരുന്ന
പടുവൃക്ഷത്തിന്റെ ദ്രവിക്കാതെ പോയ
ഇളം വേരുകളാണോ !



തുരുമ്പിച്ച തകരപ്പലകകളിലൂടെ
നീയുററുനോക്കിക്കൊണ്ടിരിക്കുന്നതാരെയാണ്
ഗ്രാമത്തിന്റെ കെടുതികളിൽ നിന്നും രക്ഷപ്പെട്ട്
നിന്നെയുപേക്ഷിച്ച്
തീർത്ഥയാത്രയ്ക്കുപോയ സ്നേഹ'തനേയോ
അല്ലെങ്കിൽ
ഇടനാഴിയിലെ ഇരുളും മൂകതയും വലിച്ചെറിഞ്ഞ്
കടന്നു കളഞ്ഞ കാമുകിയേയോ
നിന്റെ ഘടികാര സൂചി ഒന്നുകൂടി
പിറകിലേയ്ക്ക് തിരിച്ചുവയ്ക്കു
അശ്വവേഗത്തിലോടുന്ന
നാഴികമണിയുടെ കിതപ്പ്
ഹൃദയത്തിന്റെ പുറം ഭിത്തിയിൽ തട്ടി
പിൻതിരിഞ്ഞു പോകുന്ന
നേർത്ത നൊമ്പരം കേൾക്കാം.

## ഒരു ഡിസമ്പറവസാനരാത്രി

രാജൻ. എ.

ജ്യോതിഷ്കുമാർ കെ. സി.

# ഒരു പോസ്റ്റ്മാന്റെ കത്ത്

അപ്രതീക്ഷിതമായിരുന്നു ഞങ്ങളുടെ പോസ്റ്റ്മാന്റെ മരണം. അത്രപെട്ടെന്ന് മരണം സംഭവിക്കാവുന്ന സ്ഥിതിയിൽ ആയിരുന്നില്ല, അയാൾ. ആർക്കും അയാളെ അടുത്ത് പരിചയമില്ലായിരുന്നു. എന്ത്കൊണ്ട് ജനങ്ങൾ തങ്ങളുടെ അന്വേഷണബുദ്ധിയിൽനിന്ന് അയാളെ മാത്രം ഒഴിവാക്കിയെന്നത് അജ്ഞാതമാണ്. എത്രയോ കത്തുകൾ, പല വർണ്ണത്തിലും പലതരത്തിലുമുള്ളവ, വേണ്ടവിധത്തിൽ യാതൊരു പരാതിക്കും ഇടനൽകാതെ അയാൾ ഏല്പിച്ചിരുന്നു. കൈപ്പുണ്യമുള്ളവനാണ് അയാളെന്ന് നാട്ടുകാർ വിധിയെഴുതി.

അവസാനമായി അയാളുടെ മുഖം കാണാൻ എല്ലാവരും വന്നു. പറയാൻ വിചാരിച്ചത് മറന്ന മുഖവുമായി അയാളുടെ നിർജ്ജീവമായ മുഖത്തേക്ക് നോക്കിനിന്നു. അയാളുടെ കണ്ണുകൾ ആരേയോ തേടുംപോലെ തുറന്നു കിടന്നിരുന്നു. ആ നല്ല മനുഷ്യൻ മൺമറഞ്ഞു. എല്ലാവർക്കും ഒരു നഷ്ടബോധം. പിന്നെ, ആ ബോധം ഒരു കൂട്ടായ തീരുമാനത്തിലെത്തിച്ചു. അയാളുടെ ഓർമ്മയ്ക്കായി വല്ലതും. അതിനായി തെരഞ്ഞപ്പോൾ ആകെ കിട്ടിയത് ഒരന്തർമുഖനെപ്പോലെ കിടന്നിരുന്ന യൂനിഫോമും ഒരു കത്തും മാത്രം. കത്തിന് വളരെ പഴക്കമുണ്ടായിരുന്നു. വക്കുകൾ അവിടവിടെ ഒടിഞ്ഞിരുന്നു. പ്രാണികൾ രഹസ്യങ്ങൾ ചോർത്തിയതിനാലാവാം അതിൽ നേരിയ ദ്വാരങ്ങൾ വീണിരുന്നു. കത്ത് കണ്ടപ്പോൾ എല്ലാരിലും ആകാംക്ഷ നിറഞ്ഞു. പക്ഷെ അതിന് മേൽവിലാസമില്ലായിരുന്നു. കത്ത് ഇപ്രകാരമായിരുന്നു:

-പ്രിയ സുഹൃത്തേ, ഞാനാദ്യമായിട്ട് ഒരാൾക്കെഴുതുന്ന കത്താണിത്. അതിനാൽ ഇതിനേറെ പ്രാധാന്യമുണ്ട്. ഒരു കത്തയയ്ക്കാൻ ആരെങ്കിലുമുണ്ടല്ലോ എന്നോർക്കുമ്പോൾ വളരെ സന്തോഷം തോന്നുന്നു. നിന്റെ വിലാസം അറിയില്ലല്ലോ എന്ന ചിന്തയാണ് എന്നെ ദുഃഖിപ്പിക്കുന്നത്. നീ മേൽവിലാസംതേടിപ്പോയിട്ട് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. അയയ്ക്കപ്പെടാനുള്ള വെമ്പലുമായി ഈ കത്ത് നീ കണ്ടുപിടിക്കുന്ന മേൽവിലാസത്തിനായി കാത്തിരിക്കുകയാണ്. എന്നെങ്കിലും ഇതു നിന്റെ പക്കലെത്തും എന്ന പ്രതീക്ഷയോടെയാണ് ഇതെഴുതുന്നത്. ഇല്ലെങ്കിൽ ഒരു സുഹൃദ്ബന്ധത്തിന്റെ ഓർമ്മക്കുറിപ്പായി ഇതെന്നും അവശേഷിക്കട്ടെ. നിന്റെ അഭാവത്തിൽ ഞാനേകനായിത്തീർന്നിരിക്കുന്നു. അല്പം വരയ്ക്കാനുള്ള നിന്റെ കഴിവ് നീ എന്റെ ചുമരിൽ പരീക്ഷിച്ചത് ഇന്നും മാഞ്ഞിട്ടില്ല. നീയോർക്കുന്നോ, ഒരു മഴയത്ത് ഒരു കുടക്കീഴിൽ നീ വന്നത്. ദേഹങ്ങൾ തമ്മിൽ ചൂടുപകർന്നതു. ഞാൻ വലിച്ച ബീഡിയുടെ ബാക്കി നീ വലിച്ചത്. എന്റെ മുറിയിലെ കാപ്പി കുടിച്ചത്. എന്നോട്മാത്രം രഹസ്യങ്ങൾ പറഞ്ഞത്. ഇന്നു നീ അകലെയാണ്. എന്നെങ്കിലും നീ പഴയ സുഹൃത്തിനെത്തേടി വരാതിരിക്കില്ല. എന്റെ കയ്യിൽ ദിവസവും വരുന്ന കത്തുകളിൽ എനിയ്ക്കായി ഒന്നുണ്ടാവുമെന്നാണ് പ്രതീക്ഷ.

-സ്വന്തം സുഹൃത്ത്

—കത്ത് വായിച്ച് എല്ലാവരും മുഖത്തോട്മുഖം നോക്കി. മേൽവിലാസമില്ലാത്ത ആ കത്തിലൂടെ മേൽവിലാസമില്ലാത്ത ആ പോസ്റ്റുമാൻ ഞങ്ങളിൽ നിത്യസ്മരണയാവുകയായിരുന്നു.—



വരിക,
ചങ്ങലകളിലും ദുഃഖങ്ങളിലും
പൂട്ടിയിട്ടിരിക്കുന്ന സഖാക്കളെ,
പരാജയത്തിലേക്കൊരിക്കലും
നമുക്ക് അണിനീങ്ങേണ്ടി വരില്ല.
നഷ്ടപ്പെടാൻ ശവമഞ്ചങ്ങൾ മാത്രം!
ദൂരങ്ങളിലേക്ക് പ്രതീക്ഷകൾ പറത്തിവിടുക
നീലാകാശങ്ങളെ നോക്കി നമുക്ക് പാടാം,
തൊഴിൽ ശാലകളിൽ, ഖനികളിൽ
വിളനിലങ്ങളിൽ നമുക്ക് പാടാം.
അപകർഷത വലിച്ചെറിഞ്ഞ്
സൂരമുഖങ്ങൾ തേടാം.
'അവർ കാട്ടറബികൾ, സംസ്കാരമറിയാത്തോർ'
ശത്രുക്കൾ സങ്കീർത്തനമാലപിക്കുകയാണ്.
ഞങ്ങൾ അറബികളാണ്.
തൊഴിൽശാലകൾ, വീടുകൾ, ആസ്പത്രികൾ,
വിദ്യാലയം, ബോംബ്, മിസൈലുകൾ
എങ്ങനെയുണ്ടാക്കാമെന്നും
ഞങ്ങൾക്കറിയാം
പാട്ടും കവനകലയും
ഞങ്ങൾക്കറിയാം.

## ഒരുണർത്തുപാട്ട്

**മുഹമ്മദ് ദാർവിഷ്**